www.malankaralibrary.com







# ഓർമ്മയുടെ ചിത്രശാല

വി. കിളിച്ചിമല

(ഒന്നാം പുസ്തകം)







www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ഓർമ്മയുടെ ചിത്രശാല

(ഒന്നാം പുസ്തകം)

www.malankaralibrary.com

Malayalam
**Ormayude Chithra Sala**
Reminiscences
By
V. Kilichimala

First Published
January 1996

Copies : 5000

Price Rs. 30/-

Copy right
V. Kilichimala

Published by
Santhinilayam Publications, Tiruvalla.

Printed at:

Typeset at:
Graphic Systems, Ktm

Cover design
Mathews Orathel
Beam Communication, Ktm.

www.malankaralibrary.com

# ഓർമ്മയുടെ ചിത്രശാല

## ഒന്നാം പുസ്തകം

ഗ്രന്ഥകർത്താ

വി. കിളിച്ചിമല

പ്രസാധകർ

ശാന്തിനിലയം പ്രസിദ്ധീകരണം,

തിരുവല്ലാ - 689 101

വില. 30.00 രൂപാ.

www.malankaralibrary.com

# വി. കിളിച്ചിമലയുടെ കൃതികൾ

- ഓർമ്മയുടെ ചിത്രശാല (ഒന്നാം പുസ്തകം) സ്മരണകൾ
- അന്നം പാലേകുടിച്ചിടു (സാഹിത്യലേഖനങ്ങൾ)
- പുലരിപ്പൂക്കൾ (കവിതാ സമാഹാരം)
- വി. ജോൺ വിയാനി (ജീവചരിത്രം)
- മോൺ. വടശ്ശേരി (ജീവചരിത്രം)
- വി. ബർണദീത്താ (ജീവചരിത്രം)
- മാർ ഈവാനിയോസ്, ഒരു പഠനം
- ആദർശ ദീപങ്ങൾ (ജീവിത ചിത്രീകരണം)
- രജത രശ്മികൾ (ജീവിത ചിത്രീകരണം)
- വിശ്രമവും വിചിന്തനവും (പ്രബന്ധങ്ങൾ)
- എക്യുമെനിസം (പ്രബന്ധം)
- ഐക്യത്തിൻെറ വിളി (പ്രബന്ധം)
- അന്ത്യോക്യയോ റോമ്മയോ (പ്രബന്ധം)
- കണ്ണു തുറപ്പിച്ച വട്ടിപ്പണം (കഥാപ്രസംഗം)
- 70 വർഷം പുസ്തക പ്രസാധനം (പ്രബന്ധം)
- കേരള സഭാചരിത്ര പ്രശ്നങ്ങളും ഷെവ. വി. സി. ജോർജിൻെറ ഗവേഷണ നിഗമനങ്ങളും (ചരിത്രപഠനം)


അച്ചടിയിൽ

*നാൾവഴിയും നിലാവൊളിയും (ഒന്നാം ഭാഗം)*

www.malankaralibrary.com

# സമർപ്പണം

എഴുപതു വർഷത്തെ
അനുസ്മരണകളുടെ സമാഹാരമായ
**ഈ ചിത്രശാല**
ഗ്രന്ഥകാരൻെറ



## സപ്തതിസ്മാരകമായി

സഹൃദയസമക്ഷം
സമർപ്പിച്ചുകൊള്ളുന്നു
8-12-1995

www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

ശാന്തിനിലയം പുസ്തക പ്രസാധനരംഗത്തേക്കു കടക്കുകയാണ്. "ഓർമ്മയുടെ ചിത്രശാല" ഒന്നാം പുസ്തകം പ്രകാശിപ്പിച്ചു കൊണ്ടത്രേ ഉദ്ഘാടനം. വലിയ പ്രതീക്ഷകളാണു ഞങ്ങളെ വഴി നടത്തുന്നത്. ഈടുറ്റ ഗ്രന്ഥങ്ങൾ വായനക്കാർക്കു എത്തിച്ചുകൊടുക്കണം; മണ്മറഞ്ഞ ആദർശശാലികളുടെ സ്മരണ നിലനിർത്തണം; പൂർവ്വഗാമികളുടെ ആവേശം അനന്തരഗാമികളിലേക്കും പകരണം; ഉറങ്ങുന്നവരെ ഉണർത്തണം; ഐക്യസന്ദേശം ഉയർത്തണം; മൂന്നാം സഹസ്രാബ്ദിയെ ഏകയോഗതയോടെ സ്വീകരിക്കുവാൻ സമൂഹത്തെ ഒരുക്കണം - എല്ലാം ഞങ്ങൾക്കു ഉന്മേഷം പകരുന്നു.

ലക്ഷ്യങ്ങൾ നിങ്ങൾ തലകുലുക്കി സമ്മതിക്കും. എന്നാൽ ഞങ്ങളെക്കൊണ്ടു തന്നെ ഈ ലക്ഷ്യസാക്ഷാൽക്കാരം സാധിക്കയില്ല. ഞങ്ങളും നിങ്ങളും ഒത്തുപിടിച്ചാൽ സാധിക്കയും ചെയ്യും. 'ഒത്തുപിടിച്ചാൽ മലയും പോരും' എന്നുണ്ടല്ലോ. എങ്ങനെ ഒത്തുപിടിക്കണമെന്നല്ലേ? ഓരോ വ്യക്തിയും പുസ്തകം കൈവശമാക്കണം; വായിക്കയും വായിപ്പിക്കയും വേണം; വരുന്ന തലമുറയ്ക്കു വേണ്ടി കോപ്പി സൂക്ഷിച്ചുവെക്കണം; പള്ളികളിലെയും സ്ഥാപനങ്ങളിലെയും പുസ്തകശാലകളിൽ ഇതിൻെറ കൂടുതൽ കോപ്പി സജ്ജമാക്കുകയും ഏറെപ്പേരുടെ വായനയ്ക്കു സൗകര്യപ്പെടുത്തുകയും വേണം- എല്ലാം ചെറിയ കാര്യങ്ങളായിരിക്കും. എന്നാൽ വലിയ ലക്ഷ്യത്തിലേക്കു നമ്മെ അടുപ്പിക്കുവാൻ ഈ ചെറിയ കാര്യങ്ങൾക്കു കഴിയും.

ഇപ്പോൾ തന്നെ മറവിയിലേക്കു മറഞ്ഞുകൊണ്ടിരിക്കുന്ന വരെയാണ് "ഓർമ്മയുടെ ചിത്രശാല"യിൽ നിരത്തിയിട്ടുള്ളത്. ചിത്രീകരണം ഇനിയും താമസിപ്പിച്ചാൽ അവർ വിസ്മൃതകോടിയിലേക്കു ആഴ്ന്നു പോയേക്കും. അവരെ തേടിപ്പിടിക്കാനും അവതരിപ്പിക്കാനും ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിട്ടുള്ള തീക്ഷ്ണതയും ബുദ്ധിമുട്ടും സമൂഹത്തിൻെറ കൃതജ്ഞത അർഹിക്കുന്നതാണ്"

മതപഠന കേന്ദ്രത്തിൽ നിന്നത്രേ ഈ പ്രസാധനം. മതപഠനം, സംഘടന, യുവജനപ്രസ്ഥാനം, പ്രാർത്ഥനായോഗം എന്നിവയിലൂടെ മുന്നണിപ്പടയാളികളുടെ ത്യാഗധീരത എടുത്തു കാട്ടുവാൻ നമുക്കു കടപ്പാടുണ്ട്. സണ്ടേസ്ക്കൂളിനോടുബന്ധപ്പെടുത്തി ഒരു ചെറുലൈബ്രറി ആസൂത്രണം ചെയ്തിട്ടുണ്ടല്ലൊ. അവിടെ ഇത്തരം ഗ്രന്ഥങ്ങൾ സുലഭമാക്കേണ്ടതാണ്.

വിശേഷാവസരങ്ങളിലെ ഉപഹാരാർപ്പണത്തിനും സ്കൂളുകളിലും സൺഡേസ്ക്കൂളുകളിലും മത്സരവിജയികൾക്കുള്ള സമ്മാനത്തിനും ഈ പുസ്തകങ്ങൾ ഉപയോഗിക്കുന്നതു പ്രയോജനപ്രദമാണ്. സ്കൂൾ സമ്മാനത്തിനുള്ള പുസ്തകങ്ങൾക്കു ശാന്തിനിലയത്തിൽ നിന്നു ഒരു ചെറിയ സൗജന്യം അനുവദിക്കുന്നതാണ്.

നിങ്ങളുടെ സൗമനസ്യത്തിൽ പൂർണ്ണമായി ആശ്രയിച്ചു കൊണ്ടത്രേ ഞങ്ങളുടെ ഈ പുതിയ ചുവടുവെപ്പ്. അനുഗ്രഹിച്ചാലും.

**ഫാ. തോമസ് കോട്ടയിൽ,**
ഡയറക്ടർ,
ശാന്തിനിലയം പ്രസിദ്ധീകരണം, തിരുവല്ല

തിരുവല്ല
2-1-1996

www.malankaralibrary.com

# പ്രസ്താവന

ഏഴുപതുകൊല്ലമായി കണ്ടുംകേട്ടും അറിയുന്നു. പലരും മറവിയിലേക്കു മറയുന്നു. മണ്മറഞ്ഞവരെ ഓർക്കാനുള്ള ശ്രമമാണിപ്പോൾ. "എന്തിനീ പാഴ്വേല?" എന്നു പഴിക്കുന്നവർ കാണും. എളിയ തോന്നൽ അങ്ങനെ ഉണ്ടായി എന്നു മാത്രമേ സമാധാനമുള്ളു. വികടകവി തോലനെയോ ജോതിഷക്കാരൻ തലക്കുളത്തിനെയോ അമേരിക്കയിലെ ജോൺ എഫ്. കെന്നഡിയെയോ രണ്ടാം ലോകമഹായുദ്ധകാലത്തെ ചർച്ചിലിനെയോ അവതരിപ്പിച്ചിരുന്നെങ്കിൽ ആരും നെറ്റി ചുളിക്കുമായിരുന്നില്ല. മേഞ്ഞിടം തന്നെ മേയൽ മതിയോ? പച്ചപ്പുതേടലിൽ എന്താ കുറവ്?

മനോരമയുടെ ശതാബ്ദിപ്പതിപ്പു ഇപ്പോൾ മുമ്പിലുണ്ട്. ഒരു നൂറ്റാണ്ടുകാലത്തെ കേരളീയ മഹാന്മാരിൽ നൂറുപേരുടെ സചിത്രപ്രതിപാദനം അതിൽ കാണാം. മിതവാദികൃഷ്ണൻ, പി. കേശവദേവ്, പി. കൃഷ്ണപിള്ള, യുക്തിവാദി എം.സി. ജോസഫ്. എസ്.കെ. പൊറ്റക്കാട്, വൈദ്യരത്നം പി.എസ്. വാര്യർ, രാമു കാര്യാട്ട്, സത്യൻ, മങ്കൊമ്പു മഠത്തിൽ സാംബശിവൻ സ്വാമിനാഥൻ തുടങ്ങിയ നൂറുപേർ അവിടെ നിരന്നിട്ടുണ്ട്. ഈ ചിത്രശാലയിലെ ഒരുത്തരേയും അവിടെ കാണുകയില്ല. അവരെ അവിടേക്കു അടുപ്പിച്ചിട്ടില്ല. മുഖംമൂടി ചൂടിയ അസ്പൃശ്യത ഇന്നുമുണ്ട്.

സാംസ്കാരികനായകന്മാരെ മാതൃഭൂമി വാരിക പുകഴ്ത്തും; കമ്യൂണിസ്റ്റു പാർട്ടിക്കുവേണ്ടി വേദനപ്പെട്ടവരെ കലാകൗമുദി വാഴ്ത്തും. പത്രങ്ങളും ആഴ്ചപ്പതിപ്പുകളും മാസികകളും നൂറുകണക്കിനുണ്ട്. അവർ കാമറാക്കണ്ണുകളുമായി നാടുനീളെ ഓടിനടക്കുകയാണ്. ഇത്രയൊക്കെയായിട്ടും ആ ഗൃദ്ധ്രനേത്രത്തിൽ പെടാത്ത സാധുക്കൾ ഈ നാട്ടുമ്പുറത്തുണ്ട്.

നാടകം, സിനിമ, നാട്യകല, വാദ്യമേളം, രാഷ്ട്രീയം, സാംസ്കാരം, കായികരംഗം ഇവയിൽ മികച്ചുനിൽക്കുന്നവരെയാണ് ഇന്നത്തെ ജേർണലിസക്കാർക്കു പിടിത്തം. ബിസിനസു പത്രപ്രവർത്തനത്തിനു അതാണത്രേ വേണ്ടത്. അതാണാദായം. "ശവപ്പെട്ടിയാണിന്നാദായം" എന്നൊരുകവിത തന്നെയുണ്ട്. കുറ്റം പറഞ്ഞിട്ടുകാര്യമുണ്ടോ? "നാലാംതരം പത്രവ്യവസായത്തിൻെറ ഉപഭോക്താക്കളായി ലോകം മാറിയിരിക്കുന്നു... വാങ്ങിക്കൂട്ടാൻ ആളുള്ളപ്പോൾ വിൽക്കുന്നവനെ പഴിപറയരുത്". (ഉണ്ണികൃഷ്ണൻ, കലാകൗമുദി, 1056) പക്ഷേ, താഴെക്കിടയിലുള്ള ഈ പത്രതന്ത്രം പുതിയ കണ്ടുപിടിത്തമാണെന്നു അവകാശവാദം മുഴക്കരുത്; അങ്ങനെ മിടുക്കുഭാവിക്കയുമരുത്. പണ്ടും സ്ഥിതി ഇതായിരുന്നു. ഭർത്തൃഹരിയുടെ പ്രസിദ്ധമായ ഒരു ശ്ലോകമുണ്ട്. മഹർഷിമാരുടെ ആവലാതിയാണ് ആ സംസ്കൃതകവി ആവിഷ്കരിക്കുന്നത്.

"ന നടാ ന വിടാ നഗായകാ
  നച സഭ്യേതരവാദചുഞ്ചവഃ
നൃപമീക്ഷിതു മത്ര കേ വയം
  സ്തനഭാരാനമിതാ നയോഷിതഃ"

"നടന്മാരെയും വിടന്മാരെയും പാട്ടുകാരെയും അസഭ്യവാദക്കാരെയും കുചഭാരത്താൽ കുനിഞ്ഞ സ്ത്രീകളേയുമാണ് സുഖലോലുപന്മാർക്കു (രാജാവിനു) വേണ്ടത്. ഈസ്ഥിതിയിലേക്കു വരാൻ ഞങ്ങൾക്കു കഴിയില്ലല്ലൊ" ലോകപ്രൗഢിക്കു മുമ്പിൽ സാധുവൃത്തിക്കാരുടെ ദീനത!

രാഷ്ട്രീയം, സാമൂഹ്യം, കലാപരം, സാംസ്കാരികം തുടങ്ങിയ രംഗങ്ങളിലെ എളിയ അനുഭവങ്ങൾ ഈ ലേഖകനുണ്ട്. എന്തുകൊണ്ടോ ഓർമ്മ ഇപ്പോൾ

www.malankaralibrary.com
തിരിയുന്നത് ആരംഗങ്ങളിലേക്കല്ല; ആധ്യാത്മിക മണ്ഡലത്തിലേക്കത്രേ. പ്രത്യേകിച്ചും മാർ ഈവാനിയോസിൻെറയും അനുയായികളുടെയും നിരയിലേക്ക്. "മാർ ഈവാനിയോസിൻെറ ആധ്യാത്മികവളർച്ച നേരിടേണ്ടിവന്ന സാമുഹ്യാന്തരീക്ഷം" എന്നതു ഉപരിപഠനത്തിനു വിഷയമാക്കാവുന്നതാണെന്നു എനിക്കു തോന്നിയിട്ടുണ്ട്.

നാട്ടുകാരും മറുനാട്ടുകാരും വിലയേറിയ അഭിപ്രായങ്ങൾ മാർ ഈവാനിയോസിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. അമേരിക്കയിലെ സൈൻ പത്രം 1932 സെപ്റ്റംബർ മാസത്തിലെഴുതി. ".... A most notable event in modern Eclesiastical History is the Conversion of Mar Ivanios, Arch Bishop of Bethany" (ആധുനിക ക്രൈസ്തവ ചരിത്രത്തിലെ ഏറ്റം പ്രധാനപ്പെട്ട ഒരു സംഭവമാണ് ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസിൻെറ പുനരൈക്യം) ആ നസ്രാണി സിംഹം അമേരിക്കൻ പര്യടനം നടത്തിയതിനെ അനുസ്മരിച്ചുകൊണ്ട് മഹാകവി ഇടയാറന്മുള കെ.എം. വറുഗീസ് പാടി:

"അങ്ങയിൽ കണ്ടാർസ്പെത്മാൻ തുടങ്ങും മനീഷികൾ-
ളൈക്യത്തിൻ സന്ദേശത്തെ, ജീവിതവിശുദ്ധിയെ,
അത്യന്തം യശസ്വിയാം കർദ്ദിനാൾ ന്യൂമാനെ-യാ
സിദ്ധന്മാർക്കണിമുത്താം ഫ്രാൻസിസ് സേവ്യറേയുമേ
സൂരീന്ദ്രമാലേ, ഭവൽ പ്രസംഗാമൃതാബ്ധിയിൽ
നീരാടാതവിടത്തിലാരുള്ളു മനുഷ്യനായ്?
ഏതൊരു ഭദ്രാസനവേദിയുണ്ടവിടത്തെ
പാദപാംസുക്കളേറ്റു സംപൂതമായീടാതെ?
ആരുടെ മുഴങ്കാൽകൾ മടങ്ങിയില്ലാപരം
ആചാര്യശിഖാമണേ നിന്തിരുവടിമുമ്പിൽ?
മാനിച്ചിതമ്മേരിക്കയങ്ങയെ ബിരുദത്താൽ;
മാന്യമായാഘോഷിച്ചസൽക്കാരോത്സവങ്ങളാൽ "
(ക്രൈസ്തവകാഹളം വിശേഷാൽ പ്രതി 1948)

മാർ ഈവാനിയോസിൻെറ ആകർഷണവലയത്തിൽ മുഴുകിയ കേരളീയർ അനവധിയാണ്. അവരിൽ ജീവിച്ചിരിക്കുന്നവർ ചുരുക്കമേയുള്ളു. ആ ആദർശശാലികൾ പടുത്തുയർത്തിയ ആധ്യാത്മികപ്രഭ പുതിയ തലമുറയ്ക്കു മിക്കവാറും അജ്ഞാതമാണ്. ഇരുൾക്കൂനകളെ നീക്കുന്ന ആ പ്രകാശവലയം മാഞ്ഞുമറഞ്ഞുകൊണ്ടിരിക്കുന്നു. കാരണവന്മാരെ മറക്കുന്നതിൻെറ ദയനീയത മറ നീക്കിതെളിയുന്നു. ഒരു നുറുങ്ങുവെളിച്ചംപോലും ഒരു രംഗത്തുമില്ല. എല്ലായിടത്തും ഇരുട്ടിൻെറ കൂത്താട്ടം മാത്രം.

അടിത്തറയിട്ട തറവാടുണ്ട്; പണിക്കുറ തീർക്കാൻ അനന്തിരവർക്കുനേരമില്ല. കാരണവന്മാരെ ഓർക്കാൻപോലും പറ്റുന്നില്ല. പണി പൂർത്തിയാക്കൽ പിന്നെങ്ങിനെ? മുൻഗാമികളുടെ ആസൂത്രണം അറിയാതെ അവർ തറയിട്ട സംവിധാനം എങ്ങനെ പൂർത്തിയാക്കും? പണിയണം. പക്ഷേ ലക്ഷ്യമറിഞ്ഞുകൂടാ. മാർഗ്ഗഭ്രംശം വരുത്തുന്ന കർണ്ണേജപന്മാരാണ് ചുറ്റും. ലക്ഷ്യമില്ലായ്മ ഉണ്ടാക്കുന്ന തളർച്ച എത്രയധികം! അർഹമായ അംഗീകരണം കൊടുക്കാതിരിക്കുന്നതു തന്നെ കാരണവനിന്ദനമാണ്. ആ ഗുരുത്വക്കേടിനു എങ്ങനെ പൊറുതികിട്ടും? വമ്പനായ ഭീമനും കരുത്തേറിയ ഗദയും കിണഞ്ഞു പണിപ്പെട്ടെങ്കിലും മുതുകുരങ്ങൻെറ വാൽതുമ്പുപോലും ഇളക്കാൻ കഴിയാതെ പോയതു തറവാട്ടുകാരണവരെ പുച്ഛരിച്ചതു മൂലമാണല്ലോ.

കുരങ്ങൻെറയും ഭീമൻെറയും കഥ പൂർവ്വികതയും ആധുനികതയും തമ്മി

www.malankaralibrary.com


ലുള്ള സംഘട്ടനത്തിൻേറതാണ്.

"നാട്ടിൽ പ്രഭുക്കളെ കണ്ടാലറിയാതെ

കാട്ടിൽ കിടക്കുന്ന മൂളിക്കുരങ്ങു നീ" എന്ന അട്ടഹാസം ആധുനികകരുത്തിൻെറയും ആയുധശക്തിയുടെയും ശാസ്ത്രസാങ്കേതികതയുടേയുമാണ്. കൈകാലുകുഴഞ്ഞ്, മേനിചുക്കിച്ചുളിഞ്ഞു, രോമം കൊഴിഞ്ഞ്, കാഴ്ച കുറഞ്ഞ്, കണ്ണിൽ പീളനിറഞ്ഞു വികൃതനായികിടക്കുന്ന മുതുകുരങ്ങു പൂർവ്വികതയുടെ രൂപമാണ്. പൂർവ്വികതയോടുള്ള ബന്ധം വിടർത്തി ഏറ്റുമുട്ടലിനു ഒരുങ്ങുന്നതുമൂലം ആധുനികത പരാജയത്തോടടുക്കുകയാണ്; ആധുനികതയുടെ കരുത്തുകൾ നഷ്ടപ്പെടുകയാണ്. പൗർവ്വാപര്യത്തിൻെറ വിശുദ്ധബന്ധം വിച്ഛേദിക്കുവാൻ കാലഘട്ടത്തിൻെറ ശാസ്ത്രക്കത്തിക്കുമൂർച്ചപോരാ. പഴഞ്ചന്മാരെന്നു മുദ്രകുത്തി "ഓർമ്മയുടെ ചിത്രശാല"യിലെ സാധുക്കളെ നിന്ദിക്കരുത്; കൺകെട്ടുശക്തികളിൽ പുതുമക്കൾ മയങ്ങരുത്; ഇരിപ്പിടത്തിൻെറ അടിത്തറ ഇളക്കരുത്.

മരവിപ്പിക്കുന്ന തണുപ്പാണു ചുറ്റും. വരും തലമുറയിലേക്കും ഈ വിറങ്ങലിപ്പു പടരണമെന്നുണ്ടോ? പൂർവ്വഗാമികളുടെ ഉത്തേജകകഥകൾ കൊടുത്തു പുതുമുഖങ്ങളെ ഉണർത്തേണ്ടതല്ലേ? ആദർശധീരന്മാരുടെ ജീവൽചിത്രം കാട്ടിക്കൊടുക്കേണ്ടതല്ലേ? ഇതൊന്നും ചെയ്യാതെ ഉറക്കം തൂങ്ങി ദിവാസ്വപ്നം കണ്ടുകൊണ്ടുള്ള ഇരിപ്പു എവിടെച്ചെന്നെത്തും. "അപ്പുർവികന്മാരുടെ ചോര.... ഭവാന്മാരിലൊരിറ്റുമില്ലേ?" എന്ന ചോദ്യത്തിനു എന്തുത്തരം പറയും?

രണ്ടാം ജോൺ പോൾ മാർപ്പാപ്പായുടെ "Ut Unum Sint" (എല്ലാവരും ഒന്നാകുന്നതിന്) എന്ന ചാക്രികലേഖനം 1995-ൽ പുറത്തു വന്നു. മൂന്നാം സഹസ്രാബ്ദത്തിൻെറ ആഗമനത്തോടെ ക്രൈസ്തവൈക്യം എന്ന മഹാകാര്യം സാധിതമാക്കുന്നതിനത്രേ മാർപ്പാപ്പായുടെ ആഹ്വാനം. ഈ വലിയകാര്യത്തിനു വേണ്ടി മനസ്സുവെക്കുകയും പിടയുകയും ചെയ്തവരെയാണ് നമ്മൾ വിസ്മരിക്കുന്നത്. ആസൂക്ഷ്മദൃക്കുകളുടെ വലിപ്പം കാണാൻ കഴിയാതെ പോകുന്നല്ലൊ.

"മണ്ണിനെമാറ്റേറുന്ന തങ്കമായ്കാണ്മാൻ മാത്രം

കണ്ണിവനുടെ മുഖത്തുണ്ടുരണ്ടെണ്ണം തായേ" എന്നു കണ്ണുകളുടെ നിരർത്ഥകതയെ പഴിപ്പാൻ തോന്നിപ്പോകുന്നു.

തികഞ്ഞ ചരിത്രകാരനായ ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം ഒരു ചോദ്യമുയർത്തുന്നു; എം.എം. വർക്കിയെക്കുറിച്ചു പറയുമ്പോഴാണ് ഈ ചോദ്യശരപ്രയോഗം; ബൈബിളിൽ നിന്നുള്ള ഉദ്ധരണിയാണിത്; എസ്ഥേറിൻെറ പുസ്തകത്തിലിതുണ്ട്. രാജാവിനു ഉറക്കക്കുറവിൻെറ അസ്വാസ്ഥ്യം; ദിനവൃത്താന്തം വായിച്ചുകേൾപ്പിക്കുന്നതിനാണുത്തരവ്; ഉമ്മറപ്പടി കാവൽക്കാർ ആസൂത്രണം ചെയ്ത അപകടത്തിൽ നിന്നു രാജാവിനെ മോർദെഖായി രക്ഷപ്പെടുത്തിയ കഥ കേൾക്കവേ ആ അസ്വസ്ഥൻ ചോദിച്ചു: "ആ വിശ്വസ്തതയ്ക്കു എന്തു പ്രതിഫലം കൊടുത്തു?" (എസ്ഥേർ 6: 3) ആ ചോദ്യം സമൂഹത്തിനു നേരെ ചരിത്രകാരൻ തൊടുക്കുന്നു: "ഒരായുഷ്കാലം മുഴുവൻ സർവ്വവും വിസ്മരിച്ചു സമുദായത്തേയും രാജ്യത്തേയും സേവിച്ച ഒരു വ്യക്തിയോടു ആ സേവനങ്ങളുടെ ഗുണഫലങ്ങൾ അനുഭവിക്കുന്ന സമുദായത്തിനു ഒരു കടപ്പാടുമില്ലേ? സമുദായത്തെ സേവിച്ചതു ഒരു അപരാധമാണെന്നും കിട്ടിയ സന്ദർഭങ്ങളുപയോഗിച്ചു സ്വന്തം കീശവീർപ്പിക്കുകയാണ് വേണ്ടതെന്നും കരുതാത്തവരുടെയെല്ലാം മുമ്പിൽ ഇതൊരു ചോദ്യചിഹ്നമായി നിലകൊള്ളുകയാണ്: "ആ വിശ്വസ്തതയ്ക്കു നാം എന്തു പ്രതിഫലം കൊടുത്തു?" (M.O. Joseph, Thozhilaly, Daily, 3rd November 1963) വിശ്വസ്തത അംഗീകൃതമാകാതെ അസ്വസ്ഥത പരിഹൃതമാകുകയില്ല.

www.malankaralibrary.com

പൂർവ്വികന്മാരുടെ നേരെ കണ്ണടയ്ക്കുകയോ? പാടില്ലെന്നത്രേ ബൈബിൾ പറയുന്നത്. മെസ്രേം അടിമത്തത്തിൽ നിന്നു മോശയും അനുചരന്മാരും വിമോചിതരായി. രാത്രിയായിരുന്നു, തിടുക്കമായിരുന്നു. എന്നിട്ടും അവർ മറക്കാതിരുന്ന ഒരു കാര്യമുണ്ട്. മുന്നൂറുകൊല്ലം പഴക്കമുള്ള ജോസഫിന്റെ കബറിടം തുറന്നു; അസ്ഥികൾ ശേഖരിച്ചു; അതുമായിട്ടത്രേ മെസ്രേം വിട്ടത്. (പുറ. 13: 19) ഏലിയാസ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. താഴെ വീണുകിട്ടിയ വസ്ത്രം ഏലിശാ പൂജ്യമായികരുതി. യോർദ്ദിനാൻ കടക്കുവാൻ അതു സഹായകമാകുകയും ചെയ്തു. (2 രാജാ. 2: 14) എഫേസൂസിലെ ആളുകൾ വി. പൗലുസിന്റെ ഉത്തരീയവും തുവാലയും കൊണ്ടുപോയി; രോഗികളുടെ മേൽ വെച്ചു; സൗഖ്യപ്രാപ്തി ലഭിക്കയും ചെയ്തു. (നടപടി 19: 12) പൂർവ്വികന്മാരെ ഓർക്കണമെന്നത്രേ പാരമ്പര്യത്തിന്റെ പ്രബോധനം.

ഈ ചിന്തകൾ മഥിച്ചപ്പോഴാണ് "ഓർമ്മയുടെ ചിത്രശാല" കണ്മുമ്പിൽ നിരന്നത്. തൊട്ടുമുമ്പിലൂടെ കടന്നുപോയവരാണിവർ. മണമില്ലെന്നു പറഞ്ഞു മാറിനിൽക്കാതെ ഈ "മുറ്റത്തെ മുല്ല"കളെ സ്വീകരിക്കേണ്ടതല്ലേ? കാട്ടുവല്ലികളാക്കിതള്ളിക്കളഞ്ഞാൽ ഈ മുല്ലവല്ലികൾ കടുത്ത മറവിയുടെ പടുകുഴിയിൽ വീണുപോകും. തുമ്പപ്പൂവിന്റെ ഭംഗിപോലും അംഗീകരിക്കുന്നവർ പൂക്കൾ ധാരാളം വിരിഞ്ഞുനിൽക്കുന്ന ഈ നറുമുല്ലയിലേക്കു എന്തുകൊണ്ടു തിരിയുന്നില്ല?

ആദർശശാലികളുടെ ചിത്രങ്ങളാണ് ഓർമ്മയുടെ ഈ ശാലയിലുള്ളത്. മാനസികപരിവർത്തനത്തിന്റെ ധീരതയും തീവ്രതയും അവരിലുണ്ട്. ആ മനംമാറ്റത്തിനു ഉപോൽബലകമായ സിദ്ധാന്തങ്ങൾ ചിത്രീകരണത്തിൽ അവതരിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ചിലപ്പോൾ ദൈവശാസ്ത്രം തന്നെയാവും പിന്നിൽ നിൽക്കുന്നത്. ഓരോ വ്യക്തിയുടെയും മനോതലം കാട്ടുന്നതിനുവേണ്ടി മാത്രമാണിത്. വ്യക്തിയുടെ ഭാവതലത്തെ ഉലച്ചസാഹചര്യം വ്യക്തമാക്കണമെന്നേ ഉദ്ദേശിച്ചിട്ടുള്ളു. എഴുത്തുകാരന്റെ തത്ത്വവിചാരം ഒരിടത്തും കയറിപ്പറ്റാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

ഒരുവന്റേതിൽ നിന്നു വ്യതിരിക്തമായ വിചാരമായിരിക്കാം ഈ പരമ്പരയിലെ മറ്റൊരുവന്റേത്. വ്യത്യസ്തവീക്ഷണകോണങ്ങൾ ഇവിടെ ഒഴിവാക്കാവുന്നതല്ല. തന്മൂലം ഒന്നോ രണ്ടോ ചിത്രങ്ങൾ കണ്ടതിനുശേഷം വിധിത്തീർപ്പു ഉണ്ടാവരുതെന്നും അഭ്യർത്ഥനയുണ്ട്. സമാഹാരം പൂർത്തിയായിക്കഴിഞ്ഞാൽ വിധിന്യായത്തിനു സൗകര്യം കൂടുമല്ലോ.

"ചിത്രശാല"യുടെ പണിപ്പുരനേരത്തെ ക്രമപ്പെട്ടിട്ടുള്ളതാണ്. "ക്രൈസ്തവകാഹളം", 'ഐക്യദീപം' എന്നീമാസികകളിൽ ഏറെവർഷങ്ങൾക്കു മുമ്പുതന്നെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അഭ്യർത്ഥന ചേർത്തിരുന്നു. വ്യക്തിപരമായ കത്തുകൾ കുറച്ചൊന്നുമല്ല അയച്ചിട്ടുള്ളത്. പലരും രേഖകൾ സൂക്ഷിച്ചിട്ടില്ല; ഉള്ളവർക്കു ഉദാസീനതയും. വിവരശേഖരണം കഠിനമായ ബുദ്ധിമുട്ടുണ്ടാക്കി. എങ്കിലും വ്യക്തമായ രേഖകൊണ്ടു സ്ഥിരീകൃതമാകാത്ത വസ്തുതയൊന്നും ഇതിൽ ചേർത്തിട്ടില്ല. സത്യസന്ധമല്ലാത്തതൊന്നും ഈ ചിത്രീകരണത്തിൽ ഉണ്ടാകരുതെന്നു നിർബ്ബന്ധവുമുണ്ട്. എന്തെങ്കിലും അപാകത കടന്നുകൂടിയിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തിയാൽ അടുത്ത പതിപ്പിൽ പരിഹരിക്കുന്നതുമാണ്.

കാലപരിഗണന വെച്ചല്ല ഇവിടെ ചിത്രങ്ങൾ അടുക്കിയിട്ടുള്ളത്; സ്ഥാനപദവിയും ദീക്ഷിച്ചിട്ടില്ല. സൗകര്യവും വൈചിത്രവും മാത്രമാണ് ഗ്രന്ഥകാരനെ നയിക്കുന്ന വിന്യാസക്രമം.

1978-ൽ പ്രസിദ്ധീകൃതമായ "എക്യുമെനിസം" എന്ന എന്റെ പുസ്തകത്തിനു

www.malankaralibrary.com

അവതാരികഎഴുതിയതു അന്നത്തെ ബഥനി സുപ്പീരിയർജനറൽ റവ. ഡോക്ടർ സിറിൽ ഒ.ഐ.സി. ആയിരുന്നു. പുസ്തകം പ്രകാശനം ചെയ്യുന്നതിനു മുമ്പുതന്നെ അവതാരികാകാരൻ പുതിയ ബത്തേരി രൂപതയുടെ മെത്രാനായി ഉയർത്തപ്പെട്ടു. ഇക്കഴിഞ്ഞ നവംബർ 26-ാം തീയതി "ഓർമ്മയുടെ ചിത്രശാല"യ്ക്കു ആമുഖോപന്യാസം നല്കണമെന്ന എൻെറ അപേക്ഷ മാർബസേലിയോസ് തിരുമേനി സാദരം സ്വീകരിച്ചു. മൂന്നു ദിവസത്തിനുള്ളിൽ -കൃത്യം പറഞ്ഞാൽ 29-11-'95 -ൽ തിരുമേനിയെ മലങ്കരമെത്രാപ്പോലീത്തായായി ഉയർത്തിക്കൊണ്ടുള്ള പേപ്പൽ ബൂളാ പ്രഖ്യാപിതമായി. പുസ്തകശിശുവിൻെറ ഉദയത്തിലുണ്ടായ അനുഗ്രഹലബ്ധി! ഈ മലങ്കര സഭാധ്യക്ഷൻെറ വഴിത്താരയിൽ ചിത്രശാലയിലെ വിശുദ്ധ പിതാക്കന്മാർ പൂക്കൾ വിതറട്ടെ!

"മർത്ത്യജന്മം തന്നതിന്നു പ്രത്യുപകാരമെന്തുള്ളു
തൃക്കഴലിലിവന്താണുപണികയെന്യേ" റോബർട്ടു ബ്രൗണിംഗിൻെറ ഒരു പ്രാർത്ഥനയാണിത്. ഇതിലെ പ്രത്യുപകാരചിന്ത എന്നെ ഉണർത്തുന്നു. പുസ്തകം ഇപ്പോഴെങ്കിലും മുഴുമിപ്പിക്കാനൊത്തത് തിരുവല്ലാ ക്ലേർജിഹോമിലുള്ള എൻെറ താമസം കൊണ്ടാണ്. അതിനു സൗകര്യം നല്കിയതു അഭിവന്ദ്യ ഗീവറുഗീസ് മാർ തീമോത്തിയോസ് തിരുമേനിയുടെ ഉദാരതയും. ഇത്തരം സാഹിത്യപ്രവർത്തനമാകട്ടെ ആ അഭിവന്ദ്യത നല്കുന്ന അനുഗ്രഹങ്ങൾക്കു എനിക്കുള്ള പ്രതിനന്ദി.

കേരളത്തിലെ ഒരു പ്രസിദ്ധീകരണശാലയും ഈ പുസ്തകം ഏറ്റെടുക്കാൻ സന്നദ്ധത കാട്ടുകയില്ല. ശാന്തിനിലയം പ്രസിദ്ധീകരണരംഗത്തേക്കുവന്നതു കരുക്കൾ ഉണ്ടായിട്ടല്ല, ആവേശം ആർന്നിട്ടാണ്. ബഹുജനങ്ങളുടെ ഹൃദയപൂർവ്വമായ സഹകരണം ഉണ്ടായെങ്കിലേ ഈ ഭാരിച്ച ഉദ്യമത്തിൽ ശുദ്ധഗതി മാത്രം കൈമുതലുള്ള ഈ പ്രസിദ്ധീകരണക്കാർക്കു പിടിച്ചു നിൽക്കാനാവു. ഫാ. തോമസ് കോട്ടയിലിൻെറ സാഹസിക സംരംഭം വിജയത്തിലെത്തട്ടെ.

മാത്യൂസ് ഓരത്തേൽ നേതൃത്വം വഹിക്കുന്ന ബീം കമ്മ്യൂണിക്കേഷൻസ്, ഗ്രാഫിക് സിസ്റ്റംസ് കോട്ടയം എന്നിവർക്ക് അവകാശപ്പെട്ടതത്രേ ഈ പുസ്തകത്തിൻെറ രൂപകല്പനയുടെയും അക്ഷരവിന്യാസത്തിൻെറയും മുദ്രണത്തിൻെറയും മികവ്.

കൈയെഴുത്തുകോപ്പി പകർത്തൽ എന്ന ബുദ്ധിമുട്ടുള്ള ജോലി നിർവ്വഹിച്ചു തന്നത് റവ. സിസ്റ്റർ ഡൽഫീനാ എസ്.ഐ.സി.യുടെ നേതൃത്വത്തിലുള്ള ഒരു സംഘമാണ്. ജോലിത്തിരക്കിനിടയിലും ഇക്കാര്യത്തിനു മുൻഗണന നല്കിയ ആ സൗമനസ്യത്തെ ആദരിക്കുന്നു.

തുടർന്നുള്ള പുസ്തകങ്ങളിലേക്കു വിവരങ്ങൾ തന്നു സഹായിക്കണമെന്നു ഒരിക്കൽകൂടി അപേക്ഷിക്കട്ടെ.

മറവിയിലേക്കുതാണു മറഞ്ഞുകൊണ്ടിരിക്കുന്ന ഈ ആദർശശാലികളുടെ നേരിയ ഓർമ്മ നിങ്ങളിൽ ഉണർത്താൻ സാധിക്കുമെങ്കിൽ ഈ "ചിത്രശാല"ക്കാരൻ കൃതാർത്ഥനായി. നിങ്ങളുടെ സഹൃദയത്വത്തിൻെറ വാതിൽക്കൽ "ഓർമ്മയുടെ ചിത്രശാല"യുടെ രണ്ടാം പുസ്തകവുമായി ഞാൻ സമയം കാത്തുനിൽക്കുന്നു.

ക്ലേർജിഹോം, ഗ്രന്ഥകർത്താവ്
പുഷ്പഗിരി, തിരുവല്ലാ
1-1-1996

www.malankaralibrary.com

# അവതാരിക



നമ്മെ സ്വാധീനിച്ചിട്ടുള്ള ധാരാളം മഹനീയ വ്യക്തികൾ അവരുടെ ധന്യമായ ഇഹലോകജീവിതം അവസാനിപ്പിച്ചു കടന്നുപോയിട്ടുണ്ട്. അവർ വിസ്മൃതിയിലേക്കു മറഞ്ഞു പോകാതിരിക്കണമെങ്കിൽ അവരുടെ സജീവചിത്രം നമ്മുടെ മുമ്പിൽ എന്നും ദൃശ്യമാകുന്നതിനുള്ള മാർഗ്ഗങ്ങൾ നമുക്കു ആരായേണ്ടതുണ്ട്. ആ വഴിക്കുള്ള ഒരു മഹത്തായ യജ്ഞത്തിനാണ് ബ. വറുഗീസ് കിളിച്ചിമലയച്ചൻ തുനിഞ്ഞിറങ്ങിയിരിക്കുന്നത്. "ഓർമ്മയുടെ ചിത്രശാല" എന്ന ഗ്രന്ഥപരമ്പരയുടെ ഒന്നാം വാല്യമാണ് അദ്ദേഹം നമുക്കു ഇപ്പോൾ സമ്മാനിക്കുക.

'ഓർമ്മയുടെ ചിത്രശാല' കേവലം ഓർമ്മയല്ല, ചിത്രങ്ങളുടെ വെറും പ്രദർശനവുമല്ല. നമ്മുടെ സമൂഹത്തിൻെറ ചരിത്രം സൃഷ്ടിക്കുന്നതിനു ജീവിതാർപ്പണം ചെയ്തമഹതീമഹാന്മാരുടെ തനിമയാർന്ന വ്യക്തിത്വത്തിൻെറ ചിലവശങ്ങളും ഭാവങ്ങളും നമ്മുടെ മുമ്പിൽ സജീവമായി അവതരിപ്പിക്കുന്ന ഒരു കലാസൃഷ്ടിയാണ്.

ആദർശശാലികളെന്ന മുഖമുദ്രയത്രേ ഈ ചിത്രീകൃതർക്കുള്ളത്. ഒരു രംഗത്തും ആദർശസൂനങ്ങൾ ഇന്നു വിരിയാറില്ല. അത്തരം പൂക്കളെ വിടർത്താൻ ത്രാണിയില്ലാത്ത മരുഭൂവായി ലോകം മാറുന്നു. ഈ ആദർശശാലികളുടെ കാലടിപ്പാടുകൾ കുറെയെങ്കിലും ഇന്നുള്ളവരെ നേർവഴിക്കു നടത്താതിരിക്കുകയില്ല.

കാഴ്ചക്കാരായി മാത്രം ഈ ചിത്രശാലയെ സമീപിക്കാവുന്നതല്ല. നമുക്കു കടപ്പാടുള്ളവരാണവർ. വലിയ ഒരു ഉത്തരവാദിത്വം നമ്മെ ഏല്പിച്ചിട്ടാണ് അവർ കടന്നുപോയത്. ആ കർത്തവ്യകർമ്മത്തിൽ നിന്നു വ്യതിചലിക്കാൻ നമുക്കാവില്ല. അവരിട്ട അടിത്തറ മുഴുമിപ്പിക്കണമെന്നതാണ് നമ്മിൽ നിക്ഷിപ്തമായ കർത്തവ്യഭാരം. ആ ചുമതലയിൽ നിന്നും എത്രമാത്രം വ്യതിചലിക്കുന്നുവോ അത്രമാത്രം കീഴ്ഗതിയാണു ഫലം. "Ut Unum Sint" (എല്ലാവരും ഒന്നാകുന്നതിന്) എന്ന ചാക്രിക ലേഖനത്തിലൂടെ ഭാഗ്യമോടെ വാഴുന്ന ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ നല്കുന്ന ആഹ്വാനത്തിലെ സന്ദേശം തന്നെയത്രേ ഈ ചിത്രശാലയിലെ പിതാക്കന്മാർ കാലേകൂട്ടി ആവശ്യപ്പെട്ടിരുന്നത്.

പതിനഞ്ചു ചിത്രങ്ങളത്രേ ഒന്നാം പുസ്തകത്തിലുള്ളത്, വ്യത്യസ്തതലത്തിൽ പ്രശോഭിതരായ പതിനഞ്ചുവ്യക്തികൾ. മഹാനുഭാവന്മാരായ മൂന്നു മെത്രാപ്പോലീത്താമാർ, വവിധ മണ്ഡലങ്ങളിൽ വ്യക്തിത്വം പ്രകടിപ്പിച്ച അഞ്ചു വൈദികർ, നേതൃത്വം കൊണ്ടു സമലംകൃതരായ അഞ്ചു അല്മായർ, സന്ന്യാസപ്രസ്ഥാനം വളർത്തിയ ഒരു സന്ന്യാസിനി എന്നിവരാണ് ആ നിരയിലുള്ളത്. മാർ ഈവാനിയോസ്, മാർ സേവേറിയോസ്, മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ,

www.malankaralibrary.com


ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ, കരവട്ടുസൈമൺ കോർഎപ്പിസ്കോപ്പാ, ഫാ. റ്റി.വി. ജോൺ, പുലിക്കോട്ടിലച്ചൻ, മുണ്ടപ്ലാക്കിൽ ജേക്കബ് കശ്ശീശ്ശാ എന്നീ പ്രഗത്ഭ വൈദികർ, ബാരിസ്റ്റർ ജോർജ്ജു ജോസഫ്, പുഷ്പപുരം ശ്രീ.സി. ഫിലിപ്പ്, മാരേട്ടു കുഞ്ഞേനാച്ചൻ, എസ്. തോമസ് അയിരൂർ, ഗായകകവി വിദ്വാൻ വി.റ്റി. ഐപ്പ് എന്നീ അല്മായർ, മദർ ഹൂബാ എന്ന സന്ന്യാസിനി എന്നിങ്ങനെ അവരുടെ പേരു എടുത്തു പറയാം.

ജീവചരിത്രക്കുറിപ്പുകളിലൂടെയോ തൂലികാചിത്രങ്ങളിലുടെയോ അല്ല ഇവിടെ അവതരണം. മർമ്മപ്രധാനഘടകം ജീവിതത്തിൽ നിന്നു തിരഞ്ഞെടുക്കുക, ആന്തരികചലനത്തിനു ഉപോൽബലകമായ തത്ത്വവിചാരത്തിലേക്കിറങ്ങുക, കഴിവതും ഗവേഷണപരമായികാര്യങ്ങൾ കാണുക - എന്നീരീതിയാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുള്ളത്. ഇതു വിശദമാക്കുവാൻ വേണ്ടി ഉള്ളടക്കം ദിങ്മാത്രമായി ദർശിക്കാം.

മാർ ഈവാനിയോസിനെക്കുറിച്ചു പറയുന്നു: "കാതൊലിക്കാ സിംഹാസന സ്ഥാപനം, മലങ്കരറീത്തു, സന്ന്യാസിപ്രസ്ഥാനം എന്നീ മൂന്നാണ് മലങ്കരയ്ക്കു മാർ ഈവാനിയോസ് ചെയ്ത മഹത്തായ സേവനങ്ങൾ. ഇവയിൽ പരമപ്രധാനം സന്ന്യാസി പ്രസ്ഥാനം തന്നെ. അതിനെ വളർത്തുന്നതിനു വളക്കൂറുള്ള മണ്ണു മലങ്കര നല്കിയില്ല. തന്മൂലം മാർ ഈവാനിയോസിനെ പൂർണ്ണമായി ഉൾക്കൊള്ളാൻ മലങ്കരയ്ക്കു കഴിയാതെപോയി" (P. 23) എന്ന നിഗമനം കുറിക്കുകൊള്ളുന്നതാണ്.

മാർ സേവേറിയോസിൻെറയും മോൺ. വടശ്ശേരിയുടെയും മാഹാത്മ്യം വെളിപ്പെടുത്തിക്കൊണ്ടു പറയുന്നു: "നിലവിലിരുന്ന ദൈവശാസ്ത്രത്തിൻെറ സമർത്ഥനായ വക്താവാണ് മോൺ വടശ്ശേരി; വത്തിക്കാൻ കൗൺസിലിൻെറ വെളിച്ചം ഉദ്ദർശനം ചെയ്തക്രാന്തദർശിയാണ് മാർ സേവേറിയോസ്" (P. 30) മറ്റാരും അവതരിപ്പിച്ചിട്ടില്ലാത്ത വ്യക്തമായ ദർശനം!

നമ്മുടെ സഭാചിന്താധാരയിൽ വിട്ടുകളഞ്ഞ ഒരു വിഷയത്തെക്കുറിച്ചാണ് "മാർ ഗ്രീഗോറിയോസും കാതൊലിക്കാ സിംഹാസനവും" എന്ന ചിന്തോദ്ദീപക ലേഖനം. കേരളത്തിലെ രണ്ടു കാതോലിക്കാമാരുടെയും സത്വരപരിഗണനയ്ക്കു വിഷയീഭവിപ്പിക്കുന്നതാണിത്.

ആത്മശാന്തിതേടിയുള്ള നെട്ടോട്ടവും പോരാട്ടവും ചേപ്പാട്ടു പീലിപ്പോസുറമ്പാൻെറ ജീവിതചിത്രത്തിൽ തെളിഞ്ഞു കാണുന്നു.

അത്യന്തികതത്ത്വം തിരയുന്ന ഒരു നിയമജ്ഞൻെറയും രാഷ്ട്രതന്ത്രജ്ഞൻെറയും ചിത്രമത്രേ ബാരിസ്റ്റർ ജോർജ്ജു ജോസഫിലൂള്ളത്.

"പരദേശത്തു നിലനിൽപ്പിനു വേണ്ടിയുള്ള പോരാട്ടം നാട്ടിൽ സത്യത്തിനുവേണ്ടിയുള്ള പോരോട്ടം" എന്നത്രേ ബ. റ്റി.വി. ജോണച്ചൻ സുറിയാനി സഭയെ വിലയിരുത്തുന്നത്. കാച്ചിക്കുറുക്കിയ സത്യം! സത്യത്തിനു വേണ്ടിയുള്ള പോരാട്ടം എന്നതിലൂടെ, വ്യവഹാരം കഴിയുമ്പോൾ തോറ്റകക്ഷിയും ജയിച്ച കക്ഷിയും

www.malankaralibrary.com


നടത്തുന്ന പ്രസ്താവങ്ങളാണ് പരാമർശം. ((P. 70)

1926-ലെ ഒരു സത്യാന്വേഷണകഥ "ധന്യതയാർന്ന അധ്യാപകനിൽ വിവരിക്കുമ്പോൾ നവീനകുഞ്ചൻ നമ്പ്യാർ എന്നു പ്രഖ്യാതനായ വിദ്വാൻ വി.റ്റി. ഐപ്പിൻെറ സരസകവിതയാണ് "പള്ളിപ്പാട്ടി"ലുള്ളത്.

കുടിയേറ്റക്കാർക്കുവേണ്ടി പാടുപെട്ടുഓടിനടന്ന ഒരു ധീരമിഷനറിയെ" പുലിക്കോട്ടച്ച"നിൽ കാണാം; സുറിയാനി പണ്ഡിതനായ ഒരു സമൂഹ്യപ്രവർത്തകൻെറ ഉജ്വലചിത്രം മുണ്ടപ്ലാക്കൽ യാക്കോബുകത്തനാരിലും.

മാരേട്ടുകുഞ്ഞേനാച്ചൻ പ്രവർത്തിച്ച കത്തോലിക്കാ സാക്ഷ്യസംഘത്തിൻെറ മേന്മ വെളിപ്പെടുത്തുന്നതിനത്രേ ഇന്നത്തെ കത്തോലിക്കാ സംഘടനകളുമായി അതിനെ തട്ടിച്ചുനോക്കുന്നത്.

"ചതിവു ചെയ്തകടുംകൈ" എന്ന ആത്മകഥ പറയുന്ന കരവട്ടു സൈമൺ കോർഎപ്പിസ്കോപ്പാ സമുദായത്തെ അടിമുടി അള്ളിപ്പിടിച്ചു കിടക്കുന്ന കാപട്യം മറനീക്കികാണിച്ചിട്ടുണ്ട്.

സന്ന്യാസിനീ പ്രസ്ഥാനം ഇല്ലാത്ത സമൂഹത്തിൽ അത്തരമൊന്നിനു നേതൃത്വം കൊടുക്കുക; ശൂന്യതയിൽ നിന്നു അതിനെ പടുത്തുയർത്തുക; അദ്ധ്യാത്മിക വളർച്ചയുടെ ഒരു സാർവ്വത്രികതയിലേക്കു അതിനെ പറിച്ചു നടുക; പൊന്തിഫിക്കൽ പദവിയിലേക്കു അതിനെ ഉയർത്തുക - എല്ലാമാണ് മദർഹൂബാനിർവ്വഹിച്ചിട്ടുള്ളതെന്നു ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു.

ഒറ്റവാക്കിലൊതുക്കിയാൽ ബുദ്ധിക്കും മനസ്സിനും ഉന്മേഷം പകരുന്നതത്രേ ഈ ചിത്രശാലയിലേക്കുള്ള തീർത്ഥാടനം.

ഗ്രന്ഥകാരൻെറ പ്രതിപാദനകുശലതയും പ്രത്യേകശൈലിയും എടുത്തു പറയേണ്ടതാണ്. ചോദ്യോത്തരരൂപത്തിലുള്ള ഋജുവായ തുടക്കവും പെട്ടെന്നു പ്രമേയത്തിലേക്കുള്ള പ്രവേശനവും പ്രാരംഭത്തിൽ തന്നെകാണാം. ഇതു വായനയെ സുഖപ്രദമാക്കുന്നതാണ്.

തൂലികാചിത്രങ്ങളുടെ സരസമേളനം അവിടവിടെയുണ്ട്. "അഞ്ചടി ആറിഞ്ചു പൊക്കം; വിസ്തൃതമായ നെറ്റിത്തടം; വർണ്ണപ്പകിട്ടാർന്ന വട്ടമുഖം; തിളങ്ങുന്ന കണ്ണുകൾ; വശ്യമായചിരി; കൗതുകം ജനിപ്പിക്കുന്ന സംഭാഷണചാതുരി; കാതിനിമ്പം പകരുന്ന ശബ്ദഭംഗി; അക്ഷരസ്ഫുടത തുടിക്കുന്ന വചോവിലാസം; ആഢ്യത അരങ്ങേറുന്നമുഖഭാവം; നേരെ നോക്കികാര്യം പറയാനുള്ള മനക്കരുത്ത്; തെറ്റു തുറന്നു സമ്മതിക്കാനുള്ള വിശാലഹൃദയത്വം-എല്ലാം ഒത്തിണങ്ങുന്ന ആളാണ്"കുഞ്ഞേനാച്ചൻ" എന്ന ഓമനപ്പേരുള്ള മരേട്ടു എം. ഒ. നൈനാൻ" ((P. 114) മുതലായ വിവരണങ്ങൾ അത്യധികം ആകർഷകമാണ്.

നാടകീയത്വം വരുത്തുന്നതിനു വേണ്ടി ചിലഭാവനാരംഗങ്ങളും കൊരുത്തു ചേർത്തിട്ടുണ്ട്. മാർ സേവേറിയോസും മോൺ. വടശ്ശേരിയും സ്വർഗ്ഗത്തിൽ നടത്തുന്ന കൂടിക്കാഴ്ച; കരവട്ടു കോർഎപ്പിസ്കോപ്പായും ലേഖകനുമായുള്ള സ്വപ്നസംവാദം; ശ്രീ. എസ്. തോമസ് അയിരൂർ ഇന്നു വന്നാൽ എന്ന ഭാഗം എല്ലാം ഉദാഹരണമാണ്. തൊലിപ്പുറത്തിൻെറ തിളക്കം കാണിക്കുന്ന പൈങ്കിളിസാഹിത്യത്തേക്കാൾ

www.malankaralibrary.com



ധൈഷണികതലത്തിലേക്കിറങ്ങുന്ന ഭാഷയും പ്രതിപാദനവുമാണ് ലേഖകനിഷ്ടമെന്നു വ്യക്തമാണ്.

ഇത്തരമൊരു രചനയ്ക്കു മറ്റാരും ഒരുങ്ങിയിട്ടില്ല. ഒരുങ്ങുന്നവർക്കു നേരിടുന്ന ബുദ്ധിമുട്ടു വളരെയാണ്. സത്യസന്ധമായ രേഖകൾ ലഭിക്കുക പ്രയാസം. ഡയറി സൂക്ഷിക്കുന്ന പതിവു ഇന്നും പലർക്കുമില്ല. നനഞ്ഞിറങ്ങുന്ന ചരിത്രാന്വേഷകർക്കു മാത്രമേ കുറെയെങ്കിലും ഫലം ലഭിക്കൂ. ഇക്കഴിഞ്ഞ എഴുപതു വർഷത്തെ സ്ഥിരതപസ്യയാണ് ബ. കിളിച്ചിമലയച്ചനെ ഈ വഴിയിലേക്കുതിരിച്ചത്. ഇതിനു വേണ്ടി അദ്ദേഹം തേടിവെച്ചിട്ടുള്ള രേഖകൾ വളരെയാണ്; സംഭരിച്ചിട്ടുള്ള പുസ്തകങ്ങളും ലഘുലേഖകളും ഏറെയാണ്; എഴുതിയിട്ടുള്ള കത്തുകൾ അനവധിയാണ്; നടത്തിയിട്ടുള്ള സംഭാഷണങ്ങൾ എണ്ണമറ്റവയാണ്. നിശ്ശബ്ദമായിട്ടത്രേ ഇവ ചെയ്തിട്ടുള്ളതെന്നുള്ളത് അതിന്റെ മഹാത്മ്യം കൂട്ടുകയാണ്. ഇന്നാർക്കും ഇക്കാര്യങ്ങൾ ഇത്രകൃത്യമായി പറയുവാൻ കഴിയുമോ എന്നു സംശയമാണ്. ഇക്കൃതി ഇന്നുണ്ടാകുന്നില്ലെങ്കിൽ ഇത്ര സത്യസന്ധമായി മേലിലുണ്ടാകുന്നതും ബുദ്ധിമുട്ടാണ്; ഈ മഹനീയകൃത്യത്തിനു തുടക്കമിട്ടതിൽ ഗ്രന്ഥകാരൻ തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. കാലം ചെല്ലുന്തോറും ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം കൂടിക്കൊണ്ടിരിക്കുമെന്നതിനു തർക്കമില്ല.

ഉറക്കംതൂങ്ങൽ കെടുത്താൻ സഹായകമാകുമെന്നു മാത്രമല്ല, ഉന്മേഷമുളവാക്കാനും ഈ ചിത്രശാല പ്രയോജനപ്രദമാകും. വളരുന്നതലമുറയേയും ഭാവിതലമുറയേയും ഇതു പ്രബുദ്ധമാക്കും. ഈ പുണ്യതീർത്ഥം സംരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വത്തിൽ നിന്നു സമൂഹത്തിനു മാറി നിൽക്കാവതല്ല. സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതുപോലെ തന്നെയുള്ള പ്രാധാന്യമാണ് ആശയപ്രചാരണത്തിനുള്ളത്. ശില്പങ്ങൾ സംരക്ഷിക്കാനുള്ള നമ്മുടെ വ്യഗ്രത അടിസ്ഥാനശില്പികളെ ഓർക്കുന്നതിനും ആവശ്യമാണ്. ആവേശപൂർവ്വം ഓടിനടന്ന മാർ ഈവാനിയോസിനെപ്പോലെയുള്ള നമ്മുടെ പൂർവ്വപിതാക്കന്മാരുടെ തീക്ഷ്ണതയും ആത്മധൈര്യവും നമുക്കു ഇന്നും പ്രചോദനഹേതുവാകണം. നമ്മുടെ മതപഠനവേദികളും സംഘടനകളും യുവജനപ്രസ്ഥാനവും പ്രാർത്ഥനായോഗങ്ങളും മുന്നോട്ടുവരട്ടെ. ഈ ഗ്രന്ഥം വായിക്കയും വായിപ്പിക്കയും ചെയ്യട്ടെ. പരിശീലനകേന്ദ്രങ്ങൾ ഇതു പാഠ്യഗ്രന്ഥമാക്കട്ടെ!

"ഓർമ്മയുടെ ചിത്രശാല" ഒന്നാം പുസ്തകമേ ആയിട്ടുള്ളു. കുറെ പുസ്തകങ്ങൾ കൂടി ഉണ്ടാകണം. എങ്കിലേ പരമ്പര പൂർത്തിയാകൂ. അതിവേഗം അവ മുഴുമിപ്പിക്കുന്നതിന് ബ. വറുഗീസ് കിളിച്ചിമലയച്ചനു ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു. ചിത്രശാലയ്ക്കും വായനക്കാർക്കും എല്ലാഭാവുകങ്ങളും നേരുന്നു.

എന്ന്

അതിമെത്രാസനമന്ദിരം — **മോസ്റ്റ് റവ. ഡോക്ടർ**

തിരുവനന്തപുരം — **സിറിൽ മാർ ബസേലിയോസ്**

25-12-1995 — മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ

www.malankaralibrary.com

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ് vi

പ്രസ്താവന vii

അവതാരിക xii

1. മാർ ഈവാനിയോസിൻെറ സന്ന്യാസാഭിമുഖ്യവും മലങ്കരയുടെ പ്രതികരണവും.................. 17

2. ആർച്ചു ബിഷപ്പ് മാർ സേവേറിയോസും മോൺ. വടശ്ശേരിയും.................. 26

3. ബനഡിക്ട് മാർ ഗ്രീഗോറിയോസും കാതോലിക്കാ സിംഹാസനവും.................. 34

4. എക്യുമെനിസത്തിൻെറ വിശാലവൃത്തവും മാർ ഗ്രീഗോറിയോസും.................. 41

5. ചേപ്പാട്ടു പീലിപ്പോസു റമ്പാൻ.................. 47

6. ബാരിസ്റ്റർ ജോർജു ജോസഫ്.................. 58

7. ആലുവാ യു. സി. കോളജു പ്രൊഫസർ ഫാ. റ്റി. വി. ജോൺ.................. 65

8. പുഷ്പപുരം ശ്രീ. സി. ഫിലിപ്പ്.................. 76

9. മുണ്ടപ്ലാക്കൽ യാക്കോബു കത്തനാർ.................. 86

10. സരസകവിയുടെ പള്ളിപ്പാട്ട്.................. 95

11. പുലിക്കോട്ടിലച്ചൻ, കുടിയേറ്റക്കാരുടെ വഴികാട്ടി.................. 106

12. മാരേട്ടു കുഞ്ഞേനാച്ചൻ.................. 114

13. കരവട്ടു സൈമൺ കോർ എപ്പിസ്ക്കോപ്പാ.................. 122

14. മദർ ഹുബാ.................. 133

15. ശ്രീ. എസ്. തോമസ് അയിരൂർ.................. 143

www.malankaralibrary.com


1. അദ്ദേഹം പ്രാർത്ഥിച്ചു.

"മിശിഹാകർത്താവേ, ലോകത്തെ പരിത്യജിച്ചു അവിടുത്തെ അനുഗമിക്കുവാൻ ഒരുമ്പെടുന്നവരെ അനുകമ്പയോടുകൂടി കടാക്ഷിക്കേണമേ! ജീവിതരണത്തിൽ അഭിമുഖീകരിക്കുന്ന ക്ലേശങ്ങളിൽ നിന്നു അവരെ മോചിപ്പിക്കുവാൻ തിരുമനസ്സുണ്ടാകേണമേ! സന്ന്യാസത്വത്തിലേക്കായി അവിടുന്നു പ്രേമപൂർവ്വം തിരഞ്ഞെടുത്തവരെ സകലവിധമായ അന്ധതകളിൽ നിന്നും തടസ്സങ്ങളിൽ നിന്നും സ്വതന്ത്രരാക്കണമേ! സംഭാഷണത്താലും സംസർഗ്ഗത്താലും അവിടുത്തെ സ്നേഹമാകുന്ന പരിമളത്തെ ലോകമെങ്ങും വ്യാപിപ്പിക്കുന്നതിനായി അവരെ നിയോഗിക്കേണമേ! ത്യാഗത്തെ വസ്ത്രമായും ദാരിദ്ര്യത്തെ ശിരോലങ്കാരമായും സ്വീകരിക്കത്തക്ക സൽബുദ്ധി അവരിൽ ഉറപ്പിക്കേണമേ! അവരുടെ ഹൃദയങ്ങളിൽ അവിടുത്തെ പ്രതിച്ഛായ പ്രതിഫലിപ്പിക്കുമാറാകണമേ!"(ഗിരിദീപം, ബഥനിപ്രസിദ്ധീകരണം P. 63)

2. വിചാരധാര

സെറാമ്പൂർ വാസകാലത്താണ് ഈവിചാരധാര അദ്ദേഹത്തിൽ മുളച്ചു വളർന്നത്.

**1) അഭ്യുദയത്തിനു വേണ്ടകാര്യം.**

"ദൈവസേവനത്തെ ജീവിതപ്രമാണമാക്കിയവരായി, ദൈവഭക്തിയിൽ പരിപോഷിക്കപ്പെടുന്നവരായുള്ളവരെ തിരഞ്ഞെടുത്തു രൂപീകരിക്കപ്പെടുന്ന ഒരുസ്ഥാപനം കൊണ്ടു മാത്രമേ സുറിയാനി സമുദായത്തിനു യഥാർത്ഥമായ അഭ്യുദയവും സുവിശേഷപ്രചാരണ വേലയ്ക്കു വാസ്തവമായ ഫലപ്രാപ്തിയും ഉണ്ടാവുകയുള്ളു" (Ibid p.59)

**2) എന്തും ത്യജിക്കുന്നവരുടെ സമൂഹം**

"ദൈവഹിതം എന്തുതന്നെയായിരുന്നാലും അതിനായി സ്വരാജ്യത്തേയോ സ്വജനങ്ങളേയോ ഉപേക്ഷിക്കേണ്ടിവന്നാൽപോലും അവയ്ക്കൊക്കെ സന്നദ്ധനായി, സുവിശേഷപ്രചാരണാർത്ഥം വരാവുന്ന ക്ലേശങ്ങളെല്ലാം അവഗണിച്ചു ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു ജീവിപ്പാൻ നമ്മെയും ശിഷ്യന്മാരെയും പ്രാപ്തരാക്കണമേ എന്നായിരുന്നു നാം അപേക്ഷിച്ചുവന്നത്" (Ibid p.60)

**3) ലോകത്തിനു മരിക്കയും സ്വയം പരിത്യജിക്കയും.**

"ത്യാഗം കൊണ്ടല്ലാതെ അനന്യസാധാരണമായ ദൈവസാമീപ്യം ലഭിക്കാവതല്ല... ഗോഗുൽത്താമലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിൻെറ അച്ഛസ്പടികമായ മാതൃക അവൻെറ ഉള്ളിൽ പ്രതിഫലിക്കപ്പെടണം. സ്വകുടുംബത്തെയെന്നല്ല, സ്വരാജ്യത്തെയെന്നല്ല ലോകത്തെത്തന്നെ അവൻ ഉപേക്ഷിക്കണം... ലോകത്തിനു മരിക്കയെന്നുള്ളതും സ്വയപരിത്യാഗമെന്നുള്ളതും ഒന്നു തന്നെയാണ്... 'സകലതും ഉപേക്ഷിച്ചു കൊണ്ടു ഞങ്ങൾ നിൻെറ പിന്നാലെ വന്നിരിക്കുന്നു' എന്നു പറയാൻ തക്കവണ്ണം മന:ശക്തിയും ദൈവാനുഗ്രഹവും ലഭിച്ച അവരത്രേ ദൈവത്തെ സമ്പാദിച്ചവർ.--- അവരാലത്രേ ലോകത്തിനു

www.malankaralibrary.com



യേശുമിശിഹായെ അറിയാൻ കഴിഞ്ഞിട്ടുള്ളത്". (Ibid p.62)

4) സന്ന്യാസിയുടെ പരമാനന്ദം

"പരിത്യാഗത്തെ അതിന്റെ അക്ഷരപ്രകാരം ആഭ്യന്തരമായും ബാഹ്യമായും നിവർത്തിക്കുവാൻ അയാൾക്കുമാത്രമേ കഴിവുണ്ടാകയുള്ളു. ഒരു സന്ന്യാസിക്കു ധനം, ബഹുമതി, പൊതുജനസമ്മതം എന്നീ പദങ്ങൾ അപമാനം, ദാരിദ്ര്യം, ദുഷ്കീർത്തി എന്നിവയുടെ പര്യായങ്ങൾ മാത്രമത്രേ. ലോകദൃഷ്ടിയിൽ ബുദ്ധിഹീനനും ഭ്രാന്തനുമായിത്തീരുമ്പോൾ ഒരു സന്ന്യാസി പരമാനന്ദം അനുഭവിക്കുന്നു." (Ibid p.62)

5) അരക്കിട്ടുറപ്പിച്ച തീരുമാനം

"സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സന്ന്യാസികളടങ്ങിയ ഒരു സമൂഹംതന്നെയാണു വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും അതിനാൽ അതാണു ജീവിതാദർശമായിരിക്കേണ്ടതെന്നും അതിനായിട്ടുവേണം ശിഷ്ടായുസ്സിനെ വിനിയോഗിപ്പാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ടു നിശ്ചയിച്ചു". (Ibid p. 62)

6) അനർഘനിധിയുടെ ലബ്ധി

"ഒട്ടധികം ദിവസങ്ങളിലെയും മാസങ്ങളിലെയും പര്യവേക്ഷണങ്ങളുടെയും പര്യാലോചനകളുടെയും പ്രാർത്ഥന, വി. കുർബ്ബാന എന്നിവയുടെ ഫലമായി ദൈവത്തിൽ നിന്നു ലഭിക്കപ്പെട്ട പ്രസ്തുതആദർശത്തെ ഒരു അമൂല്യനിധിയെന്നവണ്ണം വിലമതിക്കയും അതിനെ വ്യാപാരം ചെയ്യാനുള്ള പരിജ്ഞാനത്തെ തേടുവാൻ ഉദ്യമിക്കയും ചെയ്തു." (Ibid p. 62)

3. ലക്ഷ്യാധിഷ്ഠിതപ്രവർത്തനം

1) ആശയരൂപീകരണം

ആശ്രമസ്ഥാപനപ്രതിഷ്ഠയ്ക്കു പരിചയം വേണം; പരിജ്ഞാനം സമ്പാദിക്കണം. അതിനു വേണ്ടിയായി തുടർന്നുള്ളശ്രമം. ഉത്തരേന്ത്യയിൽ കത്തോലിക്കരുടെയും ഹൈച്ചർച്ചുകാരുടെയും ആശ്രമങ്ങൾ പലതുണ്ട്. അവസന്ദർശിച്ചു, അദ്ധ്യക്ഷന്മാരുമായി ആലോചിച്ചു. സന്ന്യാസജീവിതത്തേയും സന്ന്യാസാശ്രമനിബന്ധനകളേയും പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വരുത്തിവായിച്ചു. (Ibid p.67)

2) മാർ ദീവന്യാസ്യോസിന്റെ അനുവാദം

"ഇതിലേക്കു വലിയ തിരുമേനിയുടെ അനുവാദവും ആശീർവാദവും അപരിഹാര്യമാണെന്നു നമുക്കുതോന്നിയതിനാൽ ലഘുതരങ്ങളായ ചില സന്ന്യാസപരിശീലനചര്യകൾ തിരുമനസ്സിലേക്കു നാം എഴുതിഅയയ്ക്കുകയും അവ അനുഷ്ഠിപ്പാൻ അനുവാദം അപേക്ഷിക്കയും ചെയ്തു. തിരുമനസ്സുകൊണ്ടു അനുഗ്രഹപൂർവ്വം നമ്മുടെ അപേക്ഷയെ അനുവദിക്കുകയും ചെയ്തു." (Ibid)

3) ബഥനി നാമധേയം

"പറ്റിയപേരു സന്ന്യാസപ്രസ്ഥാനത്തിനു വേണമെന്നായി. സ്മര്യപുരുഷൻ പറയുന്നു: "ഒരു ദിവസം ഇതിനെക്കുറിച്ചു ചിന്തിച്ചു കൊണ്ടിരിക്കവേ വേദപു

www.malankaralibrary.com



സ്തകനിഘണ്ടു എടുത്തുനോക്കേണ്ടതായിവന്നുകൂടി. അപ്പോൾ നമ്മുടെ ദൃഷ്ടിയിൽപെട്ടത് "ബഥനി" എന്ന പദമായിരുന്നു--- ബഥനി എന്നതു നമ്മുടെ ആശ്രമത്തിനു അനുയോജ്യമായതും അർത്ഥവത്തായതുമായ നാമധേയമാണെന്നു നമുക്കു ബോധ്യം വന്നു". (Ibid p. 75)

4) കുത്തഴിഞ്ഞിടത്തു കുത്തൊഴുക്കു ഏശാത്തസ്ഥിതി

മിശിഹാതമ്പുരാനെ അനുകരിക്കുന്നവനാണ് ആശ്രമസ്ഥൻ. സമുദായത്തിന്റെ വഴക്കിലോ വിപ്ലവത്തിലോ അവൻ പ്രവേശിച്ചിട്ടുകാര്യമില്ല. സമുദായത്തിന്റെ ഏതൽക്കാലനിലയിൽ സാരവത്തായ പലതും അവ്യക്തവും പരാധീനവുമായി കിടക്കുന്ന അവസ്ഥയിൽ ബഥനിസ്ഥാപനം സ്വതന്ത്രമായി രൂപപ്പെടുത്തി. "ദൈവത്തിന്റെ മഹത്വത്തിനും പരോപകാരാർത്ഥങ്ങളായ സുകൃതങ്ങൾക്കും സർവ്വോപരി സുവിശേഷപ്രചാരണത്തിനും വേണ്ടി യത്നിക്കുക അവശ്യം ആവശ്യമാകയാലും ആവിധത്തിൽ പരിശ്രമിക്കുകതന്നെയാണ് വേണ്ടതെന്നു നാം തീരുമാനിച്ചു". (Ibid p.176, 7)

## ബഥനി പ്രശംസിക്കപ്പെടുന്നു.

മുണ്ടൻമലയിലെ ബഥനി ഉയർത്തിയ ആകർഷകത്വം ശ്രീ കെ.സി. മാമ്മൻ മാപ്പിള വെളിപ്പെടുത്തുന്നു: "ക്രൈസ്തവലോകത്തിന്റെയെന്നല്ല, ഇതരമതവിഭാഗങ്ങളുടെയും സവിശേഷമായ ശ്രദ്ധയേയും ആദരവിനേയും ആകർഷിച്ച ബഥനിപ്രസ്ഥാനം ഒരു സാമൂഹികകോളിളക്കം തന്നെ ഉണ്ടാക്കിയതാണ്.---- എം.എ. അച്ചൻ കാവിവസ്ത്രവും മൺചട്ടിയുമായി മഹാകവി ടാഗോറിന്റെ വിശ്വഭാരതിയേയും മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തേയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നിൽ ആസ്ഥാനമുറപ്പിച്ചപ്പോൾ, സമുദായ ഭക്തന്മാർക്കു അതൊരുതീർത്ഥാടനകേന്ദ്രമായിത്തീർന്നു. എന്തുവന്നാലും മടിശ്ശീലകൾ അഴിക്കാത്ത ഭൂതം കാക്കുന്ന നിധിപോലെ ദ്രവ്യം സൂക്ഷിക്കുന്ന പ്രസിദ്ധപിശുക്കന്മാർപോലും ആബോ ഗീവറുഗീസിന്റെ ജീവിതരീതിയിലും വാഗ്വൈഭവത്തിലും അകപ്പെട്ടു പണം വാരിക്കോരി സംഭാവനചെയ്തിരുന്നു." (മലയാള മനോരമ, 1953 ജൂലൈ 17)

## മലങ്കരറീത്തു അംഗീകരിപ്പിക്കുമ്പോഴും സന്ന്യസ്തതയ്ക്കു മുൻതൂക്കം

പൗരസ്ത്യസഭകളിൽ വൈദികർക്കു വിവാഹജീവിതം അനുവദിക്കുന്നുണ്ട്. വിവാഹിതപുരോഹിതന്മാരാണ് മലങ്കരയിലുണ്ടായിരുന്നത്. മാർ ഈവാനിയോസ് ആഗ്രഹിച്ചിരുന്നെങ്കിൽ പട്ടക്കാർക്കു വിവാഹജീവിതം അനുവദനീയമാക്കുന്ന മലങ്കരറീത്തു ലഭ്യമാകുമായിരുന്നു, പലരും അതിനു കൂടുതൽ താല്പര്യം കാണിക്കുമായിരുന്നു. എന്നാൽ, മാർ ഈവാനിയോസിന്റെ സന്ന്യാസപ്രതിബദ്ധതയാണ് വൈദിക ബ്രഹ്മചര്യം ഈ റീത്തിൽ നിർബ്ബന്ധിതമാക്കിയത്.

സന്ന്യാസികളെപ്പോലെ യാമപ്രാർത്ഥന, നോമ്പു, വർജ്ജന, ഉപവാസം എന്നിവയുടെ അനുഷ്ഠാനം, പ്രായശ്ചിത്താരൂപിയോടെ കുമ്പിടൽ, മെത്രാൻ ധരി

 www.malankaralibrary.com 

ക്കുന്ന മസനപ്സാ (ശിരോവസ്ത്രം), ഞായറാഴ്ചകളിലും പെരുന്നാളുകളിലും കൂട്ടംചേർന്നുള്ള കാനൊനിക പ്രാർത്ഥന - എല്ലാം സന്ന്യാസബന്ധിതമായ ആധ്യാത്മികതയാണ് സൂചിപ്പിക്കുന്നത്. സന്ന്യാസവും വൈദികബ്രഹ്മചര്യവും ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടണമെന്നുള്ള ആ സഭാസ്നേഹിയുടെ തീരുമാനത്തിനു നിദാനമിതാണ്.

## അടുത്തറിഞ്ഞവരും അല്ലാത്തവരും

മാർ ഈവാനിയോസിൻെറ സന്ന്യാസാഭിമുഖ്യം അടുത്തറിഞ്ഞവരുണ്ട്. ആ സന്ന്യാസപ്രകാശം മലങ്കരയ്ക്ക് നഷ്ടമായതിൽ അവർ വേദനിച്ചു. അങ്ങനെ വിങ്ങിപ്പൊട്ടിയവരിൽ ഒരുവനാണ് സമുദായഭക്തനായ റിട്ട. ജഡ്ജി ശ്രീ. എ. ഫിലിപ്പോസ്. ബഥനി ജനയിതാവിൻെറ സന്ന്യാസതീവ്രത മനസ്സിലാക്കാത്തവരുമുണ്ട്. അവർ അദ്ദേഹത്തെ ഭർത്സിച്ചു.

1) അസ്തംഗത പ്രബുദ്ധത

ബഥനിസമൂഹത്തിൻെറ വേർപിരിയൽ മലങ്കരയിൽ ഉളവാക്കിയ മാന്ദ്യം ഏറെയാണ്. ശ്രീ പിലിപ്പോസ് ജഡ്ജി വട്ടശ്ശേരിത്തിരുമേനിക്കു എഴുതിയ കത്തിൽ വിലപിക്കുന്നു: "ഈ സഭയിൽ ചൈതന്യത്തിൻെറ ഒരു വലിയ ദീപം അദ്ദേഹം (മാർ ഈവാനിയോസ്) പോയതോടുകൂടി കെട്ടിരിക്കുന്നു. വി. കുദാശകൾ വഴി ദൈവത്തിൻെറ കൃപയെ ആസ്വദിക്കുന്നതിനു അദ്ദേഹം ഈ സഭയിൽ പലരേയും വഴികാണിച്ചിട്ടുണ്ട്. അങ്ങനെ അദ്ദേഹത്തിനു വഴികാണിക്കാൻ സാധിച്ചതു പല സ്ഥലങ്ങളിലും ബഥനിപ്പള്ളികളെ സ്ഥാപിച്ചു സന്ന്യാസിപ്പട്ടക്കാരെ കർമ്മാനുഷ്ഠാനങ്ങൾക്കു നിയമിച്ചു, ഭക്തിയോടും ക്രമമായും വി. കുദാശകൾ നടത്തിക്കൊടുക്കുന്നതിന് മാർഗ്ഗമുണ്ടാക്കിയതു കൊണ്ടാകുന്നു. ആ മാർഗ്ഗം തിരുമേനി അടച്ചുകളഞ്ഞതു അദ്ദേഹത്തിനു തന്നെത്താൻ ചിന്തിക്കുന്നതിനും കാതൊലികഐക്യത്തിലല്ലാതെ ഈ സഭയ്ക്കു നന്മയുണ്ടാകാൻ കഴിയില്ലെന്നുള്ള ബോധത്തെ വെളിവായി അദ്ദേഹത്തിനു കാണിക്കുന്നതിനും സഹായിച്ചിട്ടുണ്ട്." (എ. പിലിപ്പോസ്, കാതൊലികപുനരൈക്യചിന്തകൾ p 149)

2) ദീപയഷ്ടി കെട്ടു

സന്ന്യാസി പ്രസ്ഥാനം കിളർത്തിയ ദീപയഷ്ടികെട്ടു പോയെന്നു ആ ചിന്തകൻ തുടർന്നു എഴുതുന്നു: "വി. കൂദാശകൾ ദൈവത്തിൻെറ കൃപാമാർഗ്ഗങ്ങളാണെന്നു തെളിച്ചുകാണിക്കുന്ന ദീപയഷ്ടി അദ്ദേഹത്തിൻെറ (മാർ ഈവാനിയോസിൻെറ) വേർപാടോടുകൂടി അണഞ്ഞിരിക്കുന്നതിനെ ഇനിയും ആരുതന്നെ ഈ സഭയിൽ കത്തിച്ചാലും അതു കാതൊലിക ഐക്യത്തിലേക്കു വഴിനടത്തുകയേയുള്ളു". (Ibid p149)

3) സ്വയം മറന്നു ദൈവമഹത്വപ്രവർത്തനം

അനുഭവൈകവേദ്യതയുടെ പാഠം വട്ടശ്ശേരിത്തിരുമേനിയുമായി പങ്കുവെക്കാൻ ശ്രീ പിലിപ്പോസ് മടിക്കുന്നില്ല: "അടിയൻ ഏകദേശം ഒരുമുപ്പതു വർഷക്കാലം അദ്ദേഹത്തെ (ബഥനിത്തിരുമേനിയെ) പലവിധത്തിൽ അടുത്തറിയും. അതുകൊണ്ടു അടിയനുതന്നെ അദ്ദേഹത്തെക്കുറിച്ചു സ്വന്തമായൊരഭിപ്രായം ഉണ്ടാ

www.malankaralibrary.com


കാൻ മാർഗ്ഗമുണ്ടായിട്ടുണ്ട്... നന്മയ്ക്കും ദൈവമഹത്വത്തിനുമായി തന്നെത്താൻ മറന്നു പ്രവർത്തിക്കാനും ദൈവത്തിൻെറ തൃക്കൈകളിൽ ഉപയോഗിക്കപ്പെടാൻ തന്നെത്തന്നെ പരിപൂർണ്ണമായി വിട്ടുകൊടുപ്പാനും ഉള്ള സന്നദ്ധത അദ്ദേഹത്തിൻെറ പ്രധാനലക്ഷണമാണ്." (Ibid p.147)

4) ഗുരുസ്നേഹവും ദൈവസ്നേഹവും - ആന്തരികസംഘർഷം

മാർ ഈവാനിയോസിൻെറ മേൽ വഞ്ചനക്കുറ്റം വട്ടശ്ശേരിത്തിരുമേനി ഉയർത്തിയിട്ടുണ്ട്. ശിഷ്യൻെറ സന്ന്യസ്തഹൃദയം ധരിക്കാതെയുള്ള ഗുരുവിൻെറ നിശിതവിധി! അതിൻെറ അർത്ഥമില്ലായ്മയും ക്രൂരതയും ശ്രീ പിലിപ്പോസ് ജഡ്ജി വെളിപ്പെടുത്തുന്നു. "തിരുമേനിയെ (വട്ടശ്ശേരിത്തിരുമേനിയെ) പലർ സ്നേഹിച്ചിട്ടുണ്ട്. ഇത്ര നിഷ്കളങ്കമായി തിരുമേനിയെ സ്നേഹിച്ച ഒരാളിനെ അടിയൻ കണ്ടിട്ടില്ല. എന്നാൽ ദൈവത്തെ ഉപേക്ഷിച്ചിട്ടു അദ്ദേഹം തിരുമേനിയെ സ്നേഹിച്ചില്ല. ദൈവത്തിൻെറ വിളിയോ തിരുമേനിയുടെ വിളിയോ ഏതിനെയാണ് അനുകരിക്കേണ്ടത് എന്നുള്ള ഘട്ടം വന്നപ്പോൾ ദൈവത്തിൻെറ വിളിയെയാണ് അനുകരിക്കേണ്ടതു എന്നു അദ്ദേഹം തീർച്ചപ്പെടുത്തിയതു വഞ്ചനയാണെങ്കിൽ ആ പേരിനു അദ്ദേഹം അർഹനാണ്. ഇത്ര കഠിനമായ ഒരുപദം തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ സംബന്ധിച്ചു ഉപയോഗിക്കാൻ നിർബ്ബന്ധിക്കപ്പെട്ടു പോയതിൽ അടിയനു വളരെ ഖേദമുണ്ട്." (Ibid p.147, 148)

5) ലൗകിക മോഹമോ ആത്മീയ ദാഹമോ?

സന്ന്യാസാരൂപി മനസ്സിലാക്കാതെ മാർ ഈവാനിയോസിൻെറ മേൽ തൊടുത്തുവിട്ട ആരോപണങ്ങൾ വേറെയുമുണ്ട്. "സ്വയം മതിപ്പും" "ലൗകികമോഹ"വുമാണ് രണ്ടെണ്ണം. ഇതും മാർ ദീവന്യാസ്യോസിൻെറ കല്പനയിലുണ്ട്. ഇതിനെക്കുറിച്ചു ശ്രീ പിലിപ്പോസ് എഴുതുന്നു: "ഇതു വെറും മിഥ്യാബോധമാണ്." തന്നെത്താനുള്ളമതിപ്പ് ഇക്കാര്യത്തിൽ അദ്ദേഹത്തെ അശേഷം പ്രേരിപ്പിച്ചിട്ടില്ല. "കാതൊലികസഭയിലുള്ള മതിപ്പ്" എന്ന പദം തിരുമനസ്സുകൊണ്ടു ഉപയോഗിച്ചിരുന്നെങ്കിൽ ശരിയായിരുന്നേനേ. "ലൗകികമായ ആശയും" ഈ സംഗതിയിൽ അദ്ദേഹത്തെ അശേഷം പ്രേരിപ്പിച്ചിട്ടില്ല. ആത്മീയ ബോധത്തിൻെറ പരിപൂർണ്ണത എന്ന പദം അതിനു പകരം തിരുമേനി ഉപയോഗിച്ചിരുന്നെങ്കിൽ അതു ശരിയായിരുന്നേനേ." (Ibid p.149, 150)

## മാർ ഈവാനിയോസ് മലങ്കര സഭയ്ക്കു ചെയ്ത സേവനങ്ങൾ

കാതോലിക്കാ സിംഹാസനസ്ഥാപനം, മലങ്കര റീത്തു, സന്ന്യാസിപ്രസ്ഥാനം- എന്നീ മൂന്നാണ് മലങ്കരസഭയ്ക്കു മാർ ഈവാനിയോസു ചെയ്ത മഹത്തായ സേവനങ്ങൾ. ഇവയിൽ പരമപ്രധാനം സന്ന്യാസി പ്രസ്ഥാനം തന്നെ. ഓരോന്നിനോടും മലങ്കരസഭ പ്രതികരിച്ചവിധം അറിയേണ്ടതാണ്.

1. കാതോലിക്കാ, സിംഹാസനത്തെ ഇരുകൈകളും നീട്ടി സ്വീകരിച്ചു;

2. മലങ്കരറീത്തിനെ പ്രത്യക്ഷമായി നിരാകരിച്ചു, പരോക്ഷമായി അതിൻെറ മധുരഫലം ആസ്വദിച്ചു;

 www.malankaralibrary.com 

(പരോക്ഷമായി മലങ്കരറീത്തിൻെറ മധുരഫലം ആസ്വദിച്ചു എന്നു പറയുന്നതു എങ്ങനെയാണ്?

പാത്രിയർക്കീസ് കാതോലിക്കായുടെ പട്ടം നിഷേധിച്ചപ്പോൾ മലങ്കര റീത്തിലൂടെ മാർപ്പാപ്പാ ആ പട്ടം അംഗീകരിച്ചതാണ് കാതോലിയ്ക്കായ്ക്കു അനുകൂലമായ കോടതിവിധി ലഭ്യമാക്കിയത്.)

3. സന്ന്യാസിപ്രസ്ഥാനത്തിൻെറ കാര്യമോ? അതിനെ വളർത്തുന്നതിനു വളക്കൂറുള്ള മണ്ണ് മലങ്കരസഭ നല്കിയില്ല. തന്മൂലമത്രേ മാർ ഈവാനിയോസിനെ പൂർണ്ണമായി ഉൾക്കൊള്ളാൻ മലങ്കരയ്ക്കുകഴിയാതെപോയത്.

## വിവാഹിതപുരോഹിതഗണവും അവർ നടത്തുന്ന സഭാസമൂഹവും പോരേ?

ബിഷപ്പു ഷിനിനോടു ബന്ധപ്പെടുത്തി ഒരു സരസഫലിതമുണ്ട്. ഒരു എപ്പിസ്കോപ്പേലിയൻ വൈദികനുമായി അദ്ദേഹം സംഭാഷണം നടത്തുകയായിരുന്നു. ആംഗ്ലിക്കൻസഭയിലെ പൗരോഹിത്യത്തിൻെറ സാധുതയെക്കുറിച്ചായിരുന്നു ചർച്ച. വിധിത്തീർപ്പു എന്ന നിലയിൽ വൈദികൻ പറഞ്ഞു നിർത്തി: "നിങ്ങൾ ചെയ്യാവുന്നതെന്തും എനിക്കും ചെയ്യുവാൻ കഴിയുമെന്നു ഷീൻ മെത്രാനേ, അങ്ങു സ്മരിക്കണം". മറുപടിക്കു താമസം നേരിട്ടില്ല. "ഇല്ല, എല്ലാം അങ്ങേക്കു സാധിക്കയില്ല. എനിക്കു അങ്ങയുടെ ഭാര്യയെ ചുംബിക്കാൻ കഴിയും. എന്നാൽ, എൻെറ ഭാര്യയെ ചുംബിക്കാൻ അങ്ങേക്കു സാധിക്കയില്ല." താൻ ബ്രഹ്മചാരിയെന്നകാര്യം ഷീൻ ഭംഗ്യന്തരേണ വ്യഞ്ജിപ്പിക്കുകയായിരുന്നു ഫലിതത്തിലൂടെ.

വൈദികവൃത്തിക്കു വിവാഹം വിലക്കപ്പെട്ടതല്ല. ജീവിതഭദ്രത കുറേക്കൂടി ഒരു പക്ഷേ വിവാഹിതനുകാണും. പറയത്തക്ക വെല്ലുവിളിയുമവിടെയില്ല. എന്നാൽ, പള്ളിയുടെ വളർച്ചയ്ക്കു ഏറെ പ്രയോജനം സഭാര്യനായ പുരോഹിതനല്ല, വിഭാര്യനായ പുരോഹിതനത്രേ. വൈദിക ബ്രഹ്മചര്യത്തിൻെറ പ്രയോജനം മലങ്കരയ്ക്കു ലഭിക്കണമെന്നത്രേ മാർ ഈവാനിയോസ് ആഗ്രഹിച്ചത്. അദ്ദേഹം പറയുന്നു: "വിവാഹിതർക്കു ഊർജ്ജിതമായി സുവിശേഷപ്രചാരണം നടത്തുവാൻ സാധിക്കുന്നതല്ല.--- വിളവിൻെറ തോതനുസരിച്ചു കൊയ്യുവാൻ കഴിയാത്തവരായി, സ്വതന്ത്രന്മാരായ കുറേപ്പേരെ ഉണ്ടാക്കുന്നതുകൊണ്ടു കാര്യമായ ഫലം ലഭിക്കുമോ എന്നു സംശയിക്കേണ്ടതത്രേ." (ഗിരിദീപം p.159)

## ബ്രഹ്മചാരിവൈദികരുടെ സേവനം ലഭ്യമാകാത്ത പള്ളികളുടെ തളർച്ച

1) ആത്മീയമേലന്വേഷണത്തിൻെറ അഭാവം

ഞായറാഴ്ചക്കുർബ്ബാനയ്ക്കു പള്ളിയിലെത്തുക, കർമ്മം തികച്ചാൽ വീട്ടിൽ പോകുക - ഈ ക്രമം തുടരുന്ന വൈദികരുള്ളിടത്തു ഇടവകാംഗങ്ങളുടെ ആത്മീയമേലന്വേഷണം നഷ്ടമാകും. ഇതിൻെറ തിക്തഫലത്തെക്കുറിച്ചു ശ്രീ. പീലിപ്പോസ് ജഡ്ജി മലങ്കരസഭാഭാസുരന് എഴുതി: "ആണ്ടുകുമ്പസാരവും കുർബ്ബാനയുമെങ്കിലും കഴിക്കാത്തവർ ഉണ്ടോ എന്നു അന്വേഷിച്ചു അവരെ വികാരിമാരോ പിതാക്കന്മാരോ ഗുണദോഷിക്കുന്നുണ്ടോ? വാത്സല്യമുള്ള ഒരു പിതാവു

കുഞ്ഞുങ്ങളെ എങ്ങനെ ശിക്ഷിക്കാതിരിക്കും? ശിക്ഷിക്കാതിരിക്കുന്നതു എങ്ങനെയെങ്കിലും ആയിക്കൊള്ളട്ടെ എന്നുള്ള ബോധത്തിൽ നിന്നും ആകുന്നു. ആത്മീയകാര്യങ്ങളിൽ വേണ്ടപോലെ മേലന്വേഷണം ഇല്ലാത്തതുകൊണ്ട് നമ്മുടെ കുഞ്ഞുങ്ങൾ വരുവാനിരിക്കുന്ന നമ്മുടെ തലമുറ ഭയങ്കരമായ അവിശ്വാസത്തിലും അഭക്തിയിലും വളർന്നു വരുന്നു". (കതോലിക പുനരൈക്യ ചിന്തകൾ p.150, 151)

2. ഉറക്കംതൂങ്ങിപ്പള്ളി

മുഖവാരവും മണിഗോപുരവും പെരുന്നാളും കർമ്മാനുഷ്ഠാനവും ആവശ്യം തന്നെ. എന്നാൽ, ഒരേസമയം ബലിയർപ്പകനും ബലിവസ്തുവുമായിത്തീരുന്ന ഒരു പുരോഹിതനു പകരംവെക്കാൻ പള്ളിയിൽ വേറൊന്നുമില്ല. അത്തരം പട്ടക്കാർ ആത്മീയസേവനം നടത്താൻ പള്ളിയിൽ സർവ്വദാ ഉണ്ടായിരിക്കണം, അവർ പള്ളിയിൽ താമസിക്കണം. അല്ലാഞ്ഞാലുള്ള ദോഷം ചെറുതല്ല. ഇക്കാര്യം ശ്രീ. എ. പിലിപ്പോസിനെ ചിന്താകുലനാക്കുന്നു: "പട്ടക്കാർ തിരുസഭയുടെ പട്ടാളക്കാരാകുന്നു. സഭയുടെ നന്മയെന്നുള്ളതല്ലാതെ വേറെ യാതൊരു ലൗകികമോഹങ്ങളും അവർക്കുണ്ടായിക്കൂടാത്തതാകുന്നു... അവർ പള്ളിയിൽ താമസിച്ചു ദിവസവും വി. കുർബ്ബാന അർപ്പിക്കുന്നവരായിരിക്കണം. വിവാഹം ചെയ്തുകുടുംബജീവിതം നയിക്കാൻ അവരെ അനുവദിക്കുന്നതുകൊണ്ടു പട്ടത്വത്തിനടുത്ത ചുമതലകൾ അവരെക്കൊണ്ടു നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല. പാപബോധം വന്നിട്ടുള്ള ഒരാത്മാവു ഏതു സമയത്തെങ്കിലും കുമ്പസാരിക്കാനായി പള്ളിയിൽ ചെന്നാൽ പട്ടക്കാർ അവിടെ ഉണ്ടായിരിക്കണം. പട്ടക്കാർ പള്ളിയിൽ താമസിക്കാത്തതുകൊണ്ടു ആ ആത്മാവു കുമ്പസാരം കഴിക്കാതെ പെട്ടെന്നു മരിച്ചു പോകുന്നതിനിടയായാൽ ആ ആത്മാവിനു ഉത്തരം പറയുന്നതാരാണ്? (Ibid p.151, 152)

3. കത്തി കൂടാതെ ക്ഷൗരമോ?

ആയുധമില്ലാതെ ആയോധനം വയ്യാ. വേദപുസ്തകം, സഭാചരിത്രം, ദൈവശാസ്ത്രം, കാനൻനിയമം, സന്മാർഗ്ഗശാസ്ത്രം, മനോവിജ്ഞാനീയം തുടങ്ങിയവയെല്ലാം വൈദികൻ വശമാക്കിയിരിക്കണം. കർമ്മാനുഷ്ഠാനപരിശീലനം കൊണ്ടു മാത്രം ഇതിനു കഴിവു ലഭിക്കയില്ല. കുടുംബഭാരത്തിൻെറ ബഹുകാര്യവ്യഗ്രതയുള്ളവനു ആവശ്യാനുസരണം ഇവയെല്ലാം ആർജ്ജിക്കുവാൻ അവസരം കുറയും. ഇക്കാര്യം സഭാചിന്തകനായ പീലിപ്പോസ് ജഡ്ജി ചൂണ്ടിക്കാട്ടുന്നു: "കാതൊലിക സഭയിൽ ഒരു പട്ടക്കാരൻ എട്ടും ഒമ്പതും വർഷമൊക്കെയാണ് പഠിക്കുന്നത്. മേൽ പറഞ്ഞ എല്ലാ വിഷയങ്ങളും അവർ പഠിക്കുന്നുമുണ്ട്. മേൽപറഞ്ഞ എല്ലാ വിഷയങ്ങളും എട്ടും ഒമ്പതും കൊല്ലം വീതം പഠിപ്പിക്കുന്നതിനുവേണ്ട പുസ്തകങ്ങൾ, മല്പാന്മാർ, കെട്ടിടങ്ങൾ ഇവയെല്ലാം നമുക്കിപ്പോൾ ഇല്ലെന്നു മാത്രമല്ല ക്ഷയിച്ചും പിളർന്നും വരുന്ന നമ്മുടെ സഭയിൽ മേലിൽ ഇതെല്ലാം ശരിയാക്കാൻ സാധിക്കയുമില്ല. പിന്നീടു നടക്കുന്നതു സെറാമ്പൂർ, അമേരിക്കാ തുടങ്ങിയ സ്ഥലങ്ങളിലുള്ള പ്രോട്ടസ്റ്റന്റു ,വിദ്യാശാലകളിൽ

 www.malankaralibrary.com 

പഠിച്ചു പകുതി പ്രോട്ടസ്റ്റൻറുമതവും പകുതി കാതൊലികമതവുമായി തിരിച്ചു വരികയാണ്." (Ibid p.152)

4. സന്ന്യാസാശ്രമങ്ങളുടെ ആലക്തിക ശക്തികേന്ദ്രം

പള്ളിക്കു ശക്തി പകർന്നുകൊണ്ടു സന്ന്യാസമന്ദിരങ്ങൾ വേണം. സന്ന്യാസത്വം പുഷ്ടിപ്രാപിച്ചിടത്തേ ഇതുണ്ടാകു. ഇക്കാര്യത്തിലും കരയുന്നതിനെ വഴിയുള്ളെന്നാണ് ശ്രീ. പിലിപ്പോസിൻെറ പരിഭവം: "എന്നെപ്പോലെയായിരിക്കുന്നതു നല്ലതാകുന്നു" എന്നുള്ള പൗലുസ് ശ്ലീഹായുടെ ഉപദേശത്തെ അനുസരിച്ചു ആയുസ്സു മുഴുവൻ പ്രാർത്ഥനയിലും ധ്യാനത്തിലും കഴിച്ചുകൊണ്ട് വിവാഹം കൂടാതെ ജീവിക്കണമെന്നു ആഗ്രഹിക്കുന്ന സന്ന്യാസികൾക്കും കന്യകകൾക്കും ജീവിക്കുന്നതിനു സൗകര്യം കൊടുക്കുന്ന കൊവേന്തകളോ കന്യകാമഠങ്ങളോ നമുക്കുണ്ടോ? -- കാതൊലികസഭയിൽ ഇങ്ങനെയുള്ള എത്രയോ സ്ഥാപനങ്ങൾ പരിശുദ്ധതയിൽ വിലസിശോഭിക്കുന്നു. അങ്ങനെയുള്ള സ്ഥാപനങ്ങൾവഴി എത്ര പരിശുദ്ധന്മാരും ശുദ്ധിമതികളും ഉണ്ടായി ആ സഭയെ അലങ്കരിച്ചിട്ടുണ്ട്." (Ibid p.153, 154)

## സഭയുടെ ശക്തിഹീനതയും സന്ന്യാസത്തിൻെറ അഭാവവും- ഒരു ദൂഷിതവലയം

ബഥനിത്തിരുമേനി കന്യകാമഠസ്ഥാപനത്തിനു അനുവാദം അഭ്യർത്ഥിക്കവേ മാർ ദീവന്ന്യാസ്യോസ് കല്പിച്ച ഒരു കാര്യം ശ്രീ പിലിപ്പോസ് ഉദ്ധരിക്കുന്നുണ്ട്: "നമ്മുടെ സഭ ശക്തിയുള്ള സഭയല്ല. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ശക്തിയുള്ള സഭകളിലേ സാധിക്കയുള്ളു. നമുക്കും ഇതൊക്കെ മുമ്പുണ്ടായിരുന്നു. ദുഷിക്കപ്പെട്ടുപോയതുകൊണ്ടു പിതാക്കന്മാർ വേണ്ടെന്നുവെച്ചതാണ്". (Ibid p.154)


സന്ന്യാസസ്ഥാപനങ്ങളെ വളർത്താനുള്ള ശക്തി മലങ്കരയ്ക്കില്ലത്രേ. തന്മൂലം, മാർ ഈവാനിയോസിനെ ഉൾക്കൊള്ളാൻ കഴിയാതെപോയി. സഭയുടെ ശക്തിഹീനത സന്ന്യാസത്തിനു തടസ്സം സൃഷ്ടിക്കുകയാണോ സന്ന്യാസത്തിൻെറ അഭാവം സഭയെ ശക്തിഹീനമാക്കുകയാണോ എന്നതാണു ചിന്തനീയം. ഈ ദൂഷിതവലയത്തെ എങ്ങനെ മറികടക്കും? മാർ ഈവാനിയോസ് ഉയർത്തിയ ആദ്ധ്യാത്മികആലക്തിക കേന്ദ്രത്തിനു വേണ്ടിയുള്ള മുറവിളി മലങ്കരയിൽ ഉയരുന്നു.

❖

www.malankaralibrary.com

# 2

# ആർച്ചുബിഷപ്പ് - ബിഷപ്പ്
## മാർ സേവേറിയോസും മോൺ. തോമസ് വടശ്ശേരിയും





"മോൺ വടശ്ശേരി" എന്ന പേരിൽ ഈ ലേഖകൻ പ്രസിദ്ധീകരിച്ച ജീവചരിത്രകൃതിയുടെ അവതാരികയിൽ പ്രൊഫ. മാത്യു ഉലകംതറ എഴുതി:

"നാടുമുഴുവൻ എതിരായിളകുകയും സ്വന്തം മേലധികാരികളുടെ വിപ്രതിപത്തിക്കുപോലും പാത്രമാകയും ചെയ്തപ്പോഴും മോൺ. വടശ്ശേരി ഫലചിന്തകൂടാതെ സ്വകർമ്മനിരതനായിരുന്ന രംഗങ്ങൾ ജീവചരിത്രകാരനായ ഫാ. വറുഗീസ് കിളിച്ചിമല ചൂണ്ടിക്കാട്ടുന്നുണ്ട്. വാസ്തവത്തിൽ അത്തരം രംഗങ്ങളാണ് ഒരുവൻെറ വ്യക്തിമാഹാത്മ്യത്തിൻെറ ഉരകല്ല്. എന്തുകൊണ്ടോ താദൃശ്യമർമ്മങ്ങളിൽ ഗ്രന്ഥകാരന് അധികം വിരലുന്നാൻ കഴിയാതെ പോയിരിക്കുകയാണ്". പുസ്തകത്തിൻെറ പുതിയ പതിപ്പു പ്രസിദ്ധീകരിക്കാൻ സൗകര്യം കിട്ടിയില്ല. തന്മൂലം ചിന്തകനായ അവതാരികാകാരൻെറ നിർദ്ദേശത്തിനു വിശദീകരണം നല്കുന്നതിന് ഇതുവരെ കഴിയാതെ പോയി.

## വഴികാട്ടികളായ രണ്ടു മഹാത്മാക്കൾ

കേരളത്തിലെ ക്രൈസ്തവൈക്യസംരംഭത്തിനു മറക്കാനാവാത്ത രണ്ടു മഹാത്മാക്കളത്രേ മാർ സേവേറിയോസും മോൺ. വടശ്ശേരിയും. ബാല്യാരിഷ്ടതകൾ മാറ്റി തിരുവല്ലാ രൂപതയെ നിലനിർത്തിയത് വന്ദ്യ തിരുമേനിയുടെ പരിലാളനമാണ്. രൂപതയുടെ അന്നത്തെ കുതിപ്പിന്റെ അതിദ്രുതസ്ഥിതി വിദ്വാൻ വി.റ്റി.ഐയ്പ്പ് എന്ന സരസകവി ചിത്രീകരിച്ചിട്ടുണ്ട്:

"തിരുവല്ലായാം രൂപത തന്നുടെ
ഭരണം നമ്മുടെ സേവറിയോസാം
തിരുമനസ്സേറ്റിട്ടിരുവർഷം കൊ-
ണ്ടിരുപതുവർഷപ്പൊലിമവളർത്തി-
ത്തിരുസഭ മഹിമ വളർത്തീടുന്നു". (1)

വത്തിക്കാൻ പത്രമായ "ഒസ്സർ വത്തോരെ റൊമാനോ" അക്കാലത്തെ രൂപതാ വികസനം രേഖപ്പെടുത്തുന്നു: "-1938നവംബർ 20-ാം തീയതി മാർ സേവേറിയോസ് തിരുമേനി രൂപതാഭരണം കൈയേറ്റു. തിരുമനസ്സിലെ ഭരണഫലമായി പുനരൈക്യപ്രസ്ഥാനം അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഇക്കഴിഞ്ഞ പതിനൊന്നു സംവത്സരക്കാലത്തിനിടയിൽ ഏഴായിരം അകത്തോലിക്കരെ പുനരൈക്യപ്പെടുത്തുകയും മുപ്പത്തിയഞ്ചുപള്ളികളും കപ്പേളകളും പണികഴിപ്പിക്കയും അഞ്ചു ഹൈസ്കൂളുകളും എട്ടു മിഡിൽ സ്കൂളുകളും നിരവധി പ്രാഥമികവിദ്യാലയങ്ങളും മൂന്നു കന്യകാലയങ്ങളും ആരംഭിക്കയും ചെയ്തിട്ടുണ്ട്. രൂപതയിലെ വൈദികരുടെ സംഖ്യ മുപ്പത്തിയെട്ടു ആയിരുന്നത് 67 ആയും കന്യാസ്ത്രീകളുടെ സംഖ്യ മൂന്ന് ആയിരുന്നത് 45 ആയും വർദ്ധിച്ചിട്ടുണ്ട്. വിയോജിച്ചു നിൽക്കുന്ന സഹോദരന്മാരെ ഏക തൊഴുത്തിലേക്കാനയിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങളൊന്നും തിരുമേനി പ്രയോഗിക്കാതിരുന്നിട്ടില്ല."(2)

ആർച്ചു ബിഷപ്പ്- ബിഷപ്പ് എന്നസ്ഥാനത്തേക്കുയർത്തി തിരുസിംഹാസനം ഇദ്ദേഹത്തോടുള്ള ആദരവും പ്രകടിപ്പിച്ചു.

തൂലിക പടവാളാക്കിയ സഭാസംരക്ഷകനെന്നതാണ് മോൺ. വടശ്ശേരിയുടെ വിശേഷണം. കേരളകത്തോലിക്കാസഭ നടത്തിയ ആശയപ്പോരാട്ടത്തിന്റെ ചിത്രം ആ ജീവിതത്തിൽ കാണാം. 29-ഓളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ആ കത്തോലിക്കാ സാഹിത്യഭടൻ കേരളത്തിലെ സഭാ ശാസ്ത്രജ്ഞരിൽ അദ്വിതീയനത്രേ. പരിശുദ്ധസിംഹാസനത്തിന്റെ പ്രത്യേകബഹുമതിക്കു പാത്രമാകുവാൻ ഇക്കാര്യം വേണ്ടുവോളം മതിയായി. "പേപ്പൽ ചേംബർ ലൈൻ" എന്ന ബഹുമതിമുദ്ര അദ്ദേഹത്തിനു സമ്മാനിക്കുവാൻ പോൾ ആറാമൻ മാർപ്പാപ്പാ മടിച്ചില്ല.

പരസ്പരം ബഹുമാനിക്കുന്നതിൽ മുന്നിട്ടുനിന്നവരാണ് മാർ സേവേറിയോസും ഫാ. വടശ്ശേരിയും. പ്രഗത്ഭമതികളുടെ പരിചരണം ആവശ്യപ്പെടുന്ന

---

*(1) വിദ്വാൻ വി.റ്റി. ഐയ്പ്പ്, പുനരൈക്യപ്രസ്ഥാനപുരോഗതി*

*(2) Osservatore Romano June 15, 1950*

www.malankaralibrary.com

ഒന്നായിരുന്നു അവരുടെ പ്രവർത്തനരംഗം. തിരുമേനി രൂപതയുടെ അഡ്മിനി സ്ട്രേറ്റർ അപ്പസ്തോലിക്കാ, അച്ചൻ വികാരിജനറാൾ. വികാരി ജനറാൾ സ്ഥാനത്തേക്കു അച്ചനെ ഉയർത്തിയതു തിരുമേനിതന്നെ. 1938 നവംബർ 20-ാം തീയതി തിരുമേനി രൂപതാഭരണം കൈയേറ്റു, തുടർന്നു വടശ്ശേരിയച്ചൻ വികാരിജനറാലായി ഉയർത്തപ്പെട്ടു.

എതിർപ്പുകളെ നേരിടുകയെന്ന ദുസ്സഹത അന്നു രൂപതയ്ക്കുണ്ടായി. ഇളം ചെടിക്കുകാഞ്ഞവെള്ളം വീഴുന്ന ദുസ്ഥിതി. ഫാ. കെ.റ്റി. സക്കറിയാസിൻെറ വരവു എതിപ്പുകളുടെ എരിതീയിൽ എണ്ണ പകർന്നു. മാർ സേവേറിയോസു തിരുമേനിയും അധിക്ഷേപങ്ങൾക്കു ശരവ്യമായി. കുശാഗ്രബുദ്ധിയായ ഫാ. വടശ്ശേരിയെ ഈ അവസ്ഥ ചൊടിപ്പിച്ചു.

"ചൊല്ലിന്നു ചൊല്ലുണ്ട്, മല്ലിന്നു മല്ലുണ്ട്,
തല്ലിന്നു തല്ലുണ്ട്, കല്ലിന്നു കല്ലുണ്ട്,
വില്ലിന്നു വില്ലുണ്ട്, വാളിന്നു വാളുണ്ട്,
വല്ലാതെ വന്നു കയർക്കേണ്ടതാനെടോ".

എന്ന നിലയിൽ ആ തൂലികാമല്ലൻ രംഗത്തുവന്നു. "കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും" എന്ന ബൃഹൽ ഗ്രന്ഥത്തിലൂടെ സഭാവിമർശകർക്കു മറുപടി കൊടുത്തു.

## മുളയെടുക്കുന്ന അഭിപ്രായഭിന്നത

രൂപതാധ്യക്ഷൻെറ വലംകൈയായത്രേ വികാരി ജനറാൾ പ്രവർത്തിച്ചത്. "കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും" എന്ന പുസ്തകത്തിൻെറ കൈയെഴുത്തു കോപ്പി തിരുമേനി വായിച്ചു. അതിലെ ശൈലി പിതാവു ഇഷ്ടപ്പെട്ടില്ല. ഭേദഗതി വരുത്തണമെന്നു തന്നെ ആവശ്യപ്പെട്ടു.

വടശ്ശേരിയച്ചൻെറ മയമില്ലാത്ത ശൈലിയെ പ്രതികൂലിച്ചവരും അനുകൂലിച്ചവരുമുണ്ട്. ശ്രീ. എം.ഓ. ജോസഫ് നെടുങ്കുന്നം എഴുതി: "അകത്തോലിക്കാ വാദമുഖങ്ങൾക്കു അതേ ശൈലിയിലും രീതിയിലും മറുപടി പറയുകയാണ് ഉചിതമെന്നുള്ള ഗ്രന്ഥകാരൻെറ പ്രസ്താവനയോടു പൂർണ്ണമായി യോജിക്കുവാൻ പ്രയാസമാണെന്നുകൂടി പ്രസ്താവിക്കേണ്ടതുണ്ട്." (3) ഫാ. സിറിയക്ക് മണ്ണനാൽ, ഫാ, തോമസ് മൂത്തേടൻ തുടങ്ങിയവർ പ്രസ്തുതശൈലിയെ അനുകൂലിക്കുകയാണ്. ഫാ. മൂത്തേടൻ എഴുതി: "ചിലർ പറയാറുണ്ട്, ഫാ. വടശ്ശേരിയുടെ പേനയ്ക്കുമൂർച്ചകൂടുമെന്ന്. ബാലിശവും അക്ഷന്തവ്യവുമായ വാദമുഖങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വികാരങ്ങൾ പൊന്തിവരിക ആത്മാർത്ഥതയുള്ള ഗ്രന്ഥകാരന്മാർക്കെല്ലാം സ്വാഭാവികമായ ഒരു വാസനയാണ്." (4)

സഭാസ്നേഹം തുളുമ്പുന്നവനായിരുന്നു മാർ സേവേറിയോസ്. മോൺ. വടശ്ശേരിയും അങ്ങനെതന്നെ. പുസ്തകത്തിനു തിരുത്തൽ വേണമെന്നു

---

*(3) സത്യദീപം 1948, ജനുവരി 2*

*(4) സത്യദീപം 1961, മാർച്ചു 8*

www.malankaralibrary.com


തിരുമേനി നിർദ്ദേശിച്ചതു സഭാസ്നേഹം കൊണ്ടുതന്നെ. തിരുത്തൽ കൂടാതെ പ്രസിദ്ധീകരണാനുമതി (Imprimatur) നല്കുന്നതല്ലെന്നായിരുന്നു തിരുമേനിയുടെ നില. പുസ്തകത്തിൻെറ പ്രസിദ്ധീകരണം സഭാസംരക്ഷണത്തിനു ആവശ്യമാണെന്നായിരുന്നു അച്ചൻെറ പക്ഷം. ഇമ്പ്രിമാത്തൂർ കൂടാതെ തന്നെ പുസ്തകം പ്രസിദ്ധീകൃതമായി. വികാരി ജനറാൾ എന്ന തസ്തികയാണ് അതിനു പ്രേരകമായത്. ഗ്രന്ഥകർത്താ. തിരുവല്ലാരൂപതയുടെ വികാരി ജനറാൾ മോൺ. തോമസ് വടശ്ശേരി എൽ.ഡി. എന്നാണു പുസ്തകത്തിൻെറ മുഖപക്ഷത്തു ചേർത്തിരിക്കുന്നത്.

പുസ്തകപ്രസിദ്ധീകരണം ഉളവാക്കിയ പരിണതി ചെറുതായിരുന്നില്ല. വടശ്ശേരിയച്ചനു സ്ഥാനചലനമുണ്ടായി. വികാരിജനറാൾ സ്ഥാനത്തുനിന്നു അദ്ദേഹം നിഷ്കാസിതനായി. വികാരിജനറാൾ സ്ഥാനംകൊണ്ടുണ്ടായതായിരുന്നു അച്ചൻെറ മോൺസിഞ്ഞോർ പദവി. സ്ഥാനപതനത്തോടെ ആ പദവിയും നഷ്ടപ്പെട്ടു. ചെറുപുഷ്പഗിരി മെത്രാസനമന്ദിരത്തിൽ നിന്നു തിരുവല്ലാ ഭദ്രാസനദൈവാലയത്തിലേക്കു അദ്ദേഹം മാറ്റപ്പെട്ടു.

സേവേറിയോസ് തിരുമേനിയുടേയും മോൺ. വടശ്ശേരിയുടേയും ഉന്നം ഒന്നു തന്നെയായിരുന്നു. ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗത്തിൻെറ കാര്യത്തിലായിരുന്നു അവർ തമ്മിലുള്ള അഭിപ്രായാന്തരം. ഇത്തരം അഭിപ്രായഭിന്നതകൾ സഭാ ചരിത്രത്തിൽ അപൂർവ്വമല്ല. വി. പൗലൂസും ബർണബാസും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ട്. ആഗസ്തിനോസും ഇറാനിമോസും മത്സരിച്ചിട്ടുണ്ട്. രണ്ടാംവത്തിക്കാൻ സുന്നഹദോസിൽ യാഥാസ്ഥിതികരും ഉൽപ്പതിഷ്ണുക്കളുമായ പിതാക്കന്മാർ ഉഗ്രവാക്സമരത്തിലേർപ്പെട്ടിട്ടുണ്ട്.

അനുയായികളുടെ സഹകരണം രണ്ടുപേർക്കുമുണ്ടായി. പരമസാത്വികനായ തിരുമേനിയുടെ ഉദ്ദേശ്യശുദ്ധിയെ ആരും ചോദ്യം ചെയ്തില്ല. വിവാദഗ്രന്ഥത്തിനു ഹൃദ്യമായ സ്വാഗതം ലഭിച്ചു. 500-ൽ ശിഷ്ടം പുറങ്ങളുള്ള ആ ദൈവശാസ്ത്ര ഗ്രന്ഥത്തിൻെറ ഒന്നാം പതിപ്പുമുഴുവൻ (1000 കോപ്പി) ഒന്നരമാസത്തിനുള്ളിൽ വിറ്റഴിഞ്ഞു. ഷെവ. ഐ.സി. ചാക്കോ, ഷെവ. വി.സി. ജോർജ്ജു തുടങ്ങിയ പണ്ഡിതന്മാരുടെ മുക്തകണ്ഠപ്രശംസയ്ക്കു പുസ്തകം പാത്രമായി.

## ആഴത്തിലേക്കു ഇറങ്ങുമ്പോൾ

സംഘർഷത്തിനു ഹേതു ഭാഷമാത്രമോ? ലക്ഷ്യത്തിലെത്താനുള്ള ഏതു മാർഗ്ഗത്തിലാണ് ആ സഭാചിന്തകരുടെ വൈരുദ്ധ്യം? കത്തോലിക്കാ സഭയെ ആശ്ലേഷിച്ച ഒരുവനാണ് മാർ സേവേറിയോസ്. മലങ്കരസഭയുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കാനുള്ള കൂറും വീറും അദ്ദേഹത്തിനുണ്ട്. കത്തോലിക്കാവിജയഭേരിത്വത്തിൻെറ (Catholic triumphalism) വക്താവാണ് ദൈവശാസ്ത്രജ്ഞനായ മോൺ വടശ്ശേരി. സഭാവിജയഭേരിത്വവാദിക്ക് പ്രാദേശികസഭാപാരമ്പര്യം പ്രധാനമല്ല. റീത്തിനെപ്പറ്റിയുള്ള ആശയവും അന്നു വളർച്ചപ്രാപിച്ചിരുന്നില്ല. കുർബ്ബാന, കാനോനികജപം, കൂദാശാനുഷ്ഠാനം തുടങ്ങിയവയിലുള്ള രീതി എന്നു മാത്രമേ അന്നു റീത്തിനു അർത്ഥം കല്പിച്ചിരുന്നുള്ളു. മാർ സേവേറിയോസിൻെറ ഉള്ളി

www.malankaralibrary.com



ലിരുപ്പു വെളിപ്പെടുത്താനുള്ള പദവൈപുല്യം അന്നത്തെ ദൈവശാസ്ത്രശബ്ദ കോശത്തിനുണ്ടായിരുന്നില്ല. വത്തിക്കാൻ സുന്നഹദോസിൻെറ പദാവലിയിലൂടെ മാത്രമേ അതു സൂക്ഷ്മമായി വെളിപ്പെടുകയുള്ളു. സഭയുടെ വിജയഭേരിത്വ (triumphalism) മനസ്ഥിതിയെ കൗൺസിൽ തിരുത്തുന്നു. തനിമയുള്ള സഭ (Individual Church) എന്ന നിർവ്വചനം നല്കിക്കൊണ്ടു റീത്തിനെ കൗൺസിൽ പൂർവ്വോപരി ഉയർത്തിപ്രതിഷ്ഠിക്കുന്നു. നിലവിലിരുന്ന ദൈവശാസ്ത്രത്തിൻെറ സമർത്ഥനായ വക്താവാണ് മോൺ. വടശ്ശേരി. വത്തിക്കാൻ കൗൺസിലിൻെറ വെളിച്ചം ഉദ്ദർശനം ചെയ്തക്രാന്തദർശിയാണ് മാർ സേവേറിയോസ്.

## എതിർപ്പു വഴിത്തിരിവിനോട്

മാർ ഈവാനിയോസിനാൽ പ്രസിദ്ധീകൃതമായ "ഗിരിദീപം", പുലിക്കോട്ടു ജോസഫ് റമ്പാനും ചേപ്പാട്ടു പീലിപ്പോസു റമ്പാനും ചേർന്നു തയ്യാറാക്കിയ "മലങ്കര സഭയുടെ കുഴൽകണ്ണാടി", ശ്രീ. എ. പിലിപ്പോസിൻെറ "കാതൊലികപുനരൈക്യചിന്തകൾ" എന്നിവയാണ് മലങ്കര സഭൈക്യത്തിൻെറ ആദ്യകാലകൃതികൾ. ഇവയാണ് മാർ സേവേറിയോസിൻെറ സഭാശ്ലേഷത്തിനു പ്രേരകമായത്. മോൺ. വടശ്ശേരിയുടെയും തുടർന്നുള്ളവരുടെയും രചനകളെ പ്രസ്ഥാനത്തിൻെറ ദ്വിതീയ ഘട്ടത്തിലെ കൃതികൾ എന്നുവിളിക്കാം. "കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും", "എല്ലാസഭകളും ശരിയോ?" , "കൽക്കദോനിയാ സുന്നഹദോസ്", "മലങ്കര യാക്കോബായക്കാർ ഏകസ്വഭാവ വാദികളോ", "വി. കുർബ്ബാനയും അകത്തോലിക്കാ സഭകളും", "എൻെറ തെങ്ങേലിപ്രസംഗം", "സലാമാ റമ്പാൻെറ അപവാദവ്യവസായം", "മാർപ്പാപ്പായുടെ പരമാധികാരം മനുഷ്യദത്തമോ ദൈവദത്തമോ?" തുടങ്ങിയവ ഈ ഘട്ടത്തിലേതാണ്. ഒന്നാം ഘട്ടത്തിലേയും രണ്ടാം ഘട്ടത്തിലേയും കൃതികളെ ഒരു താരതമ്യപഠനത്തിനു വിധേയമാക്കുന്നതു കൊള്ളാം. രണ്ടാം ഘട്ടകൃതികളുടെ ഉദയവേളയിൽ തന്നെ വിമുഖത പ്രദർശിപ്പിച്ച മാർ സേവേറിയോസിൻെറ ക്രാന്തദർശിത്വം അപ്പോൾ പ്രകാശമാനമാകും.

ഒന്നും രണ്ടും ഘട്ടങ്ങളിലെ കൃതികൾ തമ്മിൽ ശൈലിയിലും പ്രമേയത്തിലും അന്തരമുണ്ട്. സംവാദാത്മക (dialogue) ശൈലിയാണ് ആദ്യഘട്ടകൃതികളിലേത്; സമൂഹത്തെ ആകമാനം കണക്കിലെടുത്തും മലങ്കരയുടെ വ്യക്തിത്വം സംരക്ഷിച്ചുകൊണ്ടുമുള്ള സഭൈക്യമായിരുന്നു അവയിലെ വിഷയം. മോൺ. വടശ്ശേരിയുടെയും മറ്റും വരവോടെ രീതിമാറി; വഴിത്തിരിവു പ്രത്യക്ഷപ്പെട്ടു; വിവാദാത്മകശൈലിവന്നു; സത്യം വെളിപ്പെടുത്താനുള്ള ആവേശത്തിൽ സ്നേഹം പലേടത്തും മുറിപ്പെട്ടുവീണു; കത്തോലിക്കാവിജയഭേരിത്വ (triumphalism) മനോഭാവത്തിൻെറ ലഹരിയിൽ മലങ്കരയുടെ വ്യക്തിത്വം പ്രകാശിപ്പിക്കാൻ മറന്നുപോയി; സഭൈക്യമെന്നതിനേക്കാൾ പുനരൈക്യമെന്നതിലേക്കു ശ്രദ്ധതിരിയുന്നതിനും ഇടവന്നു. പരിണിതഫലമോ? സഭൈക്യപ്രധാനമായ ആദ്യകാലകൃതികൾ ലഭ്യമല്ലാതായി; പ്രസ്ഥാനത്തിൻെറ ആവിർഭാവത്തെക്കുറിച്ചുള്ള ശരി

www.malankaralibrary.com



യായധാരണ അങ്ങനെ കുറഞ്ഞു. പുനരൈക്യപ്രധാനമായ കൃതികളിൽ നിന്നായിരുന്നു ഇന്നുള്ളവർ കുറേയെങ്കിലും അറിവു നേടിയത്. ഇതരപുനരൈക്യങ്ങളിൽനിന്നു വ്യതിരിക്തമാണ് മലങ്കരയിലെ സഭൈക്യമെന്നു തന്മൂലം അവർക്കൊട്ടു മനസ്സിലായതുമില്ല. അതുമൂലം അഭിനവമായ എക്യുമെനിസത്തിൻെറ വെളിച്ചത്തിൽ മലങ്കര സഭൈക്യത്തിനു പ്രസക്തിയില്ലെന്നുവരെ ചിലർ ആരോപിച്ചു.

## സ്വർഗ്ഗത്തിലെ കൂടിക്കാഴ്ച

മാർ സേവേറിയോസ് തിരുമേനി പുണ്യാത്മാവായിരുന്നു; മോൺ. വടശ്ശേരിയും പുണ്യാത്മാവുതന്നെ. രണ്ടുപേരും ഇന്നു സ്വർഗ്ഗത്തിലാണ്. വത്തിക്കാൻ സുന്നഹദോസുമുഴുമിക്കുന്നതിനു മുമ്പു ഇരുവരും ലോകത്തോടു യാത്ര പറഞ്ഞു- തിരുമേനി 1954-ൽ, മോൺ സിഞ്ഞോർ 1966-ൽ. സ്വർഗ്ഗത്തിലെ അവരുടെ കൂടിക്കാഴ്ച താഴെക്കാണും വിധം സങ്കല്പിക്കാം: “വന്ദ്യതിരുമേനി” കൈചുംബിച്ചുകൊണ്ടു അച്ചൻ പറഞ്ഞു തുടങ്ങി. “ഇപ്പോൾ ഭൂമിയിലായിരുന്നെങ്കിൽ ഒരു പുതിയ പുസ്തകം ഞാൻ പ്രസിദ്ധീകരിക്കുമായിരുന്നു, “മലങ്കര സഭൈക്യം വത്തിക്കാൻ വെളിച്ചത്തിൽ” എന്ന പേരിൽ, പുനരൈക്യവേളയിൽ തിരുമേനി കാതോലിക്കാ ബാവായ്ക്കു അയച്ച കത്തിൻെറ വിശദീകരണം മാത്രം മതി ആ പുസ്തകത്തിന്”. സ്വതസ്സിദ്ധമായ പുഞ്ചിരിയോടെ തിരുമേനി ഉത്തരിച്ചു: “ഇന്നത്തെ മലങ്കരകത്തോലിക്കർ ലക്ഷ്യബോധമില്ലാതെ നട്ടംതിരിയുകയാണ്. വിഷയദാരിദ്ര്യം കൊണ്ടവർ ഞെരിപിരികൊള്ളുന്നു; പ്രതിവർഷം, പ്രതിമാസം വിഷയത്തിനു വേണ്ടി പരക്കം പായുന്നു. കാതോലിക്കാബാവായ്ക്കു നാം അയച്ച കത്തിൻെറ പതിനായിരം കോപ്പികൾ പുതുതായി അച്ചടിച്ചു അവരുടെ ഇടയിൽ വിതരണം ചെയ്യുന്നതിനു ആഗ്രഹിച്ചു പോകയാണ്. അങ്ങനെയെങ്കിലും അവരുടെ നിഷ്ക്രിയത്വവും ലക്ഷ്യബോധരാഹിത്യവും കുറഞ്ഞെങ്കിൽ!”

രണ്ടുപേരും പരാമർശിക്കുന്നകത്തിലെ ചില വാക്യങ്ങൾ ചുവടേ ഉദ്ധരിക്കാം: “യാക്കോബായ സഭയുടേയും അവിടുന്നു ആധ്യക്ഷ്യം വഹിക്കുന്ന ഓർത്തഡോക്സു സഭയുടേയും ചരിത്രവും ഇപ്പോഴത്തെ സ്ഥിതിയും ഭാവിയും സംബന്ധിച്ചു നാം തമ്മിലും ശേഷം മേൽപ്പട്ടക്കാരുടെ സാന്നിദ്ധ്യത്തിലും സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം അവിടുന്നു അത്യധികമായ നിരാശ പ്രത്യക്ഷപ്പെടുത്തുകയാണല്ലോ ഉണ്ടായിട്ടുള്ളത്. അതിലെ കുഴപ്പങ്ങൾക്കു ദൈവികമായ ഏക പരിഹാരമാർഗ്ഗം ക്രൈസ്തവ സഭയുടെ കേന്ദ്രവും ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പൊതുവായ അധികാരസ്ഥാനവുമായിരിക്കുന്ന റോമായിലെ വി. പത്രോസ് ശ്ലീഹായുടെ സിംഹാസനത്തോടു പുനരൈക്യപ്പെടുകയാകുന്നു എന്ന എൻെറ മനസ്സിൽ തോന്നീട്ടുള്ള വിനീതമായ അഭിപ്രായം തിരുമനസ്സിലെ സന്നിധിയിൽ ഒന്നിലധികം പ്രാവശ്യം ഞാൻ അറിയിച്ചിട്ടുള്ളത് എൻെറ ഹൃദയത്തിൻെറ പരമാർത്ഥബോധ്യത്തിൽ നിന്നാകുന്നു...

“ഈ കാലത്തു നിരീശ്വരത്വവും മതമില്ലായ്മയും പൂർവ്വാധികം ശക്തിപ്രാപിച്ചു വരുന്നു. ഇവയോടെതിർത്തു ദൈവവിശ്വാസം സർവ്വലോകത്തിലും

www.malankaralibrary.com


നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് കാതൊലികസഭയ്ക്കും മാർപ്പാപ്പായുടെ അപ്പസ്തോലിക സിംഹാസനത്തിനും മാത്രമേ കഴിവും പ്രാപ്തിയും ഉള്ളു എന്നാണ് എനിക്കു ബോധ്യമായിരിക്കുന്നത്.

"ഇപ്പോൾ നൂതനമായി നടപ്പിലാക്കാൻ ശ്രമിച്ചുവരുന്ന സഭാഭരണക്രമങ്ങൾ, അപ്പസ്തോലികമായ സഭാ ഭരണതത്ത്വങ്ങൾക്കും പൂർവ്വികമായ പാരമ്പര്യാചാരങ്ങൾക്കും യാക്കോബായസഭയുടെ കാനോനാകൾക്കും കേവലം വിരുദ്ധവും പുരോഹിതസ്ഥാനത്തിൽ ദൈവത്താൽ നിക്ഷിപ്തമാക്കിച്ചെയ്തിട്ടുള്ള അവകാശാധികാരങ്ങളെ ധ്വംസനം ചെയ്യത്തക്കവയും സഭയ്ക്കു ഹാനികരവുമാണെന്ന ബോധ്യം എന്നെപ്പോലെ തന്നെ തിരുമനസ്സിലേക്കും ശേഷം മേൽപ്പട്ടക്കാർക്കുമുണ്ടെന്നും തിരുമനസ്സിൽ നിന്നും അതു സംബന്ധിച്ച ഹൂദായകാനോനിലെ പാസോക്കാകൾ ഉദ്ധരിച്ചും മറ്റും ഞങ്ങളോടു സംസാരിച്ചിട്ടുള്ളതിൽ നിന്നു ഞാൻ മനസ്സിലാക്കിട്ടുള്ളതാണ്.

"വിശ്വാസവിഷയങ്ങളിൽ ഐകരൂപ്യമില്ലാത്ത കൂട്ടങ്ങളോടുള്ള സംസർഗ്ഗത്തിനു അവിടുന്നു ആദ്ധ്യക്ഷം വഹിക്കുന്ന സഭ ഇപ്പോൾ ചെയ്തു വരുന്ന ശ്രമങ്ങൾ കേവലം വഴിപിഴച്ച മാർഗ്ഗമാണെന്നു എനിക്കു ബോധ്യമുള്ളതിനാൽ കാതൊലികപുനരൈക്യത്തിലേക്കു എന്റെ മനസ്സാക്ഷി എന്നെ നിർബ്ബന്ധിച്ചിട്ടുള്ളതാകുന്നു."

"... ഞാൻ പ്രവേശിക്കുന്നതായ ഈ കപ്പലിലേക്കു തിരുമേനിയും എന്റെ മാന്യസഹോദരങ്ങളായ മറ്റു മേൽപ്പട്ടക്കാരും കേരളത്തിലുള്ള സർവ്വഅകത്തോലിക്കരും പ്രവേശിപ്പാൻ സംഗതിയായിരുന്നെങ്കിൽ ദൈവത്തിനു എത്രമഹത്ത്വവും നാമെല്ലാവർക്കും എത്ര ഭാഗ്യവുമായിരുന്നു..."

## മോൺ. വടശ്ശേരിയുടെ ഭാഷ്യം

മേൽ ഉദ്ധരിച്ച കത്തിനു മോൺ. വടശ്ശേരി സ്വർഗ്ഗത്തിലിരുന്നു കൊണ്ടു തയ്യാറാക്കുമെന്നു പ്രതീക്ഷിക്കുന്ന പൂരണം താഴെക്കാണും പ്രകാരം സംഗ്രഹിക്കാം:

1. ഡയലോഗു മനോഭാവത്തിനു നിരക്കാത്ത ഒരു പ്രയോഗവും ഈ കത്തിലില്ല. 1937-ൽ തന്നെ ഈ മനോഭാവം തിരുമേനി പ്രകടിപ്പിച്ചുവെന്നോർക്കുമ്പോൾ ആശ്ചര്യം തോന്നുന്നു.

2. യാക്കോബായ, ഓർത്തഡോക്സു സഭകളിൽ ഇന്നു പ്രത്യക്ഷപ്പെടുന്ന അസ്വസ്ഥതകൾ അപൂർണ്ണതയുടെ അടയാളങ്ങളാണ്. പൂർവ്വമാതൃസഭയിൽ നിന്നു വേർപെട്ടിരിക്കുന്നിടത്തെല്ലാം ഈ അസ്വസ്ഥതകൾ കാണാം. അപൂർണ്ണത തീർക്കുന്നതിനുള്ള മാർഗ്ഗമാണ് വന്ദ്യതിരുമേനി കാട്ടിക്കൊടുക്കുന്നത്.

3. പൂർണ്ണതയിലേക്കുള്ള കുതിക്കൽ എക്യുമെനിസത്തിനു വിരുദ്ധമല്ല. ഔദ്യോഗിക നിയമഗ്രന്ഥമായ ഹൂദായ കാനോൻ 7-ാം അദ്ധ്യായം 1-ാം വാക്യം മലങ്കര സഭാംഗം സ്വീകരിക്കണമെന്നു പറയുന്നത് എങ്ങനെ എക്യുമെനിസവിരുദ്ധമാകും?

4. മലങ്കരസഭൈക്യത്തിനാണ് വന്ദ്യതിരുമേനി ആഹ്വാനം ചെയ്യുന്നത്. സാർ

www.malankaralibrary.com


വ്യത്രികസഭയിലേക്കുള്ള പുനരൈക്യമാണ് അന്ന് എൻെറ ഗ്രന്ഥങ്ങളിൽ വിഷയമാക്കിയത്.

5. വത്തിക്കാൻ കൗൺസിലിൻെറ വെളിച്ചത്തിൽവന്ദ്യതിരുമേനിയുടെ ആശയങ്ങൾ കൂടുതൽ പ്രകാശമാനങ്ങളായിത്തീരുന്നു.

6. എൻെറ ഗ്രന്ഥങ്ങൾ കത്തോലിക്കാവിജ്ഞാനശാഖയ്ക്കു മുതൽ ക്കൂട്ടുതന്നെയാണ്. എന്നാൽ, മലങ്കരറീത്തു തനിമയുള്ള മലങ്കരസഭയാണെന്നും മലങ്കരസഭൈക്യമാണ് അവിടെ ലക്ഷ്യമെന്നും അറിയേണ്ടതുണ്ട്. എങ്കിൽ എൻെറ ഗ്രന്ഥങ്ങൾ പലതും മലങ്കര സഭൈക്യപ്രവർത്തനത്തിനു പ്രഥമദൃഷ്ട്യാ അപരിത്യാജ്യങ്ങളല്ല.

7. തിരുമേനിയുടേയും എൻെറയും കാലഘട്ടം എതിർപ്പുകൾ നിറഞ്ഞതായിരുന്നു. എന്നിട്ടും ഞങ്ങൾ ഓടിനടന്നു. ഇന്നു എതിർപ്പുകളെ ഭയപ്പെടേണ്ടതില്ല. ആധുനിക മലങ്കരകത്തോലിക്കൻെറ നിഷ്ക്രിയത്വം തീർത്തും അപലപനീയമാണ്.

8. "എല്ലാവരും ഒന്നാകുവാൻ" വന്ദ്യതിരുമേനിദാഹിക്കുന്നു. ഐക്യമെനിസത്തിൻെറ അന്തസ്സത്ത അവിടുന്നു കണ്ടെത്തി.


## സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കുള്ള നോട്ടം

മാർ സേവേറിയോസും മോൺ. വടശ്ശേരിയും സ്വർഗ്ഗത്തിലിരുന്നുകൊണ്ടു ഭൂമിയിലേക്കു നോക്കുന്നുണ്ട്. മലങ്കരയിലെ തങ്ങളുടെ അനുയായികളുടെ നേരെയാണു നോട്ടം. അവരുടെ ലക്ഷ്യരാഹിത്യം കാണുമ്പോൾ ആ കണ്ണുകൾ ഈറനണിഞ്ഞുപോകുന്നു. പൈങ്കിളിസാഹിത്യം കൊണ്ടു തൃപ്തിപ്പെടുന്നവരല്ല അവർ രണ്ടുപേരും.

www.malankaralibrary.com

3

# ബനഡിക്ട് മാർ ഗ്രീഗോറിയോസും കാതൊലിക്കാ സിംഹാസനവും



നാനാജാതിമതസ്ഥരായ ബഹുജനങ്ങളുടെ ആദരാജ്ഞലികൾ ഏററുവാങ്ങിക്കൊണ്ടാണ് ബനഡിക്ടു മാർ ഗ്രീഗോറിയോസ് 1994 ഒക്ടോബർ 10-ാം തീയതി ലോകത്തോടു വിടപറഞ്ഞത്. 'ധന്യ ജീവിതം' എന്ന സ്മരണികയിലൂടെ ആ ബഹുമുഖ പ്രതിഭയെ അംഗീകരിച്ചവർ അനവധിയാണ്. ഗവർണ്ണർ ബി. രാച്ചയ്യാ, ഡോ. കെ.എം. ജോർജ്ജ്, ഡോ. ശൂരനാട്ട് കുഞ്ഞൻപിള്ള , മഹാകവി എം.പി. അപ്പൻ, ലക്ഷ്മി എൻ. മേനോൻ, കേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ, ഡോ.കെ. അയ്യപ്പപ്പണിക്കർ, ഡോ. ജെ.വി. വിളനിലം, പ്രൊഫ. എം.പി. മന്മഥൻ, പ്രൊഫ. പി.സി. ദേവസ്യാ, പോൾ മണലിൽ, സ്വാമി ജൈത്രാനന്ദ, മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ, ഡോ. ഡി. ബാബുപോൾ, പി.കെ. വാസുദേവൻ നായർ, എ.പി. ഉദയഭാനു, മന്ത്രി ഇ. ടി. മുഹമ്മദ് ബഷീർ, ഡോ. എൻ. കരീം എന്നിവർ അവരിൽ ചിലരു മാത്രമാണ്. ആ വ്യക്തിത്വത്തിന്റെ വശ്യത, ആദ്ധ്യാത്മികമേഖല, മാനവമൈത്രി, വികസനരംഗം, വിദ്യാഭ്യാസവും സംസ്ക്കാരവും, ജീവകാരുണ്യപ്രവർത്തനങ്ങൾ, കൃഷിയും

www.malankaralibrary.com


പരിസ്ഥിതിയും, തൊഴിൽ എന്നിവയെല്ലാം എടുത്തു കാട്ടാൻ അവർ മടിച്ചില്ല.

ഒരു വിഷയം കൂടി ഉണ്ടായെങ്കിൽ ആ മഹനീയതയുടെ തൂവൽ ഒന്നുകൂടി തിളങ്ങുമായിരുന്നു. ആ മഹാനുഭാവൻ വിട്ടുകളഞ്ഞ ഒരു കാര്യമാണത്. അറിയാതെ ഉപേക്ഷിച്ചതല്ല, മനഃപൂർവ്വം ഉപേക്ഷിച്ചത്. ആഗ്രഹമില്ലാഞ്ഞിട്ടു കളഞ്ഞതല്ല, ആഗ്രഹത്തെ കടിച്ചമർത്തിയതാണ്. കാര്യമില്ലാത്ത കാര്യമായിരുന്നില്ല, സ്വന്തഭരണസാരഥ്യത്തോടും സഭൈക്യത്തോടും അഭേദ്യമായി ബന്ധപ്പെട്ട സാരവത്തായകാര്യം. ക്രാന്തദർശിത്വം നിതരാം വെളിപ്പെടുത്തുവാൻ ആ ത്യാഗം ഉപകരിച്ചു.

കേരളത്തിലെ സീറോമലബാർ സഭ 1993 ജനുവരി 29-നു ഒരു സ്വയംഭരണാവകാശസഭ (Church sui Juris) ആയി ഉയർത്തപ്പെട്ടു. കർദ്ദിനാൾ മാർ ആൻറണി പടിയറ മേജർ ആർച്ച് ബിഷപ്പായി അവരോധിതനായി. പാത്രിയർക്കീസിനു തുല്യമായ എല്ലാ അവകാശാധികാരങ്ങളുമാണ് മേജർ ആർച്ച്ബിഷപ്പിന് (അത്യുന്നത മെത്രാപ്പോലീത്തായ്ക്കു) സംലബ്ധമായിട്ടുള്ളത്. രൂപത സ്ഥാപിക്കുക, മെത്രാന്മാരെ നിയമിക്കുക, നിയമരൂപീകരണം സാധിക്കുക, കോടതികൾ നടത്തുക എന്നീ സഭാധികാരങ്ങൾ മേജർ ആർച്ച്ബിഷപ്പ് അദ്ധ്യക്ഷനായിരിക്കുന്ന മെത്രാന്മാരുടെ സിനഡിനുണ്ട്. 1991 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽവന്ന കത്തോലിക്കാപൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാനൻ നിയമസംഹിത (The Code of Canon Law for the Eastern Churches)യിലൂടെയാണു ഈ പുരോഗതി പൗരസ്ത്യസഭകൾക്കു കൈവന്നത്. ഇതിലൂടെ മലങ്കര കത്തോലിക്കാ സഭയ്ക്കും ഒരു 'സ്വയാധികാരസഭ' (Church Sui Juris) ആകുന്നതിനുള്ള അവകാശമുണ്ട. സഭൈക്യത്തിനു അതാവശ്യവുമാണ്. മാർ ഗ്രീഗോറിയോസിനു സഭാകേന്ദ്രത്തിലുണ്ടായിരുന്ന പ്രേരണാശക്തി അതിനു സഹായകവുമായിരുന്നു. എന്നിട്ടും അദ്ദേഹം അതിനുവേണ്ടി പ്രവർത്തിച്ചില്ല. സ്വയാധികാരസഭാലബ്ധിയിലുള്ള വൈമുഖ്യമല്ല. ഉപരി സഭൈക്യത്തിനുള്ള താല്പര്യമാണ് ആ സഭാസ്നേഹിയെ നിയന്ത്രിച്ചത്.

ഇന്നു കേരളത്തിൽ രണ്ടു കാതൊലിക്കാമാരുണ്ട്. രണ്ടുപേരും മലങ്കര കത്തോലിക്കാസഭയുടെ മാംസത്തിൽ നിന്നുള്ള മാംസവും രക്തത്തിൽ നിന്നുള്ള രക്തവുമാണ്. മലങ്കരകത്തോലിക്കാസഭയുടെ ഇന്നത്തെ അപൂർണ്ണത നികത്തുന്നതു നിലവിലുള്ള കാതോലിക്കാമാരായിരിക്കണം എന്നതായിരുന്നു മാർ ഗ്രീഗോറിയോസിൻെറ അഭിലാഷം. മലങ്കര കത്തോലിക്കാസഭയെ പാത്രിയാർക്കൽപദവിയിലേക്കു ഉയർത്തുന്നതിനുള്ള ഉത്തരവാദിത്വം പ്രസ്തുത കാതൊലിക്കാമാരുടെ ചുമലിലാണത്രേ. മൂന്നു കാതോലിക്കാമാരുടെ കീഴിലുള്ള മൂന്നു വിഘടിതഗ്രുപ്പുകളേക്കാൾ എത്ര അഭികാമ്യമല്ല ഏകയോഗമായ മലങ്കരസഭ!

ഈ വലിയ ലക്ഷ്യത്തിനുവേണ്ടി സ്ഥാനം ഉപേക്ഷിക്കുന്നതിനു പോലും മാർ ഗ്രീഗോറിയോസ് സന്നദ്ധനായിട്ടുണ്ട്. ഇക്കാര്യം ഡോ. ബാബുപോൾ വെളിപ്പെടുത്തുന്നു: "...സിറിയൻ ഓർത്തഡോക്സ് സഭയും മലങ്കര കത്തോലിക്കാ

www.malankaralibrary.com

സഭയും റോമിൻെറ കുടക്കീഴിൽ ഒരു സഭയായി യോജിക്കാൻ തിരുമനസ്സു കൊണ്ടു (മാർ ഗ്രീഗോറിയോസ്) ആഗ്രഹിച്ചിരുന്നു.... പാത്രിയർക്കീസ് ബാവാ യും മാർപ്പാപ്പായും തമ്മിൽ ബന്ധം ഉറപ്പിക്കുന്നതിനുവേണ്ടി തിരുമേനി ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു. ആ ആലോചനയുടെ വേളയിൽ മലങ്കരയു ടെ മെത്രാപ്പോലീത്താസ്ഥാനം ത്യജിച്ചുകൊണ്ട് പാത്രിയർക്കീസിൻെറ കീഴി ലുള്ള കാതോലിക്കായുമായി സഹകരിക്കുന്നതാണ് സഭൈക്യത്തിൻെറ വില എങ്കിൽ അതിനും താൻ തയ്യാറാണ് എന്നു തിരുമേനി പറഞ്ഞിരുന്നു. താൻ കുറഞ്ഞാലും സഭ വളരണം എന്ന ആ ചിന്തയുടെ മുന്നിൽ പ്രണമിക്കുക തന്നെ വേണം" (ഡോ. ബാബുപോൾ, ധന്യജീവിതം P 120, 121)

"ഉത്തമന്മാരുയർച്ചയ്ക്കാ-
യത്യന്തം താണിടുന്നഹോ!"

സ്ഥാനത്യാഗത്തിനു വരെ സന്നദ്ധനാകുന്ന മാർ ഗ്രീഗോറിയോസിൻെറ ആദർശനിഷ്ഠ പൊടുന്നനെ ഉണ്ടായതല്ല. മെത്രാഭിഷേക കർമ്മത്തിനുശേഷം ചെയ്ത പ്രസംഗത്തിൽ തിരുമേനി പറഞ്ഞു: "മുന്നൂറു വർഷങ്ങൾക്കു മുമ്പു നടന്ന സഭാഭിന്നത അവസാനിപ്പിക്കുന്നതിനായി എൻെറ മുഴുവൻ കഴിവുകളും ഞാൻ വിനിയോഗിക്കുന്നതാണ്" (ധന്യജീവിതം P.5)

മുൻഗാമിക്കു ചേർന്ന പിൻഗാമി എന്നു വെളിപ്പെടുത്തുകയാണ് സ്ഥാനത്യാ ഗസന്നദ്ധതയിലൂടെ മാർ ഗ്രീഗോറിയോസ് ചെയ്തത്. മാർ ഈവാനിയോസും ഇത്തരം സാഹസികസന്നദ്ധതയ്ക്കു ഒരുങ്ങിയിട്ടുണ്ട്. കാതോലിക്കായ്ക്കുവേണ്ടി മലങ്കര കത്തോലിക്കാസഭാദ്ധ്യക്ഷസ്ഥാനം ഉപേക്ഷിക്കാൻ അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. 1946-ലാണത്. ശ്രീ ഇ. ജോൺ പിലിപ്പോസിൻെറ ഒരു പ്രസ്താ വനയെതുടന്നാണതുണ്ടായത്. മലങ്കര സഭയുടെ ദയനീയതയെക്കുറിച്ചുള്ള ആ സമുദായഭക്തൻെറ ആർത്തനാദം അന്നത്തെ പൗരപ്രഭപത്രത്തിൽ വന്നു. "ഇപ്രകാരം തുടർന്നുകൊണ്ടുപോകുന്നുവെങ്കിൽ സഭയുടെ ഭാവി എന്താണ്? സഭമുലം സഭാസന്താനങ്ങൾക്കു ഉണ്ടാകാവുന്ന ഗുണമെന്താണ്? കേസെല്ലാം ഒതുക്കി സഭ രണ്ടായി പിരിയുന്നെന്നിരിക്കട്ടെ. സഭകൾ വർദ്ധിക്കുന്നതുകൊണ്ടു പ്രയോജനം ഒന്നുമില്ല. ഛിന്നഭിന്നമായി ചിതറിപ്പോകുന്നതു ഒരുകൂട്ടർക്കും നല്ലതല്ല. നിവൃത്തിയുണ്ടെങ്കിൽ അതു ഒഴിവക്കേണ്ടതാണ്. യോജിപ്പിനുള്ള മനോ ഭാവം ഇരുകൂട്ടർക്കും ഇല്ലെങ്കിൽ പിന്നെ എന്താണു ചെയ്യേണ്ടത്? ഈ പ്രശ്നം എന്നെപ്പോലുള്ളവരെ വിഷമിപ്പിക്കുന്നു. ഈ സഭയിൽ നിന്നു വേർപിരിയാമെന്നു വെച്ചാൽ എങ്ങോട്ടാണ് പോകേണ്ടത്? മാർത്തോമ്മാസഭയിൽ ബഹുമാനവും ഭക്തിയും അർഹിക്കുന്ന മേലദ്ധ്യക്ഷന്മാരുണ്ട്. എങ്കിലും, ആചാരരീതിയും വിശ്വാ സനിഷ്ഠയും സഭാ നടപടികളും നമ്മുടെ പാരമ്പര്യമുള്ള മനഃപരിചയത്തിനു ചേരുന്നില്ല. റോമൻ കത്തോലിക്കാസഭയാണെങ്കിൽ റീത്തുണ്ട്. അതു ഏകദേശം നമുക്കു ഉതകുന്നതാണ്. പക്ഷേ, വ്യക്തിപരമായ രീതിയിൽ എൻെറ വിശ്വാ സവും ബഹുമാനവും ആർജ്ജിക്കാത്ത വ്യക്തികളാണ് റീത്തു പ്രസ്ഥാനത്തി ൻെറ നേതാക്കന്മാർ. മുറിഞ്ഞുതിരിഞ്ഞു ഒരു സഭയെ സൃഷ്ടിച്ചുപോഷിപ്പി

 www.malankaralibrary.com 

ക്കുന്നതിൽ പങ്കു വഹിക്കുവാൻ ബുദ്ധിയും മനസ്സും അനുവദിക്കുന്നുമില്ല. നമ്മുടെ ഭാവി പഴയപടി ആയിക്കൊള്ളട്ടെ. എന്നാൽ, നമ്മുടെ മക്കളോടും ഈ സഭയിലെ ഭാവിതലമുറയോടും നമുക്കു ഒരു ചുമതലയില്ലേ?" (പൗരപ്രഭ, 8, മിഥുനം 1121) അടുത്ത ദിവസം പൗരധ്വനി പത്രത്തിൽ മാർ ഈവാനിയോസിന്റെ പ്രസ്താവന വന്നു: "കാതോലിക്കാബാവാ പുനരൈക്യപ്പെടുമെങ്കിൽ മലങ്കരകത്തോലിക്കാസഭയുടെ അധ്യക്ഷനായി അദ്ദേഹം തുടരും. നാം നമ്മുടെ പഴയ ലാവണമായ ബഥനി ആശ്രമത്തിലേക്കു മടങ്ങും" എന്ന്.

## രണ്ടു കാതോലിക്കാമാരെയും മാർപ്പാപ്പാ ആഹ്വാനം ചെയ്യുന്നു

കേരളത്തിലെ രണ്ടു കാതോലിക്കാമാരെയും ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ആഹ്വാനം ചെയ്യുന്നു. 1986 ഫെബ്രുവരി 8-ാം തീയതി മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായെ സന്ദർശിച്ച വേളയിൽ പ. പിതാവ് ആഹ്വാനം ചെയ്തു:

"പരിശുദ്ധ തിരുമേനി,

..... ഭാരതത്തിലെ കത്തോലിക്കരും ഓർത്തഡോക്സു സുറിയാനിസഭയും തമ്മിലുള്ള സഹോദര തുല്യമായ ബന്ധങ്ങളിൽ കൂടുതൽ പുരോഗതി ആവശ്യമാണെന്ന് അങ്ങു പലപ്പോഴും ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളതായി എനിക്കറിയാം. ഐക്യത്തിലേക്കുള്ള ആഗോളക്രൈസ്തവരുടെ മുന്നേററത്തിൽ പ്രാദേശികാടിസ്ഥാനത്തിലുള്ള സഭൈക്യങ്ങൾക്കു നിർണ്ണായകമായ പ്രാധാന്യമുണ്ട്. ഐക്യം അഥവാ, കൂട്ടായ്മ ക്രൈസ്തവസമൂഹത്തിന്റെ സവിശേഷമായ അടയാളമാണ്. വിഭാഗീയത, അതിന്റെ ഏതു രൂപത്തിലായാലും, ഈ ഐക്യത്തിനു മങ്ങലേൽപ്പിക്കയും ചിലപ്പോൾ അപകടത്തിൽപെടുത്തുകയും ചെയ്യും.

നമ്മുടെ സഭകൾ നേരിടുന്ന അജപാലനപരമായ പ്രശ്നങ്ങൾക്കു എത്രയും വേഗം ഫലപ്രദമായ പരിഹാരം ഉണ്ടാവണമെന്നതാണ് അങ്ങയെപ്പോലെതന്നെ എന്റെയും ആഗ്രഹം. സ്നേഹസാഹോദര്യത്തിലൂടെയും ദൈവശാസ്ത്രപരമായ സംഭാഷണങ്ങളിലൂടെയും നമുക്കിതു സാധിതപ്രായമാക്കാൻ കഴിയും. അതുവഴി ഈ ജീവലോകത്തിലെ മുഴുവൻ ക്രൈസ്തവർ തമ്മിലുള്ള അനുരഞ്ജനം നേടിയെടുക്കുവാൻ സാധിക്കും. രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ അടിയുറച്ചുകൊണ്ട് ഈ ഉദ്യമത്തോടു പൂർണ്ണമായി സഹകരിക്കുവാൻ കത്തോലിക്കാസഭ സന്നദ്ധയാണെന്നു ഞാൻ ഉറപ്പുതരുന്നു.

....നമുക്കിടയിലുള്ള വ്യതിരിക്തതകളെല്ലാം തുടച്ചുനീക്കി ദിവ്യബലി അർപ്പിക്കുവാനായി കർത്താവിന്റെ പരിശുദ്ധ അൾത്താരയ്ക്കു മുമ്പിൽ നാം ഒന്നുചേരുന്ന ദിവസം വേഗം വരട്ടെ". (മാർപ്പാപ്പാ ഇന്ത്യയോട്, എസ്.എച്ച്. ലീഗ്, ആലുവാ P. 169)

1986 ഫെബ്രുവരി 7-ാം തീയതി മലങ്കര്യാക്കോബായസഭയുടെ ശ്രേഷ്ഠകാതോലിക്കാ ബസേലിയോസ് മാർ പൗലൂസ് തിരുമേനിയെ സന്ദർശിച്ചുകൊണ്ടു മാർപ്പാപ്പാ ആഹ്വാനം ചെയ്തു.

"അഭിവന്ദ്യ കാതോലിക്കോസ് തിരുമേനി,

www.malankaralibrary.com


..... രണ്ടു വർഷങ്ങൾക്കു മുമ്പ് അന്ത്യോക്യാ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് പരിശുദ്ധ ഇഗ്നേഷ്യസ് സക്കാ ഈവാസ് പ്രഥമനോടുകൂടെ റോമിൽ വന്ന് എന്നെ സന്ദർശിച്ച കാര്യം ഞാൻ മറക്കുന്നില്ല. ആ അവസരത്തിൽ ഞങ്ങൾ ഒപ്പുവെച്ച പൊതുപ്രഖ്യാപനം ദൈവശാസ്ത്രപരമായും അജപാലനപരവുമായ മേഖലകളിൽ ഐക്യത്തോടെ മുന്നേറാനുതകുന്ന നിർണ്ണായകമായ ഒരു ചുവടുവെപ്പായിരുന്നു. ആ പൊതു പ്രഖ്യാപനം ഇവിടെ താങ്കളുടെ സഭയിലും കത്തോലിക്കാസഭയിലും ഒരുപോലെ ധാരാളം സദ്ഫലങ്ങൾ ഉളവാക്കിയെന്നു എനിക്കറിയാം. ആ പൊതുപ്രഖ്യാപനത്തിൻെറ പ്രാധാന്യത്തിനു അതു അർഹിക്കുന്ന ഊന്നൽ കൊടുക്കാനും അതു പ്രായോഗികമാക്കുവാനുതകുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നുതിലും അങ്ങു പ്രത്യേകം താല്പര്യം കാണിച്ചുവെന്നു അറിയാൻകഴിഞ്ഞു.

പരിശുദ്ധ സക്കാ ഇവാനും ഞാനും ആ പൊതുപ്രഖ്യാപനത്തിൽ സമ്മതിച്ചിരുന്നു: “അന്ത്യോക്യൻ ഓർത്തഡോക്സ് സുറിയാനിസഭയും കത്തോലിക്കാസഭയും തമ്മിലുള്ള ദൃശ്യമായ ഐക്യം പൂർണ്ണമാക്കുവാൻ നമുക്കു നല്കപ്പെട്ടിരിക്കുന്ന അധികാരം ഉപയോഗപ്പെടുത്തേണ്ടതാണ്. അങ്ങനെ ഒരുമയോടെയുള്ള സുവിശേഷസാക്ഷ്യത്തിന് നമ്മെ പ്രാപ്തരാക്കുന്ന ഈ ഐക്യബോധത്തിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം. പ്രഖ്യാപനം ഇങ്ങനെ തുടർന്നു: ‘നമ്മുടെ സഭകളുടെ പൂർണ്ണമായ ഐക്യത്തിന് വിലങ്ങുതടിയാകുന്ന ഏതൊരുപ്രതിബന്ധത്തേയും തരണംചെയ്യാൻ നമ്മാലാവുന്നതെല്ലാം ചെയ്യുന്നതാണെന്നു പ്രതിജ്ഞ ചെയ്യുന്നു’ (റോം, ജൂൺ 23, 1984)

.....നമ്മുടെ സഭകളിലും സഭകൾ തമ്മിലും ലോകത്തിലും ഐക്യത്തിൻെറയും അനുരഞ്ജനത്തിൻെറയും പ്രചോദനമാകാൻ നാം വിളിക്കപ്പെട്ടിരിക്കുകയാണല്ലോ. വിഭജനങ്ങൾ ഏതുവിധത്തിലുള്ളതായാലും ശരി, അതു സുവിശേഷപ്രചാരണത്തിനും സഭയ്ക്കു അവളുടെ ദൗത്യനിർവ്വഹണത്തിനും തടസ്സമാകുമെന്നതിനാൽ, പ്രാദേശികതലത്തിലുള്ള ഐക്യശ്രമങ്ങൾക്കു നാം അതിൻേറതായ പ്രാധാന്യം നല്കണം. ക്രിസ്തുവിൻെറ പരിശുദ്ധസഭയിൽ, ഒരു അൾത്താരയ്ക്കു ചുററും കൂടി, അവിടത്തെ നൂതനസന്ദേശങ്ങൾക്കു കാതോർക്കുവാനും ആ പരിശുദ്ധ ബലിയർപ്പിക്കുവാനും സാധിക്കുന്ന അനുഗ്രഹദായകമായ ദിവസം വേഗം വരട്ടെ...” (Ibid pp 153, 154)

## മാർ ഈവാനിയോസ് പ്രശംസിക്കപ്പെടുന്നു.

1986 ഫെബ്രുവരി 8-ാം തീയതി തിരുവനന്തപുരം സെൻറ് മേരീസ് കത്തീഡ്രൽ സന്ദർശിച്ചവേളയിൽ മാർപ്പാപ്പാ മാർ ഈവാനിയോസിൻെറ സഭൈക്യശ്രമങ്ങളെ പ്രശംസിച്ചു:

“ഈ ദൈവാലയത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്ന മാർ ഈവാനിയോസ്

www.malankaralibrary.com



മെത്രാപ്പോലീത്തായോടുള്ള ബഹുമാനാദരവുകൾ ഈയവസരത്തിൽ അർപ്പിച്ചുകൊള്ളട്ടെ. തീക്ഷ്ണമതിയായ ഈ അജപാലകൻെറ നിരവധി പ്രേഷിതസംരംഭങ്ങളിൽ ഏററം പ്രാധാന്യമുള്ളതായി നിലകൊള്ളുന്നത് ക്രിസ്തുശിഷ്യന്മാരുടെ ഐക്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിൻെറ തീവ്രാഭിലാഷംതന്നെയാണ്. സഭയുടെ ഉത്തരവാദിത്വങ്ങളിൽ, ഇതിനു പ്രഥമസ്ഥാനം ഉണ്ടുതാനും. നമ്മുടെ കർത്താവുതന്നെ 'അവരെല്ലാവരും ഒന്നാകുന്നതിനുവേണ്ടി' (യോഹ. 17:20) തൻെറ മരണത്തിൻെറ തലേരാത്രി പ്രാർത്ഥിച്ചു. 'ചിതറികിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനു" (യോഹ. 1:52) കുരിശിന്മേൽ മരിച്ചു.

അതിനാൽ ക്രിസ്തുശിഷ്യന്മാരുടെ ഐക്യത്തിനും ലോകസമാധാനത്തിനും അക്ഷീണം പ്രവർത്തിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു...." (Ibid P. 173)

## പുതിയ ചാക്രിക ലേഖനം

"Ut Unum Sint" (അവർ ഒന്നാകേണ്ടതിനു എന്നൊരു പുതിയ ചാക്രിക ലേഖനം ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ 1995 മെയ് 30-ാം തീയതി പുറപ്പെടുവിച്ചിരിക്കുന്നു. രണ്ടായിരാമാണ്ടോടെ വിവിധക്രൈസ്തവസഭകൾ പൂർണ്ണമായ ഐക്യം കൈവരിക്കുന്നതിനുള്ള ശക്തമായ ആഹ്വാനമാണത്. സഭൈക്യത്തിൻെറ വഴിയാണു സഭയുടെ വഴി, അതിനെ സഭയുടെ പ്രവർത്തനങ്ങളിൽ ഒന്നായി മാത്രം കാണരുതെന്നു മാർപ്പാപ്പാ ചൂണ്ടിക്കാട്ടുന്നു. പാപ്പാസ്ഥാനത്തെക്കുറിച്ചു ലേഖനത്തിൽ പരാമർശനമുണ്ട്: 'ലോകത്തിലെ എല്ലാ ക്രിസ്ത്യാനികൾക്കും കൂടി ഒരു പരമോന്നത നേതാവു ഉണ്ടാവുകയാണ് പ്രായോഗികം. അതു മാർപ്പാപ്പായായിരിക്കണമെന്നു കത്തോലിക്കർ ബൈബിളിൻെറയും പാരമ്പര്യത്തിൻെറയും സഭാചരിത്രത്തിൻെറയും അടിസ്ഥാനത്തിൽ വിശ്വസിക്കുന്നു. എങ്കിലും മാർപ്പാപ്പായുടെ ഈ അധികാരം, എങ്ങനെ ഉപയോഗിക്കണമെന്നതിനെക്കുറിച്ചു ചർച്ചയാകാവുന്നതാണ്. പരമാധികാരത്തോടെ എടുത്തിട്ടുള്ള തീരുമാനങ്ങൾ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ഞാൻ ക്ഷമചോദിക്കുന്നു.'

## മാർപ്പാപ്പായുടെ ആഹ്വാനം ചെവിക്കൊള്ളുമെങ്കിൽ

ഇന്നത്തേതിലും ഭാസുരതരമായ ഒരു കാതോലിക്കാസിംഹാസനമാണ് മാർപ്പാപ്പായുടെ ആഹ്വാനം ചെവിക്കൊള്ളുമെങ്കിൽ സംജാതമാകുന്നത്.

1. മലങ്കര കാതോലിക്കാ ഇന്ത്യയുടെ പാത്രിയർക്കീസ് ആയി ഉയരും;

2. 'ഒരു സ്വയാധികാരസഭ' (Church Sui juris) എന്ന പുരോഗതി മലങ്കരസഭയ്ക്കു ലബ്ധമാകും; (പൗരസ്ത്യസഭകൾക്കുണ്ടേിയുള്ള കാനൻ നിയമസംഹിത (The Code of Canon Law for the Eastern churches)യിലൂടെയാണ് ഇതു സാധിതമാകുന്നത്.)

3. ആഗോളസഭയുടെ അംഗീകരണവും സഹായസഹകരണങ്ങളും ഈ സഭാ

www.malankaralibrary.com

കേന്ദ്രത്തെ ആശീർവദിക്കും;

4. മലങ്കര മക്കളുടെ പ്രേഷിതചൈതന്യം പതിന്മടങ്ങു വർദ്ധമാനമാകും;

5. വിഘടിതരായി നിലകൊള്ളുന്ന മലങ്കര സുറിയാനിക്കാർ ഒന്നിക്കുന്നതിനുള്ള സാധ്യത തെളിയും;

6. ഏകത്വം, സാർവ്വത്രികത്വം എന്നീ സഭാ ലക്ഷണങ്ങൾ സംരക്ഷിക്കുന്നതിനും വ്യവഹാരത്തെ നിശ്ശേഷം ശമിപ്പിക്കാനും കാതൊലിക ഐക്യം മാത്രമാണു കരണീയം;

7. ഔദ്യോഗിക കാനൻ (ഹുദായകാനോൻ) അംഗീകരിക്കുന്നതിലൂടെയുള്ള പൂർണ്ണത സഭയ്ക്കു ലബ്ധമാകും.

www.malankaralibrary.com

4

# എക്യുമെനിസത്തിന്റെ വിശാലവൃത്തവും ബനഡിക്ട് മാർ ഗ്രീഗോറിയോസും



പരിമിതവൃത്തത്തിലൂടെ എക്യുമെനിസത്തെ കാണുന്നവരുണ്ട്. ബനഡിക്ട് മാർ ഗ്രീഗോറിയോസ് അക്കൂട്ടത്തിലായിരുന്നില്ല. കാലിഫോർണിയായിലെ ആൽബർട്ടു കാർഡിനൽ മേയർ (Albert Cardinal Meyor) വരച്ചുകാട്ടുന്ന എക്യുമെനിസത്തിന്റെ വിശാലവൃത്തമാണ് അദ്ദേഹത്തിനു സ്വീകാര്യം. യോജിപ്പിലെത്താവുന്ന മൂല്യങ്ങളും സത്യങ്ങളും ഉള്ളിടത്തെല്ലാം ഓടിയെത്തണമെന്നു ചിന്തകനായമേയർ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു. "വിഘടിതരായ ക്രിസ്തീയ സഹോദരങ്ങളുടെ ഇടയിലേക്കു മാത്രമല്ല, എക്യുമെനിസചിന്ത കയറിപ്പറ്റേണ്ടത്. മതമൂല്യങ്ങളെ ആദരിക്കുന്നവരുമായെല്ലാം ബന്ധം പുലർത്തണം. യഹൂദന്മാരിലേക്കു തിരിയണം. പുർവ്വപിതാവായ അബ്രഹാമിലൂടെ നമുക്കു പൊതുബന്ധമുളളവരാണവർ. മുഹമ്മദീയരുമായി നാം ബന്ധിതരാകണം; ഒരേ ദൈവത്തെയും ഒരേ പ്രവാചകന്മാരെയും നമ്മെപ്പോലെ സ്വീകരിക്കുന്ന മുഹമ്മദുനിബിയുടെ അനുയായികളാണവർ. പൗരസ്ത്യമതങ്ങളുടെ നേരെ നാം കണ്ണടയ്ക്കരുത്; ഈശ്വരസാക്ഷാൽക്കാരം അംഗീകരിക്കുന്നവരാണവർ. യോജിപ്പിലെത്താവുന്ന

www.malankaralibrary.com

മതമൂല്യവും സത്യവും ഉള്ളിടത്തെല്ലാം നാം ഓടിയെത്തണം." (Albert Cardinal Meyor, The Scandal of a divided Christendom, SCU p. 33)

ഈ ചിന്തയാൽ നീതമായ മതമൈത്രിയത്രേ മാർ ഗ്രീഗോറിയോസിൻെറ ധന്യത. സർവ്വമതസ്ഥർക്കും സേവനമർപ്പിക്കുവാൻ ആ വിശാലഹൃദയൻെറ സ്നേഹഹസ്തം ഉയർന്നിരുന്നു. "മതമൈത്രിയുടെ സന്ദേശവാഹകൻ" എന്നു ശ്രീ പി.കെ. വാസുദേവൻ നായർ അദ്ദേഹത്തെ വിളിക്കുന്നുണ്ട്.

"....ഇന്ത്യയുടെ നിലനിൽപ്പിനു ആധാരമായിട്ടുള്ളത് മതനിരപേക്ഷതയിൽ കെട്ടിപ്പടുത്ത ഐക്യമാണെന്നു അദ്ദേഹം വിശ്വസിച്ചിരുന്നു. വർഗ്ഗീയതയുടെ വിഭാഗീയതയും ചേരിതിരിവുകളും സംഭവിക്കുമ്പോൾ അദ്ദേഹം മതമൈത്രിയുടെ സന്ദേശവാഹകനാകുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുള്ളതാണ്" (ധന്യജീവിതം p. 137 )

## ചെഷയർ ഹോം

തിരുവനന്തപുരം ചെഷയർ ഹോമിൻെറ വലംകൈയായി പ്രവർത്തിച്ചത് മാർ ഗ്രീഗോറിയോസ് ആണ്. അംഗവൈകല്യംമൂലം ദുരിതമനുഭവിക്കുന്ന നിരാലംബരുടെ ആശാകേന്ദ്രമായ ഈ സ്ഥാപനത്തിനുവേണ്ടി കുറവൻകോണത്തു ഒന്നര ഏക്കർ ഭൂമി നല്കാൻ തിരുമേനി മടിച്ചില്ല. ഈ സ്ഥലം ലഭിച്ചതുകൊണ്ടു മാത്രമാണ് സ്ഥാപനം യാഥാർത്ഥ്യമായത്. ആർച്ചുബിഷപ്പു ചെഷയർ ഹോമിൻെറ അദ്ധ്യക്ഷനായും ശ്രീ. കെ.ജി. സുകുമാരൻനായർ സെക്രട്ടറിയായും ആത്മാർത്ഥസേവനം ചെയ്തു. തിരുവിതാംകൂർ രാജകുടുംബം കെട്ടിടനിർമ്മാണച്ചെലവിൻെറ 75% വരുന്ന നാലര ലക്ഷംരൂപാ സംഭാവന നല്കി. തിരുമേനിയുടെ വ്യക്തിമുദ്രയാണ് ഈ പ്രവർത്തനത്തെ വിജയിപ്പിച്ചതു എന്നത്രേ ആദ്യകാല ആലോചനക്കാരിൽ ഒരുവനായ ഡോ. ബാബുപോൾ പറയുന്നത്. "അതിൻെറ ആദ്യത്തെ ആലോചനായോഗംതന്നെ തിരുമേനിയുടെ മുറിയിൽവെച്ചായിരുന്നു. അന്നത്തെ ചർച്ചയിൽ സംബന്ധിച്ചവരിൽ എയർ മാർഷൽ ജോസഫ്, കമ്മീഷണർ ജോർജ്ജ്, ജേക്കബ് കാവനാൽ എന്നിവർ ഇന്നു നമുക്കൊപ്പമില്ല. പണിയുടെ ചുമതല വഹിച്ച രത്നസ്വാമിയും ആദ്യകാലപ്രവർത്തകരായിരുന്ന തങ്കം ഭാസ്കരൻ നായർ, ഓമനക്കുഞ്ഞമ്മ എന്നിവരും അന്തരിച്ചു. എന്നാൽ, ഏവരും സമ്മതിക്കുന്ന ഒരുകാര്യമുണ്ട്. എയർ മാർഷലിൻെറ ആശയത്തിനു ഇന്നു കാണുന്ന രൂപം കിട്ടിയത് തിരുമേനി മുന്നിൽ നിന്നതുകൊണ്ടു മാത്രമാണ്. തിരുമേനിയെ കണ്ടിട്ടാണ് മനുഷ്യർ പണംകൊടുത്തത് - കൊട്ടാരത്തിൽനിന്നായാലും കൊട്ടിലിൽ നിന്നായാലും. ഈ പദ്ധതിയുടെ ആരംഭകാലത്താണ് തിരുമേനിയുടെ വ്യക്തിപ്രഭാവത്തിൻെറ വിവിധ മുഖങ്ങൾ ഞാൻ അടുത്തറിഞ്ഞത്" (ധന്യജീവിതം p. 120)

## ബിഷപ്പു ഷീനിൻെറ അനുഭവം

പള്ളിയുടെ വസ്തു പൊതുസ്ഥാപനത്തിനു കൊടുക്കുന്നതു യാഥാസ്ഥിതികരായ മതഭക്തരുടെ മറുതലിപ്പു ക്ഷണിച്ചുവരുത്തുന്നതാണ്. അങ്ങനെ

www.malankaralibrary.com


സംഭവിച്ചിട്ടുണ്ട്. അമേരിക്കയിലെ റോച്ചസ്റ്റർ രൂപതയിൽ ബിഷപ്പു ഷീനിന്റെ കാലത്തു അങ്ങനെ മറുതലിപ്പുണ്ടായി. പരമദുസ്സഹമായിരുന്നു റോച്ചസ്റ്ററിലെ നീഗ്രോകളുടെ സ്ഥിതി. ചേരിയിലെ ആ നിസ്സഹായർക്കു വീടുവെച്ചുകൊടുക്കുന്ന ഒരു പദ്ധതി ഫെഡറൽ ഗവൺമെൻറു ആവിഷ്ക്കരിച്ചു. ആ നീക്കത്തിൽ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ടു ഒരു പള്ളിയുടെ സ്ഥലവും പള്ളിക്കൂടവും ബിഷപ്പു ഷീൻ സംഭാവനചെയ്തു. തുടർന്നുണ്ടായതു ഒരു കൊടുങ്കാററാണ്. ഇടവകക്കാർ മറുതലിച്ചു. അറുപത്തിഎണ്ണായിരം ഡോളറിന്റെ നഷ്ടം അവരെ കലികൊള്ളിച്ചു. പള്ളിക്കൂടത്തിന്റെ തിരോധാനമാണ് ഒരു വൃദ്ധവൈദികനെ വിറളിപിടിപ്പിച്ചത്. ഇരുപത്തിമൂന്നു വൈദികർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം തന്നെ ബിഷപ്പിനു സമർപ്പിതമായി. അത്തരം സാമൂഹ്യസംരംഭങ്ങൾ മൂലം സഭയ്ക്കുണ്ടാകുന്ന ദൂരവ്യാപകഫലം എതിരാളികൾക്കു കാണാൻ കഴിഞ്ഞില്ല. ബിഷപ്പു മിണ്ടടങ്ങി. ദാനപത്രം പിൻവലിച്ചു. പ്രതിഷേധം ഉയർത്തിയ കോലാഹലങ്ങളെക്കുറിച്ചു ബിഷപ്പു ഷീനിന്റെ ആത്മകഥയിൽ പറയുന്നുണ്ട്: "കൃത്രിമമായി സൃഷ്ടിച്ചതാണെങ്കിലും ഇക്കാര്യത്തിൽ എതിർപ്പുണ്ടായി എന്നതു കണ്ടു ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. മെത്രാൻ ഒരു പള്ളി വിട്ടുകൊടുക്കുന്നതിനെ എതിർക്കുന്നതിനു രൂപത മുഴുവൻ ഫോൺ വിളികൾ ഉണ്ടായി. ഒരു കത്തോലിക്കാകോളജിലെ പെൺകുട്ടികളെ വണ്ടിയിൽ കുത്തിനിറച്ചു അജപാലനകാര്യാലയത്തിനു മുമ്പിൽ മുദ്രാവാക്യങ്ങളെഴുതിയ ഫലകങ്ങളോടെ ഒരു ഇടവക നശിപ്പിക്കുന്നതിന്റെ പേരിൽ മെത്രാനെ കുററപ്പെടുത്തിക്കൊണ്ടു പ്രകടനം നടത്തിച്ചു. അന്നു സായാഹ്നത്തിൽ ഞാൻ ഒരു സ്കൂളിൽ സന്ദർശനം നടത്തിയപ്പോൾ നൂറു കണക്കിനു ആളുകൾ എന്നെ വളഞ്ഞു. അവർ 'നമ്മുടെ ഇടവകയുടെ നശീകരണത്തിനെതിരായി സംഘടിപ്പിക്കപ്പെട്ടവരായിരുന്നു. ഞാൻ കടന്നുപോയപ്പോൾ അനേകർ കാറിനുനേരെ ചരൽവാരി എറിഞ്ഞു. അന്നു രാത്രി ഞാൻ എന്റെ വാഗ്ദാനം പിൻവലിച്ചു. ഭവനനിർമ്മാണത്തിൽ എന്തെങ്കിലും ചെയ്യുവാനുള്ള എന്റെ പരാജയത്തിന്റെ സ്മാരകമായി ആ ഒഴിഞ്ഞപള്ളിയും സ്കൂളും വൈദികമന്ദിരവും ചേരിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ സ്ഥിതിചെയ്യുന്നു." (മൺപാത്രത്തിലെ നിധി P. 164) ഇത്തരം സന്ദർഭങ്ങളിൽ സംഭവിക്കാവുന്ന എതിർപ്പിനെ തൃണവത്ഗണിച്ചുകൊണ്ടുള്ള സാഹസികസന്നദ്ധത മാർ ഗ്രീഗോറിയോസിന്റെ ആശയദാർഢ്യം തെളിയിക്കുന്നു.

## ചെഷയർ ഹോം മുക്കംപാലയിൽ

തിരുവനന്തപുരം ചെഷയർഹോമിന്റെ പുത്രിയെന്നത്രേ മുക്കംപാല ചെഷയർ ഹോം അറിയപ്പെടുന്നത്. ഒരുൾനാടൻ പ്രദേശമാണ് മുക്കൻപാല. സ്വന്തമായി ഒരു ചെഷയർ ഹോം കെട്ടിപ്പടുക്കുന്നതിനുള്ള ആഗ്രഹമാണ് ഇവിടത്തെ സ്ഥാപനത്തിനു പിന്നിലുള്ളത്. തിരുവനന്തപുരം അതിരൂപതയുടെ ബഥനി എസ്റ്റേറ്റിൽ തിരുമേനി സംഭാവന ചെയ്ത ഒരേക്കർ സ്ഥലത്തു ഇതു സ്ഥിതിചെയ്യുന്നു. ചെഷയർ ഹോമിന്റെ പ്രവർത്തനങ്ങളോടുള്ള തിരുമേനിയുടെ താല്പര്യം ഈ സ്ഥാപനം വെളിപ്പെടുത്തുന്നു.

www.malankaralibrary.com


## തിരുവനന്തപുരം സെൻറ് പീറേറഴ്സ് യാക്കോബായപ്പള്ളിയുമായി സൗഹൃദം

ഡോ. ബാബുപോൾ പറയുന്നു: "തിരുവനന്തപുരം സെൻറ് പീറേറഴ്സ് ഇടവകയെ സംബന്ധിച്ചിടത്തോളം തിരുമേനി ഞങ്ങൾക്കു ലോക്കൽ ഗാർഡിയനാണ്. ആരാധനയ്ക്കു സ്ഥലം അന്വേഷിച്ചപ്പോൾ തിരുമേനിയാണ് അനുവദിച്ചത്. ഒരു കാൻസർ രോഗി മരണാസന്നയായി കിടന്നപ്പോൾ എൻെറ വിനയപൂർവ്വമായ അപേക്ഷ സ്വീകരിച്ചു സെമിത്തേരിക്കു സ്ഥലം അനുവദിക്കുവാൻ തിരുമേനി ഒരു മണിക്കൂർ മാത്രമേ എടുത്തുള്ളു. 15 മിനിട്ടുകൊണ്ടു ഞാൻ ആവശ്യം അവതരിപ്പിച്ചു. 15 മിനിട്ടു തിരുമേനി അന്നു വികാരിജനറലായിരുന്ന മോൺ. കുരുവിളയുമായി സ്വകാര്യസംഭാഷണം നടത്തി. പിന്നെ 15 മിനിട്ടുകൊണ്ടു നടപടി ക്രമങ്ങൾ കല്പിച്ചു. അവസാനത്തെ 15 മിനിട്ടു കുരുവിളയച്ചനും ഞാനും സിമിത്തേരിയിൽ ആയിരുന്നു. സെററിൽ പോയി സ്ഥലം അളന്നു കുററിയടിക്കുവാൻ. കല്പിച്ച വ്യവസ്ഥകളോ വളരെ ഉദാരവുമായിരന്നു. സ്വന്തം സ്ഥലം ഉണ്ടാകുന്നതു വരെ ഉപയോഗിക്കുവാനുള്ള അനുവാദം. സ്വന്തമായി സ്ഥലം ഉണ്ടായിക്കഴിഞ്ഞാലും ധൂപം അർപ്പിക്കുവാൻ അനുവാദം. ഞങ്ങളുടെ മെത്രാപ്പോലീത്തായുടെ ഒരു കത്തു വേണം എന്നുമാത്രം. വിലകൊടുത്തുവാങ്ങിക്കുവാൻ ഞങ്ങൾ തയ്യാറായിരുന്നു. ആ വില സ്വീകരിക്കുവാൻ തിരുമേനിയുടെ പിതൃഹൃദയം വിസമ്മതിച്ചു."

മാർ ഗ്രീഗോറിയോസിൻെറ ഈ മഹാമനസ്കതയെ അത്യപൂർവ്വം എന്നു പറയാം. ഈ ലേഖകൻ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ സേവനമനുഷ്ഠിക്കുമ്പോൾ തിരുവല്ലാ രൂപതയിൽപ്പെട്ട ആലുവാ, കളമശ്ശേരി എന്നീ മിഷൻ പള്ളികളുടെ ചുമതല വഹിക്കേണ്ടിവന്നു. രണ്ടിടത്തും സിമിത്തേരി ഉണ്ടായിരുന്നില്ല. തന്മൂലം ബുദ്ധിമുട്ടു രൂക്ഷമായി. സമീപത്തുള്ള പള്ളികളുടെയും മെത്രാസനമന്ദിരങ്ങളുടെയും പടികൾ കയറിയിറങ്ങി. ഫലമുണ്ടായില്ല. പൊന്തിഫിക്കൽ സെമിനാരിയുടെ വിസ്തൃതമായ പറമ്പിൻെറ ഒരുമൂല പല വിഭാഗക്കാരുടെ ശ്മശാനങ്ങളാൽ ചുററപ്പെട്ടതാണ്. അവിടെ അല്പം സ്ഥലംകിട്ടിയാൽ സെമിത്തേരിക്കുള്ള അനുവാദം മുൻസിപ്പാലിററിയിൽ നിന്നു ലഭിക്കാൻ ബുദ്ധിമുട്ടു നേരിടുകയില്ല. സ്ഥലം ലഭിക്കാൻ കെ.സി.ബി.സി.യ്ക്കു അപേക്ഷിച്ചു. അനുകൂല മറുപടി കിട്ടി. എങ്കിലും അഞ്ചു സെൻറ് സ്ഥലത്തിനു എഴുപതിനായിരം രൂപാ മുടക്കേണ്ടിവന്നു. വില അല്പം കൂടിപ്പോയെങ്കിലും സെമിത്തേരി ഉണ്ടായല്ലൊ എന്നു ഇടവകജനങ്ങൾ ആശ്വസിച്ചു. മാർ ഗ്രീഗോറിയോസിൻെറ ഹൃദയവിശാലത സർവ്വസാധാരണമല്ലത്രേ.

## കരമനയിലെ വർഗ്ഗീയലഹള

എരിതീയിൽ എണ്ണ ഒഴിക്കുന്നവർ ധാരാളം , എന്നാൽ സംഘർഷം ഒതുക്കുന്നവർ നന്നേവിരളം. കരമനയിൽ വർഗ്ഗീയലഹളയുണ്ടായി.ഹൈന്ദവരുടെ വീടുകൾ മുസ്ലീങ്ങൾ കത്തിച്ചു. തിരിച്ചടി രൂക്ഷമായി.ഹൈന്ദവർ സംഘടിച്ചു, മുസ്ലീങ്ങളുടെ വീടുകൾ നശിപ്പിച്ചു. ദേവാലയങ്ങൾ ആക്രമിച്ചു. ലഹളയ്ക്കു വിരാ

www.malankaralibrary.com


മമിടാൻ പലരും മുന്നോട്ടുവന്നു. മുമ്പിൽ ആർച്ചു ബിഷപ്പ് മാർ ഗ്രീഗോറിയോസ് ഉണ്ടായിരുന്നു. കെ.ആർ. ഇലങ്കത്തും രാമകൃഷ്ണാശ്രമം പ്രസിഡണ്ട് ശ്രീമദ് ഗോലോകാനന്ദ സ്വാമിയും പാളയംപള്ളിയുടെ ഇമാമും ഒപ്പംനിന്നു.

ലഹളബാധിതപ്രദേശങ്ങൾ അവർ സന്ദർശിച്ചു; പട്ടം ബിഷപ്പ്സ് ഹൗസിൽ യോഗങ്ങൾ ചേർന്നു; സമാധാന സന്ദേശവുമായി പദയാത്രയിൽ വിവിധജാതിമതസ്ഥർ പങ്കെടുത്തു; കന്യാസ്ത്രീകൾ പദയാത്രയിൽ പങ്കെടുക്കുന്നത് ഇദംപ്രഥമമായിട്ടായിരുന്നു. ഒരു മാസത്തെ ശ്രമംകൊണ്ടു നാട്ടിൽ സമാധാനം പുനസ്ഥാപിതമായി.

ആർച്ചു ബിഷപ്പിനെ സന്ദർശിച്ചു മടങ്ങുന്ന ശ്രീമദ് ഗോലോകാനന്ദ സ്വാമിജി പറയുമായിരുന്നു "അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൽ വിശുദ്ധിയുടെ നല്ലൊരു ഭാഗം കലർന്നിട്ടുണ്ടെ"ന്ന്.

## നിലയ്ക്കൽ പ്രശ്നം

ശബരിമല തീർത്ഥാടനകേന്ദ്രം ഒരു വശത്ത്, മാർത്തോമ്മാശ്ലീഹായുമായി ബന്ധപ്പെടുത്തിയിട്ടുള്ള നിലയ്ക്കലിൻെറ സ്ഥാനം മറുവശത്ത്; അയ്യപ്പൻെറ പൂങ്കാവനമായ നിലയ്ക്കലെങ്ങും പള്ളി പാടില്ലെന്ന വാദം ഒരുകൂട്ടർക്കു, കുരിശു കണ്ടെടുത്ത ക്ഷേത്രവളപ്പിൽ തന്നെ പള്ളിവേണമെന്ന ശാഠ്യം മറുകൂട്ടർക്കു - രാജ്യം ഒരു വർഗ്ഗീയ സംഘട്ടനത്തിൻെറ വക്കത്തായി.

ശ്രീമദ് ഗോലോകാനന്ദ സ്വാമി, ശ്രീമതി ലക്ഷ്മി എൻ. മേനോൻ, ഡോ. ജി. രാമചന്ദ്രൻ, ഡി.സി. കിഴക്കേമുറി, കെ.ഇ. മാമ്മൻ, എം.പി. മന്മഥൻ എന്നിവർ സമാധാനത്തിനു മുൻകൈയെടുത്തു. കുരിശു സ്നേഹത്തിൻേറയും ത്യാഗത്തിൻേറയുമാണ്. അക്കാരണത്താൽ നിലയ്ക്കലിലെ പള്ളി ക്ഷേത്രത്തിൻെറ സമീപത്തു നിന്നു ദൂരെ മാററി സ്ഥാപിക്കണം - കമ്മിററി തീരുമാനമെടുത്തു. രണ്ടു കൂട്ടരേയും തീരുമാനം സമ്മതിപ്പിക്കുന്ന ഭാരിച്ച ഉത്തരവാദിത്വം മാർ ഗ്രീഗോറിയോസിൻെറ ചുമലിലായി.ഇതിനുവേണ്ടി അദ്ദേഹം കിണഞ്ഞു പണിപ്പെടേണ്ടി വന്നു. എല്ലാ മതവിഭാഗക്കാർക്കും സമ്മതമായ ഒരു സ്ഥലത്തു നിലയ്ക്കൽ പള്ളി സ്ഥാപിക്കുന്ന കാര്യത്തിൽ തിരുമേനിയുടെ സേവനം വിലപ്പെട്ടതായി. വിവിധ ക്രൈസ്തവവിഭാഗങ്ങൾക്കു ഒത്തൊരുമിക്കാവുന്ന ഒരു എക്യുമെനിക്കൽ പള്ളിയായി നിലയ്ക്കൽ ദൈവാലയത്തെ തിരുമേനി രൂപപ്പെടുത്തി.

## അയോദ്ധ്യാപ്രശ്നകമ്മീഷനിൽ

ഉരുണ്ടുകൂടിയ അയോധ്യാപ്രശ്നം ഇന്ത്യയിൽ കാറും കോളുംപരത്തി; രാഷ്ട്രീയത്തെ കുലുക്കി; ജനങ്ങൾ ഭയപ്പാടിൽ കുടുങ്ങി.പ്രശ്നപരിഹാരാർത്ഥം സർവ്വമതനേതാക്കന്മാരുടെ ഒരു ആലോചനായോഗം ശ്രീ നരസിംഹറാവു വിളിച്ചുകൂട്ടി. ആ കമ്മീഷനിൽ മാർ ഗ്രീഗോറിയോസും ഉണ്ടായിരുന്നു. ഇന്ത്യയിലെ ക്രിസ്തീയവിഭാഗത്തിൽ നിന്നുള്ള ഏക പ്രതിനിധിയായിരുന്നു അദ്ദേഹം. അന്നു തിരുമേനി അമേരിക്കൻ പര്യടനത്തിലാണ്. വിവരം അറിയിച്ചപ്പോൾ പരിപാടി റദ്ദ് ചെയ്തു തിരിച്ചെത്തുകയും കമ്മീഷൻ യോഗത്തിൽ പങ്കുകൊ

www.malankaralibrary.com


ള്ളുകയും ചെയ്തു. അഖിലേന്ത്യാതലത്തിൽ ലഭിച്ച ഒരു അംഗീകരണമായി ഈ കമ്മീഷൻ അംഗത്വം ഗണിക്കാം.

## സാമൂഹ്യ പരിഷ്ക്കർത്താവ്

മാർ ബനഡിക്ടിൻെറ കൃഷിവികസന പ്രവർത്തനങ്ങളെ ശ്രീ എം.എൻ. ഗോവിന്ദൻ നായർ പുകഴ്ത്തിയിട്ടുണ്ട്. ഭവനനിർമ്മാണ പ്രവർത്തനം, ക്ഷീരവികസന പദ്ധതി, സോഷ്യൽ സർവ്വീസ്, ക്രഡിററു യൂണിയൻ, മലങ്കര ഫിഷറീസ്, ഗാർമെൻറ് ഫാക്ടറി, തുടങ്ങിയവയിൽ തിരുമേനി ഏർപ്പെട്ടതു ഒരു പ്രത്യേക വിഭാഗക്കാർക്കു വേണ്ടിയായിരുന്നില്ല. ആ സാമൂഹ്യവികസന പ്രബുദ്ധതയെ ശ്രീ അലക്സാണ്ടർ ജേക്കബ് IPS വിലയിരുത്തുന്നതു ശ്രദ്ധേയമാണ്. "അദ്ദേഹം ഇരുപതാം നൂററാണ്ടുകണ്ട ഏററം വലിയ സാമൂഹ്യപരിഷ്ക്കർത്താക്കളിൽ ഒരാളാണു എന്നതു നിസ്തർക്കമായ വസ്തുതയാണ്. സമുഹത്തിൽ പരിവർത്തനം വരുത്തിയ പ്രമുഖന്മാരായ ശ്രീ നാരായണഗുരു, മന്നത്തു പത്മനാഭൻ, അയ്യൻകാളി, ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ എന്നിവരുടെ നിരയിൽ ആർച്ചുബിഷപ്പിനു തീർച്ചയായും ഒരു പ്രമുഖസ്ഥാനമുണ്ട്." (ധന്യജീവിതം P 164)

◆

www.malankaralibrary.com

5

# ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ



കേരളത്തിലെ ക്രൈസ്തവൈക്യസംരംഭത്തിനു വേണ്ടി പിടഞ്ഞ ഒരു ഹൃദയമാണ് 1979 ജൂൺ 25-ാം തീയ്തി സ്പന്ദനം അവസാനിപ്പിച്ചത്. 1887 മെയ് 12-ാം തീയതി ഭൂജാതനായ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ 93-ാം വയസ്സിൽ ഇഹലോകത്തോടു വിട പറയുമ്പോൾ അനുകരണീയങ്ങളായ പാഠങ്ങളത്രേ അനന്തരതലമുറയ്ക്കു നല്കുന്നത്. വാഗ്മി, എഴുത്തുകാരൻ, സംഘാടകൻ, ആചാര്യൻ എന്നീ നിലകളിലുള്ള അദ്ദേഹത്തിൻെറ സേവനം ആദരവു അർഹിക്കുന്നവ തന്നെയാണ്.

മലങ്കരസഭാചരിത്രത്തിലെ ഗൗരവാവഹങ്ങളായ ചില സംഭവങ്ങൾക്കു സാക്ഷിനിന്ന ചേപ്പാട്ടു മാർ ദീവന്യാസ്യോസ് മെത്രാപ്പോലീത്തായുടെ കബറിടത്തിൽ 1103 മീനം 16-ാം തീയതി ബ. പീലിപ്പോസച്ചൻ കമിഴ്ന്നുവീണ് ഏങ്ങലടിച്ചു പ്രാർത്ഥിച്ചു. സ്വന്തം കുടുംബത്തിലെ മണ്മറഞ്ഞ പ്രപിതാമഹനോടത്രേ 12 കൊല്ലത്തെ വൈദികാനുഭവമുള്ള ആ നാൽപ്പത്തൊന്നാം വയസ്സുകാരൻെറ സങ്കടം പറച്ചിൽ: "എൻെറ പിതാവേ, വഴക്കും വ്യവഹാരവുമായി കഴിഞ്ഞുകൂടുന്നതിനു എനിക്കു ഇഷ്ടമില്ല. വ്യവഹാരം വെറുത്തു തിരുമേനി സമുദായഭരണം ഉപേക്ഷി

www.malankaralibrary.com


ച്ചതുപോലെ ഈ പള്ളിഭരണം ഞാനും ഉപേക്ഷിക്കുന്നു. മകനായ അബ്സലോം എതിർത്തപ്പോൾ ദാവീദുരാജാവു കൊട്ടാരം വിട്ടു വിജനപ്രദേശത്തേക്കു ഓടിപ്പോയതുപോലെ ഞാനും മക്കളോടു യുദ്ധം ചെയ്യാൻ നിൽക്കാതെ വനവാസത്തിനുപോകയാണ്... എന്റെ ഭാവിക്കുവേണ്ടി തിരുമേനി സഹായിക്കണേ..." (പൂർവ്വകാല സ്മരണകൾ ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസു റമ്പാൻ പേ. 72).

സ്വന്തം പള്ളിയോടു യാത്രപറഞ്ഞ ചേപ്പാട്ടച്ചൻ മുണ്ടൻ മലയിലെ ബഥനിയിലേക്കാണു പോയത്. മാർ ഈവാനിയോസിന്റെ കത്തോലിക്കാപുനരൈക്യം അന്നു നടന്നുകഴിഞ്ഞിരുന്നില്ല. എങ്കിലും, റോമ്മാപ്പനി ബാധിച്ചിട്ടുണ്ടെന്നുള്ള ആക്ഷേപം ബഥനിത്തിരുമേനിയെപ്പറ്റി പലർക്കും ഉണ്ടായിക്കഴിഞ്ഞിരുന്നു. ചേപ്പാട്ടച്ചനെ ബഥനി കൂട്ടുകെട്ടിൽ നിന്നു വിടർത്താനും മെത്രാഭിഷേകത്തിനു പ്രാരംഭമായി റമ്പാൻ സ്ഥാനം കൊടുക്കാനും സമുദായം തീരുമാനിച്ചു. "പോകണമെന്നോ എപ്പിസ്ക്കോപ്പാ സ്ഥാനം ഏൽക്കണമെന്നോ ആഗ്രഹമുണ്ടോ?" എന്നുള്ള മാർ ഈവാനിയോസിന്റെ ചോദ്യത്തിനു ചേപ്പാട്ടച്ചൻ മറുപടി നല്കി: "സ്ഥാനമേൽക്കണമെന്നാണ് മനസ്സ്. എന്നാൽ, മെത്രാൻ സ്ഥാനമേൽക്കുവാൻ തുടങ്ങുന്ന അവസരത്തിലായാലും തിരുമേനി കത്തോലിക്കാസഭയിൽ ചേരുന്നുവെന്നു കേട്ടാൽ ഉടനെ ചുവന്നകുപ്പായം താഴെവച്ചിട്ടു പുനരൈക്യപ്പെടുവാൻ ഞാൻ വരുന്നതായിരിക്കും." (Ref. Ibid P. 81)

1929 നവംബർ 3-ാം തീയതി റമ്പാൻ സ്ഥാനാഭിഷിക്തനായ കഥാപുരുഷനെ സമുദായത്തിലെ തിക്താനുഭവങ്ങളാണ് പുനരൈക്യത്തിനു പ്രേരിപ്പിച്ചത്. പുലിക്കോട്ടു മാർ ദീവന്യാസ്യോസ്, ചേപ്പാട്ടു മാർ ദീവന്യാസ്യോസ്, വട്ടശ്ശേരി മാർ ദീവന്യാസ്യോസ് എന്നിവരെല്ലാം അതികായന്മാരായിരുന്നെങ്കിലും അവരുടെ കാലത്തൊന്നും സഭയിൽ സ്വസ്ഥത കണികാണാതെ പോയത് വ്യക്തികളുടെ കുറവുകൊണ്ടല്ലെന്നും പിന്നെയോ കസേരയുടെ ദോഷംകൊണ്ടാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു.

കത്തോലിക്കാ പുനരൈക്യത്തിൽ നിന്നു റമ്പാച്ചനെ പിന്തിരിപ്പിക്കാൻ അന്നത്തെ സമുദായനേതൃത്വം പല അടവുകളും പ്രയോഗിച്ചിട്ടുണ്ട്. അതിനുവേണ്ടി നിയുക്തരായ ചിലർ വന്ന് കത്തോലിക്കാസഭയിൽ ചേർന്നാൽ കടുത്തകഷ്ടസ്ഥിതി അനുഭവിക്കേണ്ടിവരും എന്നു അറിയിച്ചപ്പോൾ ആ ആദർശനിഷ്ഠൻ മറുപടി പറഞ്ഞു: "ക്രിസ്തു നമുക്കുവേണ്ടി സഹിച്ച കഷ്ടതകളോർക്കുമ്പോൾ നാം എത്ര കഷ്ടതസഹിച്ചാലും അതു സാരമില്ലെന്നു ഓർക്കണം. ക്രിസ്തുവാണ് പത്രോസിനെ സഭയ്ക്കു തലവനാക്കിയത്. അദ്ദേഹത്തിന്റെ പിൻഗാമിയാണു മാർപ്പാപ്പാ. അദ്ദേഹത്തെ അനുസരിച്ചു നിൽക്കുന്നതിനു കഷ്ടത ഒരു കാര്യമായ തടസ്സമല്ല." (Ref. Ibid P. 87)

## കർമ്മധീരത

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭഘട്ടത്തിൽ അഭിവന്ദ്യ റമ്പാച്ചൻ വഹിച്ച പങ്കു വളരെ വലുതാണ്. മിഷൻ കേന്ദ്രങ്ങൾ തുറക്കുവാൻ പറമ്പുകൾ വാങ്ങി; കെട്ടിടം വെച്ചു; പള്ളിക്കൂടങ്ങൾ ഉണ്ടാക്കി; സുവിശേഷകൺവൻ

www.malankaralibrary.com


ഷനുകൾ സംഘടിപ്പിച്ചു; വിശ്വാസികളെ പ്രബുദ്ധരാക്കി. എല്ലാം വൈഭവത്തോടെ നടത്തി. 1947-ൽ മാർ ഈവാനിയോസ് അമേരിക്കൻ പര്യടനത്തിനു പോയപ്പോൾ അഡ്മിസ്ട്രേറ്റർ ആയി തിരുവനന്തപുരം അതിരൂപതയുടെ ഭരണം നിർവ്വഹിച്ചത് ചേപ്പാട്ടു റമ്പാച്ചനാണ്. വിവിധനിലകളിലുള്ള സേവനങ്ങൾകൊണ്ടു സുസമ്മതനായ ഇദ്ദേഹത്തിനു ഡൊമസ്റ്റിക്കു പ്രിലേറ്റുസ്ഥാനം സമ്മാനിക്കുന്നതിന് പരിശുദ്ധ സിംഹാസനം മടിച്ചില്ല.

അടുത്തറിഞ്ഞവരൊന്നും റമ്പാച്ചനെ വെറുത്തില്ല. ഹൃദയാലുവായ ഒരു പുരോഹിതനായിട്ടത്രേ എല്ലാവരും അദ്ദേഹത്തെ കണ്ടത്. വൈദിക ശുശ്രൂഷയ്ക്കു കിട്ടിയ സന്ദർഭങ്ങളെല്ലാം ആ സഭാസ്നേഹി സസന്തോഷം നിർവ്വഹിച്ചു. വെട്ടൂർ, കുമ്പഴ, കോന്നിത്താഴം തുടങ്ങിയ സ്ഥലങ്ങളിലെ മിഷനും പള്ളിക്കൂടങ്ങളും പരിശോധിച്ചശേഷം 1936 ആഗസ്റ്റു 21-ാം തീയതി അഭിവന്ദ്യറമ്പാച്ചൻ പത്തനംതിട്ടയെത്തിയിരിക്കുകയാണ്. ഞായല്ലൂർ ജോൺസാറിൻെറ അമ്മ മരിച്ചവിവരം അപ്പോൾ അറിവായി. ശവസംസ്കാരത്തിൽ സംബന്ധിക്കാം എന്നു കരുതിയിരിക്കുമ്പോൾ കമ്പി സന്ദേശം എത്തിച്ചേർന്നു, റമ്പാച്ചൻെറ വൃദ്ധയായ അമ്മ ആസന്നമരണസ്ഥിതിയിലെന്ന്. ജോൺസാറാണ് ഏറ്റം പരിഭ്രാന്തനായത്. വൈദികവൈരള്യം പുനരൈക്യപ്രസ്ഥാനത്തെ അന്നുവരെ അലട്ടിയിരുന്നു. റമ്പാച്ചൻ പറഞ്ഞു: "എൻെറ അമ്മയ്ക്കു സുഖക്കേടുകൂടുതലാണെന്നേയുള്ളൂ. ജോൺസാറിൻെറ അമ്മ മരിച്ചുകഴിഞ്ഞു. അതിനാൽ ഈ ശവസംസ്കാരം കഴിഞ്ഞേ ഞാൻ പോകുന്നുള്ളു." ഇത്തരം ഹൃദയാലുത്വത്തിൻെറ കഥകൾ റമ്പാച്ചനെക്കുറിച്ചു പലർക്കും പറയാനുണ്ട്. (Ibid P. 135)

## സാഹിത്യഭടൻ

ഒരു തൂലികാ യോദ്ധാവായിരുന്നു സ്മര്യപുരുഷൻ. അദ്ദേഹത്തിൻെറ ആയോധനം മുഴുവൻ ക്രൈസ്തവൈക്യലക്ഷ്യം വെച്ചുകൊണ്ടുമായിരുന്നു. മലങ്കര സഭയുടെ ഐക്യനീക്കത്തെ താറടിക്കാനും അതിനുമുമ്പിൽ പ്രതിബന്ധം ഉയർത്തുവാനും ഒരുകൂട്ടം മുമ്പോട്ടു വന്നു. ഈ അവസരത്തിലാണ് സരസസാഹിത്യകാരന്മാരായ ചേപ്പാട്ടു റമ്പാനും പുലിക്കോട്ടു റമ്പാനും ചേർന്നു "മലങ്കരസഭയുടെ കുഴൽക്കണ്ണാടി" എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. മലങ്കരസഭയ്ക്കു പാത്രിയർക്കീസുമായി യോജിക്കരുതോ? സ്വതന്ത്രമായി നിൽക്കരുതോ? മാർത്തോമ്മാക്കാരുമായി ബന്ധപ്പെടരുതോ? യൗനായസഭയുമായി ഒന്നിക്കരുതോ? എന്നീ പ്രശ്നങ്ങളെ കുലങ്കഷമായി ചർച്ച ചെയ്തതിനുശേഷം കത്തോലിക്കാ പുനരൈക്യമത്രേ ഏകകരണീയം എന്നു സമർത്ഥിക്കയത്രേ പ്രസ്തുത ഗ്രന്ഥം ചെയ്യുന്നത്. ഒഴുക്കും ഊർജ്ജസ്വലതയുമുള്ള അതിലെ വാക്യരീതിക്ക് ഒരു ഉദാഹരണമിതാ: "കണ്ണിൽ കുത്തിയാൽ പോലും കാണാൻ വയ്യാത്ത കൂരിരുട്ടത്തു, തുള്ളിക്കൊരുകുടം വീതം മഴപെയ്തു കൊണ്ടിരിക്കുമ്പോൾ, കാറ്റും കോളും തിമിതകർത്തുകൊണ്ടിരിക്കവേ, ഒരു കൊച്ചു വള്ളത്തിലേറി വേമ്പനാട്ടു കായലിലൂടെ യാത്ര ചെയ്യാൻ ഇടയാകുന്നവർക്കുണ്ടാകുന്ന ഉള്ളിലെ കാളലും വെമ്പലും ആർക്കും ഊഹിച്ചറിയാവുന്നതായിരിക്കും. മലങ്കര

www.malankaralibrary.com


സുറിയാനി സഭ ഒരു കൊച്ചുവള്ളമാണെന്നു തന്നെ സങ്കല്പിക്കുക. എങ്കിൽ, അതിപ്പോൾ കിടക്കുന്നത് വേമ്പനാട്ടുകായലിൽ തന്നെ എന്നു ആരും സമ്മതിക്കും." പ്രകൃതകൃതിയുടെ വശ്യത ബന്ധനിവിരുദ്ധരെ ഞെരിപിരികൊള്ളിക്കതന്നെ ചെയ്തു. അവർ "മലങ്കരസഭയുടെ ഭൂതക്കണ്ണാടി" പ്രസിദ്ധീകരിച്ചു കൊണ്ടത്രേ അരിശം തീർത്തത്. അതിനു പ്രത്യാഖ്യാനം വേണ്ടിവന്നു. അതത്രേ ദാസൻ പത്രാധിപർ ശ്രീ എം.എം. വർക്കിയുടെ "മലങ്കര സഭയുടെ എക്സറേ" എന്ന പുസ്തകം.

1938-ൽ മാർ സേവേറിയോസ് പുനരൈക്യപ്പെട്ടു. അദ്ദേഹത്തെ ആക്ഷേപിക്കുന്നതിനും ആളുകളുണ്ടായി. അക്കൂട്ടത്തിൽ ഒന്നാണ് പുതക്കുഴിയിൽ ഏബ്രഹാം കത്തനാരുടെ "റോമാ സഭയും റീത്തുകളും" എന്ന പുസ്തകം. പീലിപ്പോസു റമ്പാൻെറ വിദഗ്ധതുലിക ആ ആക്ഷേപകൃതിക്കും മറുപടി കൊടുത്തു. "നേർവഴികാട്ടി" എന്ന വിശിഷ്ടഗ്രന്ഥത്തിലൂടെ. "അൽഹോയ് കീപ്പോ ദസ്ബസ് ശെമവൂൻ, റീശ് തൽമീതെബനിയോനോലോ" എന്നു തുടങ്ങുന്ന പ്രാർത്ഥനാഗാനങ്ങൾ ഉരുവിടുന്ന മലങ്കരസഭയ്ക്കു പത്രോസിൻെറ സവിശേഷസ്ഥാനത്തെ ഉപേക്ഷിക്കുക സാധ്യമല്ലെന്നും മലങ്കരസഭയുടെ ആരാധനക്രമവും കത്തോലിക്കാസഭയുടെ സംവിധാനവും ചേർന്നുള്ള മനോഹാരിത അത്യാകർഷകമായിരിക്കുമെന്നും അതിൽ സമർത്ഥിച്ചിരിക്കുന്നു. പ്രസിദ്ധീകരണങ്ങൾ ഫലദായകങ്ങളല്ലെന്നു ആക്ഷേപിക്കുന്നവരുണ്ട്. അന്നു തിരുവനന്തപുരത്ത് അഡ്വക്കേറ്റ് ആയിരുന്ന മിസ് മേരി പോത്തൻ ബി.എ.ബി.എൽ. "നേർവഴികാട്ടി"യുടെ രണ്ടു ഡസൻ കോപ്പി വാങ്ങി മെത്രാന്മാർക്കും സമുദായ നേതാക്കന്മാർക്കും അയച്ചു കൊടുക്കയും തികഞ്ഞ ആത്മാർത്ഥതയോടെ ആ മഹിള കത്തോലിക്കാസഭയിൽ പ്രവേശിക്കുകയും ചെയ്തു. ചേപ്പാട്ടു പീലിപ്പോസ് റമ്പാൻെറ ലഘുലേഖകൾ തൻെറ പുനരൈക്യത്തിൽ പ്രേരകമായിട്ടുണ്ടെന്ന് അഭിവന്ദ്യ പൗലൂസ് മാർ പീലക്സിനോസ് പ്രസ്താവിക്കുന്നു. ഇത്തരം സംഭവങ്ങൾ അനവധിയാണ്.

അഭിവന്ദ്യ ചേപ്പാട്ടു റമ്പാച്ചനിലെ അദ്ധ്യാപനപാടവമത്രേ "മേരിഗിരി വേദോപദേശപാഠാവലി" എന്ന പേരിൽ അഞ്ചു ഭാഗങ്ങളിലായി പ്രകാശിതമായിട്ടുള്ള പുസ്തകപരമ്പര വെളിപ്പെടുത്തുന്നത്. കേരള സഭാചരിത്രം. തിരുസഭാചരിത്രം എന്നീ രണ്ടു പുസ്തകങ്ങൾകൂടി അക്കൂട്ടത്തിൽപ്പെടും.

## സത്യസഭാകാഹളം

ആശയപ്രചാരണത്തിനു കിട്ടിയ സന്ദർഭമൊന്നും പീലിപ്പോസു റമ്പാൻ പാഴാക്കിയിട്ടില്ല. ഇദ്ദേഹം തുടങ്ങിയതാണ് സത്യസഭാകാഹളം മാസിക. പിന്നീടതു "ക്രൈസ്തവ കാഹളം" എന്ന പേരിൽ പ്രസിദ്ധീകൃതമായി. സഭാപ്രബോധനങ്ങൾക്കെതിരെ ഉയർന്നു വന്ന ആക്രമണങ്ങളെ "കാഹളം" ശക്തമായി ചെറുത്തു. കെ.എൻ. ഡാനിയേലിൻെറ വാദമുഖങ്ങളും രോഗികളെ ചികിത്സിപ്പിക്കാൻ അനുവദിക്കാത്ത അത്ഭുതരോഗ ശാന്തിക്കാരുടെ മുട്ടാപ്പോക്കുകളും "കഴിയുമെങ്കിൽ എന്നെയും കത്തോലിക്കനാക്കുക" എന്ന ചിലരുടെ വെല്ലുവിളിയിലെ കഴമ്പില്ലായ്മയും മറുഭാഷാവാദക്കാരുടെയും സാബത്തുമിഷൻകാരുടെയും

www.malankaralibrary.com



ശിശുസ്നാനവിരുദ്ധവാദികളുടെയും കുയുക്തികളും എല്ലാം കരുത്തുറ്റ ഈ പത്രാധിപരുടെ കുർത്തുമൂർച്ചയേറിയ തുലികയ്ക്കുമുമ്പിൽ നിശ്ചലങ്ങളായിപ്പോയി.

ലക്ഷ്യാധിഷ്ഠിത പത്രികയായ "കാഹള" ത്തോടു കുട്ടിക്കാലം തൊട്ടേ ഈ ലേഖകന് അടുപ്പമുണ്ടായി. ഒരിക്കലൊരു സമസ്യ വന്നു. "സത്യം തന്നെ വദിച്ചു നിത്യമവനിത്തട്ടിൽ പ്രശോഭിക്കണം" എന്ന ശ്ലോകപാദം പൂരിപ്പിക്കണം. പ്രയോജകൻ ഫാ. തോമസ് ഇഞ്ചയ്ക്കലോടി. അദ്ദേഹം കവിതയും എഴുതുമെന്ന് അപ്പോളാണ് മനസ്സിലായത്. വെള്ളപ്പാട്ടു മത്തായികത്തനാർ, ജോസഫ് പി. പുലിക്കോടൻ, പീറ്റർ അയ്യനേത്തുകൈപ്പട്ടൂർ, ഏണേക്കാട്ടു യൗസേഫുകത്തനാർ, കുര്യൻ വറുഗീസ് കടശ്ശനാട്ട്, കെ.റ്റി. ഏബ്രാഹം പത്തനംതിട്ട, എം. ഗീവറുഗീസ് വയലത്തല എന്നിവരുടെ പൂരണങ്ങളോടൊപ്പം കേവലം വിദ്യാർത്ഥിയായിരുന്ന എന്റെ ശ്ലോകവും പ്രസിദ്ധീകൃതമായി. "ബാലവികൃതി" യെന്നു വിളിക്കപ്പെടേണ്ട ആ ശ്ലോകം ഇന്നും ഞാൻ മറന്നിട്ടില്ല.

"ചീർത്തുള്ളന്ധതതീർത്തു മർത്യതതിയിൽ
 ബോധം വളർത്തുന്നസൽ-
കത്തോലിക്ക മതപ്രബോധനമഹാ
 തത്ത്വം പരത്തീടുവാൻ
ഹൃത്തിൽ ശ്രദ്ധ വിതിർത്തു ശുദ്ധനിനദം
 കീർത്തിച്ചിട്ടും "കാഹളം"
സത്യം തന്നെ വദിച്ചു നിത്യ-
 മവനിത്തട്ടിൽ പ്രശോഭിക്കണം".

"കാഹള"ത്തിലെ പ്രമുഖവിഭവം എന്തെന്നല്ലേ? റമ്പാച്ചന്റെ ലേഖനങ്ങൾ തന്നെ. അവയുടെ എണ്ണം ഒന്നും പത്തുമല്ല, അനേകശതങ്ങളാണ്. ആചിന്തോദ്ദീപകരചനകൾ വിസ്മൃതകോടിയിൽ ആണ്ടുപോകാതെ സൂക്ഷിക്കേണ്ടതു സമുദായസ്നേഹികളുടെ ചുമതലയത്രേ. സഭാസ്നേഹം, ലളിതപ്രതിപാദനം, വേദപുസ്തകാധിഷ്ഠിതത്വം, കുറിക്കുകൊള്ളുന്ന ഉദാഹരണം എല്ലാം ആ ലേഖനങ്ങളുടെ പ്രത്യേകതകളത്രേ. അവയിൽ ഒന്നെങ്കിലും എടുത്തു കാട്ടാതിരുന്നാൽ ഈ ചിത്രീകരണം പൂർണ്ണമാകയില്ല.

## സ്ഥാലീപുലാകന്യായേന ഒരു ലേഖനം

1953 നവംബർ ലക്കം കാഹളത്തിൽ നിന്നാണ് ഉദ്ധരിക്കുന്നത്. "സത്യപ്രകാശിനി"യിലെ ഒരു ലേഖനത്തിന്റെ പൊള്ളത്തം വെളിപ്പെടുത്തുകയാണ്. ഉദ്ധൃതലേഖനത്തിന്റെ ഉപശീർഷകങ്ങൾ ഈ എഴുത്തുകാരന്റേതത്രേ.

## "സത്യപ്രകാശിനി വിശുദ്ധന്മാരുടെ നേരെ"

### ആമുഖം

"ബ്രദറൻ സഭക്കാരുടെ വക സത്യപ്രകാശിനി എന്ന മാസികയുടെ ഈ കഴിഞ്ഞ ആഗസ്റ്റു ലക്കത്തിൽ കത്തോലിക്കാസഭയും മറ്റുള്ള ചില

www.malankaralibrary.com


പൂർവ്വസഭകളും വിശുദ്ധന്മാരുടെ നേരെ കാണിക്കുന്ന ആദരവിനെപ്പററി വായനക്കാർക്കു അവജ്ഞയും അവമതിയും ജനിപ്പിക്കത്തക്ക പുച്ഛരസ്വരത്തിൽ ചില പരിഹാസവാർത്തകൾ പ്രസിദ്ധം ചെയ്തിരിക്കുന്നു. സുവിശേഷവേലയിൽ വിജയം നേടുവാൻ പരിഹാസങ്ങളും വ്യാജപ്രസ്താവങ്ങളും നടത്താമെന്നും അതു ദൈവത്തിനുവേണ്ടിയുള്ളതാകയാൽ കുറ്റകരമായി ദൈവം കരുതുകയില്ലെന്നും ഇവർക്കൊരു തെറ്റിദ്ധാരണയുള്ളതായി ഇത്തരം പ്രസ്താവനകളിൽ നിന്നു തോന്നിപ്പോകുന്നു. വായനക്കാരുടെ അറിവിലേക്കായി പ്രസ്തുത ലേഖനം അതേപടി ഉദ്ധരിച്ചുകൊള്ളുന്നു.

### അപഹാസജല്പനം

"പലസ്തീനായിൽ നിന്നും വന്ന ഒരു 'ബാവാ'യുടെ പക്കൽ കന്യാസ്ത്രീ അമ്മയുടെ മുലപ്പാൽ കിട്ടിയിട്ടുണ്ടെന്നും പറഞ്ഞ്, അതു കലക്കി വെള്ളം കുടിക്കുവാൻ അനേകം രോഗികൾ കുറെക്കാലം മുമ്പായി കുന്നംകുളങ്ങരയ്ക്കു പൊയ്ക്കൊണ്ടിരുന്നു. തിരുശേഷിപ്പുകളെകൊണ്ടു മുതലെടുക്കുന്നതിനു കത്തോലിക്കരോളം പ്രാപ്തി വേറെ ആർക്കുമില്ല. എന്നാൽ ഈയിടെ അസീറിയൻ ഓർത്തഡോക്സു പാത്രിയർക്കീസിനു ഒരുശേഷിപ്പുകിട്ടി. അതു കന്യകമറിയം അരയിൽ ചുറ്റിയിരുന്ന പട്ടുറുമാൽ ആണ്. ഒരു പള്ളിയിലെ ത്രോണോസിൽ നിക്ഷേപിച്ചിരിക്കുന്നതായി അതു കണ്ടെടുക്കപ്പെട്ടിരിക്കുന്നു. ഇനി അതെന്തുമാത്രം പണം സമ്പാദിക്കുമെന്നു ഊഹിക്കയേ വേണ്ടു."

"ഭരണങ്ങാനത്തു അൽഫോൻസാമ്മയ്ക്കു നേരുന്നതിൽ ഉദ്ദിഷ്ടകാര്യങ്ങൾ നിറവേറുന്നതായി ശരാശരി ഇരുപതു സാക്ഷ്യങ്ങൾ വീതം പത്രങ്ങളിൽ ഫോട്ടോ സഹിതം പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇതിൻെറ നിജസ്ഥിതിയെപ്പറ്റി അന്വേഷിച്ചപ്പോൾ ഒരു കമ്മീഷനേയും ഒരു വൈദികകോടതി വിചാരണയേയും റോമിൽ നിന്നും അനുവദിച്ചിരിക്കുന്നു. ഇതൊന്നും വളരെയധികം അന്വേഷിപ്പാൻ ആവശ്യമുണ്ടെന്നു ഞങ്ങൾക്കുതോന്നുന്നില്ല. ശബരിമലയ്ക്കു പോകാൻ നേരുന്ന അനേകായിരം ഹിന്ദുക്കളും നാഗൂരിനു പോകാൻ നേരുന്ന അനേകായിരം മുഹമ്മദീയരും തങ്ങൾക്കു ഉദ്ദിഷ്ടകാര്യസാധ്യം ഉണ്ടാകുന്നെന്ന് എത്രയോനാളായി സാക്ഷ്യം പറയുന്നു. അത്രയെങ്കിലും വിശ്വസിക്കരുതോ ഇതും.

തിരുശേഷിപ്പുകളെക്കുറിച്ചു വേദപുസ്തകസാക്ഷ്യങ്ങൾ

"കത്തോലിക്കർ വിശുദ്ധന്മാരെയും അവരുടെ തിരുശേഷിപ്പുകളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിൽ "സത്യപ്രകാശിനി" അമർഷം കൊള്ളുന്നു. എന്നാൽ ഈ പതിവു ഭക്തന്മാരുടെ ഇടയിൽ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ക്രിസ്തുവിനു ഏകദേശം 2000 കൊല്ലങ്ങൾക്കുമുമ്പു മുതലുള്ള രേഖ ഇതിലേക്കു ഉദ്ധരിക്കുവാനുണ്ട്. ഇസ്രയേൽ ജനത്തെ മിസ്രയീമിൽ നിന്നു വിടുവിച്ചുകൊണ്ടു പോകുവാൻ ഫറവോ രാജാവിൻെറ അനുമതിലഭിച്ചതു ഒരു രാത്രിയിലായിരുന്നു. ആ രാത്രിതന്നെ പുറപ്പെടാനുള്ള പലബദ്ധപ്പാടുകൾക്കിടയിൽ മോശ ചെന്ന്, മുന്നൂറിൽപ്പരം കൊല്ലങ്ങൾക്കുമുമ്പ് മരിച്ചു കബറടക്കപ്പെട്ടിരുന്ന യൗസേപ്പിൻെറ ശവകുടീരം തുറന്ന് അദ്ദേഹത്തിൻെറ തിരുശേഷിപ്പുകൾ

www.malankaralibrary.com

ഭക്ത്യാദരപൂരസരം എടുത്തുകൊണ്ടുപോകുന്നതായി മോശയുടെ പുസ്തകത്തിൽ നാം വായിക്കുന്നു. (പുറ. 13:19)

ഏലിയാദീർഘദർശി അഗ്നിരഥത്തിൽ സ്വർഗ്ഗത്തിലേക്കു എടുത്തുകൊള്ളപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ ഒരു തിരുശേഷിപ്പായി താഴെവീണ ഒരു വസ്ത്രം എടുത്തുകൊണ്ടുചെന്ന് ഏലീശാ ദീർഘദർശി യോർദ്ദാനിലെ വെള്ളത്തിൽ അടിച്ചപ്പോൾ വെള്ളം ഇരുവശത്തേക്കും മാറിക്കൊടുത്തതായും ഏലിശാ ദീർഘദർശി യോർദ്ദാനിൽകൂടി നടന്നു അക്കരകടന്നതായും രാജാക്കന്മാരുടെ പുസ്തകത്തിൽ നാം വായിക്കുന്നു. (2 രാജാ. 2:14)

പരിശുദ്ധനായ ഏലിശായെ പരിഹസിച്ച ബേതലഹേമിലെ കുട്ടികളിൽ 42 പേരെ രണ്ടു പെൺകരടികൾ വനത്തിൽ നിന്നു വന്ന് ചീന്തിക്കളഞ്ഞതായും അതേ അദ്ധ്യായത്തിൽ ത്തന്നെ നാം വായിക്കുന്നു. (2 രാജാ. 2: 23-25) ഏലീശാ ദീർഘദർശി മരിച്ചു രണ്ടു വർഷം കഴിഞ്ഞശേഷം അദ്ദേഹത്തിൻെറ അസ്ഥികൾമേൽവെയ്ക്കപ്പെട്ട ഒരു മൃതശരീരം ജീവിച്ചെഴുന്നേറ്റതായും നാം വായിക്കുന്നു. ( 2 രാജാ. 13-21) വി. പത്രോസിൻെറ നിഴൽ തട്ടി അനേകം രോഗികൾ സുഖം പ്രാപിച്ചുകൊണ്ടിരുന്നതിനാൽ അന്നത്തെ ആളുകൾ തങ്ങളുടെ രോഗികളെ കട്ടിലിൽ എടുത്തുകൊണ്ടുവന്ന് പത്രോസ് പോകുന്നവഴികളിൽ വയ്ക്കുമായിരുന്നു. (നടപടി. 5: 15-16) വി.പൗലൂസ് ഉപയോഗിച്ചു വന്ന ഉത്തരീയവും തൂവാലയും എഫേസൂസിലെയും മറ്റും ആളുകൾ വാങ്ങികൊണ്ടുപോയി തങ്ങളുടെ രോഗികൾ മേൽ വെയ്ക്കുകയും അവർ സുഖം പ്രപിക്കുകയും ചെയ്തുവന്നിരുന്നതായി ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ നാം വായിക്കുന്നു. (നട. 19:12) റോമിലെ ഹെലേനാ രാജ്ഞി ക്രിസ്തുവിൻെറ കുരിശന്വേഷിച്ചു പാലസ്തീൻ നാട്ടിൽ പര്യടനം നടത്തിയ കാലത്തു മൂന്നു കുരിശുകൾ കണ്ടെടുത്തതായും യെരുശലേമിലെ മക്കാറിയൂസ് മെത്രാൻ രോഗിണിയായ ഒരു സ്ത്രീയെക്കൊണ്ടു ആ കുരിശുകളിൽ തൊടുവിച്ചുവെന്നും ക്രിസ്തുവിൻെറ കുരിശിൽ തൊട്ടപ്പോൾ അവളുടെ രോഗം അത്ഭുതകരമാം വണ്ണം ഭേദമായി എന്നും അങ്ങനെയാണ് ക്രിസ്തുവിൻെറ കുരിശു തിരിച്ചറിഞ്ഞതെന്നും ചരിത്രത്തിൽ നാം വായിക്കുന്നു."

## സഭയിലെ വിശുദ്ധന്മാരും തിരുശേഷിപ്പുകളും

"വിശുദ്ധന്മാരുടെയും അവരുടെ തിരുശേഷിപ്പുകളുടെയും പ്രാധാന്യമല്ലയോ മേൽപ്പറഞ്ഞ വേദപുസ്തകസാക്ഷ്യങ്ങളിലും ചരിത്രത്തിലും നാം കാണുന്നത്. യൗസേഫിൻെറ തിരുശേഷിപ്പ് എടുത്തു കാത്തുസൂക്ഷിച്ചുവന്ന മോശയെപ്പറ്റി വേദപുസ്തകം സാക്ഷിക്കുന്നത് അദ്ദേഹം ദൈവത്തിനുപകരമുള്ളവനാണെന്നും (പുറ. 4:16) ദൈവത്തിൻെറ ഭവനത്തിലൊക്കെയും വിശ്വസ്ഥനാണെന്ന് ദൈവം സാക്ഷിച്ചിട്ടുള്ളവനാണെന്നും (സംഖ്യ 12:7) അത്രേ. മോശ, ഏലിയാ, ഏലീശാ, വി. പത്രോസ്, വി. പൗലൂസ് എന്നിവരെല്ലാം വേദപുസ്തകത്തിലെ കഥാപാത്രങ്ങളിൽ പ്രധാനന്മാരും വിശുദ്ധന്മാരുമാണ്. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ യോഹന്നാൻ മാംദാനയേക്കാൾ വലിയവനാകുന്നു എന്ന്

www.malankaralibrary.com

ഒരിക്കൽ നമ്മുടെ കർത്താവു തന്നെ കല്പിക്കുകയുണ്ടായി. ആ തിരുവചനമനുസരിച്ചു നോക്കുമ്പോൾ ക്രിസ്തീയ സഭയിലെ വിശുദ്ധന്മാരും അവരുടെ തിരുശേഷിപ്പുകളും പഴയ നിയമത്തിലെ വിശുദ്ധന്മാരുടെയും അവരുടെ തിരുശേഷിപ്പുകളെയുംകാൾ വളരെ മടങ്ങു മഹത്വമേറിയതായിരിക്കുമെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ഇത്ര മാഹാത്മ്യമേറിയ സംഗതിയാണ് "സത്യപ്രകാശിനി"ക്കു പുച്ഛമായിത്തീർന്നിരിക്കുന്നത്. ഈ പുച്ഛം പുലമ്പലിൽ തക്ക ലാക്കുണ്ടെന്നു ഞങ്ങൾക്കറിയാം. മനുഷ്യൻ വിചാരിക്കുന്ന കാര്യം സാധിക്കുവാൻ ഏതു വിക്രിയയും നടത്തിക്കളയാമെന്നു വിചാരിക്കുന്നത് എത്രയും പരിതാപകരം തന്നെ."

## രണ്ടു വീട്ടുകാരുടെ കഥ

"ഒരു സ്ഥലത്ത് അതിപുരാതനമായ ഒരു കുടുംബം ഉണ്ടായിരുന്നു. അവർ വഴിയരികിൽ ഭംഗിയുള്ള ഒരു മന്ദിരം തീർത്തു. ആ തറവാട്ടിലെ പൂർവ്വകാരണവന്മാരുടെ പടങ്ങളും മറ്റും ഭംഗിയായി അലങ്കരിച്ച് അതിൽ വെച്ചു സൂക്ഷിച്ചു വന്നിരുന്നു. അങ്ങനെയിരിക്കെ സമീപത്തൊരു പാവപ്പെട്ടവൻ വാർ സർവ്വീസിൽ ചേരുകയും എങ്ങിനെയോ അവൻ വളരെ പണം സമ്പാദിക്കുകയും ചെയ്തു. അയാൾ മടങ്ങിവന്ന് ഈ മന്ദിരത്തിനെതിരായി റോഡിന്റെ മറുവശത്ത് ഇതേ രീതിയിൽ ഒരു കെട്ടിടം പണിതു. അയാളുടെ കാരണവന്മാരുടെ പടങ്ങളും മറ്റും കൊണ്ട് അതിനെ അലങ്കരിക്കുകയും ചെയ്തു. സന്ദർശകരായി വരുന്നവരിൽ ചില ജിജ്ഞാസുക്കൾ ആ പടങ്ങളുടെ വിവരണങ്ങളും മറ്റും അവരോടു ചോദിച്ചറിയുമായിരുന്നു. ആ പഴയ തറവാട്ടുകാരൻ ഓരോ പടവും ചൂണ്ടിക്കാണിച്ച് "ഇത് അപ്പച്ചന്റെ പടമാണു. അപ്പച്ചൻ ഒരു തഹസീൽദാരായിരുന്നു; അതു വല്യപ്പച്ചന്റെ പടമാണ്. അദ്ദേഹം ഒരു പേഷ്ക്കാരായിരുന്നു. അക്കാണുന്നത് വല്യവല്യപ്പച്ചന്റെ പടമാണ്. അദ്ദേഹം മദ്രാസിൽ കളക്ടറായിരുന്നു." എന്നിങ്ങനെ ഓരോ പടത്തിന്റെ വിവരവും അവരെ പറഞ്ഞു കേൾപ്പിച്ചു വന്നു. അതു കേൾക്കുന്നവർക്കു ആ കുടുംബത്തെപ്പറ്റി ഒരു മതിപ്പും ബഹുമാനവും അതിന്റെ പുരാതനത്വത്തെക്കുറിച്ചു ഒരാദരവും ഉണ്ടാകുമായിരുന്നു. മറ്റേ വീട്ടിൽ ചെല്ലുന്ന ജിജ്ഞാസുക്കളോടു അവിടെയുള്ള പടങ്ങളെപ്പറ്റി അയാളും പറഞ്ഞു വന്നു: "ഇതു അപ്പച്ചന്റെ പടമാണ്. മത്സ്യവ്യാപാരമായിരുന്നു തൊഴിൽ. അക്കാണുന്നത് വല്യപ്പച്ചന്റെ പടമാണ്. ഒരു നല്ല ചുമട്ടുകാരനായിരുന്നു. ബോട്ടുജെട്ടിയിലായിരുന്നു ജോലി. മറ്റത് വല്യവല്യപ്പച്ചന്റെ പടമാണ്. ഭക്ഷണത്തിനു നല്ല 'കൊശി'യുള്ള ആളായിരുന്നു. സദ്യ എവിടെ ഉണ്ടായിരുന്നാലും പോയി ഉണ്ണും. നാട്ടിലുള്ള എല്ലാ വീട്ടിലെയും ശ്രാദ്ധത്തിന്റെ തീയതി അദ്ദേഹത്തിനു നല്ല നിശ്ചയമായിരുന്നു." എന്നിങ്ങനെയുള്ള പൂർവ്വചരിത്രങ്ങൾ എല്ലാം അയാളും പറഞ്ഞുകേൾപ്പിച്ചിരുന്നു. പക്ഷേ, കേൾവിക്കാർക്കു അതുമൂലം അവരെപ്പറ്റിയും അവരുടെ കുടുംബത്തെപ്പറ്റിയും ഒരു തരം അവജ്ഞയും അവമതിയുമാണ് തോന്നിയിരുന്നത്. അത് അവരുടെ പെരുമാറ്റത്തിൽ നിന്നു അയാൾ മനസ്സിലാക്കുകയും ചെയ്തിരുന്നു.

 www.malankaralibrary.com 

"ഒടുവിൽ ചില ആലോചനകളുടെ ഫലമായി ഈ പടങ്ങൾ വെക്കുന്നതു തൻെറ കുടുംബത്തിൻെറ തൽക്കാലനിലയ്ക്കു യോജിച്ചതല്ലെന്നും അവരുടെ പൂർവ്വചരിത്രം മറ്റുള്ളവർ അറിയാതിരിക്കുകയാണു നല്ലതെന്നും അയാൾ മനസ്സിലാക്കി. ആ പടങ്ങൾ എല്ലാം എടുത്തുമാറ്റി കെട്ടിടം ഒഴിച്ചെടുത്തു. അനന്തരം അയാൾ ആ പഴയ തറവാട്ടിൽ ചെന്നു അയാളെ വിളിച്ചു സംസാരം തുടങ്ങി. "ഹേ! സഹോദരാ, എന്താണു നിങ്ങൾ ചെയ്തിരിക്കുന്നത്. ഇങ്ങനെ പൂർവ്വന്മാരുടെ പടങ്ങൾ വെച്ചലങ്കരിക്കുന്നത് ശരിയല്ല. ഞങ്ങളാരും അതു ചെയ്യുകയില്ല. പൂർവ്വികന്മാരുടെ പടങ്ങളും അവർ ഉപയോഗിച്ചുവന്ന സാമാനങ്ങളും മറ്റും ഇങ്ങനെ വെച്ചുപൂജിക്കുന്നതു വിഗ്രഹാരാധനയാണ്. ദൈവം വിലക്കിയിരിക്കുന്നതാണ്. അതിനാൽ അതെല്ലാം എടുത്തുകളയണം." എന്നുപറഞ്ഞു. എന്നാൽ, അയാൾ അതെല്ലാം മൂളിക്കേട്ടതല്ലാതെ ഒന്നും പറഞ്ഞില്ല. അയാളുടെ അഭിമാനവും ആ കുടുംബത്തിൻെറ പൂർവ്വികത്വവും വിളിച്ചറിയിക്കുന്ന ആ പടങ്ങളും സാമഗ്രികളും അയാൾ എടുത്തുമാറ്റുമോ? അയാൾക്കു അവയെ നോക്കി അനേകം കാര്യങ്ങൾ ചിന്തിക്കുവാനും പറയുവാനുമുണ്ട്. അതിനാൽ അയാൾ അത് പൂജ്യമായിത്തന്നെ സൂക്ഷിക്കുന്നു. ഒടുവിൽ പലവിധത്തിൽ പരിഹാസവർഷം ചൊരിഞ്ഞുനോക്കി. എന്നിട്ടും ഫലമുണ്ടായില്ല."

## സത്യപ്രകാശിനിയുടെ ഉദ്ദേശ്യം.

"ക്രിസ്തീയസഭ വിശുദ്ധന്മാരെ ബഹുമാനിക്കുന്നതിനെപ്പറ്റി സത്യപ്രകാശിനി നടത്തുന്ന പരിഹാസപ്രഖ്യാപനത്തിൻെറ ഉദ്ദേശ്യവും ഏതാണ്ടിതുപോലെയുള്ളതാണെന്നെല്ലാവർക്കുമറിയാം. ഈ ലോകത്തിൻെറ മക്കൾ ഈ തലമുറയിൽ വെളിച്ചത്തിൻെറ മക്കളേക്കാൾ ബുദ്ധിയേറിയവരാണ്. തിരുശേഷിപ്പുകൾ കൈവശമുള്ള എല്ലാവരും അതിനെ പൂജ്യമായി ബഹുമാനിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നു. അവരാരും തന്നെ അതു വിലയ്ക്കു വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതല്ല. പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ വിൽപ്പനയ്ക്കുള്ള സാധനമേയല്ല. തിരുശേഷിപ്പുകൾ കൊടുക്കുമ്പോൾ കൈമുത്തു വാങ്ങുന്നതുപോലും കത്തോലിക്കർക്കു വിലക്കാണ്. ഒരു ഭക്തനു തിരുശേഷിപ്പു കിട്ടിയാൽ അവനതു പട്ടിൽ പൊതിഞ്ഞു രത്നം പതിച്ച തങ്കപ്പാത്രത്തിൽ സൂക്ഷിക്കുകതന്നെ ചെയ്യും. സത്യം അങ്ങനെയിരിക്കെ എന്തിനാണു തിരുശേഷിപ്പുകൾ കൊണ്ടു കത്തോലിക്കർ മുതലെടുക്കുന്നു എന്നും പണമുണ്ടാക്കുന്നു എന്നും മറ്റുമുള്ള വ്യാജപ്രസ്താവനകൾ നടത്തുന്നത്? ഏതുകാര്യത്തിലും സത്യം പറയുക. ഇത്തരം അസത്യപ്രഖ്യാപനങ്ങൾ സുവിശേഷവേലയുടെ പോഷണത്തിനുവേണ്ടി നടത്താമെന്നു മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അതു തെറ്റാണെന്നു ഗ്രഹിച്ചാലും."

## അസാധാരണജീവിതമാതൃക അംഗീകരിക്കേണ്ടേ?

"വെറും ഭൗമികരാജ്യത്തിനുവേണ്ടി യുദ്ധം ചെയ്തു മരിച്ചവരുടെ പ്രതിമകളും മെമ്മോറിയലുകളും കത്തോലിക്കരെന്നോ പ്രൊട്ടസ്റ്റൻറുകളെന്നോ

www.malankaralibrary.com

അന്യമതക്കാരെന്നോ ഉള്ള വ്യത്യാസം കൂടാതെ എല്ലാ രാജ്യക്കാരും സ്ഥാപിക്കുകയും അവരുടെ ഓർമ്മദിവസം ആചരിക്കുകയും ചെയ്തു വരുന്നു. അങ്ങനെയെങ്കിൽ ക്രിസ്തുവിനെയും ലോകരക്ഷാർത്ഥമുള്ള അദ്ദേഹത്തിൻെറ സുവിശേഷത്തെയും നരഭോജികളായ മനുഷ്യർക്കുപോലും കാണിച്ചുകൊടുപ്പാൻ വേണ്ടി ജീവാർപ്പണം ചെയ്തിട്ടുള്ള കത്തോലിക്കാസഭയിലെ വിശുദ്ധന്മാരെ ഓർക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതു ഏതൊരു കത്തോലിക്കൻെറയും കടമയല്ലയോ? അവർ ഉപയോഗിച്ചിരുന്ന സാധനങ്ങൾ കത്തോലിക്കർക്കു പൂജ്യങ്ങളല്ലയോ? പുതിയ സഭകൾക്കു ഇതുപോലെയുള്ള പിതാക്കന്മാരില്ല. ഉള്ളവരുടെ ചരിത്രം വെളിയ്ക്കെടുക്കാൻ കൊള്ളുകയില്ല. എന്നുവച്ചു അതുള്ള പഴയ സഭകളെ പരിഹസിക്കണമെന്നുണ്ടോ? ദൈവത്തെ ആദരിച്ചു ജീവിതം ഹോമിച്ച ഭക്തജനങ്ങളെ മനുഷ്യർ തിരിച്ചറിയാൻവേണ്ടി ദൈവം വാത്സല്യപൂർവ്വം അവരുടെ പ്രാർത്ഥനകൾ കേട്ടു മറുപടി അരുളാറുണ്ട്. അങ്ങനെ അത്ഭുതങ്ങൾ നടന്നിട്ടുള്ളതായി വേദപുസ്തകം സാക്ഷിക്കുന്നുമുണ്ട്."

## 'സത്യപ്രകാശിനി' സത്യം മറയ്ക്കരുത്.

"സാധാരണക്കാരെ ചിലർ ഭക്തന്മാരെന്നു വിളിക്കുന്നു. അത്ഭുതമല്ലാത്തതിനെ ചിലർ അത്ഭുതമായി പരിഗണിക്കുകയും ചെയ്യുന്നു. അതുപോലെയാണോ ഭരണങ്ങാനത്തു നടക്കുന്നതെന്നു പണ്ഡിതന്മാർ നോക്കിയറിഞ്ഞു പരിശോധിച്ചു സംഗതി എന്താണെന്നു പറയേണ്ടതല്ലയോ? അതോ "കാളപെറ്റു എന്നുപറയുന്ന ഉടനെ കയറെടുക്കുവാൻ ഓടുകയാണോ വേണ്ടത്? കത്തോലിക്കാസഭയുടെ വിവേചനാപൂർവ്വമായ ഇത്തരം നടപടിയെപോലും സത്യപ്രകാശിനി പുച്ഛരിക്കുന്നു. ഇത്തരം പരിഹാസങ്ങൾ കൊണ്ടൊന്നും കത്തോലിക്കർ അവരുടെ പിതാക്കന്മാരെ ഉപേക്ഷിക്കുവാൻ പോകുന്നില്ല. സത്യപ്രകാശിനിയുടെ അവശത എല്ലാവർക്കും അറിയാം. ഞങ്ങൾക്കു അതിൽ സഹതാപവും ഉണ്ട്. ഏതായാലും വ്യാജപ്രസ്താവനകളും പരിശുദ്ധന്മാരെപ്പറ്റിയുള്ള പരിഹാസപ്രഖ്യാപനങ്ങളും സത്യപ്രകാശിനി ഒന്നു കുറയ്ക്കുന്നതു നന്നായിരിക്കും."

## റമ്പാച്ചനു അനുയായികളുടെ അംഗീകരണം.

1948 ജൂൺ 24-ാം തീയതി തിരുവനന്തപുരം അതിരൂപതാംഗങ്ങൾ റമ്പാച്ചനു ഒരു മംഗളപത്രം സമർപ്പിച്ചു. അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയിരുന്നു അദ്ദേഹം അന്ന്. ആശംസാപത്രത്തിലെ ഏതാനും വാക്യങ്ങൾ ചുവടേ ഉദ്ധരിക്കുന്നു:

"................... അങ്ങു കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടശേഷം വിജ്ഞാനപ്രദങ്ങളായ പ്രസംഗധോരണിയാലും പ്രൗഢമായ ഗ്രന്ഥനിർമ്മാണത്താലും സാരഗർഭമായ പ്രസിദ്ധീകരണങ്ങളാലും മറ്റും നിർവ്വഹിച്ചു പോരുന്ന നിസ്തുലസേവനങ്ങൾ അവിടുത്തെ വിജ്ഞാനത്തിനും സംസ്കാരത്തിനു സേവനതല്പരതയ്ക്കും പ്രത്യക്ഷലക്ഷ്യങ്ങളത്രേ."

"കത്തോലിക്കാ പുനരൈക്യം മൂലം അവിടുത്തേക്ക് അഭിമുഖീകരി

www.malankaralibrary.com

ക്കേണ്ടിവന്ന വിഷമസാഹചര്യങ്ങളിൽ, കഷ്ടതകളിൽ മാത്രമേ വിജയം കരഗതമാകയുള്ളു എന്ന അരുമനാഥൻെറ ആദർശത്തെ മുറുകെപ്പിടിച്ചു, ദൈവാനുഗ്രഹം അഭ്യർത്ഥിച്ചു അവിടുന്നു ഇവയെ തരണം ചെയ്തതും അതെത്തുടർന്നു ഈ അതിരൂപതയുടെ വികാരി ജനറാൾ, വേദപ്രചാര ഡയറക്ടർ, അഡ്മിനിസ്ട്രേറ്റർ എന്നീ സമുന്നതസ്ഥാനങ്ങളിൽ പ്രശോഭിക്കുവാൻ ഭാഗ്യം സിദ്ധിച്ചതും അവിടുത്തെ മഹനീയ സേവനങ്ങളുടെ വിജയപതാകയായി പരിലസിക്കുമാറാകട്ടെ. അങ്ങയുടെ ഭക്തിതീഷ്ണത, സമഭാവന, ലഘുജീവിതം, ക്ലേശസഹിഷ്ണത, നിസ്തന്ദ്രപരിശ്രമം ആദിയായ സദ്ഗുണങ്ങൾ സമാകർഷകവും അനുകരണീയവും അഭികാമ്യവുമായി ഞങ്ങൾ കരുതുകയും ഏതാദൃശഗുണങ്ങൾ ഭാവിയിലും ഈ അതിരൂപതയുടെ ശ്രേയസ്സിനു നിദാനമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു.

"നമ്മുടെ അഭിവന്ദ്യ തിരുമേനി അങ്ങയിൽ സമർപ്പിച്ച ഭരണഭാരത്തെ ഏറ്റവും സ്തുത്യർഹമായി നിർവ്വഹിക്കുകയും ഞങ്ങളുടെ ആദ്ധ്യാത്മികവും ലൗകികവുമായ പുരോഗതിയിൽ നിഷ്ണാതനായി അങ്ങു വർത്തിക്കയും ചെയ്തതോർക്കുമ്പോൾ ഞങ്ങൾ ആനന്ദതുന്ദിലരാകതന്നെ ചെയ്യുന്നു.

"വന്ദ്യറമ്പാച്ചാ, ഈ അതിരൂപതയിലെ കത്തോലിക്കാ പ്രവർത്തനങ്ങളിലും അതുപോലുള്ള ഇതരസംരംഭങ്ങളിലും അങ്ങേക്കാവശ്യമായ പിൻതുണ ഈ അവസരത്തിൽ ഞങ്ങൾ വാഗ്ദാനം ചെയ്തും ആയുരാരോഗ്യസമ്പന്നനായി അങ്ങു നീണാൾ വിജയിക്കുന്നതിനായി ജഗന്നിയന്താവിനെ പ്രാർത്ഥിച്ചും കൊണ്ട് ഈ മംഗളോപഹാരത്തെ അങ്ങേയ്ക്കു ഞങ്ങൾ സാദരം സമർപ്പിച്ചുകൊള്ളുന്നു."

## സംതൃപ്തമായ അന്ത്യം

താൻ പാലൂട്ടി വളർത്തിയ മലങ്കരയിലെ സഭൈക്യപ്രസ്ഥാനം പുരോഗമനത്തിൻെറ പാതയിലൂടെ നൽപ്പത്തെട്ടുവർഷക്കാലം മുന്നേറുന്നതു കാണുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു.

◆

MALANKARA
LIBRARY

www.malankaralibrary.com

# 6

# ബാരിസ്റ്റർ ജോർജു ജോസഫ്



നിയമക്കുരുക്കു അഴിക്കുന്ന അഭിഭാഷകൻെറ അസാധാരണ വൈദഗ്ധ്യം; സദാ കൂടെ നിൽക്കുന്ന തികഞ്ഞ രാഷ്ട്രതന്ത്രജ്ഞത; ആത്യന്തികതത്ത്വം തിരയുന്ന സത്യാന്വേഷണ താല്പര്യം- എല്ലാം ഒത്തു ചേരുന്ന അസാധാരണത്വം കാണണോ? ബാരിസ്റ്റർ ജോർജു ജോസഫിനെ നോക്കിയാൽ മതി. കാമരാജിനെ പ്രതിയാക്കിയ ബോംബു സ്ഫോടനക്കേസും സി. കേശവനുണ്ടായ രാജദ്രോഹക്കേസും കൈകാര്യം ചെയ്യുന്നതിൽ മുന്നിട്ടുനിന്നത് നിയമവൈദഗ്ധ്യം ആയിരുന്നു; ഭാരതദേശീയനവോത്ഥാന പ്രസ്ഥാനത്തിലും സ്റ്റേറ്റുകോൺഗ്രസിൻെറ വളർച്ചയിലും തന്ത്രങ്ങൾ മെനഞ്ഞത് അസാധാരണ രാഷ്ട്രീയ കുശലതയത്രേ; സത്യാനുഗമനത്തിൻെറ പുറവിടലായിരുന്നു കത്തോലിക്കാ സഭാശ്ലേഷത്തിലൂടെ വെളിപ്പെട്ടത്.

ഇന്ത്യയുടെ വടക്കും തെക്കുമുള്ള ഒട്ടേറെ പ്രതിഭാശാലികളുടെ ആദരവു സമാർജ്ജിക്കുവാൻ ശ്രീ. ജോർജു ജോസഫിനു സാധിച്ചത് ചെറിയ കാര്യമല്ല. മഹാത്മാഗാന്ധി, മോട്ടിലാൽ, ജവഹർലാൽ, പട്ടേൽ സഹോദരന്മാർ തുടങ്ങി

 www.malankaralibrary.com 

യവർ ഉത്തരേന്ത്യയിൽ നിന്നും സുബ്രഹ്മണ്യഭാരതി, സി. രാജഗോപാലാചാരി, പി. വരദരാജുലു, റ്റി.എസ്.എസ്. രാജൻ, കെ. കാമരാജ് തുടങ്ങിയവർ സൗത്തിൻഡ്യയിൽ നിന്നും കെ.പി. കേശവമേനോൻ, കേളപ്പൻ, സി.വി. കുഞ്ഞുരാമൻ, റ്റി.എം. വറുഗീസ്, സി. കേശവൻ തുടങ്ങിയവർ തിരുവിതാംകൂറിൽ നിന്നും ഈ ധിഷണാശാലിയുടെ മുമ്പിൽ കൂപ്പുകൈ ഉയർത്തി. ഏതു രാഷ്ട്രീയ വിദഗ്ധനേയുംകാൾ നിയമപടുതയും ഏതു നിയമജ്ഞനേയും കാൾ രാഷ്ട്രതന്ത്രജ്ഞതയും ഒത്തിണങ്ങിയ ഇദ്ദേഹത്തെ ഇന്ത്യൻ നഭസ്സിലെ തലയെടുപ്പുള്ളവർ ബഹുമാനിച്ചതിൽ ആശ്ചര്യമില്ല.

മഹാത്മജിയുടെ കത്തുകൾ ശ്രീ. ജോർജ് ജോസഫിനു ലഭിച്ചിട്ടുള്ളത് കുറച്ചൊന്നുമല്ല. നെഹ്റുവിൻെറ ആത്മകഥയിൽ ഈ മദ്ധ്യതിരുവിതാംകൂറുകാരനെ പ്രത്യേകം പരാമർശിക്കുന്നുണ്ട്. കാമരാജിനെ രൂപപ്പെടുത്തുന്നതിൽ ചെറുതല്ലാത്ത പങ്കാണ് ഇദ്ദേഹം വഹിച്ചിട്ടുള്ളത്.

ഒന്നോ രണ്ടോ രീതിയിലല്ല പൗരജനം ജോർജു ജോസഫിനെ പരിചയപ്പെട്ടിട്ടുള്ളത്. സബർമതി ആശ്രമത്തിലും അലഹബാദിലും ലക്നോ ജയിലിലും ഈ ദേശീയവാദിയെ ജനങ്ങൾ ശ്രദ്ധിച്ചു. കോടതിയിൽ എതിർപക്ഷത്തെ വിചാരണ നടത്തുമ്പോൾ ഈ അഡ്വക്കേറ്റു പ്രകടിപ്പിച്ച വൈഭവം അനേകരെ ആശ്ചര്യപ്പെടുത്തി. ഗിരിവർഗ്ഗക്കാരായ കല്ലാർമാർ (Kallars), തേവർമാർ (Thevars), മാറവർമാർ (Maravars) തുടങ്ങിയവരുടെ ഉദ്ധാരണത്തിനു വേണ്ടി ഈ സാമൂഹ്യപരിഷ്കർത്താവിൻെറ ത്യാഗപൂർവ്വശ്രമം അധഃകൃതരെ കൃതജ്ഞരാക്കി; വൈക്കം സത്യാഗ്രഹത്തിൻെറ നേതൃവേദിയിൽ ഒരവസരത്തിൽ ഈ പ്രത്യുൽപന്നമതി പ്രത്യക്ഷപ്പെട്ടെങ്കിൽ കേന്ദ്രനിയമനിർമ്മാണസഭാംഗത്തത്രേ മറ്റൊരവസരത്തിൽ കണ്ടത്; "സൗത്ത് ഇൻഡ്യൻ മെയിൽ" (South Indian Mail) "യംഗ് ഇൻഡ്യ" (Young India) എന്നീ പത്രങ്ങളുടെ അധിപരായും ഈ വാഗ്മി പ്രശോഭിച്ചു.

മധ്യതിരുവിതാംകൂറിലുള്ള ചെങ്ങന്നുർ ഊരേൽ കുടുംബത്തിലാണ് ജോർജു ജോസഫിൻെറ ജനനം, 1887 ജൂൺ 5-ാം തീയതി. പേരെടുത്ത പത്രപ്രവർത്തകൻ ശ്രീ. പോത്തൻ ജോസഫ് ഇദ്ദേഹത്തിൻെറ സഹോദരനത്രേ. 1905 മുതൽ 1909 വരെ ഇംഗ്ലണ്ടിൽ പഠനം നടത്തി. എഡിൻബറോയിൽ നിന്നു ഫിലോസഫിയിൽ മാസ്റ്റർ ബിരുദവും മിഡിൽ ടെമ്പിളിൽ നിന്നു ബാരിസ്റ്റർ ബിരുദവും നേടി. മധുരയിലാണ് ഏറിയ കൂറും അഭിഭാഷകനായി കഴിഞ്ഞത്.

## നെഹ്റുവിൻെറ ആത്മകഥയിൽ

മോട്ടിലാൽ നെഹ്റു ആരംഭിച്ച "ഇൻഡിപെൻഡൻറു" (Independent) പത്രത്തിൻെറ ആധിപത്യം ശ്രീ. ജോർജ് ജോസഫ് കുറെക്കാലം വഹിച്ചിട്ടുണ്ട്. അതിൽ നിശിതഭാഷയിൽ മുഖപ്രസംഗങ്ങൾ വന്നു ബ്രിട്ടീഷ് ഭരണത്തിനെതിരെ. അതുമൂലം പത്രാധിപർ അറസ്റ്റു ചെയ്യപ്പെട്ടു, 1921-ൽ; രണ്ടര വർഷത്തേക്ക് ലക്നോ ജയിലിൽ അടയ്ക്കപ്പെട്ടു.

ലക്നോയിലെ തടങ്കലിനെക്കുറിച്ച് ആത്മകഥയിൽ നെഹ്റു എഴുതുമ്പോൾ ജോർജു ജോസഫും പരാമർശിതനാകുന്നുണ്ട്. അവിടെ നെഹ്റുവിനോടൊപ്പം

 www.malankaralibrary.com 

പുരുഷോത്തം ദാസ്താണ്ടൻ, മാധവദേശായി, ജോർജ് ജോസഫ്, ബാലകൃഷ്ണശർമ്മ, ദേവദാസ് ഗാന്ധി എന്നിവരുണ്ടായിരുന്നു. ഊട്ടുപുരയിൽ അവർ സന്ധിക്കുമായിരുന്നു. ആ സന്ധിക്കൽ അധികൃതർക്ക് തലവേദനവരുത്തി. ശല്യമൊഴിവാക്കാൻ അവരുടെ ഊട്ടുപുര വെവ്വേറെ ആക്കി. ആത്മകഥ രേഖപ്പെടുത്തുന്നു; "ഭാവി കൂടുതൽ രൂക്ഷമാകുമെന്ന് ഞങ്ങൾക്ക് തോന്നി. ഞങ്ങൾ പ്രത്യേകം പ്രത്യേകം സംസാരിച്ചു. ജോർജു ജോസഫുമായുള്ള സംഭാഷണം ഞാൻ പ്രത്യേകം ഓർക്കുന്നു.. ഒരു ശരത്കാലസായംവേളയിൽ ലക്നോ ജയിലിൻെറ സിവിൾ വാർഡിൽവച്ചു ജോർജുജോസഫും ഞാനുമായി നടത്തിയ സംഭാഷണം അദ്ദേഹം ഓർക്കുന്നുണ്ടോ ആവോ." ഭാഷാപഠനത്തിൽ ജോർജു ജോസഫിനുള്ള ഉത്സാഹത്തെക്കുറിച്ചും നെഹ്റു തുടർന്നു പറയുന്നുണ്ട്. "ഉർദു പെട്ടെന്ന് പഠിച്ചു. ആ ഭാഷയിൽ സഹധർമ്മിണിക്കുകത്തെഴുതാൻ വരെ കഴിഞ്ഞു. റഷ്യൻ ഭാഷ പഠിക്കാൻ ശ്രമിച്ചു. ലാറ്റിൻ കുറെ വശമാക്കി."

## വൈക്കം സത്യാഗ്രഹം

വൈക്കം ക്ഷേത്രത്തിൻെറ മതിലിനു പുറമേകൂടിയുണ്ടായിരുന്ന പൊതുവഴി അന്നു ഈഴവർക്കോ മറ്റ് അവർണ്ണർക്കോ ഉപയോഗിക്കാമായിരുന്നില്ല. ഈ സങ്കടപരിഹാരത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനുമായുള്ള സമരം ശ്രീ. ടി.കെ. മാധവൻെറ നേതൃത്വത്തിൽ ആരംഭിച്ചു. കാരൂർ നമ്പൂതിരിപ്പാട്, മന്നത്തു പത്മനാഭൻ, ഇ.വി. രാമസ്വാമി നായിക്കർ തുടങ്ങിയ സവർണ്ണരുടെ പിന്തുണയും ഇതിനു ലഭിച്ചു.

മുൻനിരനേതാക്കന്മാർ എല്ലാം അറസ്റ്റു ചെയ്യപ്പെട്ടു. നേതൃത്വം നല്കാൻ ആളില്ലാതായി. അപ്പോഴാണ് ജോർജു ജോസഫ് മുന്നോട്ടു വന്നത്. റോഡ് ഇതിനകം നിരോധിതമായി കഴിഞ്ഞിരുന്നു. സന്നദ്ധഭടന്മാർക്കു മുന്നോട്ടു നീങ്ങുവാൻ സാധിച്ചില്ല. പ്രതിരോധ മേഖലയ്ക്കു ഇപ്പുറം നിൽക്കാനേ സത്യാഗ്രഹികൾക്കു കഴിഞ്ഞുള്ളു. കുടിനീരും ഭക്ഷണവും ഇല്ലാതെ മീനച്ചൂടേറ്റു അവർ സത്യാഗ്രഹം അനുഷ്ഠിച്ചു. "സ്വരാജിനു വേണ്ടിയുള്ള സമരം പോലെ തന്നെ അത്രയും വൈപുല്യമില്ലെങ്കിലും പ്രധാനപ്പെട്ടതാണ് വൈക്കം സത്യാഗ്രഹ"മെന്ന് ജോർജ് ജോസഫ് പ്രഖ്യാപിച്ചു. ഈ നേതാവുകൂടി അറസ്റ്റിലായാൽ സമരം തീരുമെന്ന് റസിഡണ്ടുകരുതി. 1924 ഏപ്രിൽ 14-ാം തീയതി ജോർജ് ജോസഫ് അറസ്റ്റു ചെയ്യപ്പെട്ടു. ഇതോടുകൂടി സത്യാഗ്രഹം അനിശ്ചിതമായി. ധീരതയോടും വിശ്വാസത്തോടും കുറെക്കൂടി ക്ഷമിക്കുവാൻ ഗാന്ധിജിയുടെ നിർദ്ദേശമുണ്ടായി.

സവർണ്ണഹിന്ദുക്കളുടെ നീതിരാഹിത്യമാണ് വൈക്കം സത്യാഗ്രഹത്തിനു കാരണം. അതിനു സമരം ചെയ്യേണ്ടത് ഹിന്ദുക്കൾ തന്നെയാണ്. എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും ജോർജു ജോസഫിന് ഈ തിന്മയെ നേരിടാം. സത്യാഗ്രഹത്തിലേക്കു ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ അദ്ദേഹം വരാതിരിക്കുന്നതാണ് ഉചിതം എന്ന ഗാന്ധിജിയുടെ നിർദ്ദേശം ജോർജ് ജോസഫ് സ്വീകരിച്ചു. പക്ഷെ, ആ യുക്തിവാദത്തെ അദ്ദേഹം എതിർത്തു. "ക്ഷേത്രപ്രവേശനമായിരുന്നില്ല; പൊതുനിരത്തിലെ സഞ്ചാരസ്വാതന്ത്ര്യമായിരുന്നു വിഷയം. അതിൽ

ഏതു പൗരനും ഇടപെടാവുന്നതേയുള്ളു".

സഞ്ചാര സ്വാതന്ത്ര്യവും ക്ഷേത്രപ്രവേശനാനുമതിയും പിന്നാലെ ലഭ്യമാകയും ചെയ്തു.

## നിവർത്തനപ്രസ്ഥാനം

സംസ്ഥാനജനസംഖ്യയിൽ രണ്ടു ശതമാനത്തിനു മാത്രമേ പൗരാവകാശം ലഭിച്ചിരുന്നുള്ളുവെന്നാണ് 1919-ൽ ഇ.ജെ. ജോൺ വക്കീൽ പറഞ്ഞത്. ഈഴവർക്കോ മറ്റു അവർണ്ണർക്കോ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിച്ചിരുന്നില്ല. ശ്രീ നാരായണഗുരുവിന്റെ സാമൂഹ്യസേവനം ഈ സന്ദർഭത്തിലാണ് ഉടലെടുത്തത്. ഗാന്ധിജിയുടെ സാമൂഹ്യോദ്ധാരണ പരിപാടി അന്നു ആസൂത്രിതമായിരുന്നില്ല. ശ്രീ നാരായണ ധർമ്മപരിപാലനയോഗം (എസ്.എൻ.ഡി.പി.) സ്ഥാപിതമായി. വിദ്യാഭ്യാസത്തിനായിരുന്നു പ്രമുഖസ്ഥാനം. തുടർന്നു പൗരാവകാശത്തിനും ഉദ്യോഗനിയമനത്തിനും നിയമനിർമ്മാണ സഭയിലെ ആനുപാതിക പ്രാതിനിധ്യത്തിനും വേണ്ടിയുള്ള മുറവിളി ഉയർന്ന. 1932-ൽ ഗവൺമെൻറു വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങളിൽ അവർ തൃപ്തരായില്ല. തുല്യ ദുഃഖിതരായ മുസ്ലീങ്ങളും, ക്രിസ്ത്യാനികളും ചേർന്ന് ഒരു ഐക്യനിര രൂപീകരിച്ചു. 1933 ജനുവരി 25-ാം തീയതി നിവർത്തന സമരം ഉദ്ഘാടിതമായി. നിവർത്തനം എന്നാൽ വിട്ടകന്നുനിൽക്കൽ (stand apart) എന്നാണ്. 1932-ലെ സർക്കാർ സഹായ വാഗ്ദാനങ്ങളിൽ നിന്നു വിട്ടകന്നു നിൽക്കയെന്ന് സാരം.

സി. കേശവന്റെ കോഴഞ്ചേരി പ്രസംഗം ഇതിനെ തുടർന്നാണ്. പ്രസംഗം വരുത്തിവെച്ച രാജദ്രോഹക്കേസിൽ സി. കേശവന്റെ അഭിഭാഷകനായി കോടതിയിൽ പ്രത്യക്ഷപ്പെട്ടത് ബാരിസ്റ്റർ ജോർജ് ജോസഫായിരുന്നു. അദ്ദേഹം നിവർത്തനപ്രസ്ഥാനത്തെ അനുകുലിച്ചു പ്രസംഗിച്ചു; പത്രങ്ങളിൽ എഴുതി. തങ്കശ്ശേരി പ്രശ്നം ഇതിന്റെ പിന്നാലെയാണ് ഉണ്ടാകുന്നത്.

## തങ്കശ്ശേരി പ്രശ്നം

കൊല്ലത്തിനടുത്തുള്ള നൂറ് ഏക്കറോളം സ്ഥലമാണ് തങ്കശ്ശേരി എന്ന പേരിൽ അറിയപ്പെടുന്നത്. അവിടെ അധിവാസം കുറെ ക്രിസ്ത്യാനികൾ മാത്രം. അവർ കുറെ ആയിരങ്ങളേ ഉണ്ടായിരുന്നുള്ളു. ബ്രിട്ടീഷ് ഭരണത്തിലായിരുന്നു അതു കഴിഞ്ഞിരുന്നത്. നിവർത്തനനേതാക്കന്മാരെ സർ. സി.പി. അറസ്റ്റു ചെയ്തു. അറസ്റ്റിൽ നിന്ന് പലരും രക്ഷപ്പെട്ടത് തങ്കശ്ശേരിയിലായിരുന്നു. ആ പ്രദേശം കുടി തിരുവിതാംകോടിനോടു ചേർക്കാൻ സി.പി. ഉദ്യമിച്ചു. ഭൂമിശാസ്ത്രപരമായി അതിനു ന്യായവുമുണ്ട്. തങ്കശ്ശേരിയിലെ ക്രിസ്ത്യാനികൾ സംഭീതരായി. നിവർത്തനക്കാർക്കു രക്ഷാസ്ഥാനവും നഷ്ടപ്പെടുമെന്നുവന്നു.

ശ്രീ. എം.എം. വർക്കി ജോർജു ജോസഫിനെ സമീപിച്ചു. ശ്രീ. കെ.സി. മാമ്മൻ മാപ്പിളയുടെ നിർദ്ദേശാനുസരണമായിരുന്നു അത്. ബാരിസ്റ്റർ ജോസഫ് മുന്നിട്ടിറങ്ങി. തങ്കശ്ശേരി നിവാസികളുടെ ഒരു പൗരനിവേദനം വൈസറോയിക്കു

www.malankaralibrary.com


സമർപ്പിക്കുവാൻ തയ്യാറാക്കി. മദ്രാസ് ഗവർണറെ കാണുകയും പ്രതികൂല നടപടികളൊന്നും വേഗത്തിലുണ്ടാവരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. “ഹിന്ദു”, “മദ്രാസ് മെയിൽ” എന്നീ പത്ര ഓഫീസുകളിൽ തങ്കശ്ശേരി പ്രശ്നം വിശദീകരിച്ചു; പത്രപ്രവർത്തകരുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നു.

തന്ത്രജ്ഞനായ ബാരിസ്റ്റർ ഡൽഹിയിൽ ചെന്നു; വൈസ്രോയിയെ കണ്ടു; തങ്കശ്ശേരി പ്രശ്നം യഥാതഥം വരച്ചുകാട്ടി. വെല്ലിംഗ്ടൺ പ്രഭുവിനു ന്യായയുക്തത മനസ്സിലായി; തങ്കശ്ശേരി ബ്രിട്ടീഷു ഭരണത്തിൽ തന്നെ തുടർന്നു; സർ. സി.പി.യുടെ പിടിവാശി പൊളിഞ്ഞു.

## ഗാന്ധിജിയും ജോസഫും

ഗാന്ധിജിയുടെ ദേശീയ പ്രസ്ഥാനം ജോർജു ജോസഫിനെ വശീകരിച്ചു. അദ്ദേഹവും കുടുംബവും സബർമതി ആശ്രമം സന്ദർശിച്ചിട്ടുണ്ട്; അവിടെ താമസിച്ചിട്ടുണ്ട്. കത്തുകളിലൂടെ അവർ ആശയം കൈമാറി. 1933-നും 36-നും ഇടയ്ക്ക് ഗാന്ധിയുടെ ധാരാളം കത്തുകൾ ജോർജ് ജോസഫിനു ലഭിച്ചു.

ഗാന്ധിയുടെ ചില ആശയങ്ങളോടു ജോർജ് ജോസഫ് വിയോജിപ്പു രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ലേഖനത്തിൽ അദ്ദേഹമെഴുതി:” എന്താണീ രാമരാജ്? ചിലർ പറയുന്നു ഗാന്ധിരാജ് എന്ന്; വേറെ ചിലർ സ്വരാജ് എന്ന്. യഥാർത്ഥത്തിൽ ഇത് ഒരു ‘ഹിന്ദുരാജ’ തന്നെയാണ്.” (പേരിൽ വന്നു ചേർന്ന ഹൈന്ദവച്ചുവയെപ്പറ്റി നെഹ്റുവിനും ഇഷ്ടക്കേടുണ്ടയിരുന്നത്രേ).

കത്തോലിക്കാസന്മാർഗ്ഗശാസ്ത്രവുമായി പരിചയപ്പെട്ടതോടുകൂടി ഗാന്ധിയുടെ സത്യാഗ്രഹത്തെക്കുറിച്ചും ജോർജ് ജോസഫ് വിയോജനകുറിപ്പ് എഴുതി. മരണം വരെയുള്ള നിരാഹാരം ആത്മഹത്യയാണ്. അതു പാപമാണെന്നത്രേ അദ്ദേഹം വാദിച്ചത്. 1933 ജനുവരി 13-ാം തീയതി യരാവ്ദ (Yeravda) സെൻട്രൽ ജയിലിൽ നിന്ന് ഗാന്ധിജി എഴുതി: “പ്രിയ ജോസഫ്, നിങ്ങളുടെ കത്തുകൾ എന്നെ എത്ര മാത്രം സന്തോഷിപ്പിക്കുന്നുവെന്ന് ഞാൻ വിവരിക്കുന്നതിനേക്കാൾ കൂടുതൽ നിങ്ങൾക്ക് ഊഹിക്കാമല്ലോ.... മരണം വരെയുള്ളതല്ല എൻെറ നിരാഹാരം. എന്നെ അറിയുകയും ജയിലിൽ എന്നെ സന്ദർശിക്കയും ചെയ്യുന്ന ഒരു കത്തോലിക്കാ വൈദികനുണ്ട്. നിരാഹാരം തുടങ്ങുന്ന സായം വേളയിൽ അദ്ദേഹം സ്നേഹപൂർവ്വം എന്നെ സന്ദർശിക്കയും ആത്മഹത്യയും ആത്മ ബലിയും തമ്മിലുള്ള വ്യത്യാസം പറഞ്ഞു തരികയും ചെയ്തു. സുനിശ്ചിതമായ ജീവത്യാഗമാണ് ആത്മഹത്യ. നിരാഹാര സത്യാഗ്രഹം ജീവൻ അപകടത്തിൽപെടുത്തുന്നതാണ്. അപകടസാദ്ധ്യത എത്രയധികമോ അത്ര വലുതാണ് അവിടെ ബലി. വിപൽ സാധ്യത മാത്രമാണിവിടെയുള്ളത്.” അപ്പുറമൊന്നുമില്ല... “ക്രിസ്താനുകരണം” എന്ന പുസ്തകത്തിൻെറ ഉദ്ധ്യതഭാഗം അയച്ചു തന്നതിനു വളരെ നന്ദി. ഒറ്റ ഇരുപ്പിൽ ഞാൻ പുസ്തകം വായിച്ചു തീർത്തു. നിങ്ങൾ എല്ലാവരോടുമുള്ള സ്നേഹത്തോടുകൂടി, ബാപ്പു.”

www.malankaralibrary.com


## സത്യാനുഗമനം

രാഷ്ട്രീയസമന്വയം അപരിത്യാജ്യമായി ജോർജു ജോസഫ് കരുതിയില്ല. ആത്യന്തികസത്യം തേടിയുള്ള പരീക്ഷണമായിരുന്നു അദ്ദേഹം അനുസ്യൂതം തുടർന്നത്. ആ പരീക്ഷണം ആ സത്യാന്വേഷിയെ എത്തിച്ചത് കത്തോലിക്കാ സഭയിലത്രേ. ജീവിതത്തിൻെറ അവസാന ദശാബ്ദത്തിലായിരുന്നു അത്. യാഥാസ്ഥിതികതയുടെ കർക്കശത്വമുള്ള കത്തോലിക്കാചിന്തയെ ഈ ഉൽപതിഷ്ണു പുല്കിയത് ആരേയും അത്ഭുതപ്പെടുത്തിയിരുന്നു.

ഇംഗ്ലണ്ടിലെ പഠനകാലത്ത് യുറോപ്യൻ തത്ത്വചിന്തകന്മാരുമായിട്ടാണ് ജോസഫ് പരിചയപ്പെട്ടത്. സ്പിനോസാ (Spinoza), ഡെസ്കാർട്ട്സ് (Descartes), ഹെഗൽ (Hegel), കാൻറ് (Kant), ഷോപ്പൻ ഹ്യൂവർ (Schopen houer) എന്നിവരുടെ കൃതികളുമായി അദ്ദേഹം ഇടപഴകി. തുടർന്ന് വി. ആഗസ്തീനോസ്, വി. തോമസ് അക്വിനാസ് തുടങ്ങിയവരുടെ ചിന്തകളും ആ മനീഷിയെ വശീകരിച്ചു. അക്വിനാസിൻെറ ബൗദ്ധിക മണ്ഡലത്തിലേക്ക് ആ ചിന്തകൻ ഉയർന്നു. ജി. കെ. ചെസ്റ്റർട്ടൺ, ഹില്ലയർ ബല്ലക്കു തുടങ്ങിയവരുടെ കൃതികളും അദ്ദേഹം വായിച്ചുകൊണ്ടിരുന്നു.

ജനിച്ചു വളർന്ന മാർത്തോമ്മാ പള്ളികളിൽ പോകയോ കുടുംബപ്രാർത്ഥന നടത്തുകയോ വേദപുസ്തകപാരായണത്തിനു കുടുംബാംഗങ്ങളെ പ്രേരിപ്പിക്കയോ അദ്ദേഹം ചെയ്തില്ല. ആ ബുദ്ധിപരതയെ തൃപ്തിപ്പെടുത്താൻ മർത്തോമ്മ സംവിധാനത്തിന് സാധിക്കാതെ പോയി.

1930-ൽ മാർ ഈവാനിയോസിൻെറ സഭൈക്യം നടന്നു. ലോകത്തെമ്പാടും പ്രതിഭാശാലികളുടെ ഇടയിൽ കോളിളക്കമുണ്ടാക്കാൻ ആ സംഭവത്തിനു കഴിഞ്ഞു. അതിൻെറ അലയടി ജോർജു ജോസഫിനേയും ഇളക്കി. 1931-ൽ അദ്ദേഹം കത്തോലിക്ക സഭയെ ആശ്ലേഷിച്ചു.

സഭാമാറ്റം നടത്തുന്നവർക്ക് സാധാരണമായുള്ള ആദ്ധ്യാത്മിക തീഷ്ണത ജോർജു ജോസഫിനും ഉണ്ടായിരുന്നു. എങ്കിലും കുടുംബത്തിൽ മറ്റാരെങ്കിലും കത്തോലിക്കാ സഭയിൽ ചേരാൻ അദ്ദേഹം നിർബന്ധിച്ചില്ല. ഇളയ മകൾക്ക് അന്ന് അഞ്ച് വയസ്സായിരുന്നു. പത്തു വയസ്സായപ്പോൾ അവൾ കത്തോലിക്കപള്ളിയിൽ അംഗമായി. "കുടുംബത്തിലെ രണ്ടാം കത്തോലിക്കാംഗം" എന്ന് അവളെക്കുറിച്ച് ശ്രീ. ജോസഫ് ഡയറിയിൽ എഴുതി.

മനസ്ഥൈര്യവും സമാധാനവും കത്തോലിക്ക പ്രവേശനം ശ്രീ. ജോസഫിനു നല്കി. ഐശ്വര്യത്തിൻെറ മുഷ്ടി പ്രഹരങ്ങളെ അഭിമുഖീകരിക്കാനും അതുമൂലം സാധിച്ചു. ക്രിസ്തീയ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്ന പ്രവണതയും ക്രമേണ ഉണ്ടായി.

അതീവ ലളിതമായിരുന്നു ശ്രീ. ജോസഫിൻെറ പ്രകൃതി. ചെറുപുഷ്പം എന്നു വിളിക്കുന്ന ലിസ്യൂവിലെ വി. കൊച്ചുത്രേസ്യായുടെ ജീവിതം ആ ലളിതഹൃദയത്തെ ഹഠാദാകർഷിച്ചു. സഭാപിതാക്കന്മാരുടെ ഗഹനചിന്തകളുമായി പരിചയമുണ്ട്. വിശ്വാസസത്യങ്ങളെക്കുറിച്ചു കാര്യകാരണസഹിതം സംസാരിക്കാ

www.malankaralibrary.com


നറിയാം- എന്നിട്ടും കൊച്ചുത്രേസ്യയുടെ ലാളിത്യത്തിൻെറ കുറുക്കുവഴി ആഗഹനാശയനെ വശീകരിച്ചു. വനിതാസോളമൻ എന്നു പ്രഖ്യാതയായ അവിലായിലെ വി. തെരേസായുടെ ഔന്നത്യമേറിയ ചിന്തകളിലേക്കും മിസ്റ്റിസിസത്തിലേക്കും കടക്കാൻ പ്രാപ്തി ഇല്ലാഞ്ഞിട്ടല്ല ശ്രീ. ജോർജ് ജോസഫ് കൊച്ചുത്രേസ്യയുടെ ലാളിത്യത്തിലേക്കു തിരിഞ്ഞത്. അവൾ അജ്ഞാത കന്യകയായിരുന്നു; ദുർബ്ബലശരീരിണിയായിരുന്നു, രോഗപീഡിതയായിരുന്നു, അവൾ ദൈവത്തെ സ്നേഹിച്ചു, പൂർണ്ണമായി സ്നേഹിച്ചു, ഉപാധികൂടാതെ സ്നേഹിച്ചു. ചെറുപുഷ്പത്തിൻെറ ദൈവസ്നേഹം അദ്ദേഹത്തിനു വലിയ പ്രേരണയായി.

താൻ എത്തിച്ചേർന്ന 'ആത്മസംയമനത്തെക്കുറിച്ച് 1936-ലെ ഡയറിയിലുണ്ട്. ധ്യാനം, ദൈവസമർപ്പണം, അഹങ്കാരത്തിനും ആദ്ധ്യാത്മിക മന്ദതയ്ക്കും' എതിരായ ജാഗരൂകത എന്നിവയ്ക്കെല്ലാം അവിടെ ഊന്നൽ നല്കിയിട്ടുണ്ട്.

കത്തോലിക്ക സഭയെപ്പറ്റി വ്യക്തമായ അഭിപ്രായം ആ ബുദ്ധി ജീവിക്കുണ്ട്. "ക്രിസ്ത്യൻ നിലപാട് ഉറപ്പിക്കപ്പെടണമെന്നുണ്ടെങ്കിൽ കത്തോലിക്ക അടിത്തറയിലൂടെയും അത് പ്രാധാന്യം കൊടുക്കുന്ന വിശ്വാസസത്യങ്ങളുടെ കൃത്യതയിലൂടെയും മാത്രമേ സാധിക്കൂ"വെന്നത്രേ അദ്ദേഹത്തിൻെറ സുനിശ്ചിതമായ നിഗമനം. (The Christian position, if it is to be maintained can be only on the basis of catholicism, and the importance it attaches to dogmas, and precision) ക്രിസ്തീയതയുടെ വേറൊരു ആദ്ധ്യാത്മിക പരിണാമത്തിലേക്ക് 1937 ആയപ്പോഴേക്കും അദ്ദേഹം എത്തിച്ചേർന്നു. അക്കൊല്ലത്തെ ക്രിസ്മസ് സന്ദേശത്തിൽ അതു ചേർത്തിട്ടുണ്ട്. വി. ഇഗ്നേഷ്യസ് ലയോളയുടെ ഒരു പ്രാർത്ഥനയാണത്. "എൻെറ എല്ലാ സ്വാതന്ത്ര്യവും സ്മരണയും ധാരണയും സർവ്വസ്നേഹവും കർത്താവേ, അങ്ങു സ്വീകരിക്കുക, അങ്ങ് എടുക്കുക. എനിക്കുള്ളതെല്ലാം ഞാൻ സ്വന്തമാക്കിയിരിക്കുന്നതെല്ലാം അങ്ങയുടേതാണ്. അങ്ങ് എനിക്കവ തന്നു. ഞാൻ അവ അങ്ങേക്കു തിരികെ തരുന്നു. അങ്ങയുടെ കൃപയും അങ്ങയോടുള്ള സ്നേഹവും മാത്രം എനിക്കു തരിക. ഞാൻ വേണ്ടുവോളം നിറഞ്ഞവനാകും." ഇതു കേവലം ഒരു ക്രിസ്മസ് ആശംസയല്ല. പിന്നയോ ജോർജു ജോസഫ് എത്തിച്ചേർന്ന ഒരു ആദ്ധ്യാത്മിക ഭാവതലമാണ്. തൻെറ ആദ്ധ്യാത്മിക അന്വേഷണത്തിൻെറ ഫലം ലഭിച്ചെന്ന് അദ്ദേഹത്തിനു തോന്നി.

## അമ്പതാം ജന്മദിനം

സ്റ്റേറ്റു കോൺഗ്രസിൻെറ ഒരു ആരംഭകാലനേതാവായിരുന്നു ശ്രീ. ജോസഫ്. 1937-ൽ പുനലൂർ വെച്ച് നടത്തപ്പെട്ട കോൺഗ്രസിൻെറ ഒരു രാഷ്ട്രീയ മീറ്റിംഗിൽ അദ്ദേഹം പങ്കെടുത്തു. അലങ്കരിച്ച ആനപ്പുറത്താണ് നേതാവിനെ എതിരേറ്റു സ്വീകരിച്ചത്. അന്ന് ജൂൺ 5-ാം തീയതിയായിരുന്നു. ജോർജ് ജോസഫിൻെറ ജന്മദിനം. സംഘാടകർ അതിനെക്കുറിച്ച് അറിഞ്ഞിരിക്കയില്ല. മനസ്സറിയാതെയാണെങ്കിലും അദ്ദേഹത്തിൻെറ അമ്പതാം ജന്മദിനമായിരുന്നു അന്ന്. അത് അവസാനത്തെ ജന്മദിനാഘോഷവുമായിരുന്നു.

*(കുറിപ്പ്. മായാതോമസ് എഴുതിയ BARRISTER GEORGE JOSEPH: A MEMOIR എന്ന ഗ്രന്ഥം ഈ ലേഖനരചനയ്ക്കു സഹായകമായിട്ടുണ്ട്.)*

www.malankaralibrary.com

# 7

# ആലുവാ യു.സി. കോളജ് പ്രൊഫസർ ഫാ. റ്റി.വി. ജോൺ ശ്രീമതി അന്നമ്മ ജോണുമായി അഭിമുഖം





ആലുവ ശിവരാത്രി കൊണ്ടു പ്രസിദ്ധമായ മണൽപ്പുറത്തു നിന്നു ഒന്നര ഫർലോങ്ങു നടന്നാൽ ശാന്തി ലെയിനിലുള്ള തെക്കേക്കര മഠത്തിലെത്താം. അവിടെച്ചെന്ന ഞങ്ങളെ വയോധികയായ ഗൃഹനായിക ഉന്മേഷപൂർവ്വം സ്വാഗതം ചെയ്തു. തുടർന്നു നടന്ന സംഭാഷണമാണ് താഴെച്ചേർത്തിരിക്കുന്ന ചോദ്യോത്തരങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നത്.

ചോദ്യം: മലങ്കര സഭയിലെ വലിയ വ്യക്തികളുമായി ഇടപഴകാൻ കൊച്ചമ്മയ്ക്കു സാധിച്ചിട്ടുണ്ടല്ലോ. അവരിൽ ചിലരെക്കുറിച്ചു പറയാമോ?

ഉത്തരം: മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്യാസ്യോസുമായി എനിക്കു കുടുംബബന്ധമുണ്ട്; ആ വന്ദ്യവ്യക്തിയുടെ വാത്സല്യം നുകരുവാൻ കുട്ടിക്കാലത്തും പലപ്പോഴും സാധിച്ചിട്ടുണ്ട്. നിരണത്തിന്റെ മെത്രാനും തിരുവല്ലാ

www.malankaralibrary.com


രൂപതയുടെ ആർച്ചുബിഷപ്പു-ബിഷപ്പുമായിരുന്ന ജോസഫ് മാർ സേവേറിയോസ് തിരുമേനി എന്റെ സഹോദരനാണ്. പീലിപ്പോസ് മാർ തിയോഫിലോസ്, മാർ കൂറിലോസ് എന്നീ തിരുമേനിമാരും എനിക്കു ബന്ധമുള്ളവരാണ്. പരുമല തിരുമേനി എന്നറിയപ്പെടുന്ന പരിശുദ്ധനായ മാർ ഗ്രീഗോറിയോസ് മല്ലപ്പള്ളിയിലുള്ള എന്റെ വീടു സന്ദർശിച്ചിട്ടുള്ളത് ഓർമ്മയുണ്ട്; മഞ്ചലിലായിരുന്നു അന്നു തിരുമേനിയുടെ യാത്ര; ഒരു വിശുദ്ധനെന്നോണം അദ്ദേഹത്തെ ഞങ്ങൾ സ്വീകരിച്ചു. തിരുവല്ലായിലെ ബാലികാമഠം ഹൈസ്കൂളിൽ അധ്യാപികയായിരുന്ന കാലത്തു ആദ്യം ഫാ. പി.റ്റി. ഗീവറുഗീസും പിന്നീടു ഫാ. അലക്സിയോസും എന്റെ ആത്മനിയന്താക്കളായിരുന്നു. അവർ രണ്ടു പേരും മേൽപ്പട്ട സ്ഥാനത്തേക്കു ഉയർത്തപ്പെട്ടവരാണ്. വാകത്താനം കാതോലിക്കാ എന്നു പ്രസിദ്ധനായ തിരുമേനിയത്രേ എന്റെ വിവാഹം ആശീർവദിച്ചത്.

ഞങ്ങൾ ആലുവായിൽ താമസം തുടങ്ങിയകാലത്ത് ഫെലോഷിപ്പു ഹൗസ് ഉണ്ടായിരുന്നില്ല. മലങ്കരയിലെ പ്രമുഖരായ പലരും അന്നു ഞങ്ങളുടെ വസതിയിൽ താമസിക്കുക സാധാരണമായിരുന്നു. തോമസ് മാർ ദീവന്യാസ്യോസ്, പത്രോസ് മാർ ഒസ്താത്യോസ്, പുത്തൻകാവ് മാർ പീലക്സിനോസ്, പാമ്പാടി മാർ ഗ്രീഗോറിയോയ എന്നീ മെത്രാച്ചന്മാരുടെ പേരുകൾ അക്കൂട്ടത്തിൽ എടുത്തു പറയേണ്ടവയാണ്.

ചോദ്യം: വലിയ നിലകളിലാണല്ലോ കൊച്ചമ്മയുടെ മക്കൾ. എവിടെയാണവർ പ്രവർത്തിക്കുന്നത്?

ഉത്തരം: അഞ്ചു ആൺമക്കളും മൂന്നു പെൺമക്കളും ഇരുപതു കൊച്ചുമക്കളും അഞ്ചു കൊച്ചുമക്കളുടെ മക്കളുമുണ്ട്. മൂത്തമകൻ ജോർജ്ജു ജോൺ ഇപ്പോൾ T.C.C.-യിൽ ടെക്നിക്കൽ ഡയറക്ടറായി ജോലി ചെയ്യുന്നു. ജർമ്മനിയിൽ നിന്നു എൻജിനീയറിംഗിനു ഡോക്ടറേറ്റു എടുത്ത മാത്യുജോൺ Volks Wagon കാർ കമ്പനിയിൽ സേവനമനുഷ്ഠിക്കുന്നു. അമേരിക്കയിലും ഇംഗ്ലണ്ടിലും നിന്നു ഉപരി ബിരുദമെടുത്തിട്ടുള്ള ജേക്കബ് ജോൺ വെല്ലൂർ മെഡിക്കൽ കോളജിൽ ഡെപ്യൂട്ടി മെഡിക്കൽ സൂപ്പരിൻറൻറ് ആണ്; വേൾഡ് ഹെൽത്ത് ഓർഗനൈസേഷനിലും പ്രവർത്തിക്കുന്നു. അഞ്ചൽ സെൻറ് ജോൺസ് കോളജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് പ്രൊഫസറാണ് തോമസ് ജോൺ. ഡോക്ടർ അലക്സാണ്ടർ ജോൺ ജർമ്മനിയിൽ കാർഡിയോളജിസ്ററു ആയിപ്രവർത്തിക്കുന്നു; Open Heart Surgery-യിലും വിദഗ്ദ്ധനാണ്.

മറിയാമ്മ ജേക്കബ്, അന്നമ്മ സൈമൺ, ഏലിയാമ്മ ഗീവറുഗീസ് എന്നിവരാണ് പെൺമക്കൾ. ആലുവാ മഹിളാലയം സ്കൂളിലും തിരുവനന്തപുരം സർവ്വോദയം സ്കൂളിലും ജോലി നോക്കിയ മറിയാമ്മ ജേക്കബ് ഇപ്പോൾ വിശ്രമജീവിതമാണ്. ഭർത്താവു ജേക്കബ് ചെറിയാൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ ജോയിൻറ് ഡയറക്ടർ ആയിരുന്നു. ജേക്കബ് ഒരു വർഷം മുമ്പു മരിച്ചു. ഒറ്റപ്പാലം ഡി.ഇ.ഒ. ആണ് അന്നമ്മ സൈമൺ. കുന്നംകുളം തെക്കേക്കര കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പായുടെ കൊച്ചു മകൻ റ്റി.എം. സൈമൺ ആണു ഭർത്താവ്. P.W.D.ചീഫ്

www.malankaralibrary.com


എൻജിനീയറാണ് സൈമൺ. Telk-ൽ സീനിയർ മാനേജർ ഐക്കരക്കുടിയിൽ ഗീവറുഗീസാണ് ഇളയമകൾ ലൂണി ഏലിയാമ്മയെ വിവാഹം കഴിച്ചിരിക്കുന്നത്.

ചോദ്യം: ഏതെല്ലാം രംഗങ്ങളിലാണു കൊച്ചമ്മ പ്രവർത്തിച്ചിട്ടുള്ളത്.

ഉത്തരം: മദ്രാസിലെ വിമൻസ് ക്രിസ്ററ്യൻ കോളജിൽ നിന്നു ചരിത്രം ഐച്ഛികമായെടുത്തു 1922-ൽ ബി.എ. പാസായി. തിരുവല്ലായിലെ ബാലികമഠം ഹൈസ്കൂളിൽ ഉടനെ തന്നെ അധ്യാപികയായി പ്രവേശനം ലഭിച്ചു. 1925-ൽ വിവാഹിതയായി. അതോടെ ആലുവായിലേക്കു താമസം മാറേറണ്ടിവന്നു. ആലുവായിലെ മുൻസിപ്പൽ ഗേൾസ് സ്കൂളിൽ ഹെഡ്മിസ്ട്രസ് ആയി ജോലികിട്ടി. മുൻസിപ്പാലിററിക്കാർ ആ സ്കൂൾ നിർത്തിയപ്പോൾ തിരുവനന്തപുരത്ത് ഗേൾസ് ഹൈസ്കൂളിൽ നിയമിതയായി. കുടുംബം ആലുവായിലും ജോലി തിരുവനന്തപുരത്തുമായി കഴിയുന്നതു ബുദ്ധിമുട്ടായി തോന്നി. മക്കളുടെ സംരക്ഷണത്തിനു പ്രാമുഖ്യം കൊടുക്കേണ്ടതായും വന്നു. തന്മൂലം അധ്യാപകവൃത്തിയോടു വിടപറഞ്ഞു. കൃഷിയിലും സാമൂഹ്യ സേവനത്തിലുമായി തുടർന്നുള്ള ശ്രദ്ധ. തോട്ടയ്ക്കാട്ടുകര എൽ.പി. സ്കൂളിൻെറ വെൽഫയർ കമ്മിററിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. കൃഷിവികസന അതോറിട്ടിയുടെ തോട്ടയ്ക്കാട്ടുകര ഭാഗത്തെ പ്രസിഡണ്ടു എന്ന നിലയിലുള്ള സേവനവുമുണ്ട്.

ചോദ്യം: ബ.ററി.വി. ജോണച്ചനെപ്പററിയുള്ള ഓർമ്മകൾ എന്തൊക്കെയാണ്?

ഉത്തരം: ആലുവാ യു.സി. കോളജിലെ ഇംഗ്ലീഷു പ്രൊഫസറായിരുന്ന അച്ചൻ അധ്യേതാക്കളുടെ കണ്ണിലുണ്ണിയായിരുന്നു. അധ്യാപനപാടവവും ശിഷ്യവാത്സല്യവും അദ്ദേഹത്തെ പ്രിയങ്കരനാക്കി. ഉപരിപഠനം അഭിലഷിക്കുന്ന അർഹതയുള്ള അധ്യേതാക്കൾക്കു സ്വന്തം ശമ്പളത്തിൻെറ ഒരു ഭാഗം സംഭാവനചെയ്യാൻ അച്ചൻ മനസ്സുവെച്ചു. അങ്ങനെ പഠിച്ചുയർന്നിട്ടുള്ളവർ വളരെയുണ്ട്. അച്ചൻെറ ഈ ഉദാരതയേയും സന്മനോഭാവത്തേയും ശ്രീ നിത്യചൈതന്യയതി ലേഖനദ്വാരാ പ്രകീർത്തിച്ചിട്ടുണ്ട്.

വട്ടശ്ശേരിൽ മാർ ദീവന്യാസ്യോസ് ആണ് അച്ചനെ പട്ടത്തിനു തിരഞ്ഞെടുത്തത്. അസാധാരണബുദ്ധിസാമർത്ഥ്യവും ആദ്ധ്യാത്മിക തീക്ഷ്ണതയും അദ്ദേഹത്തിൽ തെളിഞ്ഞുനിന്നത് തിരുമേനിയെ ആകർഷിച്ചു. സഭാകാര്യങ്ങളിൽ ആഴമേറിയ ജ്ഞാനം അച്ചനുണ്ടായിരുന്നു. സമുദായം ഇക്കാര്യം അംഗീകരിക്കയും ചെയ്തു.

ലളിതജീവിതം മാത്രമേ അച്ചൻ അഭിലഷിച്ചുള്ളു. മക്കൾക്കു നല്ല വിദ്യാഭ്യാസം കൊടുക്കണമെന്നല്ലാതെ വീടുവെക്കണമെന്നോ സ്വത്തുസമ്പാദിക്കണമെന്നോ അദ്ദേഹം ആഗ്രഹിച്ചില്ല. സ്വത്തിൻെറയും വീടിൻെറയും കാര്യത്തിൽ എൻെറ ചിന്ത മറിച്ചായിരുന്നു.

കുടുംബാംഗങ്ങൾക്കുവേണ്ടുവോളം സ്വാതന്ത്ര്യം അച്ചൻ അനുവദിച്ചിരുന്നു. വീട്ടിൽ ഒരിക്കലും പണപ്പെട്ടി പൂട്ടിവെച്ചിരുന്നില്ല. മക്കൾക്കു പണം എടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എല്ലാവരോടും ഒന്നിച്ചു ധാരാളം ഫലിതം പറഞ്ഞിരുന്നു. കൂടെക്കൂടെ വിനോദയാത്രകൾ സംഘടിപ്പിക്കാനും മടിച്ചില്ല.

അടിയുറച്ച ഈശ്വരവിശ്വാസമാണ്, അച്ചനുണ്ടായിരുന്നത്. "ദൈവത്തെ

www.malankaralibrary.com



സ്നേഹിക്കുന്നവർക്കു ദൈവം എല്ലാം നന്മയ്ക്കു ചെയ്യും" എന്നാണു മരണക്കിടക്കയിൽവെച്ചു അദ്ദേഹം പറഞ്ഞത്. വിശ്വസ്തതയ്ക്കു തക്ക അനുഗ്രഹം അച്ചനു സദാ ലഭിച്ചുകൊണ്ടിരുന്നു. മരണമാസന്നനായി കിടക്കുമ്പോൾ മകൻ മാത്യുവിനെ കാണാൻ ആഗ്രഹിച്ചു. ജർമ്മനിയിലുള്ള അവനെ വിവരം അറിയിക്കുകയോ അവിടെ നിന്നു ഉടനടി എത്തിച്ചേരുകയോ ക്ഷിപ്രസാധ്യമായിരുന്നില്ല. യാതൊരു മുന്നറിയിപ്പും കൂടാതെ 10 ദിവസത്തെ അവധിക്കു മാത്യുവന്നുചേർന്നു. അവൻെറ ഒരു ദിവസത്തെ പരിചരണം സ്വീകരിച്ചതിനുശേഷമേ അച്ചൻ അന്ത്യശ്വാസം വലിച്ചുള്ളു.

ചോദ്യം: നിങ്ങളുടെ വിവാഹം നടന്നത് എങ്ങനെയാണ്?

ഉത്തരം: വട്ടശ്ശേരിൽ മാർ ദീവന്യാസ്യോസുമായി എനിക്കു കുടുംബ ബന്ധമുണ്ടെന്നു പറഞ്ഞല്ലൊ. തിരുമേനിക്കു എന്നോടു വാത്സല്യവുമായിരുന്നു. ററി.വി. ജോൺ ശെമ്മാശനുമായുള്ള എൻെറ വിവാഹം നിർദ്ദേശിച്ചതു തിരുമേനിയാണ്. 1925-ൽ അന്നത്തെ കാതോലിക്കാ വാകത്താനം പള്ളിയിൽ വെച്ചു ഞങ്ങളുടെ വിവാഹം ആശീർവദിച്ചു. അന്നു ഞാൻ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂളിൽ അധ്യാപിക ആയിരുന്നു. ജോൺ ശെമ്മശൻ യു.സി. കോളജ് പ്രൊഫസറും.

ചോദ്യം: ജോണച്ചൻെറ കുട്ടിക്കാലത്തെക്കുറിച്ചറിയാമോ?

ഉത്തരം: പനയമ്പാല തെക്കേക്കര വീട്ടിൽ വറുഗീസിൻെറയും മറിയാമ്മയുടെയും മകനായി ജനിച്ചു. മിഡിൽസ്കൂൾ വിദ്യാഭ്യാസം മല്ലപ്പള്ളിയിൽ നടത്തി. ഹൈസ്കൂൾ പഠനം കോട്ടയം എം.ഡി. സ്കൂളിലും. എം.ഡി. സെമിനാരി ഹൈസ്കൂളിൽ അന്നത്തെ ഹെഡ്മാസ്റ്റർ ഫാ. പി.ററി. ഗീവറുഗിസ് (പിന്നീടു മാർ ഈവാനിയോസ്) ആയിരുന്നു. ഹെഡ്മാസ്ററററുടെ വാത്സല്യം ആവോളം ആസ്വദിക്കാൻ ആ അധ്യേതാവിനു കഴിഞ്ഞു.

തേനെടുക്കലായിരുന്നു ഹൈസ്കൂൾ പഠനകാലത്തു ഒരു പ്രധാന വിനോദം. അവധിദിവസങ്ങളിൽ രാവിലെ കാപ്പികുടികഴിഞ്ഞു പറമ്പിലിറങ്ങും. ഒരു പാത്രവും ചെറിയ കൈക്കോടാലിയും കൂടെയുണ്ടായിരിക്കും. പറമ്പിലുള്ള മരങ്ങളിൽ മിക്കതിലും തേനീച്ച പൊത്തുകളുണ്ട്. പൊത്തുകൾ മുറിച്ചു തേനെടുക്കും. വരിക്കച്ചക്കപ്പഴം കിട്ടുമെങ്കിൽ അതു തേനിൽ മുക്കിക്കഴിക്കും.

ഫാ. പി.ററി. ഗീവറുഗീസിനോടൊപ്പം റ്റി.വി. ജോൺ മാർ ദീവന്യാസ്യോസിനെ കാണാൻ പലപ്പോഴും പോയിരുന്നു. തിരുമേനിയുടെ ആഗ്രഹവും നിർദ്ദേശവുമനുസരിച്ചാണ് പരുമലപ്പള്ളിയിൽ വെച്ചു പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ ജോണച്ചനു ശെമ്മശുപട്ടം നല്കിയത്. അന്നു കോട്ടയം സി.എം.എസ്. കോളജിൽ ഇൻറർമീഡിയററു വിദ്യാർത്ഥിയായിരുന്നു ജോൺ. അതിനുശേഷം സമുദായത്തിൽ നിന്നും പഠിപ്പിച്ചു. അങ്ങനെ ശെമ്മാശൻ M.A.L.T.പാസായി. ഗുണ്ടൂർ കോളജിൽ നിയമനം ലഭിക്കയും ചെയ്തു.

1919-ലാണ് ആലുവാ യു.സി. കോളജിൻെറ സ്ഥാപനം. ശ്രീ. കെ.സി. മാമ്മൻ മാപ്പിളയുടെ ഇളയ സഹോദരൻ ശ്രീ. കെ.സി. ചാക്കോയായിരുന്നു അതിനു നേതൃത്വം നല്കിയത്. ശ്രീ ചാക്കോയുടെ നിർബ്ബന്ധപ്രകാരം ററി.വി. ജോൺ

ശെമ്മാശ്ശൻ യു.സി. കോളജിൽ ജോലി സ്വീകരിച്ചു.

വിവാഹത്തിനുശേഷം ഞങ്ങൾ ആലുവായിൽ താമസമാക്കി. ആലുവാ കൊട്ടാരത്തിനടുത്തുള്ള ഒരു ചെറിയ വീട്ടിലാണു താമസിച്ചത്. സഭയിൽ നിന്നും അച്ചൻെറ പഠനത്തിനായി ചെലവഴിച്ച തുക മുഴുവനും അതിനു മുമ്പായി തിരികെ കൊടുത്തുകഴിഞ്ഞിരുന്നു.

ചോദ്യം: അച്ചൻെറ അധ്യാപനപാടവത്തെക്കുറിച്ചു അധ്യേതാക്കളുടെ പ്രതികരണം ലഭിച്ചിട്ടുണ്ടോ?

ഉത്തരം: ധാരാളം. അദ്ദേഹത്തിൻെറ ഒരു ശിഷ്യനായ റവ. ഡോക്ടർ കെ.സി. ജോസഫിനെത്തന്നെ ഉദ്ധരിക്കാം: 'ആലുവാ യൂണിയൻ ക്രിസ്ററ്യൻ കോളജിലെ ഒരു വിദ്യാർത്ഥിയായി ഞാൻ 1932 ജൂൺ മാസത്തിൽ പ്രവേശിച്ചപ്പോൾ ആ കോളജിലെ ഇംഗ്ലീഷു ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്ന അധ്യാപകരിൽ ഏററവും പ്രശസ്തരായ മൂന്നു പേരിൽ ഒരാളായിരുന്നു ദിവ്യശ്രീ ററി.വി. ജോണച്ചൻ. പുതിയ പുതിയ ആശയങ്ങൾ പുതിയ രീതിയിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ വിദഗ്ധനായിരുന്നു പ്രിൻസിപ്പാൾ എം.എം. വർക്കി. വിപുലമായ ഗ്രന്ഥപാരായണത്തിൽ കൂടി ആഗ്ലേയ സാഹിത്യത്തിൻെറ ഒരു കലവറക്കാരനായിരുന്നു പ്രൊഫസർ ആരാവമുദ അയ്യങ്കാർ സ്വാമി. ലളിത ഭാഷയിൽ സാഹിത്യത്തിൻെറ ആസ്വാദ്യതയെ വിവരിച്ചു വിദ്യാർത്ഥികളെ രസിപ്പിച്ചിരുന്ന ഒരു സ്നേഹിതനായിട്ടാണ് ജോണച്ചൻ അറിയപ്പെട്ടിരുന്നത്. മിൽട്ടൺ, വേഡ്സ്വർത്ത് മുതലായ കവികളുടെ ഗഹനങ്ങളായ ആശയങ്ങൾ മനസ്സിലാക്കുന്നതിന് സ്വന്തജീവിതത്തിലെ അനുഭവങ്ങൾ ഉദാഹരണങ്ങളായി ഉപയോഗിക്കുന്ന പതിവു ജോണച്ചൻെറ അധ്യാപനരീതിയുടെ പ്രത്യേകതയായിരുന്നു. സാധാരണ അലസരായിരുന്ന വിദ്യാർത്ഥികൾ പോലും ജോണച്ചൻ പറയുന്നതു ശ്രദ്ധിക്കാൻ ഉത്സാഹം കാണിച്ചിരുന്നു. പഠിപ്പിച്ചുകൊണ്ടിരിക്കുന്ന പാഠങ്ങളിലെ പ്രതിപാദ്യവിഷയങ്ങളെ സംബന്ധിച്ചുള്ള ചില പ്രസ്താവനകൾ ചോദ്യരൂപത്തിൽ ജോണച്ചൻ അവതരിപ്പിക്കുകയും അവയുടെ ഉത്തരങ്ങൾ വിദ്യാർത്ഥികൾ പുറപ്പെടുവിക്കയും ചെയ്യുന്നതു ക്ലാസ്സു സജീവമായി അനുഭവപ്പെടാൻ സഹായകമായി'

ചോദ്യം: കോളജിലെ പാഠ്യേതരകാര്യങ്ങളിൽ അച്ചൻ ശ്രദ്ധിച്ചിരുന്നോ?

ഉത്തരം: യു.സി. കോളജിലെ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആരാധനാനേതൃത്വം വഹിച്ചിരുന്നത് ജോണച്ചനായിരുന്നു. ആരാധനകൾ ആവശ്യത്തിലധികം നീട്ടിക്കൊണ്ടുപോയി യുവജനങ്ങൾക്കു മുഷിപ്പു വരുത്തിയിരുന്നില്ല. ശുശ്രൂഷകൾ കൃത്യസമയത്തുതുടങ്ങി, എല്ലാവർക്കും ഹൃദയംഗമായി പങ്കെടുക്കത്തക്കവണ്ണം ലളിതമായി നടത്തി. മറ്റെല്ലാ കാര്യങ്ങളിലും എന്നപോലെ ഭക്തിജീവിത പരിപാടികളിലും അതിശയോക്തിയും നാടകീയതയും ഉപേക്ഷിച്ചു; മിതസ്വഭാവംപുലർത്തി. സാക്ഷാൽ ദൈവഭക്തനായിരുന്ന അദ്ദേഹം ബാഹ്യമായിഭക്തിപ്രകടനങ്ങൾ കൂടാതെ സാധാരണക്കാരുടെ ഇടയിൽ സാധാരണക്കാരനെപ്പോലെ പെരുമാറി. ജോണച്ചനോടു ആശയവിനിമയം നടത്താൻ എല്ലാവർക്കും സന്തോഷമായിരുന്നു.

www.malankaralibrary.com


ചോദ്യം: ആലുവായിൽ ജോണച്ചൻ ചെയ്ത മറ്റെന്തെങ്കിലും സേവനമുണ്ടോ?

ഉത്തരം: ആലുവാ ഫെലോഷിപ്പു ഹൗസ്, കോളജുഹിൽ ഓർത്തഡോക്സു ഇടവകപ്പള്ളി എന്നിവ ജോണച്ചൻെറ അശ്രാന്തശ്രമത്തിൻെറ ഫലമാണ്. അന്നു മററാർക്കും സാധിക്കാത്ത പല കാര്യങ്ങളും സ്വന്ത പ്രയത്നംകൊണ്ടു അച്ചൻ സാധിച്ചെടുത്തു. അങ്ങനെയാണ് ആ സ്ഥാപനവസ്തുക്കളിലുള്ള അവകാശം സാധ്യമാക്കിയത്. ഒരു പ്രതിഫലവും ആഗ്രഹിക്കാതെ പലപ്പോഴും സ്വന്ത കൈയിൽ നിന്നു പണം ചെലവാക്കിയത്രേ അവ നേടിയെടുത്തത്. ആ വസ്തുക്കൾ നിയമദൃഷ്ട്യാ സുരക്ഷിതമാക്കാൻ എവിടെയെല്ലാം നടന്നു, ആരെയെല്ലാം കണ്ടു എന്നു പറയുക പ്രയാസം. അക്കാലത്തു ജോണച്ചനുമായി അടുത്തുപെരുമാറിയവർക്കേ ഇതറിയൂ. ആ രണ്ടു സ്ഥാപനങ്ങളുടെയും പ്രയോജനം അനുഭവിക്കുന്നവർ എന്നാളും ജോണച്ചനോടു കടപ്പെട്ടവരാണ്.

ചോദ്യം: മലങ്കരസഭയെ പൊതുവേ ബാധിക്കുന്ന എന്തെങ്കിലും സേവനം അച്ചൻെറ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ?

ഉത്തരം: "മലങ്കര സഭാ മാസിക" എന്നറിയപ്പെടുന്ന സഭാപ്രസിദ്ധീകരണം അച്ചൻ തുടങ്ങിയതാണ്. കോളജിൽ നിന്നു റിട്ടയർ ചെയ്തശേഷം കുറേക്കാലം പ. കാതൊലിക്കാബാവായുമൊത്തു താമസിക്കുന്ന കാലത്താണ് അതിനു ആരംഭമിട്ടത്. കക്ഷിവഴക്കുകളും കേസുകളും അച്ചനിഷ്ടമല്ലായിരുന്നു. സൃഷ്ടിപരമായ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനായിരുന്നു അച്ചൻെറ ശ്രമം. കോട്ടയത്തുണ്ടായിരുന്ന സഭാപ്രവർത്തനത്തിൻെറ അന്തരീക്ഷം അതിനു പററിയതായിരുന്നില്ല. അതുകൊണ്ടു ഏതാനും ലക്കം പ്രസിദ്ധീകരിച്ചതിനുശേഷം വലിയ ഒച്ചപ്പാടൊന്നും കൂടാതെ അച്ചൻ ആലുവായ്ക്കു മടങ്ങി.

ഗ്രീഗോറിയൻ കലണ്ടർ, യൂലിയൻ കലണ്ടർ എന്ന പേരിലുള്ള വ്യത്യസ്തങ്ങളായ കലണ്ടറുകൾ സ്വീകരിച്ചിരുന്നതുകൊണ്ട് ക്രിസ്മസ്, ഈസ്ററർ തുടങ്ങിയ പെരുന്നാളുകൾ വേറെ വേറെ തീയതികളിലാണ് കത്തോലിക്കാസഭയും യാക്കോബായസഭയും ആചരിച്ചിരുന്നത്. ഇതിൻെറ അസാംഗത്യം സഭാനേതൃത്തെ തെര്യപ്പെടുത്താൻ അച്ചൻ ആവതു ശ്രമിച്ചു. അതിൻെറ ഫലമായിക്കൂടെയാവണം ഇന്നു പ്രസ്തുത തിരുനാളുകൾ ഒന്നിച്ചു ആചരിക്കുവാൻ വിഭിന്നസഭകൾക്കു കഴിയുന്നത്.

ചോദ്യം: സഭാസംബന്ധമായ ചിന്തകളിൽ അച്ചൻ ഉററ സമ്പർക്കം പുലർത്തിയവർ ആരൊക്കെയാണ്.

ഉത്തരം: വെരി. റവ. വി.സി. ഗീവറുഗീസ് കോർ എപ്പിസ്ക്കോപ്പാ, റവ. ഡോ. സി.എ. ഏബ്രഹാം എന്നിവരുമായി അച്ചൻ ഉററ സമ്പർക്കം പുലർത്തി. മൂവരും സഭയുടെ ദയനീയതയിൽ തുല്യദുഃഖിതരായിരുന്നു. മൂന്നു പേരും ഓർത്തഡോക്സു സഭയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയിൽ ചേരുകയും ചെയ്തു.

ചോദ്യം: ബ.ററി. വി. ജോണച്ചൻെറ കത്തോലിക്കാ പുനരൈക്യത്തിനുണ്ടായ സാഹചര്യം എന്തായിരുന്നു?

ഉത്തരം: 'മലങ്കരസഭയുടെ ഭാവി' എന്നൊരു ചെറുപുസ്തകം അച്ചൻ പ്രസി

ഢീകരിച്ചിട്ടുണ്ട്. പുനരൈക്യത്തിൻെറ കാരണങ്ങളാണ് അതിൽ വിശദീകരിച്ചിട്ടുള്ളത്. സഭയിലെ ഉൾപ്പോരും വഴക്കും അച്ചനെ വല്ലാതെ വേദനിപ്പിച്ചിരുന്നു. പള്ളികൾ പൂട്ടിയിട്ടശേഷം ഷെഡ്ഡിലും മുറികളിലും കുർബ്ബാനചൊല്ലുന്ന അവസ്ഥ വിഷമകരമായി തോന്നി. യു.സി. കോളജിൽ ശെമ്മാശ്ശനായി വന്നപ്പോൾ തൃക്കുന്നത്തു സെമിനാരിയിൽ കുർബ്ബാന കാണാൻ പോയിരുന്നു. ഓർത്തഡോക്സുകക്ഷി എന്ന നിലയിൽ അവിടെ മദ്ബഹായിൽ പ്രവേശനം നല്കിയില്ല. അച്ചൻ മുൻകൈയെടുത്തു സ്ഥാപിച്ചതാണ് കോളജുകുന്നിലെ പള്ളി. അവിടെയും കക്ഷിവഴക്കുണ്ടായി. വഴക്കുമുത്തു വേറൊരു പള്ളികുടി സ്ഥാപിക്കപ്പെട്ടു.

മംഗലപ്പുഴ സെമിനാരിയിലെ വിശുദ്ധ വൈദികരായ ഫാ. സക്കറിയാസ്, ഫാ. ഔറേലിയൻ എന്നിവരുടെ അധ്യാത്മചര്യയിൽ അച്ചൻ ആകൃഷ്ടനായി. ഇംഗ്ലണ്ടിലെ പഠനംകഴിഞ്ഞു റോമിൽ ചെന്നപ്പോൾ മാർപ്പാപ്പായെ സന്ദർശിച്ചരംഗം അച്ചനെ രോമാഞ്ചംകൊള്ളിച്ചു. വത്തിക്കാനിൽ ലഭിച്ച മധുരസ്വീകരണം അന്ത്യോക്യാപാത്രിയർക്കീസിൻെറ അരമനയിൽ അച്ചനു ലഭിച്ചില്ല. നാലു ദിവസം അവിടെ താമസിച്ചിട്ടും പാത്രിയർക്കീസിനെ കാണുന്നതിനുള്ള അനുവാദംപോലും കിട്ടിയില്ല.

ചോദ്യം: "മലങ്കരസഭയുടെ ഭാവി" എന്നൊരു പുസ്തകത്തെക്കുറിച്ചു സൂചിപ്പിച്ചല്ലോ. എന്താണതിൻെറ ഉള്ളടക്കം?

ഉത്തരം: ഒരു ചിന്തോദ്ദീപക കൃതിയാണത്. ബുദ്ധിജീവികളായ സഭാംഗങ്ങളുടെ പരിചിന്തനത്തിനാണതു സമർപ്പിച്ചിരിക്കുന്നത്. മലങ്കര സഭയുടെ ഇദാനിന്തനസ്ഥിതി, 17-ാം നൂററാണ്ടിനുമുമ്പ് അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനു കേരളവുമായി യാതൊരു ബന്ധവും ഇല്ലായിരുന്നെന്ന സത്യാവസ്ഥ, വിദേശത്തെ യാക്കോബ്യരുടെ ദയനീയസ്ഥിതി, മലങ്കരസഭയുടെ വലിയ പരാജയത്തിനുള്ള രണ്ടു കാരണങ്ങൾ (വികാരഭരിതമായ സന്ദർഭത്തിൽ നടത്തിയ കൂനൻകുരിശുസത്യത്തെ തുടർന്നു ചെയ്തിട്ടുള്ള കൃത്രിമങ്ങൾ, പരദേശത്തെ യാക്കോബായ സഭയുമായുള്ള വേഴ്ച), ആദിമ കേരളസഭയുടെ സെലുക്യാബന്ധം, പഴയ കൂറുമായി പിരിഞ്ഞതിനുശേഷം അഞ്ചു "കൂറു"കളായി പുത്തൻകൂർ കീറിമുറിഞ്ഞ ദയനീയചിത്രം, സാർവ്വത്രിക സഭയോടുള്ള ഐക്യത്തിൻെറ അപരിത്യാജ്യത - എല്ലാം ഇതിൽ വെളിപ്പെടുത്തിയിട്ടുള്ള വിഷയങ്ങളാണ്.

നമ്മുടെ നാട്ടിൽ "സത്യ"ത്തിനുവേണ്ടിയുള്ള പോരാട്ടമെങ്കിൽപരദേശത്തു ജീവിതത്തിനുവേണ്ടിയുള്ള പോരാട്ടമാണെന്നത്രേ കേരളത്തിനകത്തും പുറത്തുമുള്ള സുറിയാനിസഭയുടെ സ്ഥിതിയെ അച്ചൻ വിലയിരുത്തുന്നത്.

ചോദ്യം: 'പരദേശത്തു ജീവിതത്തിനുവേണ്ടി പോരാട്ടം'

'നാട്ടിൽ സത്യത്തിനുവേണ്ടി പോരാട്ടം' എന്നിങ്ങനെയുള്ള അച്ചൻെറ പ്രയോഗങ്ങളെ ഒന്നുകൂടി വ്യക്തമാക്കാമോ?

ഉത്തരം: പരദേശത്തെ സഭ നിലനിൽപ്പിനുവേണ്ടി പെടാപ്പാടുപെടുന്നുവെന്നത്രെ ജീവിതത്തിനുവേണ്ടി പോരാട്ടം നടത്തുന്നുവെന്നതിനർത്ഥം.

നാട്ടിൽ സത്യത്തിനുവേണ്ടി പോരാട്ടം എന്നതുകൊണ്ടു ഉദ്ദേശിക്കുന്നതു ഇവിടത്തെ സഭാവ്യവഹാരമാണ്. 'സത്യ'ത്തിനുവേണ്ടി പോരാട്ടമെന്ന സരസപ്രയോ

ഗത്തെ അച്ചൻ വിശദീകരിക്കുന്നുണ്ട്: "ഓരോ വ്യവഹാരം കഴിയുമ്പോഴും, 'ഒരു ഭാഗം ജയിച്ചു' 'മറുഭാഗം തോററു'. നീതിന്യായക്കോടതി അതിൻെറ കൃത്യം നിർവഹിച്ചു. പക്ഷേ, മനോവീര്യം നോക്കുകയാണെങ്കിൽ തോൽവിയെന്നും ജയമെന്നും പറയുന്നത് നിരർത്ഥകങ്ങളായ പദങ്ങളല്ലയോ?

തോറ്റ ഭാഗം പറയുന്നു: ന്യായാധിപനായ പീലാത്തോസ് സത്യത്തെ കുരിശിൽ തറച്ചു, കബറടക്കി, മൂന്നാം ദിവസം സത്യം ഉയിർത്തെഴുന്നേററു. അതുപോലെ സത്യം നിശ്ചയമായും ജയിക്കും. ജയിച്ചഭാഗം പറയുന്നു. സത്യത്തിനു വേണ്ടിയായിരുന്നു ഇതുവരെയുള്ള പോരാട്ടം. അതിൻെറ അവസാനം ഇപ്പോൾ ഉണ്ടായിരിക്കുന്നു. സത്യം ജയിക്കും നിശ്ചയം.

രണ്ടു ഭാഗക്കാരും "സത്യ"ത്തിനുവേണ്ടിയായിരുന്നു കഴിഞ്ഞ നാൽപ്പത്തഞ്ചു വർഷങ്ങളായി വ്യവഹാരപ്പോരാട്ടം ചെയ്തുകൊണ്ടിരുന്നത്. ഇനി സുപ്രീം കോർട്ടിൽ തുടരുന്നതും "സത്യ"ത്തിനുവേണ്ടിത്തന്നെയായിരിക്കും. സമരരംഗം ഒന്നു മാറുന്നു എന്നേയുള്ളു. അവിടെ ജയവും തോൽവിയും മാറിമറിച്ചുവരാൻ പാടില്ലായ്കയില്ല.അവിടംകൊണ്ടു വ്യവഹാരം അവസാനിക്കുമെന്നു തീർച്ച പറയുവാൻ പാടില്ല. "അന്തിമവിധി എങ്ങനെ വന്നാലും കാതോലിക്കാപക്ഷത്തിൻെറ സ്വാതന്ത്ര്യത്തെ എടുത്തുകളയുവാൻ ഭൂമിയിൽ ഒരു ശക്തിക്കും സാധ്യമല്ല" (മനോരമയുടെ മുഖപ്രസംഗം) പാത്രിയർക്കാബന്ധം വിട്ടുപോകുമെന്നു യാക്കോബായ കക്ഷിയോ 'കൈവെപ്പിനു' ന്യൂനതയും സ്വാതന്ത്ര്യത്തിനു ഭംഗവുമുണ്ടെന്നു ഓർത്തഡോക്സുകക്ഷിയോ മാററിമറിച്ചു വിശ്വസിക്കാനുംപോകുന്നില്ല. പിന്നെ എന്തിനാണീ നാലഞ്ചുലക്ഷം രൂപാ - അല്ല എഴുപത്തഞ്ചു ലക്ഷം ചെലവിടുവാൻ മലങ്കര നസ്രാണികൾ സംഘടിത വ്യാമോഹത്തിന് അടിമകളായിത്തീർന്നിരിക്കുന്നത്? ഇരുഭാഗത്തേയും നടത്തുന്നതു മേലിൽ നിന്നുള്ള ആത്മാവോ ഈ ലോകത്തിൻെറ പ്രഭുവോ?

"രാജ്യം രാജ്യത്തിനെതിരായും വീടുവീടിനെതിരായും ഛിദ്രിച്ചാൽ അതു നിലനിൽക്കുകയില്ല; ശൂന്യമായിപ്പോകും" (മത്താ. 12:24-28) "എന്നോടുകൂടി ചേരാത്തവൻ ചിതറിക്കപ്പെടുകതന്നെ ചെയ്യും" (ലൂക്കോ. 11:23).

ഇരുഭാഗവും ആത്മീയമായും ധാർമ്മികമായും എത്രമാത്രം അധഃപതിച്ചുപോയിരിക്കുന്നു." (മലങ്കര സഭയുടെ ഭാവി P. 3,4,5)

ചോദ്യം: വി.സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ, സി.എ. ഏബ്രഹാം എന്നിവരല്ലാതെ മററാരും ജോണച്ചൻെറ സഭാ പരിവർത്തനചിന്ത അറിഞ്ഞിരുന്നില്ലേ?

ഉത്തരം: പലരും അറിഞ്ഞിരുന്നു. അച്ചൻെറ സ്നേഹിതനായിരുന്ന മാർ തീമോത്തിയോസ് തിരുമേനിയുമായി ഇക്കാര്യം ആലോചിച്ചിട്ടുണ്ട്. "ധൃതികൂട്ടരുത്, ഞാനുംകൂടെയുണ്ടാവും" എന്നാണു തിരുമേനി കല്പിച്ചത്. തിരുമേനിയുടെ പുനരൈക്യത്തെ തടസ്സംപ്പെടുത്താനിടവരുത്തിയതിൽ എനിക്കും ഒരു പങ്കുണ്ട്. പാറേട്ടെ മാർ ഈവാനിയോസ് തിരുമേനിയെ കണ്ട് തീമോത്തിയോസ് തിരുമേനിയുടെയും ജോണച്ചൻെറയും പുനരൈക്യാലോചനക്കാര്യം ഞാൻ അറിയിച്ചു.

 www.malankaralibrary.com 

പാറേട്ടെ തിരുമേനി അക്കാര്യം കാതോലിക്കാബാവാ തിരുമേനിയെ ബോധിപ്പിച്ചു. ബാവാ മാർ തീമോത്തിയോസ് തിരുമേനിയെ വിളിപ്പിക്കയും മൂവാററുപുഴ നിന്നു കൊല്ലത്തേക്കു സ്ഥലം മാററുകയും ചെയ്തു. മാർ തീമോത്തിയോസിനെ പിന്തിരിപ്പിക്കാൻ സഭയ്ക്കു സാധിച്ചു; ജോണച്ചൻ മുന്നോട്ടു തന്നെ നീങ്ങി.

ചോദ്യം: ബ. ജോണച്ചൻെറ പുനരൈക്യം എങ്ങനെയായിരുന്നു?

ഉത്തരം: 1957 മാർച്ചു 17-ാം തീയതി അച്ചൻ പുനരൈക്യപ്പെട്ടു. ആലുവാ സെൻറ് ആൻറണീസ് ആശ്രമപ്പള്ളിയിൽ വെച്ചായിരുന്നു. എറണാകുളം ആർച്ചു ബിഷപ്പു മോസ്ററു റവ. ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും അനേകം വൈദികരും ഒരു വലിയ ജനസമൂഹവും തദവസരത്തിൽ സന്നിഹിതരായിരുന്നു. തിരുവനന്തപുരം ആർച്ചു ബിഷപ്പു മോസ്ററ് റവ. ബനഡിക്ടു മാർ ഗ്രീഗോറിയോസ് തിരുമേനിയാണ് സ്വീകരണകർമ്മം നിർവ്വഹിച്ചത്. ശ്രീമാൻ ഇ.എ. മാത്യു അവർകളും അപ്പോൾ പുനരൈക്യപ്പെടുകയുണ്ടായി. ആംഗ്ലിക്കൻ സഭയിൽ നിന്നു കത്തോലിക്കാ സഭയെ ആശ്ലേഷിച്ച പണ്ഡിതനായ റവ. ഫാ. ബീഡ് ഗ്രിഫിത്ത്സ് എം.എ.യും എറണാകുളം ആർച്ച് ബിഷപ്പു തിരുമേനിയും പുനരൈക്യത്തിൻെറ ആസ്വാദ്യത വെളിപ്പെടുത്തി പ്രസംഗിച്ചു.

ചോദ്യം: പുനരൈക്യപ്പെടുന്നവരെക്കുറിച്ചു അപഖ്യാതിപരത്തുന്നവർ ജോണച്ചൻെറ കാര്യത്തിൽ മിണ്ടടങ്ങിയോ?

ഉത്തരം: ഇതിനെക്കുറിച്ചു റവ. ഡോ. കെ.സി. ജോസഫിൻെറ അഭിപ്രായം തന്നെ ഉദ്ധരിക്കാം: "ഉപരിപ്ലവമായി മാത്രം ചിന്തിക്കുന്ന പലർക്കും ജോണച്ചൻെറ സഭാമാററം ഇഷ്ടമായില്ല. അങ്ങനെയുള്ള ഓർത്തഡോക്സുകാരുടെ ഒരു സാധാരണ പതിവായിരുന്നു പുനരൈക്യപ്പെടുന്നത് പണം മോഹിച്ചാണെന്ന് ദുഷ്പ്രചാരണം നടത്തുക. ജോണച്ചൻെറ സത്യസന്ധതയെപ്പററി നല്ല വിശ്വാസമുണ്ടായിരുന്ന പൊതുജനങ്ങളുടെ ഇടയിൽ ആ പരാതി വിലപ്പോവില്ല.

എനിക്കു ജോണച്ചനോടുണ്ടായിരുന്ന സ്നേഹാദരങ്ങൾക്കു സഭാമാററംമൂലം ഒരു കുറവും ഉണ്ടായില്ല. ജോണച്ചനെ കാണുന്നതിനും സംസാരിക്കുന്നതിലും ഞാൻ അത്യധികം സന്തോഷിച്ചു."

ചോദ്യം: ബ. ററി.വി. ജോണച്ചൻ പുനരൈക്യപ്പെട്ടിട്ടും കൊച്ചമ്മ സഭൈക്യത്തിനു വഴിപ്പെടാതിരുന്നത് എന്തുകൊണ്ടാണ്?

ഉത്തരം: ആത്മാർത്ഥതയോടെയാണ് അച്ചൻ പുനരൈക്യത്തിൻെറ പാത തിരഞ്ഞെടുത്തത്. അതു ഒരു ബുദ്ധിജീവിക്കു ചേർന്ന വിധത്തിലുമായിരുന്നു. സത്യത്തിനുവേണ്ടി ത്യാഗം സഹിക്കാനുള്ള സന്നദ്ധതയാണ് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. പുനരൈക്യത്തിനു അച്ചൻ ഞങ്ങളെ നിർബ്ബന്ധിച്ചില്ല. എങ്കിലും ഇക്കാര്യത്തിൽ ഭർത്താവിനെ അനുകൂലിക്കാൻ ഭാര്യയ്ക്കു കടമയുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നു. മാനസിക സംഘർഷം എന്നെ മഥിച്ചു. ഭർത്താവിനെ പിഞ്ചെല്ലാനുള്ള ഉത്തരവാദിത്വം ഒരുവശത്ത്; ജനിച്ച സമൂഹവുമായുള്ള സ്നേഹബന്ധത്തെ ഛേദിക്കുന്ന വേദന മറുവശത്ത് - പലരും വിചാരിക്കുന്നതു പോലെ പുനരൈക്യം എളുപ്പമായി എനിക്കു തോന്നിയില്ല. ചുററുപാടുമുള്ള കത്തോലിക്കരുടെ ജീവിതം

www.malankaralibrary.com


മാതൃകായോഗ്യവും ക്രിസ്തീയസാക്ഷ്യം നല്കുന്നതുമായി കാണപ്പെട്ടില്ല. എൻെറ മാനസിക സംഘർഷം നീണ്ടുനിന്നു. അതു തീരുന്നതിനുമുമ്പായി അച്ചൻ ഇഹലോകവാസം വെടിഞ്ഞു.

(1970 ജൂലൈ 20-ാം തീയതി ബ. ജോണച്ചൻ മരിച്ചു. തോട്ടയ്ക്കാട്ടുകര സെൻറ് ജോൺസ് മലങ്കരകത്തോലിക്കാപ്പള്ളിയുടെ മദ്ബഹായിൽ വലതു ഭാഗത്തുളള കബറിടത്തിലാണ് ആ മൃതദേഹം സ്ഥിതിചെയ്യുന്നത്. ജോണച്ചൻ സ്ഥാപിച്ച ആ പള്ളി ഇപ്പോൾ (1995-ൽ) രൂപതയിൽ നിന്നും പുതുക്കിപ്പണിതുകൊണ്ടിരിക്കുകയാണ്.)

ചോദ്യം: സഭാ കലഹങ്ങളിൽ ബ. ററി. വി. ജോണച്ചൻ വേദനിച്ചല്ലോ. അക്കാര്യത്തിൽ കൊച്ചമ്മയുടെ ചിന്ത എന്തായിരുന്നു?

ഉത്തരം: “സഭയുടെ പോക്കു തെററിപ്പോയി എന്നു കണിക്കാൻ ദൈവം നല്കുന്ന അടി”കളായിട്ടാണ് സഭാ വ്യവഹാരത്തെ ജോണച്ചൻ കണ്ടത്. എൻെറ സഭാ വിജ്ഞാനം അത്രയ്ക്കു ആഴമുള്ളതായിരുന്നില്ല. ഏറെക്കാലത്തെ തഴക്കം കൊണ്ടു സഭാ കലഹങ്ങളുമായി ഞാൻ പൊരുത്തപ്പെട്ടുപോയി. മററു പലരുടെയും സ്ഥിതി ഇതായിരിക്കണം. ഒരു കാലത്ത് ഈ കലഹങ്ങളെല്ലാം ശമിക്കുമെന്ന പ്രത്യാശ എനിക്കുണ്ടായിരുന്നു. എന്നാൽ, തൃക്കുന്നത്തു സെമിനാരിയിലെ കലഹം എന്നെ അത്യധികം വേദനിപ്പിച്ചു. അവിടെ പള്ളിപൂട്ടിക്കിടക്കുകയാണ്. വേറെ വേറെ സ്ഥാപനങ്ങളിലാണ് രണ്ടു കൂട്ടരും കുർബ്ബാന നടത്തുന്നത്. ബലിയർപ്പിക്കുന്നതിനു മുമ്പു സഹോദരനോടു നിരപ്പാകണമെന്നാണല്ലോ കല്പന. പരസ്പരം മത്സരിച്ചുള്ള കുർബ്ബാന ചൊല്ലൽ എങ്ങനെ ദൈവപ്രീതിയുളവാക്കും? കുറെ വർഷങ്ങൾക്കു മുമ്പ് അവിടെ നടത്തിയ രാഷ്ട്രീയ മോഡൽ സഭാസമരം നാനാജാതിക്കാരുടെയും ആക്ഷേപത്തിനു പാത്രമായി. കൊടുങ്കാററത്തു ഉലയുന്ന വൃക്ഷത്തിൻെറ കൊമ്പത്തിരിക്കുന്ന കിളിക്കുഞ്ഞിനു എങ്ങനെ സ്വസ്ഥമായിരിക്കാൻ കഴിയും എന്ന ചിന്തയാണ് ക്രമേണ എനിക്കുണ്ടായത്.

ചോദ്യം: ഇക്കഴിഞ്ഞ ഫെബ്രുവരി 20-ാം തീയതിയായിരുന്നുവല്ലോ കൊച്ചമ്മയുടെ പുനരൈക്യം. അതിനു പെട്ടെന്നുണ്ടായ പ്രേരകമെന്താണ്?

ഉത്തരം: തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സന്നിധിയിൽ വിശ്വാസപ്രതിജ്ഞ ചെയ്തു ഞാൻ പുനരൈക്യപ്പെട്ടു. ഈ തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നതു ഒന്നോരണ്ടോ ദിവസംകൊണ്ടല്ല; നീണ്ടകാലം എന്നെ അലട്ടിയ മനഃസംഘർഷം സാവകാശം കുറഞ്ഞു; സത്യത്തിനുവേണ്ടി ത്യാഗം സഹിക്കുന്നതു നന്നെന്ന ചിന്ത എന്നിൽ നിറഞ്ഞു; ജോണച്ചൻ തിരഞ്ഞെടുത്തതിനേക്കാൾ സ്വീകാര്യമായ പദ്ധതി സമാധാനലബ്ധിക്കു വേറെയില്ലെന്നു ഞാനറിഞ്ഞു.

ജോണച്ചൻ സ്ഥാപിച്ച തോട്ടയ്ക്കാട്ടുകര സെൻറ് ജോൺസ് പള്ളി അദ്ദേഹത്തിൻെറ മരണശേഷം മന്ദീഭവിച്ചുപോയിരുന്നു. എന്നാൽ അടുത്തകാലത്ത് ഫാ. വറുഗീസ് കിളിച്ചിമലയുടെ നേതൃത്വത്തിൽ കുറെ ആളുകൾ അവിടെ ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നുണ്ട്. അവിടത്തെ ആരാധനയിൽ ഇക്കഴിഞ്ഞ രണ്ടു വർഷമായി ഞാൻ പങ്കുകൊള്ളുന്നു. ആരും എന്നെ ഹേമിച്ചില്ല. ഒരുകാര്യം എനിക്കു പൂർണ്ണബോധ്യമായി. ഒരു മലങ്കര സുറിയാനിക്കാരൻ മലങ്കര കത്തോലിക്കനായിതീരുന്നതു കൊണ്ട് ഒരു നഷ്ടവുമുണ്ടാകുന്നില്ല; അവനുണ്ടാകുന്ന ആദ്ധ്യാത്മിക

 www.malankaralibrary.com 

നേട്ടം വളരെ ഏറെയുമാണ്.

ചോദ്യം: മലങ്കരയിലെ സഭാകലഹം നിശ്ശേഷം ശമിക്കുകയാണെങ്കിൽ കൊച്ചമ്മയുടെ പുനരൈക്യക്കാര്യം പുനർവിചിന്തനത്തിനു വിധേയമാക്കുമോ?

ഉത്തരം: ഇത്തരമൊരു ചോദ്യം ജോണച്ചൻെറ മുന്നിൽ ഒരിക്കൽ ഞാൻ ഉന്നയിച്ചിട്ടുണ്ട്. 1958-ലാണത്. അന്നു മലങ്കരസഭയിലെ ഭിന്നഗ്രൂപ്പുകൾ ഒത്തുതീർപ്പിലെത്തിയിരുന്നു. ഇനിയും കത്തോലിക്കനായി തുടരേണ്ടതുണ്ടോ എന്നായിരുന്നു അച്ചനോടുള്ള എൻെറ ചോദ്യം. "പത്തുകൊല്ലത്തേക്കു പോലും ഈ സമാധാനം നീളുകയില്ല" എന്നായിരുന്നു അച്ചൻെറ ചിരിച്ചുകൊണ്ടുള്ള മറുപടി. ആ ഉത്തരം സ്വീകാര്യമായി അന്നെനിക്കു തോന്നിയില്ല. എന്നാൽ, അച്ചൻ പറഞ്ഞതിൻെറ യാഥാർത്ഥ്യം കാലം ചെല്ലുംതോറും കൂടുതൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ ഗ്രൂപ്പിലും ഇന്നു കുടുതൽ അസ്വസ്ഥത ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എല്ലാ അസ്വസ്ഥതകളും അവസാനിച്ചെന്നിരിക്കട്ടെ. സാർവ്വത്രികത്വം സംരക്ഷിക്കാൻ മലങ്കര സഭയ്ക്കു എങ്ങനെ സാധിക്കും? ഹൂദായ കാനോൻ 7-ാം അദ്ധ്യായം ഒന്നാം വാക്യം സ്വീകരിക്കാതിരിക്കാൻ ബുദ്ധിജീവിയായ ഒരു മലങ്കര സഭാംഗത്തിനു എങ്ങനെ കഴിയും? റീശുപാത്രിയർക്കീസിനെ സ്വീകരിക്കാനാണല്ലൊ അവിടെ പറയുന്നത്.

ചോദ്യം: അതിവിനീതവും നിർദ്ധനവുമായ സ്ഥിതിയാണല്ലൊ തോട്ടയ്ക്കാട്ടുകര മലങ്കര കത്തോലിക്കപ്പള്ളിയുടേത്. അതിനോട് ബന്ധപ്പെടാൻ കൊച്ചമ്മയ്ക്കു പ്രയാസം തോന്നുന്നില്ലേ?

ഉത്തരം: ആർഭാടമേറിയ പള്ളിയിൽ സമാധാനരഹിതമായി കഴിയുന്നതിനേക്കാൾ എത്രയോ അഭികാമ്യമാണ് അതിവിനീതമായ ആരാധനാസ്ഥാനത്ത് ആന്തരികസ്വസ്ഥതയോടെ കഴിയുക. പള്ളിയിൽ ഞാൻ ആഗ്രഹിക്കുന്നത് ആത്മീയ സൗഖ്യമാണ്. വിനീതമായ തോട്ടയ്ക്കാട്ടുകര പള്ളിയിൽ എളിയ തോതിലാണെങ്കിലും ആരാധന ഭംഗിയായി നടക്കുന്നുണ്ട്; പ്രയോജനപ്രദമായ സുവിശേഷ പ്രബോധനമുണ്ട്; ക്രിസ്തീയ അരൂപിയുടെ കൂട്ടായ്മയുണ്ട് - എൻെറ ആത്മീയ വളർച്ചയ്ക്കു ഇതു വേണ്ടുവോളം മതി.

ചോദ്യം: തുടർന്നുള്ള ജീവിതം എന്തു ചെയ്യാനാണ് കൊച്ചമ്മ ഉദ്ദേശിക്കുന്നത്?

ഉത്തരം: എനിക്കു വയസ്സു 88 ആയി. ജീവിതകാലം മുഴുവൻ ദൈവംകനിഞ്ഞു നല്കിയ നിരവധി അനുഗ്രഹങ്ങൾക്കു കൃതജ്ഞതാ സ്തോത്രം അർപ്പിക്കുവാനും ആവുന്നത്ര സേവനശുശ്രൂഷകൾ സഹോദരങ്ങൾക്കു ചെയ്യുന്നതിനുമാണ് ഞാൻ ആഗ്രഹിക്കുന്നത്.

"സ്തോത്രം സ്തോത്രം കർത്താവേ,
സ്തോത്രമതായിരമായിരമായ്"

(P.S.ഈ അഭിമുഖം നടത്തി ഏഴുവർഷം കഴിഞ്ഞപ്പോൾ കൃത്യമായി പറഞ്ഞാൽ 1994 ഒക്ടോബർ 24-ാം തീയതി ശ്രീമതി അന്നമ്മ ജോൺ ദിവംഗതയായി. തോട്ടയ്ക്കാട്ടുകര സെൻറ് ജോൺസ് മലങ്കര കത്തോലിക്കാപള്ളിയുടെ സിമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മൃതദേഹം സംസ്ക്കരിക്കപ്പെട്ടു. ലേ.)

www.malankaralibrary.com

# 8

# പുഷ്പപുരം ശ്രീ. സി. ഫിലിപ്പ്
# ധന്യതയാർന്ന അധ്യാപകൻ



"Dear Rev. Father,

I am a Jesuit priest from Kerala working in Tamil Nadu. I have been a subscriber and reader of Preshithakeralam for the last 40 years. The magazine has impressed very much under your editorship. Please accept my Congratulations.

In the December issue I read your very interesting article on Mr. C. Philip. I had been his student at Mannanam; we know each other very closely and were often my bearing a Jesuit as kept in touch with each other for some years. But for many years now we have not been in touch. I am glad to hear that he is still in sufficiently good health for his age and that he is at Pathanamthitta..

Fr. K.P. Joseph S.J., St. Joseph's College,
Tiruchirappally, S. India."

1988-ഡിസംബറിൽ ലേഖകനുകിട്ടിയ കത്താണിത്. പ്രേഷിതകേരളം എഡിറ്റർ എന്ന നിലയിലത്രേ ഇതു ലഭിച്ചത്. തിരുച്ചിറപ്പള്ളി കോളജു പ്രൊഫസർ

www.malankaralibrary.com



ഫാ. കെ.പി. ജോസഫ് എസ്.ജെ.യുമായി യാതൊരു മുൻപരിചയവുമുണ്ടായിരുന്നില്ല. മാസികയിൽ പ്രസിദ്ധീകൃതമായ പുഷ്പപുരം ശ്രീ സി. ഫിലിപ്പിനെക്കുറിച്ചുള്ള ലേഖനത്തിൻെറ പ്രതികരണമത്രേ പത്രാധിപർക്കുള്ള പ്രസ്തുത കത്ത്. ശ്രീ. ഫിലിപ്പുസാറിൻെറ സുഹൃത്‌വലയത്തിൽപെട്ട പലർ ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ടെന്നത്രേ തുടർന്നു കിട്ടിയ കത്തുകൾ വെളിപ്പെടുത്തിയത്. "ധന്യതയാർന്ന അദ്ധ്യാപകൻ" എന്ന പേരിൽ സാറിനെക്കുറിച്ചു 1988 ഡിസംബറിൽ പ്രസിദ്ധീകരിച്ച ലേഖനം ചുവടേ ചേർക്കുന്നു.

പൂർവ്വസൗഹൃദം പുലർത്തുന്ന ഒരു കത്ത് ഇക്കഴിഞ്ഞ ജൂൺ 30-ാം തീയതി എനിക്കു കിട്ടി; പുഷ്പപുരം ശ്രീ. സി. ഫിലിപ്പ് ബി.എ.എൽ.റ്റി.യുടെ കത്ത്. "വട്ടശ്ശേരി മാർ ദീവന്യാസോസും ബഥനിയുടെ മാർ ഈവാനിയോസും" എന്ന എൻെറ ചെറുപ്രബന്ധത്തെ അഭിനന്ദിച്ചുകൊണ്ടത്രേ കത്തിൻെറ തുടക്കം; തുടർന്നുള്ളതോ സ്മരണകളുടെ അയവിറക്കലും. ദൈവപരിപാലനയിൽ ധന്യതകൊള്ളുന്ന ഒരു ആദർശധീരനാണു ഫിലിപ്പുസാർ. അദ്ദേഹവുമായി പരിചയപ്പെടാൻ സാധിച്ചതു ഒരു നേട്ടമായി ഞാൻ കരുതുന്നു. ദിവംഗതനായ ഫാ. ഏബ്രഹാം ഒ.ഐ.സിയാൽ സമാരബ്ധമായ "ബഥനി സന്നദ്ധസംഘം" എന്ന സംഘടനയിൽ ഞങ്ങൾ ഒത്തൊരുമിച്ചു കുറേക്കാലം പ്രവർത്തിച്ചിട്ടുണ്ട്.

വിശ്രമജീവിതം നയിക്കുകയാണ് ഫിലിപ്പുസാർ. തൽക്കാലസ്ഥിതി അദ്ദേഹം വെളിപ്പെടുത്തുന്നു: "കഴിഞ്ഞ ഏപ്രിൽ 27-ാം തീയതി എനിക്കു എൺപത്തിയഞ്ചു വയസ്സു പൂർത്തിയായി. ശരീരക്ഷീണംമൂലം കൂടെക്കൂടെ കിടക്കണമെന്നു തോന്നുന്നുണ്ട്. ഓർമ്മക്കുറവുണ്ട്; കേഴ്‌വിക്കുറവും അനുഭവപ്പെടുന്നു. കണ്ണടയുപയോഗിച്ചു വിഷമിച്ചു വായിക്കാം. ചെറിയ ദൂരംപോലും നടക്കാൻ ബുദ്ധിമുട്ടാണ്. കഷ്ടിച്ചു 10 മിനിട്ടുമാത്രം നടന്നു പള്ളിയിൽ എത്തിയിരുന്നതാണ്. ഇപ്പോൾ അതും സാധിക്കുന്നില്ല. മോട്ടോർവാഹനം തന്നെ വേണ്ടിവരുന്നു. അത്യാവശ്യങ്ങൾ പലപ്പോഴും നീട്ടിവെക്കുകയാണ്. കത്തെഴുത്തുപോലും മുടങ്ങുന്നു."

പത്തനംതിട്ടയുള്ള പുഷ്പപുരം വീട്ടിലത്രേ ആ വയോധികൻെറ വിശ്രമം. സമുദായസേവനം, ആദർശധീരത, അധ്യാപനപാടവം ഇവയിലെല്ലാം പ്രാഗത്ഭ്യം നേടിയിട്ടുള്ള ആ ഗുരുത്തമനെ ഇളംതലമുറ വേണ്ടത്ര അറിഞ്ഞുകാണുകയില്ല. അറിയുന്നതു നല്ലതാണ്. അതിനത്രേ താഴെകൊടുത്തിരിക്കുന്ന സംഭാഷണം നടത്തിയിട്ടുള്ളത്.

ചോദ്യം: മാതൃകായോഗ്യനായ ഒരു അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും സാർ അറിയപ്പെടുന്നുണ്ടല്ലോ. ഏതെല്ലാം വിദ്യാലയങ്ങളിലാണു അങ്ങു സേവനം അനുഷ്ഠിച്ചിട്ടുള്ളത്?

ഉത്തരം: മാന്നാനം കർമ്മലീത്താ ആശ്രമം വക സെൻറ് എപ്രേം ഹൈസ്ക്കൂളിലാണു ജോലി തുടങ്ങിയത്. 1930-ൽ അവിടെ അധ്യാപകനായി. ഫാ. വില്യമായിരുന്നു ഹെഡ്മാസ്റ്റർ. അദ്ദേഹത്തിന് എന്നെ നേരിട്ടറിയാമായിരുന്നു. ജോലിയിൽ പ്രവേശിക്കുമ്പോൾ ബി.എസ്സി. മാത്രമേ പാസായിരുന്നുള്ളു. അവിടുത്തെ ജോലിക്കിടയിൽ എൽ.റ്റി.യും പാസായി. 1940 വരെ അവിടെ സേവനം അനുഷ്ഠിച്ചു.

www.malankaralibrary.com


തിരുവനന്തപുരത്തെ പട്ടം അരമന സ്ഥലത്തു 1940-ൽ അന്നത്തെ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ ഒരു ഹൈസ്ക്കൂൾ അനുവദിച്ചു. Preparatory Class മുതൽ സ്കൂൾഫൈനൽക്ലാസ്സുവരെ ഒരുമിച്ചു തുടങ്ങി. അങ്ങനെ എല്ലാ ക്ലാസ്സുകളും കൂടി ഒരുമിച്ച് ആരംഭിക്കുന്നത് സ്കൂളുകളുടെ ചരിത്രത്തിൽ ഒറ്റപ്പെട്ട സംഭവമാണ്. എല്ലാ ക്ലാസ്സുകളിലേക്കും വേണ്ട അധ്യാപകരെ മുഴുവൻ സ്കൂൾ തുറക്കുന്ന സമയത്തുതന്നെ ലഭിക്കുന്നതു അന്നത്തെ കാലത്തു പ്രയാസമായിരുന്നു. ഞാൻ കൂടി പുതിയ സ്കൂളിലെ സേവനത്തിനു ചെല്ലണമെന്ന മാർ ഈവാനിയോസ് തിരുമേനി ആവശ്യപ്പെട്ടു. ബ. വില്യമച്ചൻെറ അനുവാദത്തോടെ ഞാൻ പട്ടം സ്കൂളിലേക്കു മാറി. അവിടെ 1940 മുതൽ 46 വരെ ഹൈസ്കൂൾ അസിസ്റ്റൻറായും 1947 മുതൽ 50 വരെ ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചു.

പത്തനംതിട്ടയുള്ള കുടുംബത്തിലേക്കു താമസം മാറ്റുവാൻ ഇതിനിടയിൽ ഞാൻ നിർബ്ബന്ധിതനായി. സഹോദരന്മാർ രണ്ടുപേരും വിദൂരനാടുകളിൽ ജോലിയായതാണു കാരണം. പത്തനംതിട്ടയ്ക്കടുത്തുള്ള പ്രമാടം എന്ന സ്ഥലത്തെ നേതാജി ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി എനിക്കു ജോലി ലഭിക്കുകയും ചെയ്തു. 1950-ൽ തുടങ്ങിയ ആ ജോലി 1963-ൽ റിട്ടയർ ചെയ്യുന്നതു വരെ തുടർന്നു. 1977 മുതൽ 1980 വരെ കുമ്പഴയുള്ള മൗണ്ട് ബഥനി ഇംഗ്ലീഷു മീഡിയം സ്കൂളിൽ പ്രിൻസിപ്പൽ ആയി ജോലി നോക്കി.

ചോദ്യം: അനുഗൃഹീതമായ ഒരു കുടുംബമാണല്ലോ അങ്ങയുടേത്. മക്കൾ ഇപ്പോൾ എന്തു ചെയ്യുന്നു?

ഉത്തരം: മൂന്ന് ആണ്മക്കളും മൂന്നു പെണ്മക്കളുമാണുള്ളത്. രാജു, ജോസ്, ജോളി എന്നിവരാണ് പുത്രന്മാർ. മൂത്തമകൻ രാജു എന്നോടൊപ്പം കുടുംബത്തുണ്ട്. തിരുവനന്തപുരം ആർച്ചുബിഷപ്പു ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഇളയ സഹോദരി അന്നമ്മയെയാണ് അവൻ വിവാഹം കഴിച്ചിരിക്കുന്നത്. ജോസും ജോളിയും കുടുംബസമേതം പശ്ചിമജർമ്മനിയിൽ കഴിയുന്നു. എടത്വാ കടാത്തുകളത്തു നിന്നാണ് ജോസ് വിവാഹം കഴിച്ചിരിക്കുന്നത്. ജോളി വെണ്ണിക്കുളത്തു കാഞ്ഞിരത്തിങ്കൽ നിന്നും. മൂന്നു പുത്രിമാരും കന്യാസ്ത്രീകൾ. മൂത്തമകൾ സിസ്റ്റർ സോഫിയാ ഡി.എം. മേരിമക്കൾ എന്ന സന്ന്യാസിനീ സമൂഹത്തിൻെറ ജനറലേറ്റു ഹൗസിലാണ്. തിരുവനന്തപുരത്തു കുടപ്പനക്കുന്നിൽ. അടുത്ത രണ്ടുപേർ ബഥനി മഠാംഗങ്ങൾ. സിസ്റ്റർ സെലിൻ എസ്.ഐ.സി. നഞ്ച്യാർകുളം സ്ക്കൂളിൽ പഠിപ്പിക്കുന്നു; മദർ ഫെലിസിറ്റാ എസ്.ഐ.സി. തിരുവനന്തപുരം ബഥനി സന്ന്യാസിനീ സമൂഹത്തിൻെറ മദർ പ്രൊവിൻഷ്യാളാണ്.

ചോദ്യം: കുട്ടിക്കാലത്തെക്കുറിച്ചു സാറിന് എന്തൊക്കെ ഓർമ്മകളുണ്ട്?

ഉത്തരം: പത്തനംതിട്ടയുള്ള കിഴക്കേവീടു ആണ് എൻെറ കുടുംബം. അഭിഭാഷകനായിരുന്നു അപ്പൻ. സി.പി. ചെറിയാൻ വക്കീൽ എന്നപേരിലറിയപ്പെട്ടു. കിഴക്കേവീട്ടിൽ പത്രോസച്ചൻെറ സഹോദരനായിരുന്നു അദ്ദേഹം. അമ്മയുടെ പേരു അച്ചാമ്മ. അപ്പനും അമ്മയും മതഭക്തരായിരുന്നു. ചെറുപ്പം മുതലേ

 www.malankaralibrary.com 

മതാനുഷ്ഠാനങ്ങളിൽ എനിക്കു നിഷ്ഠയുണ്ടായി. മാതാപിതാക്കന്മാരുടെ മാതൃകയാണതിനു പ്രേരകമായത്. എൻെറ വീട്ടുകാർ മുഴുവനും നാട്ടുകാർ ഒന്നടങ്കവും യാക്കോബായ സഭയിൽ ഉൾപ്പെട്ടിരുന്നു. സണ്ടേസ്ക്കൂൾ പഠനം ഞാൻ മുറയ്ക്കു നടത്തി. പ്രാർത്ഥനകളും മതസത്യങ്ങളും സഭാചരിത്രവും നന്നേ ചെറുപ്പത്തിലേ വശമാക്കി. കത്തോലിക്കാ സഭയുടെ വിശ്വാസസത്യങ്ങളും കുറെയൊക്കെ ഞാൻ ഗ്രഹിച്ചു. അവയിൽ പലതിനോടും എനിക്കു വിയോജിപ്പു തോന്നി. സഭയെ വിമർശനദൃഷ്ട്യാ വീക്ഷിക്കുന്ന പുസ്തകങ്ങളാണു ഞാൻ വായിച്ചുപോയത്. അതുകൊണ്ടാണ് കത്തോലിക്കാ വിശ്വാസങ്ങളോടു എനിക്കു വെറുപ്പ് അനുഭവപ്പെട്ടത്. ഈശോയുടെ ഇരുസ്വഭാവം. പരിശുദ്ധാത്മാവിൻെറ പുറപ്പാട്, ദൈവമാതാവിൻെറ അമലോത്ഭവം, രക്ഷണീയകർമ്മത്തിൽ മാതാവിൻെറ പങ്ക്, മാതാവിൻെറ സ്വർഗ്ഗാരോപണം, സഭയ്ക്കുപുറമെയുള്ള രക്ഷ എന്നിവയാണ് എനിക്ക് ഇഷ്ടക്കേടുളവാക്കിയ കത്തോലിക്കാ പ്രബോധനങ്ങൾ.

ചോദ്യം: ഈ ശതകത്തിൻെറ ഉദയവേളയിൽ വിദ്യാഭ്യാസസൗകര്യം വളരെ പരിമിതമായിരുന്നല്ലോ. സാറിൻെറ വിദ്യാഭ്യാസം എങ്ങനെയാണു മുന്നേറിയത്?

ഉത്തരം: തിരുവല്ലാ എം.ജി.എം. ഹൈസ്കൂൾ പ്രസിദ്ധമാണ്. സ്കൂൾ ഫൈനൽവരെ അവിടെ പഠിച്ചു. ഇൻറർമീഡിയറ്റു പരീക്ഷ പാസായതു കൽക്കട്ടായിലെ സെറാമ്പൂർ കോളേജിൽചേർന്നു പഠിച്ചാണ്. മാർ ഈവാനിയോസ് തിരുമേനി അവിടെ പ്രൊഫസർ ആയിരുന്നു. അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണമാണ് ഞാനാ കോളേജിൽ ചേർന്നത്. അവിടത്തെ സിറിയൻ ഹോസ്റ്റലിൽ ഒരു കത്തോലിക്കാസ്നേഹിതൻ ഞങ്ങളോടുകൂടെ താമസിക്കുന്നുണ്ടായിരുന്നു. ആ കൂട്ടുകാരൻ അതിരാവിലെ ഉണരും; സമീപത്തുള്ള കത്തോലിക്കാപ്പള്ളിയിൽ ചെന്നു. വി. കുർബ്ബാനയിൽ പങ്കുകൊള്ളും; കുമ്പസാരവും ദിവ്യകാരുണ്യസ്വീകരണവും കണിശമായി നടത്തും - എല്ലാം മറ്റുള്ളവരെ ആകർഷിച്ചു. ഞങ്ങൾക്ക് ഇത്തരം കാര്യങ്ങളിൽ അത്ര നിഷ്ഠയുണ്ടായിരുന്നില്ല.

തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിലാണ് ഡിഗ്രികോഴ്സിനു പഠിച്ചത്. 1924-ൽ അവിടെ ചേർന്നു. കോളേജുവക ബോർഡിംഗിലായിരുന്നു താമസം. അകത്തോലിക്കാ വിദ്യാർത്ഥികൾക്കു അവിടെ പ്രവേശനം കിട്ടുക പ്രയാസമായിരുന്നു. എനിക്കും വേറെ രണ്ടു കൂട്ടുകാർക്കും അവിടെ അഡ്മിഷൻ ലഭിച്ചതു പതിവുനിയമത്തെ ലംഘിച്ചാണ്. ബോർഡിംഗു വ്യവസ്ഥകൾ കർക്കശമായി പാലിച്ചുകൊള്ളാമെന്നു ഞങ്ങൾ സമ്മതിച്ചിരുന്നു. ഞാൻ അതെല്ലാം നിഷ്കർഷയോടെ പാലിച്ചു. കൂട്ടുകാർ അതിൽ നിഷ്കർഷ കാട്ടിയില്ല. അധികാരികളുടെ താക്കീതു അവർക്കു കിട്ടുകയും ചെയ്തു. അതിരാവിലെ ഉണരുക; പ്രഭാതപ്രാർത്ഥനയിൽ പങ്കുകൊള്ളുക; തുടർന്നു സഹവാസികളോടൊപ്പം സമീപത്തുള്ള പള്ളിയിൽപോയി വി. കുർബ്ബാനയിൽ സംബന്ധിക്കുക; പോക്കും വരവും ലൈൻ നിന്നുതന്നെയായിരിക്കുക- ആദ്യമാദ്യം ബുദ്ധിമുട്ടായിത്തോന്നി. ക്രമേണ പ്രയാസം മാറി.

ചോദ്യം: പഠനകാലത്തു പരിചിതരായ പ്രമുഖവ്യക്തികൾ ആരൊക്കെയാണ്.

www.malankaralibrary.com


ഉത്തരം: ഫാ. വില്യം, ഫാ. റോമയൊ തോമസ് എന്നീ കർമ്മലീത്താവൈദികർ തിരുച്ചിറപ്പള്ളിയിൽ അന്നു പഠിച്ചിരുന്നു. ബി.എ. (Hons) കഴിഞ്ഞ് എൽ.റ്റി.യ്ക്കുള്ള പഠിത്തം. അവരോടൊത്തു സായാഹ്നസവാരിക്കുപോകുക എനിക്കു പതിവായി. കത്തോലിക്കാ സഭയെപ്പറ്റി എന്റെ തെറ്റിദ്ധാരണകൾ മാറ്റുവാൻ ആ അവസരങ്ങൾ പ്രയോജനപ്പെട്ടു. ഏകത്വം, വിശുദ്ധി, ശ്ലൈഹിക പിന്തുടർച്ച, സാർവ്വത്രികത്വം എന്നീ ലക്ഷണങ്ങൾ തികഞ്ഞ ഒരു സഭമാത്രമേയുള്ളവെന്നു ഞാൻ മനസ്സിലാക്കി; അതു കത്തോലിക്കാ സഭയാണെന്നും ബോധ്യം വന്നു; പത്രോസ് ശ്ലീഹായുടെ പിൻഗാമികളായ മാർപ്പാപ്പാമാരുടെ കൊടിക്കീഴിൽ അതു മന്നേറുന്നുവെന്നും അറിഞ്ഞു. സത്യം അന്വേഷിച്ചറിയുവാൻ എല്ലാവർക്കും കടമയുണ്ട്; മനസ്സാക്ഷിപ്രകാരം നല്ല ജീവിതം നയിക്കയും സ്വന്തം കുറ്റം കൊണ്ടല്ലാതെ മറ്റു കാരണങ്ങളാൽ സഭയുടെ കൂട്ടായ്മയിൽ പെടാതിരിക്കയും ചെയ്യുന്നവർക്കു സഭയുമായി ആത്മീയ അംഗത്വം (Membership of the Spiritual body of the Church) ഉണ്ടായിരിക്കുമെന്നും മനസ്സിലാക്കി. എന്റെ പൂർവ്വികന്മാരെക്കുറിച്ചു സമാശ്വസിക്കുവാൻ ഇതുമൂലം സാധിച്ചു.സഭയുമായി ബന്ധമുള്ളവനു കൂദാശാസ്വീകരണം വഴി വരപ്രസാദം വളരും; പാപത്തിൽ നിന്നകലാൻ അതിടയാക്കും– ഈ ബോധ്യം സഭയോടുള്ള ആഭിമുഖ്യം എന്നിൽ വളർത്തി.

ചോദ്യം: ഹൃദയസ്പർശിയായ എന്തെങ്കിലും അനുഭവങ്ങൾ കോളേജു പഠനവേളയിലുണ്ടായിട്ടുണ്ടോ?

ഉത്തരം: ഒരു സഹപാഠിയുടെ അന്ത്യരംഗം കാണുന്നതിനുള്ള ദൗർഭാഗ്യം എനിക്കുണ്ടായി. പ്രത്യേക അനുവാദപ്രകാരം ബോർഡിംഗിൽ പ്രവേശിച്ച അകത്തോലിക്കരായ മൂന്നുപേരുടെ കാര്യം പറഞ്ഞല്ലോ. അതിൽ ഒരാൾക്കു കഠിനമായ അതിസാരം പിടിപെട്ടു. കടുത്ത പനിയും വിറയലുമുണ്ടായി; വിദഗ്ദ്ധചികിത്സ ലഭിക്കുന്നുണ്ടായിരുന്നു; എങ്കിലും, സുഖം പ്രാപിക്കുന്ന കാര്യം സംശയാസ്പദമായി; ബോധം മറഞ്ഞു. പിച്ചും പേയും പറയൽ സാധാരണമായി; ഈശോസഭക്കാരായ വൈദികർ രോഗിയെ കൂടെക്കൂടെ സന്ദർശിച്ചു; ആശ്വാസവചനങ്ങളും ആത്മസമാധാനത്തിനുള്ള ഉപദേശങ്ങളും അവരിൽ നിന്നുണ്ടായി. വൈദികസാന്നിദ്ധ്യം അയാൾ ഇഷ്ടപ്പെട്ടില്ല; കുരിശു രൂപത്തിനുമുമ്പിൽ അയാൾ മുഖം തിരിച്ചുകളഞ്ഞു. ഒരിക്കലെങ്കിലും കുമ്പസാരിക്കയോ കുർബ്ബാന സ്വീകരിക്കയോ ചെയ്തതായി തോന്നിയില്ല. രണ്ടാഴ്ചയോളും കിടക്കയിൽ കഴിഞ്ഞു. സഹതാപവും ഭയവും ഉളവാക്കുന്ന ചേഷ്ടകളോടെയാണ് അയാൾ മരിച്ചത്.

കുറെ ദിവസം കഴിഞ്ഞതേയുള്ളു. വേറൊരു വിദ്യാർത്ഥി രോഗിയായി. കുറവിലങ്ങാട്ടുകാരനായ ഒരു കത്തോലിക്കൻ, ജോണെന്നാണു പേര്. രോഗം അതിസാരം തന്നെ. ഞാൻ ജോണിനെ സന്ദർശിച്ചു. നാലഞ്ചു ജസ്വീറ്റു വൈദികർ അവിടെയുണ്ട്. സുഹൃത്തുക്കൾ ചിലർ ആ കിടക്കയ്ക്കരികിൽ നില്ക്കുന്നു. ആസന്നമരണസ്ഥിതി ദൃശ്യമായിരുന്നില്ല. അരമണിക്കുറിനകം മരിക്കുമെന്നു രോഗി ഉറപ്പിച്ചു പറഞ്ഞു. പതിവുള്ള പുഞ്ചിരിയോടെയാണ് പറഞ്ഞത്.

www.malankaralibrary.com


ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്നു അവൻ അഭ്യർത്ഥിച്ചു. ചെയ്തു പോയ തെറ്റുകൾ ക്ഷമിക്കണമെന്ന് അപേക്ഷിച്ചു; ഓരോരുത്തരോടും യാത്ര പറഞ്ഞു. "മരിക്കുന്നെങ്കിൽ മനോവിഷമം വല്ലതുമുണ്ടോ?" റെക്ടറച്ചൻ ചോദിച്ചു. പുഞ്ചിരിച്ചുകൊണ്ടാണ് ജോൺ പ്രത്യുത്തരിച്ചത്: "കഴിഞ്ഞ അവധിക്കാലത്തു ഏക സഹോദരൻ മരിച്ചു. മക്കളുടെ ഭാവി കാര്യങ്ങൾ തന്നെയാണ് സഹോദരൻ ഭരമേൽപ്പിച്ചത്. ആ കാര്യം നിറവേറ്റാൻ സാധിക്കുന്നില്ലെന്നോർത്തു വിഷമമുണ്ട്. അവരെ ദൈവം പരിപാലിക്കുമെന്നുള്ള വിശ്വാസത്തിൽ ആശ്വാസം കൊള്ളുന്നു." അന്ത്യപ്രാർത്ഥനകൾ ചൊല്ലുവാൻ ജോൺ ആഗ്രഹം പ്രകടിപ്പിച്ചു. അന്ത്യകൂദാശയുടെ സമയത്തു പൂർണ്ണബോധത്തോടെ പ്രാർത്ഥന ഏറ്റുചൊല്ലി. കുറേക്കഴിഞ്ഞപ്പോൾ ശബ്ദം പുറത്തുകേട്ടില്ല. താമസിയാതെതന്നെ നിത്യനിദ്രയിൽ മുഴുകി. മരണാസന്നർ കാട്ടാറുള്ള ചേഷ്ടകളൊന്നും ഉണ്ടായിരുന്നില്ല. ഉറങ്ങുകയാണെന്നുതോന്നി. നാഡിമിടിപ്പു നിലച്ചതുകൊണ്ടു മാത്രം മരിച്ചെന്നു തീർച്ചപ്പെടുത്തി. ചെറുപുഞ്ചിരിയുണ്ടോയെന്നു തോന്നിപ്പിക്കുന്ന മുഖഭാവമായിരുന്നു. "നീതിമാൻെറ മരണം ഉറക്കംപോലെ" എന്നു കേട്ടിട്ടുള്ളതു എൻെറ ഓർമ്മയിൽവന്നു.

ജോണിനു 20 വയസ്സേ ഉണ്ടായിരുന്നുള്ളു; മൂന്നു വർഷമാണ് കോളേജിൽ കഴിഞ്ഞത്; പഠനത്തിൽ സമർത്ഥൻ; നന്മചെയ്യാൻ കിട്ടിയ അവസരമൊന്നും അവൻ പാഴാക്കിയില്ല; രോഗികളെ ശുശ്രൂഷിക്കാൻ എല്ലാ ദിവസവും കുറേ സമയം കണ്ടുപിടിച്ചു- ഒരു പുണ്യാത്മാവായാണ് ജോണിനെ കൂട്ടുകാർ കരുതിയത്. മൃതസംസ്ക്കാരം അതിനു ചേർന്ന വിധത്തിലായിരുന്നു. കോളേജു മാഗസിനിൽ ഒരു നല്ല വിവരണവും ആ യുവാവിനെക്കുറിച്ചുണ്ടായി.

ജോണിൻേറതു ഒരു ഭാഗ്യമരണമായിരുന്നു. സഭാംഗമായതിൻെറ വിലപിടിച്ച നേട്ടം! സഭയുടെ തണലിലൂടെ ചരിക്കുക ഭാഗ്യപ്പെട്ട കാര്യമായി ഞാൻ കരുതി; നിവൃത്തിയുള്ളിടത്തോളം വേഗം സഭാശ്ലേഷണം സാധിക്കണമെന്നു തീർച്ചപ്പെടുത്തി.

ചോദ്യം: സഭാമാറ്റത്തിനുവേണ്ടി ഒരു ചെറുപ്പക്കാരൻ സ്വീകരിക്കുന്ന തീരുമാനം വീട്ടുകാരെ ചൊടിപ്പിക്കാതിരിക്കുമോ? ഇക്കാര്യത്തിൽ സാറിൻെറ അനുഭവം എന്താണ്?

ഉത്തരം: സഭാപരിവർത്തനത്തിനുള്ള എൻെറ ആഗ്രഹം ഞാൻ റെക്ടറച്ചനെ അറിയിച്ചു. ധൃതിവെക്കേണ്ടതില്ല; മാതാപിതാക്കന്മാരുടെ അനുവാദത്തോടുകൂടി മാത്രമേ അപ്രകാരം ചെയ്യാവൂ- അച്ചൻ മറുപടി പറഞ്ഞു. ഞാൻ വീട്ടിലേക്കെഴുതി; അപ്പൻെറ അനുവാദം അഭ്യർത്ഥിച്ചു. ആത്മീയകാര്യമല്ലേ? മനോബോധ്യമനുസരിച്ചു പ്രവർത്തിക്കാൻ തടസ്സമില്ല; എന്നാൽ എടുത്തുചാട്ടമരുത്; അവധിക്കു വീട്ടിൽവരുമല്ലോ; അപ്പോൾ യാക്കോബായ പണ്ഡിതന്മാരുമായി ആലോചിച്ചു വിശ്വാസവിഷയങ്ങൾ കൂടുതൽ പഠിക്കാം എന്ന്. അന്നു യാക്കോബായ സഭയിൽ അറിയപ്പെടുന്ന വലിയ പണ്ഡിതനായിരുന്ന മാർ ഈവാനിയോസ് തിരുമേനിയെ അപ്പൻ വിവരമറിയിച്ചു. തിരുമേനിയുടെ തീരുമാനം

www.malankaralibrary.com


എനിക്കനുകൂലമായിരുന്നു. എന്റെ തിരഞ്ഞെടുപ്പു നല്ലതാണെന്നും അതിൽ നിന്നു പിന്തിരിപ്പിക്കുന്നതു ശരിയല്ലെന്നുമായിരുന്നു തിരുമേനിയുടെ നിർദ്ദേശം.

ചോദ്യം: സാറിന്റെ സഭാപുനരൈക്യം എങ്ങനെയായിരുന്നു?

ഉത്തരം: സഭാപ്രവേശനം നീട്ടിവെക്കാൻ എനിക്കു മനസ്സുണ്ടായില്ല. നീട്ടി വെക്കൽ കുടുതൽ തടസ്സമുണ്ടാക്കുമെന്നു ഞാൻ ഭയപ്പെട്ടു. കോളേജു പഠിത്തം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ സഭാംഗമാകുന്നതിനത്രേ ആഗ്രഹിച്ചത്. പഠനം തീരാൻ ഏതാനും മാസങ്ങളേ അവശേഷിച്ചിരുന്നുള്ളു. അപ്പനു ഞാൻ വീണ്ടുമെഴുതി: "കത്തോലിക്കാ യാക്കോബായ സഭകളെക്കുറിച്ചു ഞാൻ വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ട്; ഉത്തമബോധ്യത്തോടെയാണ് കത്തോലിക്കനാകുന്നതിനുള്ള എന്റെ നിശ്ചയം; അതിനു മാതാപിതാക്കന്മാരുടെ അനുവാദവും അനുഗ്രഹവും ഞാൻ അഭ്യർത്ഥിക്കുന്നു. അടുത്ത Corpus Christi (വി. കുർബ്ബാനയുടെ തിരുനാൾ) ദിവസം എന്റെ ആഗ്രഹം സഫലമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്". മറുപടി കിട്ടിയില്ല. 1926-ലെ Corpus Christi പെരുന്നാൾദിനം തന്നെ ഞാൻ പുനരൈക്യപ്പെട്ടു.

ബഹു. റെക്ടറച്ചൻ, ഫാ. ഹൊണേരെ, ഫാ. കാർട്ടി തുടങ്ങിയ ജസ്വിട്ടു വൈദികർ എനിക്കുപദേശങ്ങൾനല്കി; പുനരൈക്യത്തിനു എന്നെ ഒരുക്കി. കുമ്പസാരവും വി. കുർബ്ബാനസ്വീകരണവും എനിക്കു ആത്മസംതൃപ്തി പ്രദാനം ചെയ്തു.

ചോദ്യം: കത്തോലിക്കരില്ലാത്ത നാട്ടുമ്പുറത്തു കത്തോലിക്കനായി തിരിച്ചെത്തിയപ്പോൾ അങ്ങേക്കു ബുദ്ധിമുട്ടുകളുണ്ടായോ?

ഉത്തരം: പഠനം പൂർത്തിയാക്കിയ ഞാൻ 1926-ൽ തന്നെ വീട്ടിൽ മടങ്ങിയെത്തി, അപ്പന്റെ അഭിഭാഷകവൃത്തി അടൂരായതുകൊണ്ട് ആ സ്ഥലത്തായിരുന്നു ഞങ്ങളുടെ താമസം. അടൂരോ പരിസരങ്ങളിലോ കത്തോലിക്കർ ഉണ്ടായിരുന്നില്ല. കത്തോലിക്കാപ്പള്ളികളും അടുത്തെങ്ങും ഇല്ലായിരുന്നു. എന്റെ ഒറ്റപ്പെട്ട മതപരമായ നില പ്രയാസങ്ങളുളവാക്കി. സ്വന്തക്കാരുടെയും ബന്ധുക്കളുടെയും അവഗണനയും പരിഹാസവും സഹിക്കേണ്ടിവന്നു. എന്റെ മാതാപിതാക്കന്മാർ മഹാമനസ്കരായിരുന്നതിനാൽ വീട്ടിൽ സമാധാനത്തോടെ കഴിയാൻ സാധിച്ചു. അവിടെയും പ്രയാസങ്ങൾ ഇല്ലാതിരുന്നില്ല. കല്യാണാലോചനകൾ പലതുണ്ടായി; എല്ലാം അകത്തോലിക്കരിൽ നിന്ന്. വീട്ടുകാർക്ക് അവ ആകർഷകങ്ങളായിതോന്നി. എന്റെ നിർബ്ബന്ധമായ നിലപാടു മുലം ഒന്നും സ്വീകാര്യമായില്ല. വീട്ടുകാരെ ഇക്കാര്യം ബുദ്ധിമുട്ടിലാഴ്ത്തി. എന്റെ മനസ്സുതിരിക്കാൻ ശ്രമം നടന്നു. യാക്കോബായ പണ്ഡിതന്മാരുടെ അടുക്കൽ എന്നെ അയച്ചു. അവരുടെ വാദമുഖങ്ങൾ എന്നെ തൃപ്തിപ്പെടുത്തിയില്ല. മാതാപിതാക്കന്മാരെയും ബന്ധുജനങ്ങളെയും വിട്ടു ഏകനായി റോമാ സഭയിൽ കഴിയേണ്ടതില്ലെന്നായിരുന്നു അവരുടെ വലിയ വാദം.

ചോദ്യാ: ഉത്തമങ്ങളായ വിവാഹാലോചനകൾ വന്നിട്ടും ഒന്നും സ്വീകരിക്കാതെ മാതാപിതാക്കന്മാർക്കു അനിഷ്ടമുണ്ടാക്കിയതു ശരിയാണോ?

www.malankaralibrary.com


ഉത്തരം: ഇതു സംബന്ധിച്ച എൻെറ ചിന്തകൾ വെളിപ്പെടുത്താം: (1)പ്രേമബന്ധങ്ങളൊന്നും എനിക്കുണ്ടായിരുന്നില്ല. വിവാഹത്തിൽ നിന്നും വിട്ടു നിൽക്കുന്നതിനുള്ള ശാഠ്യവും ഇല്ലായിരുന്നു. വന്ന ആലോചനകൾ മിക്കതും നല്ലതുതന്നെ. എല്ലാം അകത്തോലിക്കാ ഗ്രൂപ്പിൽ നിന്നായിരുന്നു. അതിനോടു അനുകൂലിച്ചാൽ എൻെറ കത്തോലിക്കാ വിശ്വാസം ഉപേക്ഷിക്കേണ്ടിവരുമെന്നു ഞാൻ ഭയപ്പെട്ടു. അതിനു ഞാൻ ഒരുക്കമായിരുന്നില്ല.

(2) കത്തോലിക്കത്വം കളയാതെ എന്നെ സ്വീകരിക്കാൻ സന്നദ്ധതകാട്ടിയ മനസ്വിനിമാർ ഉണ്ടായിരുന്നിരിക്കണം. എന്നാൽ, വ്യത്യസ്ത വിശ്വാസങ്ങളോടു കൂടിയവരുടെ കുടുംബജീവിതം ശുഭപ്രദമായിരിക്കുമെന്നു ഞാൻ കരുതിയില്ല.

(3) എൻെറ നാട്ടിൽ കത്തോലിക്കരില്ലെന്നതു നേരുതന്നെ. എന്നാൽ, അകത്തോലിക്കരേക്കാൾ അനേകമടങ്ങു കൂടുതൽ കത്തോലിക്കർ ഇക്കേരളത്തിൽ തന്നെയുണ്ടല്ലോ. ജീവിത പങ്കാളിയായി ഒരു കത്തോലിക്കാ പെൺകുട്ടിയെ കിട്ടാൻ ബുദ്ധിമുട്ടുവരില്ലെന്നായിരുന്നു എൻെറ കണക്കുകൂട്ടൽ.

(4) ഉറ്റവരേയും ഉടയവരേയും എല്ലാം ഉപേക്ഷിച്ചുകൊണ്ടാണ് ഞാൻ സഭയെ ആശ്ലേഷിച്ചത്. എൻെറ എല്ലാകാര്യവും ദൈവം നടത്തുമെന്നുള്ള ദൃഢബോധ്യവും വിശ്വാസവും എനിക്കുണ്ടായിരുന്നു.

(5) സഭാവിലക്കിനെ ലംഘിക്കൽ എന്നെ അടിമുടി ഉലച്ചു. പെണ്ണുകെട്ടിനു വേണ്ടി സഭാബന്ധം പറിച്ചെറിയൽ എൻെറ ആദർശനിഷ്ഠയ്ക്കു ഓർക്കുവാൻ കൂടി കഴിഞ്ഞില്ല.

ചോദ്യം: കല്യാണക്കാര്യത്തിലെ ഈ വാശിപിടിത്തം എങ്ങനെയാണു കലാശിച്ചത്?

ഉത്തരം: ഒരു ഡെപ്യൂട്ടി തഹസീൽദാർ ആയിടയ്ക്കു ഞങ്ങളുടെ അടുത്തു താമസമാക്കി. റ്റി.ജെ. സഖറിയാ എന്നായിരുന്നു അദ്ദേഹത്തിൻെറ പേര്. കാവാലം സ്വദേശിയായ ഒരു കത്തോലിക്കൻ. ഞങ്ങളുടെ നാട്ടിൽ ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കുക ആ സഭാസ്നേഹിക്കു ഭാരപ്പാടായി. പഴയകുളത്തിനാൽ, ചാരുംമൂടു എന്നീ സ്ഥലങ്ങളിലുള്ള കത്തോലിക്കാപ്പള്ളികളിലാണ് അദ്ദേഹവും കുടുംബവും ഞായറാഴ്ച കുർബ്ബാനയ്ക്കു പോയിരുന്നത്. അടൂർനിന്നു വളരെ അകലെയാണാപ്പള്ളികൾ. അവരോടൊപ്പം ആ പള്ളികളിലേക്കു ഞാനും കുർബ്ബാന കാണാൻ പോയിരുന്നു.

പള്ളിയിൽപോക്കിനുമാത്രമല്ല ശ്രീ. റ്റി.ജി. സക്കറിയായുമായുള്ള അടുപ്പം ഉപകരിച്ചത്. അദ്ദേഹം എനിക്കു ഒരു കല്യാണാലോചന കൊണ്ടുവന്നു. ഭാര്യാസഹോദരിയെത്തന്നെയാണ് ആ സുഹൃത്ത് എനിക്കു വധുവായി നിർദ്ദേശിച്ചത്. പേരു റോസമ്മ. പുരാതനമായ പാലാക്കുന്നേൽ കുടുംബാംഗം. ചങ്ങനാശ്ശേരിക്കു അഞ്ചുമൈൽ കിഴക്കുള്ള മാടപ്പള്ളിലാണ് ആ കുടുംബം. ആലോചന അപ്പൻെറ അടുത്തെത്തി. അപ്പനതിഷ്ടമായി. എന്നാൽ സ്വന്തക്കാരും ബന്ധുക്കളും ശക്തിയായി എതിർത്തു. എതിർപ്പുകളെ അവഗണിക്കാൻതന്നെ തീരുമാനിച്ചു. കല്യാണം ഉറച്ചു.

 www.malankaralibrary.com 

അഭിവന്ദ്യനായ ഡോ. ബൻസിഗർ തിരുമേനിയുടെ അനുഗ്രഹാശീർവാദം എൻെറ വിവാഹത്തിനു ലഭ്യമായി. കൊല്ലം ബിഷപ്പിൻെറ കുറി ആവശ്യമായി വന്നു. അതിനുവേണ്ടി ബൻസിഗർ തിരുമേനിയെ സമീപിച്ചു. തിരുമേനിക്കു എന്നെ പരിചയമുണ്ടായിരുന്നു. അദ്ദേഹം പുത്തൻപീടിക സന്ദർശിച്ചപ്പോൾ മംഗളപത്രം വായിച്ചു സമർപ്പിക്കാൻ എനിക്കു അവസരം കിട്ടി. പുനരൈക്യപ്പെട്ടവനെന്നും കൂട്ടത്തിലാരുടെയും കുട്ടില്ലാതെ ഒറ്റയ്ക്കാണതു നേടിയതെന്നും അറിഞ്ഞ തിരുമേനിയുടെ വാത്സല്യത്തിനു ഞാൻ പാത്രമായി. തിരുമേനി എന്നെ ആശീർവ്വദിച്ചു; വാഴ്ത്തിയ രണ്ടു ജപമാല എനിക്കും വധുവിനും സമ്മാനമായി നല്കി.

ബന്ധപ്പെട്ടവരുടെ എതിർപ്പുണ്ടായിട്ടും എൻെറ വിവാഹം സാഘോഷം നടന്നു കുത്രപ്പള്ളിപ്പള്ളിയിൽവെച്ച്.

ചോദ്യം: പക്വബുദ്ധിയല്ലാതായിരുന്ന കാലത്തുനടത്തിയ സാഹസിക സംരംഭമായി സാറിൻെറ സഭാമാറ്റത്തെ വിശേഷിപ്പിക്കരുതോ? അതിനെക്കുറിച്ച് എന്നെങ്കിലും ദുഃഖിക്കാൻ ഇടവന്നിട്ടുണ്ടോ?

ഉത്തരം: പുനരൈക്യം ഒരു പ്രസ്ഥാനമായി രൂപാന്തരപ്പെടുന്നതും തഴച്ചു വളരുന്നതും കൺകുളിർക്കെക്കാണുന്നതിനുള്ള ഭാഗ്യം ദൈവം എനിക്കു നല്കി. എൻെറ അടുത്ത ബന്ധുവായിരുന്നു പ്രസിദ്ധനായ പീടികയിൽ ഗീവറുഗീസച്ചൻ. 1927-ൽ അദ്ദേഹം കുറേവീട്ടുകാരോടുകൂടി പുനരൈക്യപ്പെട്ടു കൊല്ലം രൂപതയിൽ ചേർന്നു. അവർക്കുവേണ്ടി ബൻസിഗർ തിരുമേനി പുത്തൻപീടികയിൽ ഒരു പള്ളി പണിയിച്ചുകൊടുത്തു. 1930 സെപ്തംബർ 20-ാം തീയതി മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ തിരുമേനിമാർ മറ്റു മൂന്നുപേരോടൊരുമിച്ചു പുനരൈക്യപ്പെട്ടു. ബൻസിഗർ തിരുമേനിയുടെ അരമനയിൽവച്ചാണു ആ സംഭവം. സ്വിറ്റ്സർലണ്ടുകാരനായ ആ അഭിവന്ദ്യ മിഷനറിയുടെ സഹായത്താൽ മലങ്കരറീത്തു അനുവദിച്ചുകിട്ടി. പുതിയ റീത്തിലേക്കു പുരോഹിതന്മാരുടെയും അല്മായരുടേയും ഒരു പ്രവാഹം തന്നെയുണ്ടായി. സഭ വളർന്നുകൊണ്ടിരിക്കുന്നു.

ദൃഢമായ ഒരു സ്നേഹബന്ധം എൻെറ പിതാവും മാർ ഈവാനിയോസ് തിരുമേനിയും തമ്മിൽ പുലർത്തിയിരുന്നു. "മുത്തകുഞ്ഞ്" എന്നത്രേ അപ്പൻ വീട്ടിൽ അറിയപ്പെട്ടിരുന്നത്. മൂത്തകുഞ്ഞു എൻെറ ആദ്യഗുരുവാണെന്നു തിരുമേനി പലപ്പോഴും പറഞ്ഞിട്ടുണ്ട്. മാവേലിക്കര ഇംഗ്ലീഷു സ്ക്കൂളിലാണ് അപ്പൻ ചെറുപ്പകാലത്തു പഠിച്ചത്. മാർ ഈവാനിയോസ് തിരുമേനിയുടെ വീടിനടുത്തായിരുന്നു അപ്പൻെറ താമസം. അന്നു ബാലനായിരുന്ന തിരുമേനിയെ കൈപിടിച്ചു അപ്പൻ ഇംഗ്ലീഷ് അക്ഷരങ്ങൾ എഴുതിച്ചിരുന്നു. ഇതു മനസ്സിൽവെച്ചുകൊണ്ടാണ് ആദ്യഗുരുവെന്നു തിരുമേനി അപ്പനെ വിശേഷിപ്പിച്ചിട്ടുള്ളത്. അവർ തമ്മിലുള്ള ഉറ്റബന്ധം ജീവിതാന്ത്യംവരെ നിലകൊണ്ടു. കൽക്കട്ടായിൽ എന്നെ പഠനത്തിനു വിടാൻ അപ്പനെ പ്രേരിപ്പിച്ച ഘടകവും ഈ സ്നേഹബന്ധംതന്നെ.

മാർ ഈവാനിയോസിൻെറ പുനരൈക്യം കഴിഞ്ഞപ്പോൾ എൻെറ മാതാപി

www.malankaralibrary.com


താക്കന്മാർക്കും സഹോദരനും സഭാമാറ്റക്കാര്യത്തിൽ സംശയിച്ചുനില്ക്കേണ്ടി വന്നില്ല. എന്റെ പിതൃസഹോദരൻ പത്തനംതിട്ട കിഴക്കേവീട്ടിൽ പത്രോസച്ചൻ കുടുംബസമേതം പുനരൈക്യപ്പെട്ടു.

ചോദ്യം: കഴിഞ്ഞജീവിതത്തിലേക്കു തിരിഞ്ഞുനോക്കുന്ന സാറിന്റെ ഇന്നത്തെ മനോഭാവമെന്താണ്?

ഉത്തരം: കൂട്ടുകാരുടെയും നാട്ടുകാരുടെയും സഹകരണംകൂടാതെ 1926-ൽ ഞാൻ പുനരൈക്യപ്പെട്ടപ്പോൾ ഇത്ര വിപുലമായ ഒരു ഭാവി ഈ പ്രസ്ഥാനത്തിന് ഉണ്ടാകുമെന്നു ഓർത്തിരുന്നില്ല. ഇന്ന് ഞാൻ പൂർണ്ണസംതൃപ്തനാണ്. ശരീരക്ഷീണവും അവശതകളും അനുഭവപ്പെടുന്നുണ്ട്. എന്നിരുന്നാലും ദൈവത്തിന്റെ അത്ഭുത പരിപാലനയിൽ അതീവസന്തുഷ്ടനായി ആത്മസംതൃപ്തിയോടും പ്രത്യാശയോടുംകൂടി ജീവിതം നയിക്കുന്നു. ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നു; പരിശുദ്ധമാതാവിന്റെ മാധ്യസ്ഥ്യം പ്രാർത്ഥിക്കുന്നു- രണ്ടും എനിക്കു ആശ്വാസം പകരുന്നു.

കുർബ്ബാനകാണാനൊരുപള്ളി-അതായിരുന്നു ആദ്യകാലത്തെ എന്റെ പ്രാർത്ഥന. ഇന്നത്തെസ്ഥിതിയോ? അടൂർ ഡിസ്ട്രിക്ടിൽ നാൽപ്പത്തിയൊന്നു മലങ്കര കത്തോലിക്കാപ്പള്ളികളുണ്ട്, പത്തനംതിട്ടയിൽ ഇരുപത്തിനാലും. ചോദിക്കുന്നതിനേക്കാൾ എത്രയധികമാണ് ദൈവത്തിന്റെ വരദാനം. കുട്ടിക്കാലത്തു പഠിച്ച കവിത ഓർത്തുപോകുന്നു.


"വേഴാമ്പലേറ്റമഴലേന്തിയുഴന്നുവെള്ളം
നാലഞ്ചുതുള്ളിമുകിൽതന്നൊടിരന്നിടുന്നു
അൻപോടതൂഴിമുഴുവൻ മഴയാൽ നനയ്ക്കു-
ന്നമ്പോ! വലുപ്പമുടയോന്റെ കൊടുപ്പുകേമം!"

*(കുറിപ്പ്:- 1992 മെയ് 11-ാം തീയതി പുഷ്പപുരം ശ്രീ സി. ഫിലിപ്പു ഇഹലോകവാസം വെടിഞ്ഞു. ലേ. )*

www.malankaralibrary.com

# 9

# ദിവ്യശ്രീ മുണ്ടപ്ലാക്കൽ യാക്കോബു കത്തനാർ



**55**-ലേറെ കൊല്ലങ്ങൾക്കുമുമ്പാണ്. കുട്ടിക്കാലസംഭവങ്ങളൊന്നും ഓർമ്മയിലില്ല. ഒട്ടും മായാത്ത ഒരു ചിത്രമേയുള്ളു. ചെങ്ങരൂർ പള്ളിയിലാണത് നടന്നത്. 1935-ലെ ഒരു പ്രസംഗയോഗം. വികാരിയും വിശ്വാസികളും ആലോചിച്ചു സംഘടിപ്പിച്ച മഹാസമ്മേളനം.

ബ. കെ.റ്റി. സക്കറിയാസു ശെമ്മാശൻെറ പ്രസംഗമാണ് പൊടിപൊടിച്ചത്. ആരക്കുന്നം സ്വദേശിയായ അദ്ദേഹത്തിൻെറ പ്രസംഗത്തിനു പ്രാധാന്യമുണ്ടായി. മാർ ഈവാനിയോസിൻെറ സഭൈക്യസംരംഭം തുടക്കമിട്ടു കഴിഞ്ഞിരുന്നു. അതിനെ നേരിടുന്നതിനുള്ള സമർത്ഥപ്രതിവിധിയായിട്ടത്രേ സക്കറിയാസ് ശെമ്മാശൻെറ പ്രസംഗം രൂപം പുണ്ടത്. അദ്ദേഹം ശ്രോതാക്കളിൽ വിശ്വാസ്യത ഉയർത്തും. "നിങ്ങൾ വിചാരിച്ചേക്കും ഈ കൊച്ചു ശെമ്മാശൻ ഇതൊക്കെ ഇത്ര ഖണ്ഡിതമായി പറയുന്നത് എങ്ങനെയെന്ന്. ഞാൻ കൊച്ചനല്ല; വയസ്സ് 23 ഉണ്ട്; ഏഴായിരം രൂപയ്ക്ക് കത്തോലിക്കാഗ്രന്ഥങ്ങൾ വാങ്ങി പഠിച്ചിട്ടുണ്ട്. മൂന്നുവർഷമേ ആയുള്ളു പ്രസംഗം തുടങ്ങിയിട്ട്. ഇതേവരെ ആയിരത്തഞ്ഞൂറു പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്." സഭയുടെ നേരെ അദ്ദേഹം തൊടുത്തുവിടുന്ന ആരോപണങ്ങൾ ഒന്നും രണ്ടു

www.malankaralibrary.com


മല്ല. "'ക്ക്ഥൽ' എന്ന സുറിയാനി പദത്തിൽ നിന്നാണ് 'കത്തോലിക്കാ' എന്ന പദം ഉണ്ടായിട്ടുള്ളത്. അതുകൊണ്ടു കത്തോലിക്കർ എന്നുവച്ചാൽ കൊലപാതകികൾ എന്നത്രേ. കർത്താവിനെ കുരിശിൽ തറച്ചുകൊന്നത് റോമക്കാരാണ്. ഈ റോമാസഭയിലേക്കാണ് മാർ ഈവാനിയോസും കൂട്ടരും പോയിട്ടുള്ളത്." മൂന്നുമണിക്കുറെങ്കിലും പ്രസംഗം നീളും. പല്ലവി കുടെക്കൂടെ ആവർത്തിക്കും: 'റോമാ സമുദായമേ നിൻെറ പഠിപ്പിക്കൽ അബദ്ധം! നിനക്കു രക്ഷയില്ല! നിനക്കു സുല്ല്!'

ചെങ്ങരൂർ പ്രസംഗത്തിൻെറ അഞ്ചാം ദിവസം. അന്നത്തെ സംഭവമാണ് ഓർമ്മയിലുള്ളത്. പ്രസംഗം ആരംഭിച്ചതേയുള്ളു. ശ്ലീഹന്മാരുടെ ഇടയിൽ വി. പത്രോസിൻെറ സ്ഥാനം എന്നതായിരുന്നു വിഷയം. പത്രോസിനു ശ്രേഷ്ഠതയൊന്നുമില്ലെന്നത്രേ പ്രസംഗിച്ചു തുടങ്ങിയത്. മുണ്ടപ്ലാക്കലച്ചനാണു വികാരി. അദ്ദേഹം രൂക്ഷനായി സ്റ്റേജിലേക്കു കയറി; ശബ്ദമുയർത്തിപ്പറഞ്ഞു: 'ശെമ്മാശാ, നിറുത്തു പ്രസംഗം'

പ്രസംഗം നിലച്ചു. ആളുകൾ ഇളകി. അച്ചൻ തുടർന്നു: 'പത്രോസു തലവനെന്നു സഭയുടെ പാരമ്പര്യം പ്രഖ്യാപിക്കുമ്പോൾ, ഔദ്യോഗിക പ്രാർത്ഥനകളിൽ പത്രോസിൻെറ പ്രാമുഖ്യം വെളിപ്പെടുത്തിയിരിക്കുമ്പോൾ അതിനു വിപരീതമായി പ്രസംഗിച്ചു കൂടാ. അങ്ങനെ ഈ പള്ളിമുറ്റത്തു പ്രസംഗിക്കുവാൻ സമ്മതിക്കില്ല'. ജനങ്ങൾ കാലുപിടിച്ചു. അച്ചൻ കടുകിട വ്യതിചലിച്ചില്ല. മെത്രാപ്പോലീത്തായെ വരുത്താൻ ആളുകൾ ഉറച്ചു. വാളക്കുഴിയിൽ ജോസഫ് മാർ സോവേറിയോസ് തിരുമേനിയായിരുന്നു ഭദ്രാസനാദ്ധ്യക്ഷൻ. കറ്റാനത്തു ഏതോ പരിപാടിയിൽ സംബന്ധിക്കുകയാണദ്ദേഹം. രാത്രിയിൽത്തന്നെ തിരുമേനിയെ വരുത്തി. തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ശെമ്മാശൻ പ്രസംഗം തുടർന്നു.

ഈ സംഭവം അഞ്ചുവിധത്തിലുള്ള പരിണതഫലങ്ങളുണ്ടാക്കി.

1. കത്തോലിക്കാ വിരുദ്ധപ്രസംഗങ്ങൾക്കു പ്രചോദനം നല്കിയ മാർ സേവേറിയോസ് തിരുമനസ്സുകൊണ്ട് മൂന്നുകൊല്ലത്തിനുള്ളിൽ കത്തോലിക്കാ സഭയിൽ ചേർന്നു. 1938-ലായിരുന്നു ആ സംഭവം. സഭൈക്യപ്രവർത്തനം തിരുമേനി ഏറെക്കാലം നടത്തി.

2. ആറുകൊല്ലത്തിനുള്ളിൽ മുണ്ടപ്ലാക്കലച്ചൻ പുനരൈക്യപ്പെട്ടു. 1941 ഫെബ്രുവരി മാസത്തിലാണത്. സഭയുടെ തണലിൽ അദ്ദേഹം ആത്മീയാശ്വാസം കണ്ടെത്തി.

3. വി. പത്രോസിനെക്കുറിച്ചു ഫാ. മുണ്ടപ്ലാക്കൽ സ്വീകരിച്ച നിലപാടു ശരിയെന്നു കുറേക്കാലങ്ങൾക്കു ശേഷമെങ്കിലും കെ.റ്റി. സക്കറിയാസച്ചനു സമ്മതിക്കേണ്ടിവന്നു. യാക്കോബായസഭയുടെ ഔദ്യോഗികബോധനം അതാണെന്നത്രേ അദ്ദേഹത്തിൻെറ പിന്നീടുള്ള നില. ഈ വിഷയം പ്രസംഗയോഗങ്ങളിൽ വിശദീകരിക്കുവാൻ ആ വാഗ്മിക്കു മടിയില്ല. അതിൻെറ ഫലമായിട്ടത്രേ കോർ എപ്പിസ്ക്കോപ്പാസ്ഥാനംകൊണ്ടു സമുദായം അദ്ദേഹത്തെ ബഹുമാനിച്ചത്.

www.malankaralibrary.com

4. പ്രസ്തുത പ്രസംഗവേളയിൽ ഒരു കത്തോലിക്കാ കോൺഫ്രൻസ് അടുത്തുനടന്നു: ഒരു ഫർലോങ്ങു കിഴക്കു മാറിയുള്ള പുരയിടത്തിൽ, ഫാ. പീറ്റർ രാമനാട്ട്, ഫാ. ഗിവറുഗീസ് തോമ്പ്ര, ഫാ. ഏബ്രഹാം മാരേട്ട് തുടങ്ങിയവരാണ്. അതിൽ പങ്കുകൊണ്ടത്. ആ സ്ഥലത്തു പിൽക്കാലത്ത് കത്തോലിക്കാപ്പള്ളി രൂപംപുണ്ടുവെന്ന വസ്തുത ആശ്ചര്യകരമായിരിക്കുന്നു. ആ പള്ളിയിലാണ് മുണ്ടപ്ലാക്കലച്ചൻ പുനരൈക്യാനന്തരം വൈദികകർമ്മങ്ങൾ നിർവ്വഹിച്ചത്. അവിടുത്തെ കബറിടത്തിലാണ് അച്ചൻ അന്ത്യവിശ്രമം കൊള്ളുന്നത്.

5. ഫാ. സക്കറിയാസും തുടർന്നു വന്നവരും സഭയെ കുറ്റംപറഞ്ഞു കൊണ്ടുള്ള പ്രസംഗങ്ങളാണ് നടത്തിയത്. മറുപടി പറഞ്ഞവർക്കും അതേ നാണയം പ്രയോഗിക്കേണ്ടിവന്നു. മോൺ, വടശ്ശേരി, ഫാ. ഇഞ്ചയ്ക്കലോടി, ഫാ. മണ്ണഞ്ചേരി തുടങ്ങിയവർ കത്തോലിക്കാ പക്ഷത്തു പ്രത്യക്ഷപ്പെട്ടവരാണ്. ഫാ. സക്കറിയാസും കൂട്ടരും രംഗത്തുനിന്നും മാറിയപ്പോൾ മറുപടി പറഞ്ഞവരും ശൈലി മാറ്റി. ഫാ. സക്കറിയാസിനു മുമ്പും പിമ്പും ഡയലോഗിൻെറ ശൈലി മാത്രമേ കേരളത്തിലെ ക്രൈസ്തവൈക്യ സംരംഭക്കാർ സ്വീകരിച്ചിട്ടുള്ളു.

## 38 വർഷം വികാരി

ധീരനും ആദർശശാലിയുമായിരുന്നു ഫാ. മുണ്ടപ്ലാക്കൽ. 38 വർഷമാണ് ചെങ്ങരൂർ പള്ളിയുടെ വികാരിത്വം അദ്ദേഹം വഹിച്ചത്. കുന്നന്താനം, ചെങ്ങരൂർ, വള്ളമല, മുണ്ടുകുഴി, മുണ്ടിയപ്പള്ളി, പുതുശേരി, മൂവക്കോട് നെല്ലിമൂട്, മുക്കൂർ, വെള്ളാംപൊയ്ക തുടങ്ങിയ വിസ്തൃതങ്ങളായ ഗ്രാമപ്രദേശങ്ങൾക്കു വേറെ പള്ളിയുണ്ടായിരുന്നില്ല. ആയിരത്തിലധികമാണ് അവിടെയുണ്ടായിരുന്ന കുടുംബങ്ങൾ. ഫാ. തോമസ് ചക്കുംമുട്ടിൽ, ഫാ. അലക്സാണ്ടർ മഞ്ഞനാം കുഴി (കോർ എപ്പിസ്ക്കോപ്പാ) ഫാ. ജേക്കബ് പുക്കുടിയിൽ തുടങ്ങി ഇടവകയിലെ വൈദികരെല്ലാം മുണ്ടപ്ലാക്കലച്ചനെ പ്രധാന പുരോഹിതനായി ബഹുമാനിച്ചു. പള്ളിയെ വീടായും ഇടവകാംഗങ്ങളെ മക്കളായും അദ്ദേഹം കരുതി.

ആരാധനയുടെ ആകർഷകത്വം മുണ്ടപ്ലാക്കലച്ചനെ പ്രിയംകരനാക്കി. സുറിയാനി പാടവമാണ് അതിനു കാരണമായത്. അന്നത്തെ ആരാധനപ്പുസ്തങ്ങൾ എല്ലാം തന്നെ സുറിയാനിയിലായിരുന്നു. സുറിയാനി തക്സാകളും ആരാധനപ്പുസ്തകങ്ങളും മുമ്പിൽവെച്ചുകൊണ്ട് അച്ചൻ മലയാളത്തിൽ ചൊല്ലുന്നതു കേട്ടാൽ ഭാഷാന്തരം ചെയ്യലാണെന്നു ആരും പറയുകയില്ല. ദുഃഖവെള്ളിയാഴ്ചയിലേയും ഓശാനപ്പെരുന്നാളിലെയും മറ്റും ദീർഘശുശ്രൂഷകൾ നടത്തുന്ന അച്ചന് മണിക്കൂറുകൾ കഴിയുന്തോറും ശക്തിവർദ്ധിച്ചുവരുന്നതായി തോന്നിയിരുന്നു.

എളുപ്പവഴിയിൽ പഠിപ്പിക്കുവാൻ അച്ചന് വിരുതുണ്ട്. വേദപുസ്തകഭാഗം ഓർമ്മിപ്പിക്കുന്ന നുറുങ്ങുകവിത പലപ്പോഴും ചൊല്ലി. ശ്ലീഹന്മാരുടെ പേരുകൾ പഠിപ്പിക്കുന്ന ഒരു ഗാനമിതാ:

'പീറ്റർ പോൾ ജേക്കബ് ജോൺ
ആൻഡ്രൂപീലി തോമസ് മാത്യു
ബർത്തുല്ലാബി സൈമൺ ജേക്കബ്
..........................................................'

 www.malankaralibrary.com 

പള്ളിക്കാര്യത്തിൽ മാത്രമല്ല അച്ചൻ ശ്രദ്ധാലുവായത്. ഗ്രാമീണരുടെ വിദ്യാഭ്യാസത്തിലേക്കും ആ മനീഷിയുടെ ചിന്തയുയർന്നു. കളരിയോ പ്രൈമറിപള്ളിക്കൂടമോ ഒന്നുംതന്നെ അന്നാട്ടിൻപുറത്തുണ്ടായിരുന്നില്ല. സ്വന്തസ്ഥലത്തു അച്ചൻ ഒരു പള്ളിക്കുടമുണ്ടാക്കി; ദൂരെനിന്നാണ് അദ്ധ്യാപകരെ കൊണ്ടുവന്നത്. നടത്തിപ്പും മാനേജുമെൻറും അച്ചനുതന്നെ. സുഗമമായ പ്രവർത്തനത്തിനു വേണ്ടി സ്ക്കൂൾ ഗവൺമെൻറിലേയ്ക്കു വിട്ടുകൊടുത്തു. അതാണ് കുന്നന്താനം എൽ.പി. സ്ക്കൂൾ എന്ന പേരിൽ അറിയപ്പെടുന്നത്.

ഗ്രാമവാസികളുടെ കൃഷിവികസനം അച്ചൻ മനസ്സുവെച്ച വേറൊരു വിഷയമാണ്. അടുത്തുണ്ടായിരുന്ന മുണ്ടുകണ്ടം ഒരു വെള്ളപ്പാടമാണ്. അതു കൃഷിയോഗ്യമായിരുന്നില്ല. നികന്നുകിട്ടിയാൽ കൃഷിക്കു തരപ്പെടും. പനയമ്പാലത്തോടു അരികെ ഒഴുകുന്നുണ്ട്. അതിൽനിന്നു ഒരു കൈത്തോടു വെള്ളപ്പാടത്തേക്കു വെട്ടി. താമസംവിനാ മുണ്ടുകണ്ടം നികന്നു; ഇരുപ്പുകൃഷി ചെയ്യത്തക്ക വയലുകളായി മാറി.

കൃഷിസംബന്ധമായ ക്രാന്തദർശിത്വം വേറെയുമുണ്ട്. മരച്ചീനി, കശുമാവ്, മുളകുകൊടി, കരിമ്പ്, റബർ എന്നീ കൃഷികൾ ആ നാട്ടിൻപുറത്തുകാർ അന്നു നന്നായി ചെയ്തിരുന്നില്ല. അജ്ഞതയായിരുന്നു ഹേതു. അച്ചൻ മാതൃകാ തോട്ടങ്ങളുണ്ടാക്കി. അതു ഗ്രാമീണർക്കു പാഠമായി. പിന്മുറക്കാർ അതിൻെറ പ്രയോജനം അനുഭവിച്ചു.

## നേതൃത്വപാടവം

നാനാജാതി മതസ്ഥർക്കു ചെങ്ങരൂർപള്ളിയോടു ഭക്തിബഹുമാനാദാരവുണ്ടായതു മുണ്ടപ്ലാക്കലച്ചൻെറ കാലത്താണ്. വിജാതിയർ പള്ളിനടയിലെത്തി പ്രാർത്ഥിക്കുവാൻ ഇടയാക്കിയ ഒരു സംഭവം നടന്നു. 1919-ൽ ചെങ്ങരൂരും പരിസരപ്രദേശങ്ങളിലും വിഷൂചികാ ബാധയുണ്ടായി. സാംക്രമികവ്യാധി അതിവേഗം പടർന്നു. അനേകം പേർ ചത്തൊടുങ്ങി. പത്തും പന്ത്രണ്ടും ശവസംസ്കാരങ്ങൾ വരെ അന്നു ഓരോ ദിവസവും ചെങ്ങരൂർ പള്ളിയിൽ നടത്തേണ്ടിവന്നു. ജനങ്ങൾ പരിഭ്രാന്തരായി. മുണ്ടപ്ലാക്കലച്ചൻ ഒരു വസന്തപ്പെരുന്നാൾ ആസുത്രണം ചെയ്തു. ഉപവാസവും പ്രാർത്ഥനയുമായി ജനങ്ങൾ പള്ളിയിൽക്കൂടി. മൂന്നുദിവസത്തേക്കായിരുന്നു പ്രാർത്ഥനക്കൂട്ടം. നാലാം ദിവസം വി. കുർബാനയ്ക്കു ശേഷം ഗ്രാമവീഥികൾതോറും വസന്തപ്രദക്ഷിണം നടത്തുന്നതിനാണ് പദ്ധതിയിട്ടിരുന്നത്. മൂന്നാംദിവസം ബുധനാഴ്ചയായിരുന്നു. കുർബാനമദ്ധ്യേ അച്ചൻ പ്രസംഗിച്ചു. ആത്മീയചൈതന്യലബ്ധിയുടെ ഫലമായ ആ വാക്കുകൾ ധൈര്യം പകരുന്നതായിരുന്നു. വസന്ത ഇനി നാട്ടിൽ ഉണ്ടാകയില്ലെന്നു ആന്തരികവെളിച്ചം ലഭിച്ച അച്ചൻ ഉറപ്പിച്ചുപറഞ്ഞു. ഗ്രാമവീഥികളിലൂടെ വേണമെന്നു ആസൂത്രണം ചെയ്തിരുന്ന പ്രദക്ഷിണം തന്മൂലം റദ്ദുചെയ്തു. പള്ളിക്കു വലം വെച്ചുകൊണ്ടു ജനങ്ങൾ പരിപാടി അവസാനിപ്പിച്ചു. നാനാജാതിമതസ്ഥർക്കു പള്ളിയോടു ഭക്തിബഹുമാനങ്ങൾ ഉണ്ടാകുവാൻ ഈ ചടങ്ങുകൾ പ്രേരകമായി.

www.malankaralibrary.com


അച്ചന്റെ ബുദ്ധികൂർമ്മത സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പ്രശംസനേടി. സ്വന്തം കൃഷിഭൂമിയെ തൊട്ട് ഒഴുകുന്ന പനയമ്പാലത്തോടിനു 'റ' പോലെയുള്ള ഒരു വളവുണ്ടായിരുന്നു. അച്ചൻ അതു നേരെയാക്കി. സ്വന്തം സ്ഥലത്തുകൂടി തോടുവെട്ടിയാണ് വളവുതീർത്തത്. നാട്ടുകാർ കയർത്തു; പരാതിയുമായി സർക്കാരിനെ സമീപിച്ചു; ജനരോഷത്തിനു മുന്നിൽ കണ്ണടയ്ക്കുവാൻ ഉദ്യോഗസ്ഥന്മാർക്കു സാധിച്ചില്ല. പേഷ്കാർ സ്ഥലം സന്ദർശിച്ചു. ബുദ്ധികൂർമ്മതയുടെ ഒരു പ്രവർത്തനമായിട്ടായിരുന്നു അദ്ദേഹമതു കണ്ടത്. പലരുടെയും വയലിലേക്കു മടവീഴുന്ന സാധ്യത ഒഴിവാക്കിയ അച്ചന്റെ പ്രവർത്തനത്തെ ആ സർക്കാരുദ്യോഗസ്ഥൻ പ്രശംസിച്ചു.

സംഭാഷണചതുരനായിരുന്നു ഫാ. മുണ്ടപ്ലാക്കൽ. ഫലിതരസികതയോടെ ആരെയും കാര്യം മനസിലാക്കുവാനുള്ള അസാധാരണ വിരുത് അദ്ദേഹത്തിനുണ്ടായിരുന്നു. അന്നത്തെ കാതോലിക്കാബാവായുടെ പല്ലു മുഴുവൻ എടുത്തെങ്കിലും പുതിയ പല്ലുവെയ്ക്കുവാൻ തിരുമേനി സന്നദ്ധനായില്ല. കൃത്രിമദന്തം വെക്കുന്നതിനുള്ള വൈമുഖ്യമാണു കാരണം. 'ദൈവം തന്ന പല്ലുപോയതുകൊണ്ടു വേറെ പല്ലുവേണ്ടാ' എന്നത്രേ ഒരിക്കൽ തിരുമേനി അച്ചനോട് പറഞ്ഞത്. തിരുമേനിയുടെ കണ്ണട മേശപ്പുറത്തിരുന്നത് അച്ചൻ കൗശലപൂർവ്വം മാററിവച്ചു; അതിനുശേഷം ഒരു പുസ്തകത്തിൽ നിന്നും ഒരു സംശയം ചോദിച്ചു. തിരുമേനി കണ്ണട പരതി. 'ദൈവം തന്ന കണ്ണുള്ളതുകൊണ്ട് കണ്ണട ആവശ്യമില്ലല്ലോ എന്നു അച്ചൻ തിരുമനസ്സിനോടുണർത്തിച്ചു. കണ്ണട വെക്കുന്നതുപോലെ പല്ലു വെയ്ക്കുന്നതും നല്ലതാണെന്നു സരസസംഭാഷണത്തിലൂടെ അച്ചൻ തിരുമേനിയെ ബോദ്ധ്യപ്പെടുത്തി.

പ്രത്യുൽപ്പന്നമതിത്വംകൊണ്ടു അനുഗൃഹിതനായിരുന്നു അച്ചൻ. കുന്നംകുളത്തു സമുദായ നേതാക്കന്മാരുടെ ഒരു ആലോചനാസമ്മേളനം നടന്നു. ചെങ്ങരൂർ പള്ളിയുടെ പ്രതിനിധിയായി യോഗത്തിൽ സംബന്ധിച്ചതു മുണ്ടപ്ലാക്കലച്ചനായിരുന്നു. പുലിക്കോട്ടു മാർ ദിവന്യാസ്യോസ് തിരുമേനി അന്ത്യോക്യയിലേക്കു പോകുന്നതിനുള്ള ഒരുക്കത്തിലാണ്. അതിനെക്കുറിച്ചായിരുന്നു യോഗത്തിൽ ആലോചന. പണം കടമെടുത്തു യാത്രച്ചെലവു നിർവഹിക്കാമെന്നത്രേ അഭിപ്രായം പൊന്തിയത്. ഇടവകകളിൽ നിന്നുള്ള ഓഹരിവിഹിതംകൊണ്ടു കടം വീട്ടുകയും ചെയ്യാമല്ലോ. ആ അഭിപ്രായം സമുചിതമായി ഫാ. മുണ്ടപ്ലാക്കലിനു തോന്നിയില്ല. കടമെടുക്കാതെ തിരുമേനിയെ യാത്രയക്കുന്നതിനത്രേ അദ്ദേഹം ചിന്തിച്ചത്. അച്ചൻ പറഞ്ഞു: 'തെക്കുള്ള ഒരു ചെറിയ ഇടവകയിൽ നിന്നാണു ഞാൻ വന്നത്. ഞങ്ങളുടെ കഴിവനുസരിച്ചുള്ള ഓഹരി ഇപ്പോൾത്തന്നെ മേശപ്പുറത്തുവെക്കുന്നു. നിങ്ങളിൽ കഴിവുള്ളർ ഇപ്പോൾത്തന്നെ കൊടുക്കുക. എങ്കിൽ പണം കടമെടുക്കാതെ കാര്യം സാധിക്കാം.' മുണ്ടപ്ലാക്കലച്ചൻ പണം മേശപ്പുറത്തുവച്ചു. മറ്റുള്ളരും അങ്ങനെതന്നെ ചെയ്തു. പലതുള്ളി പെരുവെള്ളമായി. യാത്രയ്ക്കാവശ്യമുള്ള പണം മാത്രമല്ല അപ്പോൾ ലഭ്യമായത്.

 www.malankaralibrary.com 

## അല്പം ചരിത്രം

ചെങ്ങരൂർ പ്രദേശം മുണ്ടപ്ലാക്കലച്ചനെ മുടിചൂടാമന്നനായി കരുതി. ആ അംഗീകരണത്തിനു കാരണവുമുണ്ട്. കുട്ടിക്കാലംതൊട്ടേ അച്ചനെ നാട്ടുകാർക്കറിയാം. 1879 ഫെബ്രുവരി 17-ാം തീയതിയാണ് അച്ചൻെറ ജനനം. മുണ്ടപ്ലാക്കൽ ചെറിയാച്ചനും ഭാര്യ മറിയാമ്മയുമാണ് മാതാപിതാക്കന്മാർ. അക്കാലത്തു കല്ലൂപ്പാറ സെൻറ് മേരീസ് പള്ളി മാത്രമേ ആ പ്രദേശത്തുള്ളു. അവിടെയാണ് കുട്ടിയെ മാമ്മോദീസാ മുക്കിയത്. ജേക്കബ് എന്നായിരുന്നു ജ്ഞാനസ്നാനപ്പേര്. ചാക്കോപ്പി എന്ന ഓമനപ്പേരിൽ അവൻ അറിയപ്പെട്ടു. ഒരു സഹോദരനും നാലു സഹോദരിമാരുമാണ് ചാക്കോപ്പിക്കുണ്ടായിരുന്നത്.

ഇന്നത്തെ വിദ്യാഭ്യാസസൗകര്യങ്ങളൊന്നും ഒരു നൂറ്റണ്ടിനുമുമ്പു നാട്ടുമ്പുറത്തുണ്ടയിരുന്നില്ല. പ്രൈമറിപള്ളിക്കൂടംപോലും ഗ്രാമപ്രദേശങ്ങളിൽ ഇല്ലായിരുന്നു. വ്യവസ്ഥിതമായ ഒരു വിദ്യാഭ്യാസസ്ഥിതിതന്നെ സാധാരമായിക്കഴിഞ്ഞില്ല. നിലത്തെഴുത്തു പള്ളിക്കൂടങ്ങളായിരുന്നു ഏക ആശ്രയം. ഐക്കരയിൽ ചാക്കോ വൈദ്യൻ ചാക്കോപ്പിയെ നിലത്തെഴുത്തു പഠിപ്പിച്ചു.

പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി ചങ്ങനാശ്ശേരിവരെ പോകേണ്ടിവന്നു. അവിടെ തച്ചങ്കരി എന്ന വീട്ടിലാണ് ചാക്കോപ്പി താമസിച്ചുപഠിച്ചത്. തികഞ്ഞ കത്തോലിക്കാ പാരമ്പര്യം സംരക്ഷിക്കുന്നവരായിരുന്നു തച്ചങ്കരി വീട്ടുകാർ. കത്തോലിക്കാ ആചാരങ്ങളോടു മതിപ്പുതോന്നാൻ അവിടുത്തെ താമസം ചാക്കോപ്പിയെ സഹായിച്ചിരിക്കണം.

കോട്ടയം പഴയ സെമിനാരിയിൽ താമസിച്ചുകൊണ്ടാണ് മിഡിൽ സ്ക്കൂൾ വിദ്യാഭ്യാസം നടത്തിയത്. കൊട്ടാരത്തിൽ ശങ്കുണ്ണിയെപ്പോലെയുള്ള പ്രഗത്ഭമതികൾ അവിടെ അധ്യാപകരായിരുന്നു.

പരുമലത്തിരുമേനിയുടെകൂടെ ദീർഘകാലം താമസിച്ചു ചാക്കോപ്പി അഭ്യസനം നടത്തി. സുറിയാനിയിൽ പ്രാവീണ്യം നേടുവാൻ അതുമൂലം കഴിഞ്ഞു. കോട്ടയത്തു പഴയ സെമിനാരിയിൽ താമസിച്ചു സുറിയാനി പഠിക്കുന്ന കാലത്തു വട്ടശേരിൽ മാർ ദീവന്യാസ്യോസ് തിരുമേനി മൽപ്പാനായിരുന്നു.

1892-ൽ 13-ാമത്തെ വയസിലാണ് ചാക്കോപ്പി ശെമ്മാശനായത്. 4 കൊല്ലത്തിനുശേഷം വിവാഹിതനാകയും ചെയ്തു. 20-ാം നൂററാണ്ടു പിറവിയെടുത്തതിനു ശേഷമത്രേ മുണ്ടപ്ളാക്കൽ ശെമ്മാശൻ കശ്ശീശാപ്പട്ടം സ്വീകരിച്ചത്. കൃത്യമായി പറഞ്ഞാൽ 1902-ൽ. പരുമലത്തിരുമേനിയെന്നു പ്രഖ്യാതിയുള്ള പുണ്യശ്ലോകനായ മാർ ഗ്രീഗോറിയോസത്രേ അച്ചനു പട്ടംകൊടുത്തത്.

## സുറിയാനി പാണ്ഡിത്യം

സുറിയാനിയിൽ അവഗാഹതയാണ് അച്ചനുണ്ടായിരുന്നത്. ഇത്തരം സുറിയാനി വ്യുൽപത്തി കേരള സുറിയാനിക്കാരുടെ ഇടയിൽ ഇന്നു പ്രായേണ കാണാറില്ല. പരുമല മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരി മാർ ദിവന്യാസ്യോസ് എന്നീ അസുലഭസുറിയാനി പ്രതിഭകളുടെ ശിഷ്യത്വമായിരിക്കണം മുണ്ടപ്ളാക്കലച്ചൻെറ ഈ മികവിനു കാരണം.

വട്ടശ്ശേരി മൽപ്പാൻെറ ശിഷ്യനായി കോട്ടയത്തു കഴിയുമ്പോൾ ഒരു

www.malankaralibrary.com


സംഭവമുണ്ടായി. മുണ്ടപ്ളാക്കൽ ജേക്കബ് ശെമ്മാശൻെറ ബുദ്ധികൂർമ്മതയും അന്വേഷണബുദ്ധിയുമാണ് അത് വെളിപ്പെടുത്തുന്നത്. സുറിയാനിപ്പുസ്തകത്തിൽ ഒരു വെട്ടിത്തിരുത്തൽ കണ്ടു. വെട്ടിമായിക്കാൽ എന്തിനെന്നത്രേ ശിഷ്യൻെറ അന്വേഷണം. വെട്ടില്ലാത്തതു പഠിച്ചാൽ മതി എന്നായി മൽപ്പാൻെറ ഉത്തരം. മാർപ്പാപ്പായെ സംബന്ധിക്കുന്ന പരാമർശം സുറിയാനിപ്പുസ്തകങ്ങളിൽ ചിലടത്തെല്ലാമുണ്ട്. സിക്സ്റ്റസിൻെറ കുർബാന തക്സാ തുടങ്ങുന്നിടത്ത് "ദ് അന്നാഹുറോ മാർ സിക്സ്റ്റസ് പാത്രിയർക്കോദ് റൂമി" (റോമിലെ പാത്രിയർക്കീസായ മാർ സിക്സ്റ്റസിൻെറ ക്രമം) എന്നുണ്ടല്ലോ. ഇതുപോലെ മാർപ്പാപ്പായെ സ്പർശിക്കുന്ന ഒരു ഭാഗമാണ് വെട്ടിയിരിക്കുന്നതായി ആ അധ്യേതാവിനു ബോധ്യപ്പെട്ടത്.

സുറിയാനി പഠനത്തിലൂടെ മറെറാരു സത്യം ശെമ്മാശൻ മനസ്സിലാക്കി. ആദിമുതൽ കേരളത്തിൽ നടപ്പിലിരുന്ന സുറിയാനിയുടെ രൂപത്തെക്കുറിച്ചുള്ള അറിവാണത്. കൽദ്ദായ സുറിയാനി എന്ന പേരിൽ അറിയപ്പെടുന്ന പൗരസ്ത്യ സുറിയാനിയാണ് ഇവിടെ നടപ്പിലിരുന്നത്; അല്ലാതെ, പാശ്ചാത്യ സുറിയാനി എന്ന പേരിൽ അറിയപ്പെടുന്ന അന്ത്യോക്യൻ സുറിയാനിയല്ല. അന്ത്യോഖ്യൻ സുറിയാനിയുടെ ആഗമനം പിൽക്കാലത്താണ്.

കേരളത്തിലെ പഴയ അച്ചന്മാരുടെ കൈവശമുണ്ടായിരുന്ന സുറിയാനി പുസ്തകങ്ങളെല്ലാം തന്നെ കൽദായ സുറിയാനിയിലുള്ളവയായിരുന്നുവെന്നത്രേ ജേക്കബ് ശെമ്മാശൻെറ നിഗമനം.

ചില കൽദായ സുറിയാനി പദങ്ങൾ അന്ത്യോക്യൻ സുറിയാനി ആരാധനാ ഭാഷയായി ഉപയോഗിക്കുന്നവരുടെ ഇടയിൽ പ്രചാരത്തിലുണ്ട്. ആദിമുതൽ പ്രയോഗത്തിലിരുന്ന ഭാഷയെക്കുറിച്ചുള്ള ഒരു ചൂണ്ടുപലകയാണവ. കൗമാ, കുദാശ, കാസാ, മാമൂദീസാ, ബസ്ക്കുദിശാ, മദ്ബഹാ, കുർബാന, റുശ്മാ എന്നീ പദങ്ങൾ അങ്ങനെയുള്ളവയാണ്. ഈ പദങ്ങളുടെ പ്രയോഗം മുണ്ടപ്ളാക്കൽ ശെമ്മാശൻെറ ശ്രദ്ധയിൽവന്നു. അന്ത്യോക്യൻ സുറിയാനിയിലാണെങ്കിൽ കൗമോ, കൂദോശോ, കാസോ, മാമൂദീസോ, ബസ്ക്കുദിശോ, മദ്ബഹോ, കുർബോനോ, റുശ്മോ എന്നിങ്ങനെയാണ് പറയേണ്ടത്, ആദിമുതൽ കേരളത്തിൽ നടപ്പിലിരുന്നത് കൽദായ സുറിയാനി ആണെന്നത്രേ ഇതു വ്യക്തമാക്കുക.

ജേക്കബ് ശെമ്മാശനെ ഇരുത്തി ചിന്തിപ്പിച്ചിട്ടുള്ള ഇക്കാര്യം പിൽക്കാലത്ത് സഭാപണ്ഡിതന്മാർ ഉറക്കെപ്പറഞ്ഞിട്ടുണ്ട്. കോനാട്ടു ഏബ്രഹാം മല്പാൻ, എം.റ്റി. ഇട്ടീരാമല്പാൻ തുടങ്ങി പന്ത്രണ്ടു പ്രമുഖന്മാർ ചേർന്നു പുറപ്പെടുവിച്ചിരിക്കുന്ന സംയുക്ത പ്രസ്താവനയിൽ പറയുന്നു. "....മൂന്നു നാലു തലമുറകൾക്കു മുമ്പു മലയാളത്തു നടപ്പിലിരുന്നത് കൽദായ സുറിയാനി ആയിരുന്നു എന്നത് ഈ രാജ്യത്തു പലർക്കും അറിയാവുന്ന വാസ്തവമാണ്. മലയാളത്തു എഴുതിയതായി നമ്മുടെ അച്ചന്മാരുടെ പക്കലുള്ള പഴയ സുറിയാനി പുസ്തകങ്ങളെല്ലാം കൽദായ സുറിയാനിയിലുള്ളതാണല്ലോ". (മലങ്കര സഭയിലെ സമാധാനം, പുറം 5,6 Printed at the Powra Prabha Press, Kottayam, 1942 തുലാം 20)

www.malankaralibrary.com


യാക്കോബായ ഓർത്തഡോക്സ് സഭകൾക്കു കൽദായ സുറിയാനി ഒരിക്കലും ആരാധനാ ഭാഷയായിരുന്നില്ല.

ജേക്കബ്ബു ശെമ്മാശൻ പഠിച്ചിരുന്ന കാലത്ത് ഹുദായ കാനോനു മലയാള പരിഭാഷ ഉണ്ടായിക്കഴിഞ്ഞിരുന്നില്ല. അതും സുറിയാനിയിൽ തന്നെയാണ് വായിച്ചു മനസ്സിലാക്കിയത്. 7-ാം അധ്യായം 1-ാം വാക്യത്തിൽ പറയുന്ന കാര്യം ആ അധ്യേതാവിനെ കുഴക്കി.

"റീശോറാബോദ് കുലഹൂൻ ഹാവ്ദ് റൂമി" എന്ന വാക്യമാണത്. (നാലു പാത്രിയർക്കീസന്മാരിൽ ഏററവും വലിയ തലവൻ റോമിൻെറ പാത്രിയർക്കീസാണ്) ഔദ്യോഗികനിയമത്തെ എന്തുകൊണ്ടു പ്രയോഗത്തിലാക്കുന്നില്ല എന്നതായി ആ യുവവിദ്യാർത്ഥിയുടെ ചിന്താകാലുഷ്യം.

ബുദ്ധിപരമായ ഇത്തരം അസ്വാസ്ഥ്യം അക്കാലത്തുവേറെ പലരേയും അലട്ടി. അഞ്ചലച്ചൻ, പത്തനംതിട്ട പീടികയിലച്ചൻ, മാരേട്ടച്ചൻ, പയ്യമ്പള്ളിലച്ചൻ എന്നിവർ ഉദാഹരണമാണ്. ബുദ്ധിപരമായ അസ്വാസ്ഥ്യം ശമിപ്പിക്കാൻ അവർ എന്തിനും സന്നദ്ധരായി. അഞ്ചലച്ചനും, പീടികയിലച്ചനും കൊല്ലം ലത്തീൻ രൂപതയിൽ ചേർന്നു. മാരേട്ടച്ചനും പയ്യമ്പള്ളിലച്ചനും ചങ്ങനാശ്ശേരി സീറോ-മലബാർ രൂപതയിൽ അഭയംതേടി. ആരാധനാക്രമ സംബന്ധമായ ഒട്ടുവളരെ കഷ്ടപ്പാടുകൾ അവർക്കു അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

## ബുദ്ധിയുടെ സ്വസ്ഥതയിലേക്ക്

സമാനചിന്തകരായ സഹവൈദികരുടെ സഭാപരമായ എടുത്തുചാട്ടത്തിനു അച്ചൻ തുനിഞ്ഞില്ല. അവർ അനുഭവിച്ച ഭാരം അദ്ദേഹം അറിഞ്ഞിരുന്നു. എങ്കിലും ചിന്തയുടെ അലട്ടൽ പേറേണ്ടി വന്നു. ബുദ്ധിയുടെ ആർജ്ജവം വരുത്തുന്ന വേദന! ഇതായിരിക്കണം വാഗ്മിയായ കെ.ററി. സക്കറിയാസ് ശെമ്മാശ്ശനുമായുള്ള ഏററുമുട്ടലിനു അച്ചനെ പ്രേരിപ്പിച്ചത്.

മാർ ഈവാനിയോസിൻെറ സഭാപുനരൈക്യം 1930 സെപ്റ്റംബർ 20-ാം തീയതി നടന്നു. മാർപ്പാപ്പായിൽ നിന്നു മലങ്കര ഹയരാർക്കിയുടെ സ്ഥാപനവും തുടർന്നുണ്ടായി. ആ സഭൈക്യ സംരഭങ്ങൾക്കു വിരുദ്ധമായി ഒരു വാക്കുപോലും മുണ്ടപ്ളാക്കലച്ചൻെറ നാവിൽ നിന്നു ഉയർന്നിട്ടില്ല. എങ്കിലും അദ്ദേഹം സഭാമാററത്തിനു കാലുനീട്ടിയില്ല.

രണ്ടു ചെറുപ്പക്കാർ ചെങ്ങരൂർ ഇടവകയിൽ സഭാകാര്യങ്ങളിൽ ഉത്സാഹികളായി. കിളിച്ചിമല കൊച്ചുപാപ്പി (വറുഗീസ് ചാണ്ടി) തൈപ്പറമ്പിൽ കൊച്ചുപാപ്പി (ഏബ്രാഹാം തോമസ്) എന്നിവരാണവർ. ജ്യേഷ്ഠാനുജന്മാരുടെ മക്കളായ സഹോദരന്മാരാണു രണ്ടുപേരും. സഭാ പഠനം മാർ ഈവാനിയോസിൻെറ പാത തിരഞ്ഞെടുക്കുന്നതിനാണവരെ പ്രേരിപ്പിച്ചത്. വിവരമറിഞ്ഞ മുണ്ടപ്ളാക്കലച്ചൻ വികാരിയായിരുന്നിട്ടുകൂടി അവരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചില്ല; ഉത്സാഹിപ്പിക്കയും ചെയ്തു.

1937-നവംബർ 27-ാം തീയതി നിരണം ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്താ

www.malankaralibrary.com


ജോസഫ് മാർ സേവേറിയോസിൻെറ സഭാ പുനരൈക്യം നടന്നു. അദ്ദേഹം തിരുവല്ലാ രൂപതയുടെ നേതൃത്വം വഹിച്ചു.

തൈപ്പറമ്പിൽ കൊച്ചു പാപ്പിയുടെ പറമ്പിൽ ഒരു ചെറിയ ചാപ്പൽ സ്ഥാപിതമായി. മൺചുവരുകളുള്ള ഓലമേഞ്ഞ ഒരു ഷെഡ്! ഫാ. ജോൺ ഒ.ഐ.സി. ആഴ്ചതോറും അവിടെവന്ന് വി. കുർബാന ചൊല്ലി. ഒരു കൊല്ലത്തിനുള്ളിൽ നൂറു വീട്ടുകാരുടെ സഹകരണം ആ പള്ളിക്കുണ്ടായി. അതിനിടയിൽ ഒരു പുതിയ ദൈവാലയത്തിനു സ്ഥലം വാങ്ങി; വൈദിക മന്ദിരം പണിതു; ഫാ. ചെറിയാൻ പൗവ്വത്തിക്കുന്നേൽ അവിടെ താമസമുറപ്പിച്ചു പ്രവർത്തനം തുടങ്ങി.

തടസ്സങ്ങൾ എല്ലാം നീങ്ങിയതായി മുണ്ടപ്ളാക്കലച്ചൻ കണ്ടു. കാത്തിരുന്ന സമയമായി എന്നദ്ദേഹത്തിനു തോന്നി. 1941 ഫെബ്രുവരിയിൽ അച്ചൻ കത്തോലിക്കാസഭയെ ആശ്ളേഷിച്ചു.

## സംതൃപ്തമായ വിശ്രമം


1963 ആഗസ്ററ് 30-ാം തീയതി അച്ചൻ ദിവംഗതനായി, 22 $^1/_2$ വർഷമാണ് കത്തോലിക്കാ സഭയുടെ തണലിൽ അദ്ദേഹം വിശ്രമിച്ചത്. ആത്മസംതൃപ്തിയുടെ കാലം! പള്ളിഭരണമോ അധികാരപ്രയോഗമോ ആ വയോധികനെ അലട്ടിയില്ല. ചെറിയാൻ, തോമസ്, ഏബ്രഹാം എന്നീ ആൺമക്കളും മറിയാമ്മ, അച്ചാമ്മ എന്നീ പെൺമക്കളും നല്ല നിലയിലെത്തി. ഇളയമകളെ സന്യാസജീവിതത്തിനു നയിക്കുവാൻ അച്ചൻെറ ആദ്ധ്യാത്മിക തീഷ്ണത സന്നദ്ധമായി. ചെങ്ങരൂർ, കുന്നംകുളം തുടങ്ങിയ ബഥനി കോൺവൻറു ഹൈസ്ക്കൂളുകളിൽ ഗണിതശാസ്ത്രാധ്യാപനം ഏറെക്കാലം പ്രശസ്തമാംവിധം നിർവ്വഹിച്ച സിസ്ററർ ക്ളാര S.I.C. യാണ് ആ സന്യാസിനി.

◆

www.malankaralibrary.com

# 10

# സരസകവിയുടെ പള്ളിപ്പാട്ട്



വിദ്വാൻ വി.ററി. ഐപ്പിൻെറ "പുനരൈക്യപ്രസ്ഥാന പുരോഗതി" എന്ന കവനകൃതി 1940-ൽ പുറത്തുവന്നു. കോട്ടയം സി.എം.എസ്. കോളജിലെ മലയാളം ലക്ചററായിരുന്ന ആ യുവകവി "നവീനകുഞ്ചൻ നമ്പ്യാർ" എന്ന ഖ്യാതി അതിനകം ആർജ്ജിച്ചിരുന്നു.

"ഭൂതലമതിലിബ്ബേതലപുരിയിൽ
ജാതൻനാസറദേശനിവാസി
കാൽവരിമലയിൽ ഗോൽഗോത്തായിൽ
ക്രൂശിതനീശ്വരനന്ദനനേശു
നരകുലദുരിതനിവാരണമാർഗ്ഗം
മരണാനന്തരമുത്ഥിതനായൊരു
കരുണാകര, തവചരണാംബുജമൊരു
ശരണമെനിക്കിക്കവിതചമപ്പാൻ" എന്നു തുടങ്ങുന്ന കവിതയുടെ രസനീയത ആരെയും ആകർഷിച്ചു. അന്നു കുട്ടികളായിരുന്ന ഇരുമേട ശ്രീ വി. ജോർജ്ജു

www.malankaralibrary.com


സാറും ഈ ലേഖകനും ആ ഈരടികൾ ഹൃദിസ്ഥമാക്കി പാടിനടന്നു. അന്നത്തെ മനഃപാഠമാണ് ഇന്നത്തെ ഈ ലേഖനത്തിനു നിദാനം.

മോൺ. തോമസ് വടശ്ശേരിയുടെ ആശയസ്വാധീനം, മലങ്കരയിലെ ഐക്യ പ്രസ്ഥാനത്തിൻെറ പിറവി, തിരുവല്ലാ രൂപതയുടെ ചരിത്രം, പാമ്പാടി പള്ളിയുടെ തുടക്കം എന്നിവ പ്രതിപാദ്യത്തിലുൾപ്പെടും. തന്മൂലം കവിതാ പ്രാധാന്യം മാത്രമല്ല ചരിത്രപ്രാധാന്യവും ഇതിനുണ്ട്.

## I മോൺ. വടശ്ശേരിയുടെ ആശയസ്വാധീനം

ബ. വടശ്ശേരിലച്ചൻെറ സുഹൃൽവലയത്തിൽപെട്ടവനായിരുന്നു കവി.ആ സഭാ ചിന്തകൻെറ ഗ്രന്ഥങ്ങളുടെയും ആശയങ്ങളുടെയും സ്വാധീനം കൃതിയിൽ ഉടനീളമുണ്ട്.

1. നമസ്ക്രിയയിൽ തന്നെ വ്യഞ്ജന

"പള്ളിയകത്തെഴുനെള്ളി ജനങ്ങടെ-
യുള്ളംപാവനമാക്കിയ നാഥാ,
പള്ളിയിലധികൃതനായിപ്പലരുടെ
ഭള്ളുകുറച്ചോടിച്ചൊരു ദേവാ,
പള്ളിപ്പാട്ടുചമയ്ക്കുന്നിവനുടെ-
യുള്ളംതന്നിലിരുന്നരുളണമേ"

എന്ന നമസ്ക്രിയയോടെയാണു തുടക്കം. "ഉള്ളംപാവനമാക്കുക", "ഭള്ളുകുറച്ചോടിക്കുക" എന്നീ രണ്ടു കൃത്യങ്ങൾ പള്ളിയിൽ നിർവ്വഹിച്ച യേശുവിനെയാണ് നമസ്കരിക്കുന്നത്. മാനസാന്തരം, അബദ്ധോപദേശഖണ്ഡനം എന്നീ രണ്ടു ഘടകങ്ങൾ വടശ്ശേരി സാഹിത്യത്തിലുണ്ടായിരുന്നു. രണ്ടാമത്തേതിൻെറ ആവശ്യകത ചോദ്യം ചെയ്തവരുണ്ട്. ദൈവാലയശുദ്ധീകരണാർത്ഥം ചാട്ടവാറെടുത്ത തമ്പുരാനെ പിഞ്ചെല്ലുന്നവർ അബദ്ധോപദേശം വിതയ്ക്കുന്ന വ്യാജ പ്രവാചകന്മാർക്കു മുമ്പിൽ കൈകെട്ടി നിൽക്കേണ്ടതില്ലെന്നു കവി അഭിവ്യഞ്ജിപ്പിക്കുന്നു.

## 2. സഭയുടെ അടിസ്ഥാനശില

"പത്രോസാകും പാറയിലല്ലൊ
ക്രൈസ്തവസഭയതു പണിതതു ക്രിസ്തു"

അടിസ്ഥാനത്തെക്കുറിച്ചുള്ള ചിന്ത സഭാശാസ്ത്രജ്ഞനു ഒഴിച്ചുകൂടാ. പത്രോസാകുന്ന പാറമേലാണ് സഭ പണിയപ്പെട്ടിരിക്കുന്നതെന്ന കാര്യത്തിൽ ഫാ. വടശ്ശേരിക്കു സംശയമില്ല. "എല്ലാ സഭകളും ശരിയോ?" എന്ന ഗ്രന്ഥത്തിൻെറ ഒന്നാം അദ്ധ്യായത്തിലും "മാർപ്പാപ്പായുടെ പരമാധികാരം ദൈവദത്തമോ മനുഷ്യദത്തമോ?" എന്ന ഗ്രന്ഥത്തിൻെറ രണ്ടാമദ്ധ്യായത്തിലും ഇക്കാര്യം സമർത്ഥിച്ചിട്ടുണ്ട്. ഗുരുവിൻെറ പല്ലവി ഏററുപാടുകയാണ് ഇവിടെ കവി.

## 3. വി. പത്രോസിൻെറ അഭംഗുര പിന്തുടർച്ച

"കത്തോലിക്കാസഭയിതിലഴകൊടു

 www.malankaralibrary.com 

പത്രോസിന്നധികാരത്തെപ്പരി-
ശുദ്ധതയേറിന മാർപ്പാപ്പാ തിരു-
സിദ്ധികളോടിഹറോമാപുരിയിൽ
വത്തിക്കാനിലെ ഭദ്രാസനമതിൽ
വർത്തിച്ചങ്ങു വസിച്ചരുളുന്നു"

ഈ ഒറ്റ പ്രശ്നത്തിൽ മാത്രം വേർപിരിയുന്ന ക്രിസ്തീയസഭകളുണ്ട്. "റോമാ സിംഹാസനത്തിൻെറ അമാനുഷസ്വരം" "മാർപ്പാപ്പായുടെ പരമാധികാരം ദൈവദത്തമോ മനുഷ്യദത്തമോ?" എന്നീ പുസ്തകങ്ങളിലൂടെയും "കത്തോലി ക്കാസഭയും യാക്കോബായ വാദങ്ങളും" എന്ന ഗ്രന്ഥത്തിൻെറ ആദ്യത്തെ അഞ്ചു അധ്യായങ്ങളിലൂടെയും വി. പത്രോസിൻെറ അഭംഗുര പിന്തുടർച്ച മാർപ്പാപ്പാമാരി ലാണെന്നു ഫാ. വടശ്ശേരി തെളിയിക്കുന്നു. ആ കുശാഗ്രബുദ്ധിയുടെ യുക്തിഭ ദ്രത ബോധ്യംവന്ന കവി ആ സത്യം ഏററുപാടുകയാണ്.

### 4. സഭയുടെ സാർവ്വലൗകികത

നിക്യാവിശ്വാസപ്രമാണത്തിൻെറ ചുവടുപിടിച്ചു കാതൊലികം, ശ്ലൈഹികം, ഏകത്വം, വിശുദ്ധി എന്നീ സഭാലക്ഷണങ്ങൾക്കു ഫാ. വടശ്ശേരി ഊന്നൽ നല്കു കയും സഭാസ്വാതന്ത്ര്യവാദം, സഹോദരീസഭാവാദം എന്നിവയെ ചെറുക്കുകയും ചെയ്യുന്നുണ്ട്. സഭയുടെ സാർവ്വലൗകികഭാവത്തിൽ ശ്രീ. ഐപ്പു അപഹൃതചി ത്തവൃത്തിയായി. ഏതാനും വരികൾ മാത്രം ഉദ്ധരിക്കുന്നു:

"കോടാകോടിജനങ്ങളിണങ്ങി-
ക്കൂടിനടക്കും സഭയിതിലേതൊരു
കോടുംകോണുംമാടും മലയും
മേടും പള്ളികൾകൊണ്ടുനിറഞ്ഞു
. . . . . . . . . . . . . . . . . . . . . . . . . . .
നാനാരാജ്യനിവാസികളനവധി
നാനാഭാഷയുരപ്പവരനവധി
നാനാവർണ്ണംവേഷവുമുള്ളവർ
മാനാതീതമതല്ലാതെങ്ങനെ"

### 5. കേരളസഭാചരിത്രം "ശ്ലോകത്തിൽ കഴിക്കൽ"

ആദിമകേരളസഭയുടെ ചരിത്രം തലനാരിഴവിടാതെ ചരിത്രപടുവായ വടശ്ശേരി യച്ചൻ വിശകലനം ചെയ്തിട്ടുണ്ട്. "കൂനൻകരിശുസത്യം" "കത്തോലിക്കാസഭയും യാക്കോബായവാദങ്ങളും" എന്ന ഗ്രന്ഥത്തിലെ പത്താമദ്ധ്യായം എന്നിവ ഉദാ ഹരണങ്ങളാണ്. കുഴഞ്ഞുമറിഞ്ഞ ചരിത്ര പ്രശ്നങ്ങൾ നമ്മുടെ കവി "ശ്ലോകത്തിൽ കഴിക്കു"ന്നതിൻെറ വശ്യത കാണുക:

"പണ്ടെന്തോചില ശണ്ഠകൾകൊണ്ടോ
കുണ്ഠിതമുണ്ടായ് കണ്ടതുകൊണ്ടോ
രണ്ടെന്നുള്ളൊരുഭാവംപൂണ്ടതി-

www.malankaralibrary.com


കുണ്ഠിതരായി വിയോജിതരായി-
ക്കൊണ്ടു വസിച്ചു സുറിയാനിക്കാ-
രിണ്ടലവർക്കതിലേറിക്കണ്ടു
ശണ്ഠതുടർന്നതുകൊണ്ടവർ കഷ്ടം!
തുണ്ടംതുണ്ടമതായി ഭവിച്ചു.
പണ്ടിത്തിരുസഭ തന്നെ വെടിഞ്ഞതു
മണ്ടത്തരമെന്നുള്ളൊരുബോധം
ശുണ്ഠിത്തരമിതുകൂടുംതോറും
മണ്ടയിൽ വകതിരിവുള്ളവർകണ്ടു"

## II മലങ്കരയിലെ ഐക്യപ്രസ്ഥാനത്തിൻെറ പിറവി

1. ശണ്ഠകളോടുവിരക്തി

സഭാകലഹംകൊണ്ടു വിഷമിച്ചവരും വീർപ്പുമുട്ടിയവരും മലങ്കരയിലുണ്ടായി. ലത്തീൻ, കൽദായ ഇത്യാദി റീത്തുകളിലേക്കു ചേരാൻ അവർ സന്നദ്ധതകാട്ടി. മലങ്കരറീത്തു ത്വരിതപ്പെടുത്താൻ ഇതു സാഹചര്യം തെളിച്ചു. ഈ സ്ഥിതിവിശേഷം കവി നിരീക്ഷിക്കുന്നു.

"വിശ്വാസികളാമാടുകളെല്ലാ-
മാശ്വാസത്തിനു മാർഗ്ഗം തേടി
മുക്തിമുടക്കും ശണ്ഠകളോടുവി-
രക്തിഭവിച്ചു വെറുത്തുവസിച്ചു"

2. മാർ ഈവാനിയോസിൻെറ വിജയം

ഐക്യപരിശ്രമം കേരളസഭയിൽ പലതുണ്ടായിട്ടുണ്ട്. വിജയംകൊണ്ടു ദൈവം അനുഗ്രഹിച്ചതു മാർ ഈവാനിയോസിനെയത്രേ.

"ഭക്തിയുറച്ചജനാവലിചിത്തേ
സക്തിയുറച്ചുസനാതനസഭയിൽ
പുനരൈക്യത്തിനു മാർപ്പാപ്പായുടെ-
യനുമതിയാരാഞ്ഞനവധികായിത-
മീവനിയോസ് തിരുമേനിയയച്ചവ
ഭാവുകവിജയവിശോഭിതമായി
. . . . . . . . . . . . . . . . . . . . . . . .
പീയുസേകാദശനഭിവന്ദ്യൻ
മായമെഴാതെവിശുദ്ധൻയാക്കോ-
ബായസഭയ്ക്കുള്ളാചാരങ്ങളെ-
യായതുപോലെ പകർത്താൻ തിരുമന-
സ്സായിതു സദയം കായിതമൊന്നിൽ"

3. അവിസ്മരണീയദിനം

കവിയുടെ ചരിത്രസംവേദനം തലയുർത്തുന്നു. ആണ്ടും മാസവും തീയതിയും ചൂണ്ടിക്കാട്ടിക്കൊണ്ടു പുനരൈക്യസംഭവത്തിൻെറ ചരിത്രപ്രാധാന്യം വ്യക്തമാക്കുകയാണ്.

www.malankaralibrary.com


"ആയിരമൊമ്പതു നൂറുകൾമുപ്പതു-
മായിക്കലെർന്നുലസിക്കുന്ന കൊല്ലത്തിൽ
സെപ്റ്റംബർ മാസമിരുപതാം തീയതി
ശുദ്ധിയും ഖ്യാതിയുമേറും ദിനംതന്നെ
സ്യാനന്ദൂരപുരിമെത്രാപ്പോലീത്താമാ-
റീവാനിയോസ് തിരുമേനിസുപുജ്യനും
ചൊല്ലെഴും നല്ലതിരുവല്ലാ മെത്രാനാം
നല്ലതിരുമേനി തേയോഫിലോസുമി-
ക്കത്തോലിക്കാസഭതന്നൊടൈക്യപ്പെട്ടൊ-
രുത്തമസൽദിനമിദ്ദിനംതാനല്ലോ"

4. മലങ്കരയുടെ ആഹ്ലാദം

1930 സെപ്തംബർ 20-ാം തീയതിയുടെ ചരിത്രപ്രാധാന്യം മലങ്കരയെ ആഹ്ലാദത്തിമിർപ്പിലാഴ്ത്തി.

"അന്നു" പുനരൈക്യപ്രസ്ഥാന"മുണ്ടായി
അന്നിസ്സുറിയാനിറീത്തും ജനിച്ചല്ലൊ
അന്നു മലങ്കരയൊന്നുമറിഞ്ഞുപോ-
ലന്നലയാഴികളാകെയിളകിപോൽ
കേരളദേശനിവാസികളാകവേ
പാരാതെസന്തോഷസാഗരമഗ്നരായ്
വൃക്ഷങ്ങളൊക്കെപ്പൊഴിച്ചിതു പുഷ്പങ്ങൾ
പക്ഷികൾ പാടിത്തകർത്തു തുടങ്ങീതേ
ശീതളമാമിളങ്കാററൂതിമെല്ലവേ
ശീതമായേററവും തപ്തർതൻ മാനസം
അങ്ങുമിങ്ങും ചിലയോളികളുണ്ടായ-
തെങ്ങുംഫലിച്ചില്ലതാരുമേകേട്ടില്ല"

5. നീണ്ട പ്രവാഹം

പുനരൈക്യത്തിനു മുന്നിട്ടിറങ്ങിയത് ഒന്നോരണ്ടോ പേരായിരുന്നില്ല, ഒന്നോരണ്ടോ തരക്കാരായിരുന്നില്ല, പലപല നിലകളിലുള്ളവരായിരുന്നു.

"ബാലന്മാരും ബാലികമാരും
യൗവനമുള്ളൊരു ഭവ്യന്മാരും
കളമൊഴിമാരും കന്യകമാരും
കളരികൾകൊണ്ടുകഴിക്കുന്നവരും
വളയുംമാലയുമുള്ളവരബലകൾ
വിളഭൂമികളിൽ പണിയുന്നവരും
മഴയും കാററുമതേററുകഴിക്കും
തൊഴിലാളികളും മുതലാളികളും
തൊഴിലില്ലാത്തവരുദ്യോഗസ്ഥർ
കഴിവുകളുള്ളവരില്ലാത്തവരും

www.malankaralibrary.com

കിഴവന്മാരും കിഴവികളും ചില-
കുഴിമടിയന്മാരുഴലുന്നവരും
പണമുള്ളവരുമിരപ്പാളികളും
പണ്ഡിതവരരും പാമരനരരും
പലപലനിലയിലിരിക്കുന്നവരും
കലഹംകൊണ്ടിഹവിഷമിച്ചവരും
സുറിയാനിക്കാരൊട്ടല്ലനവധി
പുനരൈക്യത്തിനൊരുങ്ങിയിറങ്ങി"

6. മാർ സേവേറിയോസിൻെറ ആഗമനം

പുനരൈക്യവീഥിക്കു കൊഴുപ്പുകൂട്ടിയ ഒന്നാണ് മർ സേവേറിയോസിൻെറ വരവ്.

"പരിപാവനമാം ശീലംകൊണ്ടി-
പ്പാരിടമഖിലം പേരുപരത്തിയ
പരതിരുചരണസരോരുഹഭൃംഗം
നിരണംതന്നുടെയിടവകമെത്രാൻ
കരുണാവാരിധി സേവറിയോസി-
ത്തിരുസഭതന്നൊടു പുനരൈക്യത്തിനു
തിരുമനസ്സായിച്ചേർന്നുകഴിഞ്ഞു."

7. എതിരുകളുടെ തകർച്ച

"മഞ്ഞുരുകും പോലെതിരുകളഖിലം
മാഞ്ഞുമറഞ്ഞുകുറഞ്ഞുകഴിഞ്ഞു"

8. മാർ ദീയസ്കോറോസ് പുനരൈക്യപാതയിൽ

"യാക്കോബായ ക്നാനായക്കാ-
രൊക്കെയെഴുന്നൊരു പൂർവികസഭയുടെ
മെത്രാനായി ഭരിച്ചരുളും മാർ-
ദീയസ്കോറോസ് തിരുമേനിയുമി-
ക്കത്തോലിക്കാസഭയൊടിണങ്ങി-
പ്പുനരൈക്യത്തിനു മാററുവരുത്തി"

## III അന്നത്തെ തിരുവല്ലാ രൂപതയുടെ യഥാതഥചിത്രം

1. മാർ സേവേറിയോസിൻെറ നേതൃത്വം

54 കൊല്ലംമുമ്പുള്ള രൂപതയുടെ ചരിത്രമാണ് കവി വരച്ചുകാട്ടുന്നത്. മാർ സേവേറിയോസ് സാരഥ്യമേറെറടുത്തിട്ട് രണ്ടു കൊല്ലമേ ആയിട്ടുള്ളു. ബാല്യാരിഷ്ടതകൾ വിട്ടു രൂപത കുതിച്ചുതുടങ്ങി.

"തിരുവല്ലായാം രൂപതതന്നുടെ
ഭരണം നമ്മുടെ സേവറിയോസാം
തിരുമനസ്സേററിട്ടിരുവർഷം കൊ-
ണ്ടിരുപതുവർഷപ്പൊലിമകലർത്തി-
പ്പെരിയപരിഷ്കൃതി പലതുവരുത്തി-

 www.malankaralibrary.com 

ത്തിരുസ്സഭമഹിമവളർത്തീടുന്നു"

2. നാൽപത്തിയഞ്ചു പട്ടക്കാർ

ശൂന്യാവസ്ഥയിൽനിന്നു രൂപതയെ പടുത്തുയർത്താൻ 45 വൈദികരാണ് അന്നുണ്ടായിരുന്നത്. ആ ത്യാഗധീരന്മാരുടെ നാമധേയം കവിതയിലൂടെ ശാശ്വതമാക്കണമെന്നത്രേ കവിയുടെ തീരുമാനം.

"...............................

പെരിയ പുലിക്കോട്ടായതിൽ റമ്പാൻ,
മാക്കീലച്ചൻ, മാരേട്ടച്ചൻ,
തൈക്കാട്ടച്ചൻ, തൈക്കടവച്ചൻ,
ചെറിയമഠത്തിലെ രണ്ടച്ചന്മാർ,
തറയപ്പട്ടയിലച്ചൻ വേറേ,
ചിറ്റക്കാട്ടിലെ ബലവാനച്ചൻ,
കച്ചിറമറ്റത്തച്ചൻ, പിന്നെ
കുന്നങ്കേരിക്കളമതിലച്ചൻ,
പിന്നെപ്പൗവതികുന്നേലച്ചൻ,
കുന്നത്തച്ചൻ, കുമ്പളമാകും
കുന്നിലെയച്ചൻ തോമ്പറയച്ചൻ,
വഴുതലവനമതിലച്ചൻ, നല്ലൊരു
കഴിവുകളുള്ളകലേക്കാട്ടച്ചൻ,
തേവർവേലിലലക്സ്യോസച്ചൻ,
ഗീവർഗീസാമച്ചൻ ശ്രേഷ്ഠൻ,
ഫാദർ ജോൺ ബി.ഐസി. നമ്മുടെ
ഫിദലിസ് സി.ഡി.യച്ചൻ വന്ദ്യൻ
ഫാദർ ലീനോസ് സി.ഡി. കഴിഞ്ഞി-
ട്ടേ ബ്രഹമച്ചൻ ബി.ഐ.സിയും
നല്ലവടക്കേത്തലമതിലച്ചൻ
നടുവിലെയിടമതിലച്ചൻ, വന്ദ്യൻ
തെക്കേക്കരയിലെയച്ചൻ, താഴ-
ത്തച്ചൻ, വാഴപ്പള്ളിയിലച്ചൻ
പാട്ടശ്ശേരിലെയച്ചൻ, മണ്ണൻ-
തോട്ടുവഴിക്കപുരയ്ക്കലെയച്ചൻ,
പടിയും ഞായർ കരയിലെയച്ചൻ,
പാടവമേറിന ബിഡിയച്ചനു-
മിളവട്ടത്തിലെയച്ചൻ, പിന്നെ
നിലപ്പനയച്ചൻ, ദാനിയേലച്ചൻ,
മൈക്കേളച്ചൻ, റപ്പേലച്ചൻ,
പക്കോവ്യസ് ബി.എ.സിയച്ചൻ
വാക്കനപാടത്തച്ചൻ, നമ്മുടെ

www.malankaralibrary.com


യക്കെരയുള്ളകളത്തിലെയച്ചൻ
ഐരാററിപ്പടവച്ചൻ, മാക്കിലി-
രട്ടയിലച്ചൻ, റോമിൽ വസിക്കും
ജോസപ്പച്ചൻ, നല്ലോരച്ചൻ പാലയ്ക്കലെയും
മൂലയിൽ മണ്ണിലെയച്ചൻ മാന്യൻ,
പ്രൗഢൻ രാമൻ നാട്ടിലെയച്ചൻ,
വടശേരിയിലെഴുമച്ചനുമിങ്ങനെ...."

3. പള്ളികളും കപ്പേളകളും

രൂപതയുടെ തുടക്കത്തിൽ തന്നെ വിളക്കുകൊളുത്തിയ ആരാധനാകേന്ദ്രങ്ങളുടെ പേരു വിസ്മരിക്കാവതല്ലത്രേ.

കവിയൂ, രയിരൂർ, മൂക്കൂർ, റാന്നി,
കല്ലിശ്ശേരി, കളംപാലയിലും
മല്ലപ്പള്ളി, യിലെരുമേലി,യിലും
കല്ലൂപ്പാറ, പുളിക്കീഴതിലും,
കുറിയന്നൂ,രഥകോട്ടൂർ, പിറവം,
തിരുമൂലയിലും തിരുവല്ല,യിലും
വെണ്ണിക്കുള, മതിലിരവിപുരത്തും
പിന്നെക്കടമാൻകുളമതിലങ്ങനെ
കുന്നംകുള, മഥകുന്നക്കുരുടി,
മാന്നാർ, നിരണം, തച്ചമ, മോതറ,
നല്ലനെടുമ്പ്ര, ക്രാരേലിയിലും
പുല്ലാ, ടാർത്താററാലപ്പുഴയും
പുത്തൻകുരിശ,ഥ കൂത്താട്ടുകുളം,
പുന്നയൊടൊത്തൊരുവേലി,യിലങ്ങനെ
കവളങ്ങാട്ടു, മുടുമ്പന്നൂരും,
കോതകലർന്നൊരു മംഗലമതിലും
പൂത്തൃക്ക,യിലും പാണ്ടവനാട്ടും,
ചുങ്കപ്പാറയിൽ കാരയ്ക്കൽ,പ്പി-
ന്നഞ്ചൽപെട്ടിയതെന്നസ്ഥലത്തും
വെട്ടികുളത്തും ചെങ്ങരമൂരും,
പുഷ്ടിപെരുത്തൊരുപാമ്പാടിയിലും"

4. ഹൈസ്കൂൾ സ്ഥാപനം

ഹൈസ്കൂൾ നടത്തിപ്പിലേക്ക് അന്നു രൂപതകാലുകുത്തിത്തുടങ്ങിയതേയുള്ളു. പിറവത്താണു ആദ്യസംരംഭം.

"പിറവത്താംഗലവിദ്യപഠിപ്പി-
ച്ചറിവുവരുത്തിക്കുറവുനികത്താൻ
പെരിയൊരുകളരിചമപ്പതിനുള്ളൊരു
പണിയുടെ ബഹളംകൊണ്ടു പിടിപ്പൂ"

www.malankaralibrary.com


5. സാമൂഹ്യസേവനം

ഇന്നത്തേതുപോലെ സാമൂഹ്യസേവനം വികസിച്ചിരുന്നില്ല. ഏതാനും നെയ്ത്തുശാല മാത്രമാണുണ്ടായിരുന്നത്.

"കുറിയതുമുണ്ടുകൾനെയ്വതിനായി-
ട്ടോതറ, മാന്നാർ, പാമ്പാടിയിലും
ശാലകളുണ്ടതിൽ ബാലകർ പലരും
ജോലികൾ ചെയ്തു കഴിക്കുന്നുണ്ട്."

6. കത്തോലിക്കാസാക്ഷ്യസംഘം

റിട്ട. ജഡ്ജി മാരേട്ടു ശ്രീ. എ. പിലിപ്പോശിന്റെ നേതൃത്വത്തിൽ രൂപംപുണ്ട കത്തോലിക്കാസാക്ഷ്യസംഘം (Catholic Evidence Guild) പ്രശംസാർഹമായ സേവനം നിർവ്വഹിച്ചു. പ്രസംഗം, ലഘുലേഖ, ഗ്രന്ഥങ്ങൾ എന്നിവയിലൂടെ സംഘം കത്തോലിക്കാ വിശ്വാസദീപ്തി പരത്തി. അതിനോടു കിടപിടിക്കുന്ന മറെറാന്നില്ലാത്തതാണ് ഐക്യപ്രവർത്തനത്തിനു പിന്നീടുണ്ടായ അപചയത്തിനുഹേതു.

"തിരുസഭതന്നുടെയുപദേശാവലി
പൊതുയോഗങ്ങളിലുപദേശിപ്പാൻ
പരിശീലിതമായൊരു ചെറുസ്ഥലം
പരിമിതമായിഹവളരുന്നുണ്ട്
വരഗുണമിയലിനപീലിപ്പോച്ചൻ
നരയും ജരയും കരുതാതങ്ങനെ-
യിരവും പകലുംമൊരിളവെന്യേയി-
ച്ചെറുസംഘത്തിൻ നേതാവായി-
പ്പേരും പെരുമയുമിയലുംമട്ടിൽ
പെരിയൊരുസേവനവൃത്തിവഹിപ്പു
മാർപ്പാപ്പായൊരുബഹുമതിമുദ്രയു-
മിദ്ദേഹത്തിനുസമ്മാനിച്ചു."

"പ്രോ എക്ളേസിയാ എത്തു പൊന്തിഫിച്ചേ" (Pro Eclesia Et Pontifice) എന്ന പേപ്പൽ ബഹുമതി ശ്രീ പീലിപ്പോസ് ജഡ്ജിക്കു ലഭിച്ചതിനെയാണ് ഇവിടെ പരാമർശിക്കുന്നത്. അടുത്തകാലത്തു തിരുവല്ലാ രൂപതയിൽ പേപ്പൽ ബഹുമതി ലഭിച്ച മൂന്നുപേരെ അനുസ്മരിച്ചെഴുതിയ ഒരു ഔദ്യോഗിക ലേഖനത്തിൽ ഈ രൂപതയിലെ അല്മായർക്കു പേപ്പൽ ബഹുമതി ഇദംപ്രഥമമായിട്ടാണ് എന്നു ചേർത്തിരുന്നു. ശ്രീ വി.ററി. ഐപ്പിന്റെ കൃതിയെങ്കിലും പരിചയപ്പെട്ടിരുന്നെങ്കിൽ സത്യവൈരുദ്ധ്യത്തിന്റെ ദയനീയതയിലേക്കും പീലിപ്പോസ് ജഡ്ജിയെ വിസ്മരിക്കുക എന്ന നന്ദികേടിലേക്കും ഉള്ള വീഴ്ച ഒഴിവാക്കാമായിരുന്നു.

7. മദർ ഹുബയും അഞ്ചു സഹോദരിമാരും

തിരുമുലപുരം ബഥനി മഠത്തിൽ മദർ ഹൂബായുടെ നേതൃത്വത്തിൽ അഞ്ചുസഹോദരിമാരാണ് അന്നുണ്ടായിരുന്നത്.

"ഭൗമികചിന്ത വെടിഞ്ഞവരാമൊരു
സന്യാസിനികടെ മഠമിവിടുണ്ട്

 www.malankaralibrary.com 

മതിയതിലതിപരിപാവനഭക്ത
മദർഹൂബാതാനിതിനെ നയിപ്പൂ
അഞ്ചിതപൂജിതകാന്തികലർന്നവ-
രഞ്ചുസഹോദരിമാരവർ നാമം
ത്രീസൂസ്സോദരി തൈബൂസ്സോദരി,
ത്രിസ്താസോദരി, മക്രീനയുമഥ
സോദരി ആഗ്നീസിങ്ങനെപിന്നി-
ട്ടർത്ഥിനിമാരവിടനവധിവേറെ
സ്വാർത്ഥതയുള്ളിലശേഷമെഴാതെപ-
രാർത്ഥപരായണരായിവസിപ്പോ-
ർത്ഥിനിമാരുടെ സേവനവൃത്തിപു-
കഴ്ത്താതുള്ളവരല്ലിഹലോകേ"

8. തോലശ്ശേരിബഥന്യാശ്രമം

തുകലശ്ശേരി ദീവ്യരക്ഷകാശ്രമത്തിൽ ഒൻപതു വൈദികരാണ് തപസ്സനുഷ്ഠിച്ചിരുന്നത്. അച്ചന്മാരുടെ ലിസ്ററിൽ ആ പേരുകളുണ്ടായിരുന്നതുകൊണ്ടു ഇവിടെ എടുത്തുപറയുന്നില്ല.

"ആശ്രയമുള്ളവയൊക്കെ വെടിഞ്ഞി-
ട്ടാശ്രമവാസം പൂണ്ടവർ വൈദികർ
ഈശ്വരചിന്തയിലുററുവസിപ്പോ-
രാശ്രമമുണ്ടിഹവേറെ പിന്നെ
സ്വഛതമെച്ചമെഴുന്നൊരുത്യാഗിക-
ളച്ചന്മാരിവിടൊൻപതുപേരു-
ണ്ടിച്ഛരവെടിഞ്ഞവർ കൂടെ വസിപ്പതി-
ലിച്ഛയെഴുന്നവർ വേറെയുമുണ്ട്."

## IV പാമ്പാടിപ്പള്ളിയുടെ തുടക്കം

പാമ്പാടിപ്പള്ളിയാണ് ഈ കവിതാ രചനയ്ക്കു പ്രേരകം. "പാമ്പാടിപ്പള്ളി അഥവാ പുനരൈക്യ പ്രസ്ഥാനപുരോഗതി" എന്നാണ് കൃതിയുടെ പൂർണ്ണമായ പേര്. പള്ളി സ്ഥാപകൻ ഫാ. വടശ്ശേരിതന്നെ. അച്ചനും കവിയുമായി സൗഹൃദത്തിലായത് അക്കാലത്തായിരിക്കണം. പള്ളിയെക്കുറിച്ചു കവിക്കു അഭിമാനമുണ്ട്.

1. നിരീശ്വരശാലയ്ക്കു രൂപാന്തരം

നാസ്തികസമ്മേളനസ്ഥാനം കത്തോലിക്കാപ്പള്ളിയാവുക - ഇതാണു പാമ്പാടിപ്പള്ളിയുടെ അസാധാരണത്വം.

"ആസ്തികരോടിഹപോരുനടത്തും
നാസ്തികർചിലരിഗ്ഗിരിയുടെ മുകളിൽ
ഈശ്വരനില്ലെന്നുൽഘോഷിപ്പാ-
നാശുചമച്ചവിശാലംഷെഡ്ഡിതു
വിശ്വാസത്തിൽ മഹിമപുലർത്താ-
നിശ്വരനിന്നിഹവിനിയോഗിച്ചു."

www.malankaralibrary.com


2. ദൈവാലയത്തിൻെറ ചേതോഹരിത

മാർ സേവേറിയോസ് തിരുമേനിയുടെ നേതൃത്വപാടവം പാമ്പാടിപള്ളി പണിയിൽ പ്രകടമായി. കണ്ടവരെല്ലാം അതിൻെറ രൂപഭദ്രതയിൽ സംതൃപ്തിപൂണ്ടു.

"പലരും കാണാനോടിയണഞ്ഞിഹ
ചിലരിപ്പള്ളിവലിപ്പം പാർത്തു;
ചിലരോശില്പവിധാനം പാർത്തു;
ചിലരീമലയും പള്ളിക്കുളെളാരു
നിലയും ഭംഗിയുമൊക്കെപ്പാർത്തു;
ചിലരിതുത്വരിതം തീർന്നതിലത്ഭുത-
നിലപൂണ്ടൊട്ടുമലച്ചോരുമട്ടായ്"

3. നെററിത്തടവും തൊടുകുറിയും

പശ്ചാത്തലത്തിനോ ശില്പത്തിനോ ഏറെ ചാരുത എന്നു തർക്കമുണ്ടാകാം. പാമ്പാടിപ്പള്ളികൊണ്ടു പരിസരവും പരിസരത്തിൻെറ പകിട്ടുകൊണ്ടു പാമ്പാടി പ്പള്ളിയും ധന്യതയാളുന്നു എന്നു പറയുന്നതാണു ശരി. ആരെയും ആകർഷിക്കുന്നതാണാദൃശ്യം.

"താബോർ മലയെത്തലപൊക്കിക്കൊ-
ണ്ടിമ്മല നോക്കിരസിപ്പതുകാണാം;
വലിയൊരുദൈവാലയമതു കാണാം
വയലുകൾ തോടുകൾ പലതുംകാണാം
കായലു കാണാം കടലും കാണാം
ഞായറുദിക്കും ഗിരിയും കാണാം"

4. പള്ളികൂദാശ

1940 സെപ്തംബർ 7,8 തീയതികളിൽ പ്രസ്തുത ദൈവാലയത്തിൻെറ ശുദ്ധീകരണം നടന്നു. മാർ സേവേറിയോസ്, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ എന്നീ തിരുമേനിമാരാണ് കർമ്മം നിർവ്വഹിച്ചത്. ആദ്ധ്യാത്മികങ്ങളും ആർഭാടപൂർവ്വങ്ങളുമായ ചടങ്ങുകൾകൊണ്ടു രണ്ടു ദിവസം ഘോഷമായി, ബഹുതോഷമായി. കരിമരുന്നു പ്രയോഗം തിമിർക്കുന്നതിനിടയിൽ

"എലിവാണങ്ങളടുത്തിഹ ചിലരുടെ
തലയും രോമവുമൊക്കെക്കത്തി"എന്ന വരികൾ വായിക്കുമ്പോൾ കുഞ്ചൻ നമ്പ്യാരുടെ

"ചേമ്പുകിളച്ചുനടക്കും നമ്മുടെ
കേളച്ചാരുടെ തൂമ്പാപോയി"

എന്ന ബഹളവർണ്ണനയിലെ വരികൾ ഓർത്തുപോകും.

5. സമാപന പ്രാർത്ഥന


ക്രൈസ്തവൈക്യത്തിനു ഈ ദൈവാലയം പ്രേരകമായും കാരണമായും തീരട്ടെന്നാണ് പള്ളിപ്പാട്ടുകാരൻെറ ആശംസ. അതിനുവേണ്ടി പ്രാർത്ഥിക്കുന്നു:

"ക്രൂശിതരൂപം തന്നെശരണം
ക്രൂശിതനീശൻ മാതാ ശരണം"

www.malankaralibrary.com

# 11

# പുലിക്കോട്ടിലച്ചൻ കുടിയേറ്റക്കാരുടെ വഴികാട്ടി



ത്യാഗനിർഭരമായ സേവനം മറക്കാനൊക്കുമോ? ഫാ. മാത്യൂസ് പുലിക്കോട്ടിലിനെ കുന്നംകുളം മേഖലയിലുള്ളവർ എന്നും ഓർമ്മിക്കും. ലാളിത്യവും ത്യാഗവും ജീവിത സന്ദേശമാക്കിയ മഹാനുഭാവൻ എന്നാണ് അവർ ആ മിഷനറിയെ വിശേഷിപ്പിക്കുന്നത്. 1988 ഫെബ്രുവരി 28-ാം തീയതി കട്ടിളപ്പൂവം ഇടവകയിൽ ഒരു സിമ്പോസിയം നടന്നു, എം. സി. വൈ. എം. ൻെറ ആഭിമുഖ്യത്തിൽ. പുലിക്കോട്ടിലച്ചൻെറ ഒന്നാംചരമവാർഷികമായിരുന്നു അന്ന്. ആ ധീരവൈദികൻെറ അപദാനങ്ങളത്രേ അന്നത്തെ പ്രബന്ധങ്ങൾ വിഷയമാക്കിയത്.

## അല്പം ചരിത്രം

സ്മര്യപുരുഷൻെറ സംക്ഷിപ്തചരിത്രം ഉൾക്കൊള്ളുന്ന പേപ്പറാണ് ഷെൽബി കെ. എ. വായിച്ചത്. ക്രൈസ്തവകേന്ദ്രമാണ് പഴഞ്ഞി. പുലിക്കോട്ടിൽകുടുംബം അവിടെ പ്രസിദ്ധമത്രേ. പുലിക്കോട്ടിൽ യാക്കോബുകശ്ശീശ്ശായുടെ പുത്രനാണു കഥാപുരുഷൻ - 1916 ജൂലൈ 15-ാം തീയതി ജനിച്ചു; സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 16-ാം വയസ്സിൽ കോട്ടയം പഴയസെമിനാരിയിൽ

www.malankaralibrary.com



ചേർന്നു. 1932-ലാണ് സെമിനാരി പ്രവേശം. 6 വർഷത്തെ പഠനത്തിനുശേഷം 1938-ൽ ശെമ്മാശ്ശനായി. അന്നത്തെ കാതോലിക്കാ ഗീവറുഗീസ് മാർ ബസേലിയോസ് ത്രിതീയനിൽ നിന്നു കശ്ശീശ്ശാപട്ടം സ്വീകരിച്ചു. വൈദികജീവിതത്തിൻെറ ആദ്യഘട്ടം പുത്തൻകാവു മാർ പീലക്സിനോസു തിരുമേനിയുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. മലങ്കരസഭൈക്യപ്രസ്ഥാനത്തിൻെറ പ്രണേതാവായ മാർ ഈവാനിയോസിൻെറ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കാ സഭാംഗമായി.

## പതിനൊന്നുപള്ളികൾ

പതിനൊന്നുമിഷൻ കേന്ദ്രങ്ങളുടെയോ പള്ളികളുടെയോ സ്ഥാപനക്കാര്യം "മിഷനറിയായ ഫാ. പുലിക്കോട്ടിൽ" എന്ന ലേഖനത്തിലൂടെ ശ്രീ. സി. സി. വിത്സൻ പറയുന്നുണ്ട്:

1945 മുതൽ 56 വരെ തിരുവനന്തപുരം അതിരുപതയിൽ പ്രവർത്തിച്ചു. ആ പതിനൊന്നു വർഷങ്ങൾക്കിടയിൽ അഞ്ചു മിഷൻ കേന്ദ്രങ്ങൾക്കു ജന്മം നല്കിയതായി കരുതപ്പെടുന്നു. ഇതു ആ മിഷനറിജീവിതത്തിലെ ഒന്നാം ഘട്ടമാണ്.

1956-ലാണ് അച്ചൻ തിരുവല്ലാരൂപതയിൽ പ്രവർത്തനം തുടങ്ങുന്നത്. കുന്നംകുളം, ചേലക്കര, പീച്ചി എന്നീ മിഷനുകളുടെ വളർച്ചയ്ക്കു മുൻ കൈയെടുത്തിട്ടുണ്ട്. 1958-ൽ തിരുവല്ലായുടെ പ്രേഷിതപ്രവർത്തനം മലബാറിലേക്കു വ്യാപിപ്പിച്ചപ്പോൾ നിലമ്പൂർ, കരുവാരക്കുണ്ട്, കോഴിക്കോടു ഭാഗങ്ങളിൽ ക്ലേശകരമായ യാത്ര ചെയ്തു മിഷൻ ജോലിയിൽ ഏർപ്പെട്ടു. കുണ്ടുകാടുമിഷൻെറ ആരംഭം 1960-ലാണ്. 62 മുതൽ 78 വരെ കാലങ്ങളിൽ പാർളിക്കാടു, വാഴാനി, മാന്ദമംഗലം, കൊമ്പഴ, കരിമ്പ എന്നീ സ്ഥലങ്ങളിൽ മാറിമാറി സേവനം അനുഷ്ഠിച്ചു. ആ മിഷനറി ജീവിതത്തിലെ രണ്ടാം ഘട്ടമായി ഇതു ഗണിക്കുന്നു.

1978-ലാണ് കട്ടിളപ്പൂവം മിഷൻെറ ആരംഭം. തൻെറ ജാമാതാവായ കൊമ്പഴ വടക്കേക്കര ഏബ്രഹാംതോമസിൽ നിന്നാണ് ആ സ്ഥലത്തേക്കുറിച്ചുള്ള അറിവു ലഭിച്ചത്. വെട്ടായി മിഷൻ തുടങ്ങുന്നതിനുള്ള ഏർപ്പാടുതുടർന്നും ചെയ്തു. ഈ ജില്ലയ്ക്കപ്പുറം കടന്നു പാലക്കാട്ടു ജില്ലയുടെ അതിർത്തിയിലുള്ള അടിപ്പരണ്ടയിലും പോത്തുണ്ടിയിലും പുനരൈക്യപ്രസ്ഥാനം എത്തിക്കാൻ അച്ചൻ യത്നിച്ചു. നെന്മാറയ്ക്കപ്പുറമുള്ള പോത്തുണ്ടിയിൽ സ്ഥലം വാങ്ങിയെങ്കിലും മിഷൻ ആരംഭിക്കുവാൻ ഇടയായില്ല. പുലിക്കോട്ടിലച്ചൻെറ പ്രേഷിത നീക്കങ്ങളുടെ മൂന്നാം ഘട്ടമായി ഇതു പരിഗണിക്കാം.

ആരോഗ്യപരവും മാനസികവുമായ കാരണങ്ങളാൽ മുന്നണിയിൽ നിന്നു അച്ചൻ അല്പം പിന്നണിയിലേക്കു മാറി. എന്നിട്ടും ആ എഴുപതുകാരൻെറ തീക്ഷ്ണത മങ്ങിയിരുന്നില്ല. കച്ചിത്തോട് മിഷൻ ആ മിഷനറിയുടെ അന്ത്യകാലപ്രവർത്തനങ്ങളിലൊന്നാണ്. 1985-ൽ മാരായ്ക്കൽ ഒരു മിഷൻ സ്ഥാപിക്കു

www.malankaralibrary.com


വാൻ രണ്ടു പ്രാവശ്യം സ്ഥലം സന്ദർശിച്ചിട്ടുണ്ട്. 1986-ൽ അച്ചനു സ്ഥലംമാറ്റം കിട്ടിയതു വീട്ടിൽ നിന്നു 60 കിലോമീറ്റർ അകലെയുള്ള കല്ലേപ്പാടം പള്ളിയിലേക്കാണ്. അതിനടുത്തുള്ള സ്ഥലങ്ങളിലും ചാപ്പലുകൾ സ്ഥാപിക്കാൻ ആ വയോവൃദ്ധൻ തത്രപ്പെട്ടിരുന്നു.

## ലളിത ജീവിതം, ത്യാഗനിഷ്ഠമായ പ്രവർത്തനം

"ലാളിത്യവും ത്യാഗവും ജീവിത സന്ദേശമാക്കിയ മഹാനുഭാവൻ" എന്ന ശ്രീ. കെ. ഡി. അപ്പച്ചൻെറ പ്രബന്ധം അച്ചൻെറ ജീവിതശൈലി വരച്ചുകാട്ടുന്നുണ്ട്.

1. കശ്ശീശ്ശാപ്പട്ടം കിട്ടിയശേഷം തൻെറ പുനരൈക്യത്തെക്കുറിച്ചു അച്ചൻ കാതോലിക്കാ ബാവായെ അറിയിച്ചിരുന്നു. വഴക്കുകൾ ഒഴിവാക്കുവാനും സഭയുടെ പൂർണ്ണതയിൽ എത്തുവാനും അതാണു കരണീയം എന്നാണു അച്ചൻ സമർത്ഥിച്ചത്. 'നിൻെറ മാർഗ്ഗം ശരിയാണെന്നും അതിനു താൻ തടസ്സം നിൽക്കയില്ലെന്നും തദവസരത്തിൽ ബാവാകല്പിച്ചു. ഇക്കാര്യം അച്ചൻ പലപ്പോഴും സംഭാഷണ വേളയിൽ പറഞ്ഞിട്ടുണ്ട്.

2. ജരാനരകൾ ബാധിച്ചു വയോധികനായ പുലിക്കോട്ടിലച്ചനെയാണ് പലരും കണ്ടിട്ടുള്ളത്. എന്നാൽ, ഇരുപത്തഞ്ചുകാരൻെറ ചുറുചുറുക്കാണ് അച്ചൻ പ്രദർശിപ്പിച്ചത്.

3. തികച്ചും സാധാരണക്കാരനായത്രേ അച്ചൻെറ പെരുമാറ്റം. ആരോടും ഇടപഴകാനും പരിചയപ്പെടാനും അസാമാന്യ പാടവം. സ്പെഷൽ കാജാബീഡി സദാകരുതിയിരുന്നു. പുകവലി ശീലക്കാർക്ക് ബീഡി സമ്മാനിക്കയും ചെയ്യും. ലാളിത്യപൂർണ്ണമായ ഇടപെടലുകൾ ജാതിമതഭേദമെന്യേ ഏവരുടെയും ബഹുമാനത്തിനിടയാക്കി.

4. കുടിയേറ്റകേന്ദ്രങ്ങളാണ് അച്ചൻ മിഷൻസ്ഥാപനത്തിനു തിരഞ്ഞെടുത്തത്. ഭൂമിശാസ്ത്രപരമായി അതു ദുർഘട പ്രദേശമായിരുന്നു; ഗതാഗതം അവിടെ നന്നേകുറഞ്ഞിരുന്നു; പ്രയാസങ്ങൾ നിരവധിയായിരുന്നു; ആ അസൗകര്യമാണ് തൻെറ സൗകര്യമെന്നു അച്ചൻ പറഞ്ഞിരുന്നു. ഏതാനും വർഷംകൊണ്ടു ആ നാടിൻെറ മുഖഛായയ്ക്കു മാറ്റം വരികയായിരുന്നു പതിവ്.

5. സംഭാഷണത്തിലൂടെയാണ് അച്ചൻ പലരേയും അടുപ്പിച്ചത്. വഴിമദ്ധ്യേ ആരെയെങ്കിലും അകലെ നിന്നു കണ്ടുമുട്ടിയാൽ തണൽപാർത്തുനിൽക്കും. "എഡോ തന്നെക്കണ്ടിട്ടു എത്ര കാലമായി?" എന്നു തുടങ്ങും. കൊച്ചുകുട്ടികൾ മുതൽ വയോധികർ വരെ ആരുമായും അടുത്തിടപഴകുകയെന്നതു തൻെറ സവിശേഷതയായിരുന്നു. ഓരോ വ്യക്തിക്കുമുള്ള കഴിവുകളെ അംഗീകരിക്കാനുള്ള വലിയ മനസ്സു ആ സൗഹൃദ സംഭാഷണ കുതുകിയെ ശ്രോതാക്കളുടെ ഇഷ്ടപാത്രമാക്കി.

6. അടുത്ത കൂട്ടുകാരുമായി മിഷൻ പ്രവർത്തനത്തെക്കുറിച്ചു ഉള്ളു തുറന്നു

www.malankaralibrary.com


സംസാരിക്കാൻ അച്ചൻ മടിച്ചില്ല. വട്ടായിമിഷൻ രൂപീകരണകാലത്തു ബ്രദർ ബേബി ചെന്നിക്കര, ശ്രീ. സി. പി. റജി, കെ. ഡി. അപ്പച്ചൻ എന്നിവരോടൊക്കെ ആലോചിച്ചിട്ടുണ്ട്. മൂവരും ഭവനസന്ദർശനങ്ങളിലും കുടുംബയോഗങ്ങളിലും വൈദികനോടൊപ്പമുണ്ടായിരുന്നു.

7. തൊട്ടാവാടി പ്രകൃതമായിരുന്നില്ല അച്ചൻേറത്. 1979 ജനുവരി 19-ാം തീയതി കട്ടിളപ്പൂവം ഇടവക ഉൽഘാടിതമായി. ആർച്ചുബിഷപ്പു ബനഡിക്ട് മാർ ഗ്രീ ഗോറിയോസ്, തൃശൂർ ബിഷപ്പു മാർ ജോസഫ് കുണ്ടുകുളം, ചായൽസ്ഥാനിക മെത്രാൻ പൗലൂസ് മാർ പീലക്സിനോസ്, തിരുവല്ലാ രൂപതയുടെ അഡ്മിനി സ്ട്രേറ്റർ മോൺ. മാത്യു നെടുങ്ങാട്ടു തുടങ്ങിയവരുടെ മഹനീയസാന്നിദ്ധ്യം തദവസരത്തിലുണ്ടായിരുന്നു. സമ്മതിച്ചിരുന്നവരെല്ലാം പുനരൈക്യപ്പെട്ടില്ല എന്നൊരു ആരോപണം ഇടവക സംഘാടകനെക്കുറിച്ചുണ്ടായി. പുലിക്കോട്ടി ലച്ചൻ കുലുങ്ങിയില്ല. ത്യാഗപൂർവ്വമായ സേവനം കൊണ്ടു ആറുമാസത്തിനുള്ളിൽ കുന്നംകുളം ഡിസ്ട്രിക്റ്റിലെ ഒന്നാംകിട ഇടവകയായി കട്ടിളപൂവം ഉയർന്നു.

8. ആകുടിയേറ്റ പ്രദേശങ്ങളിൽ കൂട്ടുകാരുമൊത്തു ഭവന സന്ദർശനവും മിഷൻ പ്രവർത്തനവും നടത്തിയ ശേഷം അച്ചൻ പള്ളിയിൽ തിരിച്ചെത്തുക അസമയത്തായിരിക്കും. പിന്നീടു രാത്രി അത്താഴത്തിനുള്ള ഒരുക്കമായി. ആഹാ രകാര്യത്തിൽ അച്ചനു നിഷ്കർഷയില്ല. ഒരു മണ്ണെണ്ണ സ്റ്റൌവും ഏതാനും പാത്രങ്ങളും കൊണ്ടുവന്നു ആഹാരം തയ്യാറാക്കും. പലപ്പോഴും കഞ്ഞിയിലും ചമ്മന്തിയിലും അത്താഴം ഒതുങ്ങും. പള്ളയിലെ കയറ്റുപായുടെ പുറത്തു ഉറങ്ങു കയും ചെയ്യും.

9. മലകളും കാടുകളും അനായാസം നടന്നുകയറുവാൻ വേണ്ട ആരോഗ്യം അച്ചനില്ലായിരുന്നു. വേഗതക്കുറവു പരിഹരിക്കുവാൻ നേരത്തെ യാത്ര പുറ പ്പെടുകയത്രേ പതിവു. കച്ചിത്തോട്ടുള്ള ഒരു വീട്ടിലേക്കു അച്ചനും അനുചരരും യാത്രയായി. കുർബ്ബാനയ്ക്കു ശേഷം ഉച്ചയൂണും കഴിഞ്ഞു ഇറങ്ങി. കത്തിക്കാ ളുന്ന വെയിലിൽ ഒരു ടൗവൽ മാത്രം തലയിൽ കെട്ടി, വടിയായി കുടകുത്തിപ്പി ടിച്ചുകൊണ്ടു അച്ചൻ നടന്നു. നിരവധി തവണ ഇടയ്ക്കു നിന്നു. മറ്റു ചിലപ്പോൾ തണൽനോക്കി ഇരുന്നു; കാജാബീഡി വലിച്ചു ഇടയ്ക്കിടെ വിശ്രമിച്ചു. മൂന്നു മണിയോടെയാണ് കുടുംബയോഗസ്ഥലത്ത് എത്തിച്ചേർന്നത്. അപ്പോൾ ഒരു പൊട്ടിച്ചിരിയോടെ അച്ചൻ പറഞ്ഞു പോയി. "എഡോ എന്തൊരു വലിയ കയറ്റം! ഇതു അല്പം ചെത്തിയിറക്കണം. അല്ലാതെ, എനിക്കു വയ്യ"

പരിസരശുചീകരണം, വിദ്യാഭ്യാസ പ്രവർത്തനം, ഭവന നിർമ്മാണം എന്നീ കാര്യ ങ്ങൾക്കുള്ള ഊന്നൽനല്കൽ സനദർശന പരിപാടിയുടെ ഭാഗമായി.

## ഭാര്യ വീട്ടുകാര്യം, ഭർത്താവു പള്ളിക്കാര്യം

പുലിക്കോട്ടിലച്ചൻെറ കുടുംബ ജീവിതത്തെക്കുറിച്ചാണ് മിസ്. ഷെൽബി കെ.

www.malankaralibrary.com


എ. യുടെ പ്രസംഗം. കുന്നംകുളത്തുനിന്നുള്ള ശ്രീമതി തേത്തു ടീച്ചറായിരുന്നു ആ പുരോഹിതൻെറ സഹധർമ്മിണി. ആറുപുത്രിമാരും ഒരു പുത്രനുമാണ് ആ കുടുംബത്തിലുണ്ടായിരുന്നത്. ഭാര്യയുടെ ശമ്പളം കൊണ്ടും കുടുംബവരുമാനം കൊണ്ടുമാണ് മക്കളുടെ വിദ്യാഭ്യാസം നടന്നു പോന്നത്. വീട്ടുകാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ പള്ളിക്കാര്യ തീക്ഷ്ണത മൂലം അച്ചനു സാധിച്ചില്ല.

"വല്ലഭ, കേട്ടാലും പരമാത്മമഗ്നനായ ഭവാൻ
വല്ലഭയുടെ വിശപ്പുമറിയുന്നില്ല"
എന്ന സ്ഥിതിയിലായി തേത്തു ടീച്ചറും കുട്ടികളും
"നിർവ്വാണദനായ ലക്ഷ്മീ പതിയെച്ചെന്നുകണ്ടാലീ-
ദുർവ്വാരദാരിദ്ര്യ ദുഃഖമൊഴിയും നൂനം"

എന്ന ധർമ്മദാരങ്ങളുടെ ബുദ്ധ്യുപദേശം കുചേലൻെറ ദാരിദ്ര്യം ശമിപ്പിച്ചു. എന്നാൽ കുടുംബഭാരക്കാരനായ പുരോഹിതനു കുടുംബഭാരമില്ലാത്ത പുരോഹിതനൊപ്പമുള്ള വേതനം പോരെന്നു കനിവുകാട്ടാൻ അന്നത്തെ രൂപതാനേതൃത്വത്തിനു കഴിഞ്ഞില്ല; അല്ലെങ്കിൽ ദാരിദ്ര്യശുഷ്കത രൂപതാകേന്ദ്രത്തെ അതിനു അനുവദിച്ചില്ല. സാമ്പത്തികക്ലേശം കൊണ്ടു ആ വൈദികകുടുംബം തളർന്നു. എന്നിട്ടും പ്രേഷിത തീക്ഷ്ണത അച്ചൻ കുറച്ചില്ല.

1967-ൽ മൂത്തപുത്രിയുടെ വിവാഹം നടന്നു, തുടർന്നു മറ്റു മക്കളുടെയും. അച്ചൻ രോഗശയ്യയിലായിരുന്നപ്പോളാണ് 1980-ൽ ഇളയമകളുടെ വിവാഹം നടന്നത്. ആ കർമ്മത്തിൽ പങ്കുകൊള്ളുവാൻ തേത്തു ടീച്ചറിനു സാധിച്ചില്ല. 1979-ൽ ആ ഉത്തമഗൃഹനായിക ഇഹലോകവാസം വെടിഞ്ഞു. ഭാര്യയുടെ മരണത്തിനു ശേഷം ആ മിഷൻ യോദ്ധാവു പരിക്ഷീണനായി; പടക്കുതിര ക്ഷയരോഗവിധേയനായി.

1980 മുതൽ നാലുവർഷം പ്രേഷിത മുന്നണിയിൽ നിന്നു മാറി നിന്നു. രോഗശയ്യയിൽ നിന്നു എഴുന്നേറ്റ ശേഷം ഒരു മിഷൻ കേന്ദ്രത്തിനു കൂടി ജന്മം നല്കി. മൂന്നു വർഷക്കാലം അവിടെ പ്രവർത്തിക്കയും ചെയ്തു. 70 വയസ്സുള്ളപ്പോഴും താമസസ്ഥലമായ നന്ദമുക്കിൽ നിന്നു 60 കിലോമീറ്റർ അകലെയുള്ള കല്ലേപ്പാടം മിഷനിൽ വൈദികസേവനം നടത്തി. 1986 ഒക്ടോബർ മുതൽ ശയ്യാവലംബിയായി. 1987 - ഫെബ്രുവരി 27-ാം തീയതി ലോക ജീവിതത്തോടു വിട പറഞ്ഞു.

## കലാകാരനായ വൈദികൻ

വേഷവിധാനത്തിൽ മോടിയുണ്ടായിരുന്നില്ല. എങ്കിലും പുലിക്കോട്ടിലച്ചൻെറ പെരുമാറ്റം കലാത്മകമായിരുന്നു - മി. പി. വി. മർക്കോസ് എടുത്തു പറഞ്ഞു. അദ്ദേഹം വിശദീകരിക്കയും ചെയ്തു.

1. പണിയിച്ച പള്ളികൾ ഓലമേഞ്ഞ ഷെഡ്ഡുകളാണെങ്കിൽപ്പോലും മുറ്റവും പരി

www.malankaralibrary.com


സരവും വൃത്തിയായി സൂക്ഷിച്ചു; ചുറ്റുപാടും പൂച്ചെടികൾ വെച്ചു പിടിപ്പിച്ചു മോടി വരുത്തി.

2. പള്ളിയുടെ മദ്ബഹായും അൾത്താരകളും അലങ്കരിക്കാൻ കരുതിക്കൂട്ടി ശ്രമം ചെയ്തു.

3. കുന്നംകുളം ഡിസ്ട്രിക്റ്റിൻെറ ഒരു ഭൂപടം അച്ചനുണ്ടാക്കി. അതിൽ പള്ളികളുണ്ട്, പള്ളിയിലേക്കുള്ള റോഡുകളുണ്ട്, ഒരു പള്ളിയിൽ നിന്നു മറ്റൊന്നിലേക്കുള്ള ദൂരമുണ്ട്. കവലകളും കുന്നുകളുമുണ്ട് - എല്ലാം ഭംഗിയായും കൃത്യമായും രേഖപ്പെടുത്തിയിരിക്കുന്നു. ഒരു ഭൂമിശാസ്ത്രവിദഗ്ദ്ധൻെറ പാടവം ഈ ഭൂപടരചനയിൽ കാണാം. ഇത്തരമൊന്നു ഡിസ്ട്രിക്റ്റിൽ ഇദംപ്രഥമമായിരുന്നു.

4. അച്ചൻെറ കൈയക്ഷരത്തിൻെറ വടിവു എടുത്തു പറയേണ്ടതാണ്. മലയാളത്തിലും സുറിയാനിയിലും ആ കൈപ്പടവിദഗ്ദ്ധൻ പകർത്തിയെഴുതിയ ചില കൈയെഴുത്തു പുസ്തകങ്ങൾ അനർഘനിധിയായി സൂക്ഷിക്കുന്നവരുണ്ട്. ആ പകർത്തു പ്രതികൾ അച്ചടിച്ചതാണെന്നേ ആരും പറയു.

5. വീട്ടമ്മയേക്കാൾ വിരുത് പാചകകലയിൽ പ്രകടിപ്പിച്ചു. തന്നെത്താൻ ഭക്ഷണം തയ്യാറാക്കേണ്ട സന്ദർഭം ആ പ്രേഷിതയാത്രക്കാരനു പലപ്പോഴും ഉണ്ടായിട്ടുണ്ട്.

6. പാടുവാനും പാട്ടു പഠിപ്പിക്കുവാനും അസാധാരണ സാമർത്ഥ്യം കാട്ടി. എം. സി. വൈ. എം. പ്രവർത്തനത്തിലും മറ്റും ഇതു പ്രകടമായിട്ടുണ്ട്.

7. അല്പ മാത്രമായ ചികിത്സയും ചെയ്തുപോന്നു. പച്ചമരുന്നു പ്രയോഗിച്ചുകൊണ്ടുള്ള ഈ വൈദ്യനൈപുണ്യം അച്ചനെ അടുത്തറിഞ്ഞവരേ മനസ്സിലാക്കിയിരുന്നുള്ളു.

## വേദനയുടെ തീച്ചൂളയിലും ആത്മീയതീക്ഷ്ണതയുടെ പനിനീർവർഷം

തേത്തുടീച്ചർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു, തിരുവനന്തപുരം ശ്രീചിത്രാ മെഡിക്കൽ സെൻററിൽ. അർബുദമായിരുന്നു രോഗം. അച്ചൻ ആശുപത്രിയിൽ തന്നെയുണ്ട്. കട്ടിളപ്പുവം മിഷൻ ആരംഭിച്ചിട്ടു അന്നു ഏതാനും മാസം മാത്രമേ ആയിരുന്നുള്ളൂ. തിരുവനന്തപുരത്തുകഴിയുന്ന അച്ചനു ഇടവകക്കാരുമായി ബന്ധപ്പെടണമെന്നുണ്ട്. എങ്കിലും കഴിയുന്നില്ല. എല്ലാവരുടെയും വിലാസം കൈവശം വെച്ചിരുന്ന ആ തീക്ഷ്ണമതി കട്ടിളപ്പൂവത്തെ ഓരോ ഗൃഹനാഥനും കത്തെഴുതാൻ സമയം കണ്ടെത്തി.

ധർമ്മപത്നിയുടെ രോഗവിവരം എഴുത്തിൽ സ്പർശിച്ചിട്ടുപോലുമില്ല. ഇടവകയുടെ ആത്മീയ സ്ഥിതിമാത്രമാണു കുറിച്ചത്. ഭാര്യയുടെ ജീവൻ തുലാസിൽ ആടുമ്പോഴും പ്രേഷിത ദൗത്യത്തിനു മുന്തുക്കം കൊടുത്ത വിശുദ്ധനാണച്ചൻ. വി. പൗലൂസിൻെറ ലേഖനത്തെ അനുസ്മരിപ്പിക്കുന്നതാണാക്കത്ത്.

www.malankaralibrary.com


തിരുവനന്തപുരം മെഡിക്കൽ കോളജ്,

1-7 - 1978

(രഹസ്യ അപേക്ഷ)

പ്രിയ സ്നേഹിതാ,

നേരിൽ കണ്ടു അപേക്ഷിക്കുവാൻ ഞാൻ കുറെ നാളുകളായി ആഗ്രഹിക്കുന്നു. ഇപ്പോൾ ഈ കത്തിലൂടെ അപേക്ഷിക്കുകയാണ്. ഇടവകയിൽ നിന്നു ദൂരത്താണു ഞാനെന്നു അറിയാമല്ലൊ. ആകയാൽ ഇടവകക്കാര്യങ്ങൾക്കു പോരായ്മയുണ്ട്. ഓരോരുത്തനും ഉറ്റു ശ്രമിച്ചാൽ ഇടവക കുറേക്കൂടി ധന്യമായിത്തീരും.

19-1-1978-ലാണല്ലൊ നമ്മുടെ മിഷൻ തുടങ്ങിയത്. ഇപ്പോൾ 60 വീടുകൾ ആയി ഉയർന്നു. കുന്നംകുളം ഡിസ്ട്രിക്റ്റിലെ ഏറ്റവും വലിയ ഇടവകയായിത്തീരുകയും ചെയ്തു. ഇനിയും കുറെ വീട്ടുകാർ കൂടി പുനരൈക്യപ്പെടുന്നതിന് ആഗ്രഹിക്കുന്നതായും അറിയുന്നു. മാനുഷികമായ കുറെ പരിശ്രമമുണ്ടെങ്കിലും അതല്ല ഈ വളർച്ചയ്ക്കു പിന്നിലുള്ളത്. വി. മാതാവിൻെറയും ഗീവറുഗീസ് സഹദായുടെയും മദ്ധ്യസ്ഥത തീർച്ചയായും നമ്മെ അനുഗ്രഹിച്ചിട്ടുണ്ട്. ഇടവക വലിയതായി തീർന്നതുകൊണ്ടു പൂർണ്ണമാകുന്നില്ല. ആത്മീയവും ലൗകികവുമായി ഉയരേണ്ടിയിരിക്കുന്നു. അതിനാണിനി ശ്രമിക്കേണ്ടത്.

## മറുതലിപ്പുകാരെ ഭയപ്പെടേണ്ടതില്ല

"ഇടവകയുടെ വളർച്ചയിൽ അസൂയാലുക്കളുണ്ടാകാം. പള്ളിയോടു മറുതലിച്ചു വല്ലതും അവർചെയ്തെന്നുമിരിക്കും. അതൊന്നും പ്രശ്നമാക്കേണ്ടതില്ല. അവർ ശത്രുക്കളല്ലെന്നു മനസ്സിലാക്കിയാലും. കൊല്ലും കൊലയും കൊണ്ടു സഭയെ നശിപ്പിക്കുക സാദ്ധ്യമല്ല. നീറോ, ഹെൻട്രി എട്ടാമൻ, നെപ്പോളിയൻ, ഹിറ്റ്ലർ, മുസോളിനി തുടങ്ങി എത്ര പേർ സഭയ്ക്കെതിരെ നീങ്ങി, എത്ര സഭാമക്കളെ കൊന്നൊടുക്കി? അതുകൊണ്ടു സഭ തളർന്നോ? സഭയുടെ അധിപൻ ക്രിസ്തുവാകുന്നു. പത്രോസിനോടു അവിടുന്നു ചെയ്തവാഗ്ദാനം ലോകാവസാനത്തോളം നിലനിൽക്കേണ്ടതാകുന്നു. പാതാളഗോപുരങ്ങൾ സഭയോടു പ്രബലപ്പെടുകയില്ല. സഭയോടുള്ള എതിർപ്പു ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ലോകാവസാനത്തോളം അതുണ്ടാകയും ചെയ്യും. അതിനെക്കുറിച്ചു ആകുലപ്പെടേണ്ടതില്ല.

## യഥാർത്ഥ ശത്രു

'ശരീരത്തെ കൊല്ലുന്നവനേക്കാൾ ആത്മാവിനെ കൊല്ലുന്നവനെ നിങ്ങൾ ഭയപ്പെടുവിൻ' നമ്മുടെ കർത്താവിൻെറ ഉപദേശമാണിത്.

നമ്മുടെ ഇടവകയുടെ ഇപ്പോഴത്തെ ഏറ്റവുംവലിയശത്രു ശരീരത്തെയും ആത്മാ

www.malankaralibrary.com


വിനെയും ഒരുപോലെ കൊല്ലുന്ന ചാരായം കുടിയും കള്ളുകുടിയുമാകുന്നു. ഈ തിന്മ ശരീരത്തെ നശിപ്പിക്കുന്നു. ആത്മാവിനെ മത്തുപിടിച്ചതും പാപം നിറഞ്ഞതും ആക്കുന്നു. നമ്മെ മാത്രമല്ല, കുടുംബത്തേയും കൂട്ടുകാരെയും മുടിക്കുന്നു. എത്രയോ കുടുംബങ്ങൾ വഴിയാധാരമാകുന്നു! മക്കൾ കുത്തുപാളയെടുത്തു അലയുന്നതു കാണേണ്ടിവരുന്നു! ഭാര്യയും മക്കളും ആത്മത്യാഗം ചെയ്തു നശിക്കുന്ന സന്ദർഭം എത്ര! കൊലപാകവും പോലീസും കോടതിയുമായി നിലം പരിശാകുന്ന കുടുംബങ്ങൾ എത്ര!

മദ്യം ചെകുത്താൻെറ ആയുധമാകുന്നു. ഏതു വലിയവനേയും അതു അടിപ്പെടുത്തുന്നു. അപകടവലയുടെ ഈ ചതിക്കുഴിയിൽ അകപ്പെട്ടെന്നു പലരും അറിയുന്നില്ല. അവരുടെ ശരീരവും ആത്മാവും ഒരു പോലെ നശിച്ചുകൊണ്ടിരിക്കുന്നു.

ഈ യാഥാർത്ഥ്യം കുടുംബനാഥന്മാർ ചിലർ കാര്യമാക്കുന്നില്ല. കുടുംബത്തോടുള്ള ഉത്തരവാദിത്വം ഏവർക്കും വലുതാണ്. കുടുംബത്തെ നശിപ്പിക്കയും ദ്രോഹിക്കയും ചെയ്യുന്നവൻ ഉത്തരവാദിത്വം മറക്കുകയാണ്. പരിശുദ്ധവിവാഹകൂദാശയെ അവൻ കളങ്കപ്പെടുത്തുന്നു.

"ഞാനെന്തു ചെയ്താലും എന്നോടു ആരുചോദിക്കാൻ?" എന്നതു മൂഢൻെറ പ്രമാണമാണ്. അവൻെറ നെട്ടോട്ടം പാപഗർത്തത്തിലേക്കാണ്.

.................എത്രയോ കുടിയന്മാരുണ്ട് എന്നു ന്യായം പറയാൻ കാണും. പക്ഷേ ഒന്നോർക്കണം. നാം പുനരൈക്യപ്പെട്ടത് ഒരു ഉത്തമകത്തോലിക്കാ ജീവിതം നയിക്കുന്നതിനാണ്. ആത്മീയവും ലൗകികവുമായി നാം ഉയർന്നേ മതിയാവു. നമ്മുടെ ഇടവകക്കുടുംബത്തിൽ ദരിദ്രരും പാവപ്പെട്ടവരും വളരെയുണ്ട്. അവരെയെല്ലാം ഒന്നായിക്കാണണം. നമ്മുടെ അധ്വാനഫലം കള്ളുഷാപ്പിലേക്കു ഒഴുകാതിരിക്കാൻ ശ്രദ്ധിക്കണം.

മദ്യപാനം കുടുംബത്തിനും ഇടവകയ്ക്കും ഇടർച്ച ഉണ്ടാക്കുന്നുണ്ടോ? എങ്കിൽ ഇവയിൽ നിന്നെല്ലാം ഒഴിഞ്ഞിരിക്കുവിൻ! വിഷം വമിക്കുന്ന ഈ കൊടിയതിന്മ നമ്മുടെ കുടുംബത്തിനും ഇടവകയ്ക്കും നല്ലതല്ല. ഇതാണു എൻെറ താഴ്മയായ അപേക്ഷ.

ഈ അപേക്ഷ ഇടവകയുടെ മധ്യസ്ഥരായ വി. കന്യകാമറിയാമിൻെറയും വി. ഗീവറുഗീസ് സഹദായുടെയും നാമത്തിൽ നിങ്ങളുടെ മുമ്പിൽ വെക്കുന്നു.


എന്നു നിങ്ങളുടെ എളിയ ശുശ്രൂഷകൻ

വികാരി, ഫാ. മാത്യു പുലിക്കോട്ടിൽ (ഒപ്പ്)

www.malankaralibrary.com

12

# മാരേട്ടു കുഞ്ഞേനാച്ചൻ



അഞ്ചടി ആറിഞ്ചുപൊക്കം; വിസ്തൃതമായ നെറ്റിത്തടം; വർണ്ണപ്പകിട്ടാർന്ന വട്ടമുഖം; തിളങ്ങുന്ന കണ്ണുകൾ; വശ്യമായ ചിരി; കൗതുകം ജനിപ്പിക്കുന്ന സംഭാഷണചാതുരി; കാതിനിമ്പം പകരുന്ന ശബ്ദഭംഗി; അക്ഷരസ്ഫുടത തുടിക്കുന്ന വചോവിലാസം; ആഢ്യത അരങ്ങേറുന്ന മുഖഭാവം; മുഖത്തുനോക്കി കാര്യം പറയാനുള്ള മനക്കരുത്ത്; തെറ്റ് തുറന്നു സമ്മതിക്കാനുള്ള വിശാലഹൃദയത്വം; ചങ്കൂറ്റവും ആദർശധീരതയും - എല്ലാം ഒത്തിണങ്ങിയ ആളാണ് കുഞ്ഞേനാച്ചൻ എന്നു ഓമനപ്പേരുള്ള മാരേട്ടു എം. ഒ. നൈനാൻ. ദീനദയാലുത്വവും അധികാരവിധേയത്വവും ആ ജീവിതത്തെ സദാ തലോടി.

തികഞ്ഞ തറവാടിത്തം, വിവിധ തലങ്ങളിലുള്ള നേതൃത്വം - ഇവയാൽ ആ വ്യക്തിത്വം ധന്യമായി. കല്ലൂപ്പാറ മാരേട്ടു എബ്രഹാം ഉമ്മനും കൊച്ചീത്തമ്മയുമായിരുന്നു മാതാപിതാക്കന്മാർ. പുത്തൻകാവ് മാമ്മൂട്ടിലേതായിരുന്നു കൊച്ചീത്തമ്മ. പിതൃസഹോദര പുത്രനായിരുന്നു ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ; റിട്ടയാർഡ് ജഡ്ജ് എ. പീലിപ്പോസ് പിതൃസഹോദരനും.

www.malankaralibrary.com



സാധാരണക്കാരുടെ ആ നേതാവ് 1975 നവംബർ 25-ാം തീയതി ലോകത്തോട് വിടവാങ്ങി. കല്ലുപ്പാറയേയും പരിസരപ്രദേശങ്ങളേയും ആ സംഭവം കണ്ണീരിലാഴത്തി. ശോകാകുലമായ അന്തരീക്ഷത്തിൽ നാനാജാതിമതസ്ഥർ അന്ന് വാവിട്ടു കരഞ്ഞു. വിവിധ രംഗങ്ങളിൽ അദ്ദേഹം തെളിയിച്ചിട്ടുള്ള നേതൃത്വധീരതയത്രേ ആയിരങ്ങളുടെ വിങ്ങിപ്പൊട്ടലിനു കാരണമാക്കിയത്.

## സ്പോർട്ടുതാരം

എം. ഡി. സെമിനാരി ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് ഫുട്ബോൾ ടീമിലെ അംഗമായിരുന്നു നൈനാൻ. ചുണയും ചൊടിയുമുണ്ടായിരുന്ന ആ ചെറുപ്പക്കാരൻ ഒരു സ്പോർട്ടുതാരമായി അറിയപ്പെട്ടു. നാട്ടുകാരുടെ മാത്രമല്ല മറുനാട്ടുകാരുടെ പോലും അഭിനന്ദനത്തിനു അക്കാലത്തു ആ ചുറുചുറുക്കുകാരൻ പാത്രമായി.

## പ്ലാൻേറഷനും ബാങ്കിംഗും

കുഞ്ഞേനാച്ചൻ തീർത്തും ചെറുപ്പമായിരിക്കെത്തന്നെ അപ്പൻ മരിച്ചു. അതു പഠനത്തിന് ആഘാതമായി. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായില്ല. വേണ്ടുവോളം വസ്തുവകകൾ - പിന്നെന്തിനു ആകുലതപ്പെടണം? പ്ലാൻേറഷൻ രംഗത്തേക്കു തിരിഞ്ഞു. മുണ്ടക്കയം ബോയ്സ്സ് എസ്റ്റേറ്റു സൂപ്രണ്ട്സ്ഥാനം കുറേക്കാലത്തേയ്ക്ക്. ബാങ്കിംഗുവ്യവസായത്തിലും കൈവച്ചു നോക്കി. ഇതിനിടയിൽ വിവാഹവും നടന്നു. മല്ലപ്പള്ളി മോടയിൽ കുടുംബത്തിൽപ്പെട്ട ശോശാമ്മ സഹധർമ്മിണിയായി.

## രാഷ്ട്രീയം

ഖദർമുണ്ട്, ഖദർജൂബാ, ഖദർഷോള്, ഖദർതൊപ്പി - ധരിച്ചകുഞ്ഞേനാച്ചൻ രാഷ്ട്രീയപ്രസംഗവേദികളിൽ പ്രത്യക്ഷപ്പെട്ടു. സ്വാതന്ത്ര്യസമരകാലത്ത് മധ്യതിരുവിതാംകൂറിൽ അദ്ദേഹത്തെ കൂടാതെയുള്ള രാഷ്ട്രീയയോഗം കുറവായിരുന്നു. സർ. സി. പി. രാമസ്വാമി അയ്യർക്കെതിരായി പടപൊരുതിയ സ്റ്റേറ്റു കോൺഗ്രസിലെ സജീവപ്രവർത്തകനായി ആ യുവാവ്. തൽഫലമായി കേസുകളിൽ കുടുങ്ങിയിട്ടുണ്ട്, ഒളിവിൽ കഴിയേണ്ടിവന്നിട്ടുണ്ട്. തിരുവല്ലാതാലൂക്കിൻെറ കിഴക്കൻപകുതികളിൽ സ്വാതന്ത്ര്യസമരത്തിൻെറ ചുക്കാൻ പിടിച്ചത് ഈ സേനാനിയത്രേ. സ്വാതന്ത്ര്യലബ്ധിക്കുശേഷം ആ നിസ്സ്വാർത്ഥസേവകൻ രംഗത്തു നിന്നു പിൻ വലിഞ്ഞു.

## പുനരൈക്യം

1931 ഏപ്രിൽ 18-ാം തീയതി എം. ഒ. നൈനാൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. അന്നത്തെ സഭാശ്ലേഷണം ബുദ്ധിമുട്ടുള്ളതായിരുന്നു. സൗഹൃദാന്തരിക്ഷത്തിൻെറ ഇക്കാലത്തു അത് മനസ്സിലാകയില്ല. സഭാപരിവർത്തനം നടത്തുന്നവർക്ക് ജീവഹാനിക്കു പോലും അന്നു സാധ്യതയുണ്ട്. സഭാശത്രുത അത്രകണ്ട് അന്ന് തളംകെട്ടിയിരുന്നു. വിശ്വാസവും ധീരതയും കൈമുതലില്ലാത്ത

www.malankaralibrary.com



ഒരുവനു സഭാമാറ്റം അന്നുചിന്ത്യമേ ആയിരുന്നില്ല.

മാരേട്ടുകുടുംബം യാക്കോബായ സഭയിൽ വേരും തടിയും ഇലച്ചിലും ഉറപ്പിച്ചിരുന്നു. അവിടുത്തെ ഒരംഗം കത്തോലിക്കനാവുക മധ്യതിരുവിതാംകൂറുകാരനു സഹിക്കുമായിരുന്നില്ല. പ്രതിസന്ധിയോട് പടപൊരുതാൻ ആ കൂറുമാറ്റക്കാരൻ അരയും തലയും മുറുക്കി. വെരി. റവ. ഫാ. എബ്രഹാം മാരേട്ടിൻെറ കത്തോലിക്കാ സഭാപ്രവേശം ഇതിനകം നടന്നു കഴിഞ്ഞിരുന്നു. ശ്രീ. എ. പീലിപ്പോസ് സഭാമാറ്റത്തിനു ഒരുങ്ങിക്കഴിഞ്ഞിരുന്നു. കുഞ്ഞേനാച്ചൻ നേരിടേണ്ടിയിരുന്ന എതിർപ്പുകളുടെ രൂക്ഷത അത്രത്തോളം കുറയുകയും ചെയ്തു. "നിഷ്പക്ഷബുദ്ധ്യാ പഠിച്ചു മനസ്സിലായതിൻെറ ഫലമായി, തൻെറ മനസ്സാക്ഷിയുടെ പ്രേരണയാൽ താൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നു", എന്നാണ് ശ്രീ. നൈനാൻ ഒരു ലേഖനത്തിൽ പറയുന്നത്.

## കാത്തലിക് എവിഡൻസു ഗിൽഡ്

മാർ തെയോഫിലോസ് തിരുമേനിയാണ് സി. ഇ. ജി. (Catholic Evidence Guild) യുടെ സ്ഥാപകൻ. 1934-ൽ യൂറോപ്യൻ പര്യടനം കഴിഞ്ഞു തിരിച്ചെത്തിയപ്പോഴാണ് തിരുമേനി ഈ സംഘടനയ്ക്ക് ജന്മം കൊടുത്തത്. ഇംഗ്ലണ്ടിലെ സി. ഇ. ജിയുടെ പ്രവർത്തനം പിതാവിനെ ആകർഷിച്ചു. അതുപോലൊരു പ്രവർത്തന സംഘടനയ്ക്കു രൂപം കൊടുക്കാനുള്ള മോഹം ഇതു സാധിതമാക്കി. ശ്രീ. എ. പിലിപ്പോസിൻെറ നേതൃത്വം കത്തോലിക്കാ സാക്ഷ്യസംഘത്തെ വിജയശ്രീലാളിതമാക്കി.

കത്തോലിക്കാ വിഷയങ്ങൾ ഗാഢമായി പഠിക്കുക, പൊതുയോഗങ്ങളിൽ അവതരിപ്പിക്കുക, ലഘുലേഖകൾ അച്ചടിപ്പിച്ച് സൗജന്യവിതരണം നടത്തുക-എല്ലാം ഗിൽഡു നിർവ്വഹിച്ചു. സംഘം സംഘടിപ്പിച്ച മൈതാനസമ്മേളനങ്ങൾ (Open Air Meeting) അന്നു കത്തോലിക്കരുടെ ഇടയിൽ പുതുമയുള്ളതായിരുന്നു. രാഷ്ട്രീയക്കാരുടെ കവലപ്രസംഗങ്ങൾ (Corner Meetings) കേരളത്തിൽ ഉടലെടുത്തു കഴിഞ്ഞിരുന്നില്ല.

ഗിൽഡിൻെറ ആദ്യവർഷം 12 സ്ഥലങ്ങളിൽ പ്രസംഗിച്ചു. 1750 ലഘുലേഖകൾ പ്രചരിപ്പിച്ചു, 3500 പേരെ സന്ദേശം അറിയിച്ചു. രണ്ടാം കൊല്ലം പ്രവർത്തനം കുറേകൂടി പുരോഗമിച്ചു. 18 സ്ഥലങ്ങളിൽ പ്രസംഗിച്ചു. 3936 ലഘുലേഖ പ്രചരിപ്പിച്ചു, 8936 പേരെ സന്ദേശം അറിയിച്ചു. (Ref. A Philipose, Catholic Evidence guild, The Reunion Record 1937 P 15, 16, 17).

കത്തോലിക്കാ പഠനവും ആവേശവും ഉണ്ടായിരുന്ന ശ്രീ. കുഞ്ഞേനാച്ചൻ സാക്ഷ്യസംഘത്തിൻെറ അംഗമായി. "പത്രോസിൻെറ പരമാധികാരം" എന്ന വിഷയമാണ് പ്രത്യേക പഠനത്തിനു തെരഞ്ഞെടുത്തത്. അതു പ്രസംഗിക്കുന്നതിനുള്ള അനുമതി മേലധികാരികളിൽ നിന്നു നേടുകയും ചെയ്തു. തുടർന്നു 10 വിഷയങ്ങൾ കൂടി പ്രസംഗിക്കുന്നതിന് ലൈസൻസു കരസ്ഥമാക്കി. അങ്ങനെ

www.malankaralibrary.com

ഗിൽഡിൻെറ ഒരു സജീവ പ്രവർത്തകനായി; കേരളത്തിലുടനീളം യാത്ര ചെയ്തു പ്രസംഗിച്ചു; ഗിൽഡിൻെറ പ്രസിഡൻറായും കുറേനാൾ സേവനം നിർവ്വഹിച്ചു. ലിജിയൻ ഓഫ് മേരി എന്ന സംഘടനയിലും കുഞ്ഞേനാച്ചൻ പ്രവർത്തിച്ചിട്ടുണ്ട്.

## അന്നത്തെ സാക്ഷ്യസംഘവും ഇന്നത്തെ കത്തോലിക്കാ സംഘടനകളും

സാക്ഷ്യസംഘത്തിലൂടെ ശ്രീ. എം. ഒ. നൈനാൻ ചെയ്തിട്ടുള്ള ത്യാഗ പൂർവ്വകമായ പ്രവർത്തനം മറക്കാവതല്ല. ഇന്നു കത്തോലിക്കാ സംഘടനകളുണ്ട്. അന്നത്തെ സാക്ഷ്യസംഘവുമായി ഇന്നത്തെ സംഘടകൾക്കു വ്യത്യാസമുണ്ട്; ആനയും ആടും പോലുള്ള വ്യത്യാസമുണ്ട്.

1. പേരുകാട്ടുന്നതുപോലെ കത്തോലിക്കാസാക്ഷ്യസംഘം ഒരു തനി കത്തോലിക്കാ സംഘടനയാണ്. ഇന്നത്തെ പല സംഘടനകൾക്കും കത്തോലിക്കാ നാമധേയമുണ്ട്. എന്നാൽ പലതിനും സഭയുമായുള്ള ബന്ധം കാത്തലിക് സിറിയൻ ബാങ്കിനും കത്തോലിക്കാ സഭയ്ക്കും ഉള്ളിടത്തോളം മാത്രമാണ്.

2. ലക്ഷ്യം വ്യത്യസ്തമാണ്. കത്തോലിക്കാ ലക്ഷ്യം മാത്രമാണ് ഗിൽഡിനുണ്ടായിരുന്നത്. ഇന്നത്തെ പല സംഘടനകൾക്കും സാംസ്കാരിക ലക്ഷ്യമേയുള്ളു. അതിൻെറ പേരിൽ നടത്തുന്നതോ? അന്ധമായ രാഷ്ട്രീയാനുകരണവും അന്ധമായ യുവജനോത്സവാനുകരണവും.

3. ലഘു ലേഖകൾക്ക് സി. ഇ. ജി. പ്രാമുഖ്യം നല്കി. പത്രോസിൻെറ പരമാധികാരം, മാർപ്പാപ്പയുടെ അപ്രമാദിത്വം. മാതാവിൻെറ അമലോത്ഭവം. സഭയുടെ ഏകത്വം, പരിശുദ്ധാത്മാവിൻെറ പുറപ്പാട് തുടങ്ങിയ സഭാ പ്രബോധന വിഷയങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾക്കാണ് എവിഡൻസു ഗിൽഡ് മുൻകൈയെടുത്തത്. ഇന്നത്തെ സംഘടനകൾ അച്ചടിച്ചിറക്കുന്ന പത്രികകൾ ഏറെയാണ്. ഒന്നിൽപ്പോലും കത്തോലിക്കാ വിഷയങ്ങൾ ഉണ്ടാകരുതെന്ന നിർബന്ധമുള്ളതുപോലെ തോന്നിപ്പോകുന്നു.

4. നിസ്സ്വാർത്ഥവും ആത്മാർത്ഥവുമായിരുന്നു സി. ഇ. ജി. യുടെ പ്രവർത്തനം. ഇന്നത്തെ പല സംഘടനാപ്രവർത്തകർക്കും കാര്യം കാണലാണ് മുഖ്യം. സഭാസ്ഥാപനങ്ങളിലെ അപ്പക്കഷണങ്ങളാണ് ചിലർക്ക് വേണ്ടത്; മറ്റുവിധത്തിൽ നേതാക്കന്മാരാകാൻ കഴിയാത്തപ്പോൾ നേതാവാകാൻ വെമ്പുന്നു വേറെ ചിലർ, മൂക്കില്ലാത്തിടത്തു മുറിമൂക്കൻ രാജാവാകുന്നതുപോലെ.

5.ദർശനം നല്കാൻ കഴിവുള്ളവർ ആദ്യകാലസംഘടനയ്ക്കു ഉണ്ടായിരുന്നു. മാർ തെയോഫിലോസിൻെറ ആദർശതീഷ്ണതയും ഫാ. പ്ലാസിഡിൻെറയും മോൺ. വടശ്ശേരിയുടെയും പാണ്ഡിത്യവും ശ്രീ. എ. പിലിപ്പോസിൻെറയും വട്ടശ്ശേരിൽ വി. എ. വറുഗീസിൻെറയും സാത്വികതയും സാക്ഷ്യസംഘത്തെ തഴുകി. അതിനോടു പുലബന്ധമെങ്കിലുമുള്ളവർ ഇന്നത്തെ സംഘടനകൾക്കു

www.malankaralibrary.com


ദർശനം നല്കാനില്ല. സംഘടനയിൽ അംഗങ്ങളാകുന്നവരെ എന്തിനു പഴി പറയണം?

6. സാക്ഷ്യസംഘം ഒരിടവകയ്ക്കു നട്ടെല്ലും സഹായവുമായിരുന്നെങ്കിൽ ട്രേഡ്യുയൂണിയൻ നിലപാടാണ് ഇന്നത്തെ ചില സംഘടനകൾ പള്ളികളിൽ ഇറക്കുന്നത്. ചില രൂപതകളിൽ ഇത്തരം സംഘടനകളെ നിരോധിച്ചതായി കേട്ടിട്ടുമുണ്ട്.

സഭാ പൂർണ്ണതയിലേക്കു അനേകരെ ആകർഷിക്കാൻ ഗിൽഡിലെ തീഷ്ണമതികൾ യത്നിച്ചു. കത്തോലിക്കാവിശ്വാസം ഉപേക്ഷിക്കാൻ വരെ ഇന്നത്തെ ചില സംഘടാനാംഗങ്ങൾക്കു മടിയില്ല. കല്യാണത്തിൻെറ അവസരത്തിലാണ് ഈ വിശ്വാസത്യാഗം പലപ്പോഴും വെളിപ്പെടുന്നത്. സംഘടനാംഗങ്ങളുടെ ഇത്തരം നീക്കം ഇടവകയ്ക്കു നാണക്കേടായിത്തീരാറുണ്ട്.

7. നിർദ്ധനതയുടെ പ്രവർത്തനം ഒരിടത്ത്; ധൂർത്തിൻെറ കസർത്തു മറ്റൊരിടത്ത്. വാർഷിക വരവുചെലവു കണക്ക് സാക്ഷ്യസംഘം പ്രസിദ്ധീകരിച്ചുപോന്നു. ആരൊക്കെ സംഭാവന നല്കിയെന്ന് അതു വെളിപ്പെടുത്തി. ഇന്നത്തെ സംഘടനകൾ പലതിനും വരവു ചെലവു കണക്ക് പ്രസിദ്ധീകരണമില്ല. രൂപതയുടെ പണം ശാപ്പിടുന്ന കടലാസു പദ്ധതിയായി ചിലർ ഇതിനെ കാണുന്നു.

## കാലഘട്ടവും കത്തോലിക്കാവിഷയങ്ങളും

സംഘടനകളെ മാത്രമല്ല സമൂഹത്തെ ഒന്നടങ്കം കീഴ്പോട്ടുപോക്ക് ബാധിച്ചിട്ടുണ്ട്. കാലഘട്ടത്തിൻെറ ദുര്യോഗമാണിതെന്നത്രേ പലരുടെയും പല്ലവി. എക്യുമെനിസത്തിൻെറ കാലമാണത്രേ. കത്തോലിക്കാ വിഷയങ്ങൾ മിണ്ടാൻ പാടില്ല പോലും. ഭീമമായ ഈ തെറ്റിദ്ധാരണ എങ്ങനെ ഉണ്ടായോ? ഏതായാലും വത്തിക്കാൻ ഡിക്രികൾ ഈ തല തിരിച്ചിലിന് ഇട നല്കുന്നില്ല. വെളുക്കാൻ തേക്കുന്നതു പാണ്ടാകുകയോ?

റിച്ചാർഡു കാർഡിനൽ കുഷിംഗ് എന്ന എക്യുമെനിസചിന്തകൻ ഒരു സംഭവം രേഖപ്പെടുത്തുന്നു. കത്തോലിക്കാമഹിളാസമാജത്തിൽ പ്രസംഗിക്കുന്നതിന് ഒരു വൈദികൻ ക്ഷണിക്കപ്പെട്ടു. സമാജം പ്രസിഡൻറ് പ്രസംഗകനെ സമീപിച്ച് മുന്നറിയിപ്പു നൽകി; "അച്ചോ, യോഗത്തിൽ ധാരാളം പ്രോട്ടസ്റ്റൻറ് മഹിളമാർ പങ്കെടുക്കും. അവർക്ക് അരോചകമാകുന്ന വിഷയങ്ങൾ സ്പർശിക്കാതിരിക്കാൻ അച്ചൻ സൂക്ഷിക്കണം"

"തീർച്ചയായും ചെയ്യാം" വൈദികൻ പറഞ്ഞു. "എന്തൊക്കെ വിഷയങ്ങൾ ഉപേക്ഷിക്കണമെന്നാണു നിങ്ങൾ ആവശ്യപ്പെടുന്നത്?"

"പാപ്പായോ കന്യകാമറിയമോ. വിഷയമാക്കാതിരുന്നാൽ മതി" മഹിള കൂട്ടിച്ചേർത്തു. "എക്യുമെനിക്കൽ കാലമല്ലേ? നമ്മൾ സൂക്ഷിക്കണം"

www.malankaralibrary.com


പ്രസംഗത്തിനുള്ള സന്ദർഭം വന്നു. തയ്യാറെടുത്ത വിഷയമല്ല വൈദികൻ പ്രസംഗിച്ചത്. പകരം തെരഞ്ഞെടുത്ത വിഷയം, "നമ്മെ പരസ്പരം അകറ്റുന്ന ചില എക്യുമെനിക്കൽ കാര്യങ്ങൾ എന്നതായിരുന്നു. പരിശുദ്ധ ദൈവമാതാവിനെപ്പറ്റിയുള്ള കത്തോലിക്കാധാരണയേയും വി. പത്രോസിൻെറ അനന്തരഗാമികളെ സംബന്ധിച്ചുള്ള കത്തോലിക്കാ വിശ്വാസത്തേയും ചുറ്റിപ്പറ്റി അദ്ദേഹം സമർത്ഥമായി പ്രഭാഷണം നടത്തി. എക്യുമെനിക്കൽ ഡയലോഗിനു അവശ്യം ഉണ്ടായിരിക്കേണ്ട ആത്മാർത്ഥതയെക്കുറിച്ച് ആ ഗ്രൂപ്പിനെ ബോധ്യപ്പെടുത്തണമെന്നായിരുന്നു പ്രസംഗകൻെറ ഉന്നം. സ്വന്തം വിശ്വാസങ്ങളെ വിഴുങ്ങുകയോ മൂടുപടമിട്ടു കാണിക്കുകയോ ആണ് എക്യുമെനിക്കൽ ഡയലോഗെന്നു അദ്ദേഹം ധരിച്ചില്ല. ശ്രോതാക്കൾ ആ പ്രസംഗം കേട്ടു. ആരും നെറ്റിചുളിച്ചില്ല. വിരസത കാട്ടിയില്ല; മുമ്പു ശ്രവിച്ചിട്ടില്ലാത്ത വിഷയം കേട്ടതിൽ അവർക്ക് സംതൃപ്തിയാണുണ്ടായത്. കത്തോലിക്കാ സുഹൃത്തുക്കളോട് ചോദിക്കാൻ മടിച്ചിട്ടുള്ള വിഷയങ്ങൾ പണ്ഡിതോചിതമായി വിവരിക്കുന്നതുകേട്ട ആ ശ്രോതാക്കൾ സന്തോഷ നിമഗ്നരാകയാണ് ചെയ്തത്. പ്രസംഗാനന്തരം വൈദികനെ സമീപിച്ച് തങ്ങളുടെ സന്തോഷാധിക്യം പ്രകടിപ്പിക്കുകയും ചെയ്തു. (Richard Cardinal Cushing Grass - Roots Steps to Unity. SCU pp 195, 196)

## എക്യുമെനിസം കുഴപ്പം വരുത്തുന്നോ?

എക്യുമെനിസമല്ല, എക്യുമെനിസത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണയാണ് കുഴപ്പം വരുത്തുന്നത്. എക്യുമെനിസത്തിൻെറ ജീവനാഡിയായ ഡയലോഗിലേർപ്പെടുന്നതിന് ആഴമായ സഭാവിജ്ഞാനം കൂടിയേ തീരു. ഇന്നുള്ളവർ അക്കാര്യത്തിലാണു പരുങ്ങുന്നത്. ഒരു കത്തോലിക്കൻ ഡയലോഗിലേർപ്പെടുന്നതിനു സ്വന്തം വിശ്വാസം അവതരിപ്പിക്കുന്നതിനുള്ള കഴിവുമാത്രം പോരാ; താഴെപ്പറയുന്ന അറിവു കൂടി വേണം.

1. ഓർത്തഡോക്സ് പ്രോട്ടസ്റ്റൻെറ സഭകളുടെ പ്രബോധനങ്ങളെക്കുറിച്ചു വ്യക്തമായ ധാരണ വേണം;

2. കത്തോലിക്കാ പ്രബോധനത്തെക്കുറിച്ചു അകത്തോലിക്കരുടെ അഭിപ്രായം അറിഞ്ഞിരിക്കണം

3. അകത്തോലിക്കാ ദൃഷ്ടിക്കു കത്തോലിക്കാവിശ്വാസ സംഹിതയിൽ പോരായ്മയോ അവ്യക്തതയോ തോന്നുന്ന വിഷയങ്ങൾ ഏവയെന്ന് മനസ്സിലാക്കണം

.

4. നമ്മുടെ പ്രയോഗരീതികളും അവതരണസമ്പ്രദായങ്ങളും വിയോജിത സഹോദരങ്ങൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടു വരുത്തുന്നുണ്ടോ എന്നു ശോധന ചെയ്യണം.

5. പ്രയോജനവത്തല്ലാത്ത എല്ലാവിധ വാഗ്വാദങ്ങളും ഉപേക്ഷിക്കണം. (Emile -

www.malankaralibrary.com

Joseph De Smedt, Tolerance, Freedom and Ecumenism Seu p. 164).

ഇത്തരം കഴിവുകളുടെ അഭാവക്കാരാണ് എക്യുമെനിസത്തെ ഭള്ളു പറയുന്നത്; കാലഘട്ടത്തിൻെറ മേൽ കുറ്റം ചുമത്തുന്നത്.

## കാലഘട്ടം ആവശ്യപ്പെടുന്ന ശൈലി

ഡയലോഗിൻെറ ശൈലിയാണ് എക്യുമെനിസത്തിനു വേണ്ടത്. ആ ഹൃദയവിശാലതയിലേക്കുയരുവാൻ പലർക്കും സന്നദ്ധതയില്ല. ഡയലോഗിൻെറ സുസമ്മതങ്ങളായ ലക്ഷണങ്ങൾ താഴെപ്പറയുന്നവയാണ്.

1. "തൻപിള്ള പൊൻപിള്ള നയം" വർജ്ജിക്കണം;

2. വിവാദാത്മകമല്ല സംവാദം;

3. സത്യം ബലികഴിച്ചുകൊണ്ടുള്ള സ്നേഹം പാടില്ല;

4. സ്നേഹം ബലികഴിച്ചുകൊണ്ടുള്ള സത്യം പാടില്ല;

5. അന്ധമായ ദോഷജല്പനം അരുത്;

6. അന്യർ പൂജ്യമായി കരുതുന്നതിനെ അനാദരിക്കരുത്;

7. ഉത്തരം പറയാനില്ലാത്തവയെക്കുറിച്ചു തർക്കിക്കരുത്;

8. ദൈവവിജ്ഞാനീയം ദൈവശാസ്ത്രജ്ഞർക്കു വിട്ടുകൊടുക്കണം.; (Ref. ഫാ. വി. കിളിച്ചിമല എക്യുമെനിസം PP 146 - 207).

അപ്പോൾ എക്യുമെനിസം സൗഹാർദ്ദാന്തരീക്ഷം സൃഷ്ടിക്കും; സഭൈക്യം വളർത്തും. കുഴിമടിയന്മാർ കാലഘട്ടത്തെ കുറ്റം പറഞ്ഞ് ഉറങ്ങി കഴിഞ്ഞുകൊള്ളട്ടെ.

## ദൈവപരിപാലനയുടെ തിളക്കം

നിഷ്ക്രിയത്വം കുഞ്ഞേനാച്ചനെ അലട്ടിയില്ല. സഭയ്ക്കു വേണ്ടി പോരാടുവാൻ അദ്ദേഹം സദാ അരയും തലയും മുറുക്കി. ഡോക്ടറന്മാരുടെ നിർബന്ധം കൊണ്ടാണ് ആ സാക്ഷ്യസംഘയോദ്ധാവ് പ്രസംഗവേദിയിൽ നിന്നു വിരമിതനായത്.

എൺപതുവയസ്സുകഴിഞ്ഞപ്പോഴും ആ തീഷ്ണമതിക്കു യുവത്വത്തിൻെറ പ്രസരിപ്പുണ്ടായിരുന്നു. പ്രവർത്തനത്തിൽ മാത്രമല്ല ആശയഗതിയിലും അതു നിഴലിച്ചു. കല്ലൂപ്പാറയിലെ യുവതലമുറയുടെ എല്ലാ പ്രസ്ഥാനങ്ങളിലും പങ്കുകൊണ്ടു.

സംതൃപ്തിനിറഞ്ഞവനായിരുന്നു ആ കുടുംബ ജീവിതക്കാരൻ. "എൻെറ ആദ്യപുത്രനെയും ആദ്യപുത്രിയെയും ദൈവവേലയ്ക്കു സമർപ്പിച്ചു. അതുമൂലം എനിക്ക് യാതൊരു കുറവും വന്നില്ല. ഞാൻ സംതൃപ്തനാണ്" എന്നത്രേ ആ സന്തുഷ്ടഹൃദയൻ പറഞ്ഞത്. സീമന്തപുത്രൻ ഫാ. എബ്രഹാംമാരേട്ടും സീമന്തപുത്രി

www.malankaralibrary.com


സിസ്റ്റർ ജോർജിയാ എസ്. ഐ. സി. യും (പുഷ്പഗിരി തിരുവല്ലാ) ആ തീഷ്ണമതി കാട്ടിക്കൊടുത്ത വഴിയിലൂടെ നീങ്ങുന്നു. രണ്ടാമത്തെ മകനും കൊച്ചുമക്കളുമായി ആറുപേർ അമേരിക്കൻ ഐക്യനാടുകളിൽ കഴിയുന്നു. മാരേട്ടു ചിട്ടി ഫണ്ടു സ്ഥാപനത്തിൻെറ ഉടമയായ ശ്രീ. ജോർജ് എം. നൈനാൻ കുഞ്ഞേനാച്ചൻെറ മൂന്നാമത്തെ മകനാണ്. കുടുംബജീവിതത്തിൽ സസന്തോഷം ഒരു പുത്രി തുടരുന്നു. മക്കൾക്കും കുടുംബത്തിനും സർവ്വദാ സന്തുഷ്ടി നല്കികൊണ്ടാണ് സഹധർമ്മിണി ശോശാമ്മയുടെ നീക്കം. സന്തോഷത്തിന് കൂടുതൽ എന്തുവേണം?

ഭക്തകൃത്യങ്ങൾ ആ ക്രിസ്തീയഭക്തൻ മുടക്കിയിരുന്നില്ല. ജപമാല എന്നും ചൊല്ലും; വേദപുസ്തകം വായിക്കും; ക്രിസ്താനുകരണം പാരായണം ചെയ്യുകയും അനുധ്യാനത്തിനു വിഷയമാക്കുകയും ചെയ്യും. കുമ്പസാരവും വി. കുർബാനാനുഭവവും കൂടെക്കൂടെ നടത്തും. മരണത്തിൻെറ തലേന്നു കുമ്പസാരിച്ച് വി. കുർബാന അനുഭവിച്ചു.

ദൈവ പരിപാലനയുടെ വിലാസം ആ ജീവിതത്തിൽ ഉടനീളമുണ്ട്. ചെറുതും വലുതുമായ സംഭവങ്ങളിൽ അതു നിഴലിച്ചു. രോഗക്കിടക്കയിൽ മൂത്ത പുത്രൻെറ (വൈദികനായ മകൻെറ) പരിചരണം എപ്പോഴും ഉണ്ടായി. സ്വന്തം പള്ളിയിലെ ഞായറാഴ്ചകുർബാന നടത്തുവാൻ പോകുന്നതിന് അച്ചൻ ഒരു ശനിയാഴ്ച അപ്പൻെറ അനുവാദം ചോദിച്ചു. അനുമതി നല്കപ്പെടുകയും ചെയ്തു. രോഗസ്ഥിതിയിൽ പ്രത്യേകത ഒന്നും അന്നു തോന്നിയിരുന്നില്ല. "പ്രത്യേകിച്ച് ഒന്നും പറയാനില്ല" എന്നാണ് ഡോക്ടർ നിർദ്ദേശിച്ചത്. 25 കിലോമീറ്ററോളം അകലെയാണ് അച്ചൻെറ പള്ളി. സ്ഥലത്തെ ഇടവകവികാരി യാത്രയിലാണ്. അയൽവികാരിയും സ്ഥലത്തില്ല.

അന്നു പതിവുപോലെ കുഞ്ഞേനാച്ചൻ കാപ്പികുടിച്ചു; 9 മണിയോടെ കഞ്ഞിയും. കുമ്പഴ ആശ്രമംസുപ്പീരിയർ ഫാ. ഇഗനേഷ്യസ് ഒ. ഐ. സി. (ആർച്ചുബിഷപ്പ് ബനഡിക്ട് മാർഗ്രിഗോറിയോസിൻെറ സഹോദരൻ) അന്നു പതിവില്ലാതെ കയറി വന്നു. യാദൃച്ഛികമായി അങ്ങനെ സംഭവിച്ചു എന്നാണ് ആ സന്ദർശനത്തെപ്പറ്റി അച്ചൻ പറയുന്നത്. അവർ കുറേനേരം സംസാരിച്ചിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിൻെറ പ്രാരംഭം മുതൽ ഉണ്ടായിട്ടുള്ള സംഭവങ്ങൾ, കരുണയുള്ള ദൈവം ആപ്രസ്ഥാനത്തിന്മേൽ ചൊരിഞ്ഞിട്ടുള്ള അനുഗ്രഹങ്ങൾ - എല്ലാം സംഭാഷണ വിഷയമായി. അല്പം ക്ഷീണക്കൂടുതൽ രോഗിക്കു തോന്നി. കാഴ്ച കുറഞ്ഞിരുന്നു. അച്ചൻെറ സഹായത്തോടു കൂടി അടുത്ത മുറിയിലെ കട്ടിലിൽ പോയി കിടന്നു. പ്രാർത്ഥിക്കുവാൻ അച്ചനോടപേക്ഷിച്ചു. സുബോധത്തോടു പ്രാർത്ഥനയിൽ പങ്കുകൊണ്ടു. അന്ത്യാശീർവ്വാദം സ്വീകരിച്ചു. "കർത്താവേ എന്നോടു കരുണചെയ്യേണമേ" എന്ന് പ്രാർത്ഥിച്ചു. ദൈവ പരിപാലനയിൽ ശരണം വച്ച ഒരു ഭക്താത്മാവിൻെറ അന്ത്യവാക്കുകൾ!

*(പി. സി. വറുഗീസ് പുളിയങ്കീഴ് നല്കിയ വിവരം ലേഖന രചനയ്ക്ക് സഹായകമായിട്ടുണ്ട്. ലേ)*

◆

www.malankaralibrary.com

# 13

# കരവട്ടു സൈമൺ കോർ എപ്പിസ്കോപ്പാ



കൊടുത്ത ശത്രുക്കൾ അടുത്ത മിത്രങ്ങളാവുക - കത്തോലിക്കാ സഭയുടെ മുമ്പിൽ ഇതു സാധാരണമാണ്. റോമാസഭയെ നിശിതമായി എതിർത്തവനാണ് കരവട്ടു കോർ എപ്പിസ്ക്കോപ്പാ. ആ സഭയെ അവഹേളിച്ച് അദ്ദേഹം നാടുനീളെ പ്രസംഗിച്ചിട്ടുണ്ട്. പുനരൈക്യത്തിന് ഒരുങ്ങുന്നവരെ പല പ്രകാരത്തിൽ തടഞ്ഞിട്ടുണ്ട്.

കോർ എപ്പിസ്കോപ്പായുടെ പിതൃസഹോദരനായിരുന്നു കണ്ടനാട്ടു യോവാക്കീം മാർ ഈവാനിയോസ്. ദൃഢബോധ്യം നിമിത്തം കത്തോലിക്കാസഭയിൽ ചേരാൻ അദ്ദേഹം നിശ്ചയിച്ചു.; എറണാകുളം അതിമെത്രാസനാരമനയിലേക്കു പോകാൻ ഒരുക്കം പൂർത്തിയാക്കി. അന്നു ശെമ്മാശ്ശനായിരുന്ന സൈമൺ കോർ എപ്പി സ്കോപ്പായും കൂട്ടുകാരൻ മൂക്കഞ്ചേരിൽ പത്രോസു ശെമ്മാശ്ശനും (പിന്നീട് ഒസ്താത്ത്യോസ് മെത്രാൻ) കൂടി ഒരു ചതിവു ചെയ്തു. എറണാകുളത്തിന് എന്നു പറഞ്ഞ് തിരുമേനിയെ വള്ളത്തിൽ കയറ്റി; പരുമലയ്ക്കു പോകാൻ വള്ളക്കാരനെ ചട്ടംകെട്ടി. അങ്ങനെ യോവാക്കീം മാർ ഈവാനിയോസിൻെറ പുനരൈക്യശ്രമം തകർന്നു. അല്ല സൈൺ ശെമ്മാശ്ശൻ ആ ശ്രമത്തെ തകർത്തു.

www.malankaralibrary.com


## കോർ എപ്പിസ്കോപ്പായുടെ വിലാപം

"ചതിവു ചെയ്ത കടുംകൈ" എന്ന പേരിൽ കോർഎപ്പിസ്കോപ്പാ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അദ്ദേഹത്തിൻെറ ആത്മരോദനമാണത്. 1948-ൽ ഫാ. തോമസ് ഇഞ്ചയ്ക്കലോടി പ്രസിദ്ധീകരിച്ച "സത്യസഭാ കാഹളം" വിശേഷാൽ പ്രതിയിൽ പ്രസ്തുതലേഖനം കാണാം. ആത്മവിലാപം തനിരൂപത്തിൽ ഗ്രഹിക്കുവാൻ ലേഖനത്തൻെറ പ്രസക്തഭാഗം ഉദ്ധരിക്കാം. ഉദ്ധൃതലേഖനത്തിലെ ഉപശീർഷകങ്ങൾ ഈ എഴുത്തുകാരൻ ചേർത്തിട്ടുള്ളതാണ്.

## യൂവാക്കീം മാർ ഈവാനിയോസുമായി ബന്ധം

"1086-ലാണ് അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്നു ഞാൻ ശെമ്മാശുപട്ടം ഏറ്റത്. അക്കാലത്തു എൻെറ സ്ഥിരതാമസം പിതൃസഹോദരനായ കണ്ടനാട്ടു യൂവാക്കീം മാർ ഈവാനിയോസ് തിരുമനസ്സിലെ കൂടെത്തന്നെയായിരുന്നു. ഒരു വ്യാഴവട്ടക്കാലത്തിലധികം എനിക്കു തിരുമേനിയോടു അടുത്തു പരിചയമുണ്ട്. അദ്ദേഹം പരമാർത്ഥിയായ ഒരു പുണ്യപുരുഷൻ തന്നെയായിരുന്നു. കത്തോലിക്കാസഭയുടെ വിശ്വാസ സത്യങ്ങളുടെ വൈശിഷ്ട്യങ്ങളെപ്പറ്റി തിരുമനസ്സു കൊണ്ടു പലപ്പോഴും കല്പിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്.

"സുറിയാനിഭാഷയിൽ പണ്ഡിതനായിരുന്നു തിരുമേനി. യാക്കോബായക്കാർ കൈകൂപ്പി സമ്മതിക്കുന്ന ഹൂദായകാനോനിൽ "റീശു പാത്രിയർക്കീസിനെ"പ്പറ്റി പറയുന്ന ഭാഗമാണ് ഏറ്റവും പ്രധാനമായി ഉന്നയിച്ചിരുന്ന വാദമുഖം. തിരുമനസ്സിലെ സ്വന്തകൈയക്ഷരത്തിൽ ആ ഭാഗങ്ങൾമലയാളത്തിൽ വിവർത്തനം ചെയ്തു എഴുതി ഒപ്പും മുദ്രയും വെച്ചിട്ടുള്ള ഒരു പുസ്തകം എൻെറ പക്കലുണ്ട്. "റോമാ പാത്രിയർക്കീസിൻെറ "റീശോ ഉറാബോ" (തലവനും നേതാവും) എന്ന സ്ഥാനം സമ്മതിച്ചു കൊടുക്കേണ്ട ആവശ്യത്തെപ്പറ്റി തിരുമേനിക്കു ദൃഢമായ അഭിപ്രായമുണ്ടായിരുന്നു.

"രണ്ടാമതായി തിരുമനസ്സുകൊണ്ടു പലപ്പോഴും ശക്തിയായി കല്പിച്ചിരുന്ന കാര്യം "യാക്കോബായ ആരാധന ക്രമത്തിൽ നിന്നും വി. പത്രോസിൻെറ പരമാധികാരം, റോമാസിംഹാസനം ആദിയായ വിഷയങ്ങൾ പ്രസ്പഷ്ടമായി തെളിയിക്കാൻ സാധിക്കും" എന്നുള്ളതത്രേ. തിരുമനസ്സിലെ ഈ അഭിപ്രായങ്ങൾ പ്രബലപ്പെട്ടതിൻെറ ഫലമായി 1098-ൽ അന്നു കണ്ടനാടു കത്തോലിക്കാപ്പള്ളി വികാരിയായിരുന്ന ബ. തോട്ടുങ്കൽ അച്ചനുമായി പുനരൈക്യത്തിനുള്ള ആലോചനകൾ ആരംഭിച്ചു. അന്നു ഇന്ത്യയുടെ ഡലിഗറ്റു തിരുമനസ്സിലെ സെക്രട്ടറിയായിരുന്ന കണ്ടനാട്ടു സ്വദേശിയും ഇന്നു എറണാകുളം അതിരൂപതയിലെ ഒരു വൈദികനും ആയിരിക്കുന്ന പൈനുങ്കൽ റവ. ഫാ. ജോസഫ് പി. എച്ച്. ഡി; ഡി. ഡിയെ വരുത്തി എറണാകുളം മെത്രാപ്പോലീത്താ നി. വ. ദി. മ. ശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ ആലോചനയോടു കൂടി പുനരൈക്യ

www.malankaralibrary.com


പ്രശ്നം സംബന്ധിച്ചു അത്യാവശ്യം വേണ്ട സകല കാര്യങ്ങളും തിരുമേനി ശരിപ്പെടുത്തുകയുണ്ടായി. എറണാകുളം അരമനയിൽ ചെന്നു സത്യപ്രതിജ്ഞ നടത്തിവരുന്ന ദിവസവും സമയവും കൂടെ നിശ്ചയിച്ചു കഴിഞ്ഞു.

## പിന്തിരിപ്പിക്കൽ ശ്രമം

"ഞാൻ തിരുമേനിയെ പ്രസ്തുതഉദ്യമത്തിൽ നിന്നു പിന്തിരിപ്പിക്കുന്നതിനു പഠിച്ച പണി പതിനെട്ടും നോക്കി. വളരെ ശക്തിയായി തിരുമേനിയുടെ അഭിപ്രായങ്ങളെ ഞാൻ എതിർത്തു പോന്നു. ന്യായങ്ങൾ കൊണ്ടു തിരുമേനിയെ മടുപ്പിക്കുവാൻ കാര്യമായി എനിക്കു ഒന്നുമില്ലായിരുന്നുവെങ്കിലും ബാഹ്യമായ പല സംഗതികൾ പറഞ്ഞാണ് ഞാൻ ശ്രമിച്ചുകൊണ്ടിരുന്നത്. പക്ഷേ, നേരെയുള്ള വഴിക്കു സാദ്ധ്യമല്ലെന്നു കണ്ടതിനാൽ ഒരു ചതിവു തന്നെ പ്രയോഗിച്ചു തിരുമേനിയെ തടയണമെന്നു തീരുമാനിക്കത്തക്കവണ്ണം അതികഠിനമായ പ്രതിഷേധം എനിക്കു അക്കാര്യത്തിൽ ഉണ്ടായിരുന്നു. കത്തോലിക്കാ സഭയോടു അത്രമാത്രം വെറുപ്പും വിരോധവുമാണ് എനിക്ക് അന്നു ഉണ്ടായിരുന്നത്.

## ആട്ടിൻകുട്ടി ചതിക്കൂട്ടിൽ വീഴ്ത്തപ്പെട്ട കശ്മലത്വം

"മൂക്കഞ്ചേരിൽ പത്രോസു ശെമ്മാശ്ശനെ എന്റെ ആശയഗതികൾ അറിയിച്ചു. എറണാകുളം അരമനയിൽ നിന്നും കാർ അയയ്ക്കാമെന്നും പിറ്റേദിവസം അതിരാവിലെ അവിടെ എത്തിക്കൊള്ളാമെന്നുമാണ് നിശ്ചയിച്ചുറപ്പിച്ചതെന്നു ഞങ്ങൾ മനസ്സിലാക്കി. കാറിൽ കരവഴി പോകുന്നത് ഉദ്ദേശ്യ സാധ്യത്തിനു തടസ്സമായിത്തീരുമെന്നും ആളുകൾ വളരെ ബഹളമുണ്ടാക്കുകയും തടയുകയും ചെയ്യുമെന്നും രാത്രിയിൽ ഒരു നല്ല വള്ളത്തിൽ കയറി എറണാകുളത്തിനു പോകുന്നുവെങ്കിൽ വളരെ ശാന്തമായി നിർദ്ദിഷ്ടസ്ഥാനത്തും സമയത്തും എത്തുവാൻ സാധിക്കുമെന്നും മറ്റും തിരുമേനിയെ - സാധുവും പരമാർത്ഥിയുമായ തിരുമേനിയെ വളരെ തന്മയത്വത്തോടെ പറഞ്ഞു ധരിപ്പിച്ചു. നിഷ്കളങ്കനായ തിരുമേനി അതു അപ്പാടെ വിശ്വസിക്കയും അതിനു സമ്മതിക്കുകയും ചെയ്തു. ഉടൻ തന്നെ ഒരു നല്ല വള്ളവും ഞങ്ങൾ ഏർപ്പാടുചെയ്തു. അങ്ങനെ അത്താഴമേശ കഴിഞ്ഞു സകല സാധനസാമഗ്രികളോടും കൂടി ഞങ്ങൾ വള്ളത്തിൽ കയറി. പരുമലസെമിനാരിയിലേക്കു വള്ളം വിടുവാൻ തിരുമേനി അറിയാതെ വള്ളക്കാരനെ രഹസ്യമായി ചട്ടം കെട്ടുകയും ചെയ്തു. പതിവിലധികം സുഖമായി തിരുമേനി ആ രാത്രിയിലുറങ്ങി. വെളുപ്പിനു മൂന്നുമണിയായപ്പോൾ പതിവുപോലെപ്രഭാത പ്രാർത്ഥനയ്ക്കു തിരുമനസ്സുകൊണ്ടു ഉണർന്നു എന്നെ വിളിച്ചു. നടുപ്പന്നകം മാറ്റി മുഖം കഴുകിക്കൊണ്ടിരുന്നപ്പോൾ കരയിലേക്കു നോക്കിക്കൊണ്ടു "ഇതു വൈക്കം അടുത്തുള്ള ചെമ്മനാകരി എന്ന സ്ഥലമല്ലേ? എറണാകുളത്തിനു പോകുന്നതിനു ഇങ്ങനെ തെക്കോട്ടു പോകുന്നത് എന്തിനാണ്"? എന്നു ചോദിച്ചു. ഉടനെ വളരെ ശക്തിയായും നിർബ്ബന്ധമായും എറണാകുളത്തു പോകുന്നതിലുള്ള തടസ്സങ്ങൾ പറഞ്ഞിട്ടു പരുമലസെമിനാരിയിലേക്കു

www.malankaralibrary.com



പോകയാണെന്നു തുറന്നു പറഞ്ഞു. തിരുമനസ്സുകൊണ്ടു വാവിട്ടുകരഞ്ഞു കൊണ്ടു "നിങ്ങളുടെ എല്ലാം ഇഷ്ടം പോലെ ആകട്ടെ" എന്നു കല്പിക്കയും ചെയ്തു.

## മാർ യൂവാക്കീമിൻെറ അനന്തരകാലം

"അന്നു മുതൽ തിരുമനസ്സിലേക്കു പ്രത്യേകം മനസ്സുഖമില്ലായ്മയും രോഗപീഡകളും വർദ്ധിച്ചു. മൂന്നു കൊല്ലം തുടർന്നു പരുമലസെമിനാരിയിൽ തിരുമനസ്സുകൊണ്ടു താമസിച്ചു.

## യുവാക്കീം തിരുമേനിയും ബഥനിയുടെ മാർ ഈവാനിയോസും

"ആ കാലത്താണ് അന്നത്തെ എപ്പിസകോപ്പൽ സൂനഹദോസിൻെറ അദ്ധ്യക്ഷനായിരുന്നുകൊണ്ട് നിരണത്തുവെച്ച് ബഥനിയുടെ മാർ ഈവാനിയോസ് തിരുമനസ്സിലേക്കു മെത്രാൻ സ്ഥാനം കൊടുത്തത്. തൻെറ സ്ഥാനപ്പേരാകുന്ന മാർ ഈവാനിയോസ് എന്ന നാമധേയം അഭിവന്ദ്യപിതാവിനു ഇടുന്നതിൽ തിരുമനസ്സിലേക്കു പ്രത്യേകം നിർബ്ബന്ധവും താല്പര്യവും ഉണ്ടായിരുന്നു. സാധാരണയിൽ കവിഞ്ഞ സ്നേഹബഹുമാന വാത്സല്യങ്ങൾ ബഥനിത്തിരുമേനിയോടു തിരുമനസ്സിലേക്കുണ്ടായിരുന്നു. ഓറസ്ലേം യാത്രയിൽ ലഭിച്ച പല തിരുശ്ശേഷിപ്പുകൾ ആ വാത്സല്യപാത്രത്തെ പരുമലസെമിനാരിയിൽ വരുത്തി കാലം ചെയ്യുന്നതിനു കുറച്ചു കാലം മുമ്പ് ഏല്പിക്കുകയുണ്ടായി. ശാശ്വതമായ ആത്മസൗഭാഗ്യം സിദ്ധിച്ചു നിർവൃതി തേടുന്നതിന് തിരുസഭാ പുനരൈക്യം അത്യന്താപേക്ഷിതമായ ഒരു കാര്യമാണെന്നു ആത്മാർത്ഥമായി വിശ്വസിച്ചിരുന്ന ഒരു പുണ്യദേഹമായിരുന്നു വന്ദ്യതിരുമനസ്സുകൊണ്ട്. ഈ സുവിശ്വാസത്തിൽ തന്നെയാണ് തിരുമേനികാലധർമ്മം പ്രാപിച്ചിട്ടുള്ളത്."

## പുനരൈക്യത്തിനു കൊതിച്ച സമ്പൂജ്യവ്യക്തികൾ വേറെയും

"യൂവാക്കീം മാർ ഈവാനിയോസ് തിരുമനസ്സിലെ പിതൃസഹോദരനാണ് ദിവംഗതനായ സൈമൺ മാർ ഡയനേഷ്യസ് തിരുമേനി. അദ്ദേഹവും പുനരൈക്യത്തിനു വളരെ ആഗ്രഹിച്ച ഒരാളാണെന്നു അദ്ദേഹത്തിൻെറ ഡയറിയുടെ പല ഭാഗങ്ങൾ കൊണ്ടു തെളിയുന്നു.

യാക്കോബായ സഭയിലെ പല മെത്രാന്മാരും പുനരൈക്യത്തിനു ആഗ്രഹിക്കയും പരിശ്രമിക്കയും ചെയ്തിട്ടുള്ളവരാണ്. ദൈവത്തിൻെറ പ്രത്യേക വരപ്രസാദമില്ലാതെ അതു പ്രായോഗികമാക്കുവാൻ പ്രയാസം."

(സത്യസഭാ കാഹളം വിശേഷാൽ പ്രതി, 1948 PP 54, 55, 56)

## സഭാമാറ്റത്തിനു പിന്നിൽ

ജനിച്ചു വളർന്ന സഭയുടെ ദയനീയതയെക്കുറിച്ചു കോർ എപ്പിസകോപ്പാ ഒരു ലഘുലേഖയിൽ സങ്കടപ്പെടുന്നു. "മെത്രാന്മാർ പാത്രിയർക്കീസന്മാരെ അനുസരി

www.malankaralibrary.com


ക്കുന്നില്ല. പട്ടക്കാർമെത്രാന്മാരെ അനുസരിക്കുന്നില്ല. ജനം പട്ടക്കാരെ അനുസരിക്കുന്നില്ല. വി. കാനോനാകൾ പോലും അനുസരിക്കുവാൻ പലർക്കും മനസ്സില്ല. ശുദ്ധമുള്ള കാനോനാ വെട്ടിത്തിരുത്തി കേസിലെ വാദമുഖങ്ങൾക്കായി ഭയങ്കമാം വണ്ണം അലങ്കോലപ്പെടുത്തിയെന്നത് സത്യമാണെങ്കിൽ സഭയുടെ നില എന്താണ്? അടിസ്ഥാനം എവിടെയാണ്? കാനോനാകൾക്കു ഒപ്പുവെച്ച പിതാക്കന്മാർ പരിശുദ്ധ രക്തസാക്ഷിത്വത്തിൻെറ മുദ്രയാണല്ലോ അതിനിട്ടത്.

"യാക്കോബായ സഭയിൽ എന്തുകൊണ്ടു അടിക്കടി വഴക്കുകൾ ഉണ്ടായി സഭ നശിക്കുന്നു.? വിദ്യാഭ്യാസത്തിൻെറ കുറവോ? സാമ്പത്തിക പ്രാപ്തിയുടെ അഭാവമോ?. വൈദികരുടെ പ്രാപ്തിക്കുറവോ? ഇതൊന്നുമല്ലെന്നു ചിന്താശീലന്മാർ സമ്മതിക്കും. സത്യത്തിൽ നിന്നുതെറ്റി. അനുസരണം നശിച്ചു. സഭ താറുമാറാകാതെ തരമില്ല.

"പരമാധികാരിയുടെ അനുസരണത്തിൽ ബന്ധിക്കാതെ യാതൊരു കെട്ടുപണിയും ശാശ്വതമായിരിക്കുകയില്ല. പാതാളവാതിലുകൾ അതിനോടു ബലബന്ധം ചെയ്യുകയില്ല എന്നുള്ള അനുഗ്രഹം അനുഭവിക്കുകയില്ല...

...യാക്കോബായസഭയ്ക്കു ശീശ്മയിൽ നിന്നു മോചനം പ്രാപിക്കുവാനുള്ള ഏക അവലംബം കത്തോലിക്കാ സഭയോടുള്ള പുനരൈക്യമത്രേ..."

## കോർ എപ്പിസ്കോപ്പായും ഈ ലേഖകനും

1944-ലാണ് കോർ എപ്പിസ്കോപ്പാ പുനരൈക്യപ്പെട്ടത്. അന്നു തിരുവല്ലാ മൈനർ സെമിനാരിയിൽ വിദ്യാർത്ഥിയാണ് ലേഖകൻ. ആ അഭിവന്ദ്യ വ്യക്തിയുടെ സൗഹൃദ സംഭാഷണത്തിൽ പങ്കുചേരുവാൻ പലപ്പോഴും എനിക്ക് കഴിഞ്ഞിട്ടുണ്ട്. വൈദികപട്ടം കിട്ടിയശേഷം കണ്ടനാടു സെഹിയോൻ ചാപ്പലിൽ വി. കുർബാനയർപ്പിക്കുവാനും കോറിയച്ചൻെറ കുഴിമാടത്തിൽ പ്രാർത്ഥന ചൊല്ലാനും സാധിച്ചിട്ടുണ്ട്. അത്യാദരപൂർവ്വമാണ് ആ വ്യക്തിത്വത്തെ ഞാൻ വീക്ഷിച്ചിട്ടുള്ളത്.

ഞാൻ ഏകാന്തതയിൽ ആയിരിക്കുമ്പോൾ ആ മുഖശ്രീ പ്രത്യക്ഷപ്പെടുന്നതായി തോന്നിയിട്ടുണ്ട്. പുഞ്ചിരിക്കുന്ന ആ കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞിരിക്കുന്നതായിട്ടാണ് പലപ്പോഴും തോന്നിയിട്ടുള്ളത്. ആ ചുണ്ടുകൾ ചലിക്കുന്നതായും ഒരിക്കൽ സ്വപ്നത്തിൽ അനുഭവപ്പെട്ടു. ഞാൻ ചോദിച്ചു:

"കോർ എപ്പിസ്കോപ്പാ തിരുമേനി, കരയുകയാണോ? കണ്ണീർ ഒഴുകുന്നല്ലോ."

"ഞാൻ എങ്ങനെ കരയാതിരിക്കും" കോർ എപ്പിസ്കോപ്പാ പറഞ്ഞു.

"ചതിവു ചെയ്ത കടുംകൈ"യെക്കുറിച്ചുള്ള ദുഃഖമായിരിക്കും. അങ്ങു തനിച്ചല്ലല്ലോ അതു ചെയ്തത്?"

"പങ്കുകാരൻ ഉള്ളതുകൊണ്ടു എൻെറ ഉത്തരവാദിത്വം മാഞ്ഞുപോകുന്നില്ല

www.malankaralibrary.com


ല്ലോ."

"അങ്ങു ജനിച്ചു വളർന്ന സമൂഹത്തിൽ ഇത്തരം വഞ്ചനകൾ വേറെയുമുണ്ടെന്നു അറിയുന്നില്ലേ?"

"അറിയാം. വേണ്ടുവോളമറിയാം. കാപട്യത്തിൽ ജനിച്ചു, കാപട്യത്തിൽ വളർന്നു, കാപട്യത്തിൽ നിലനിൽക്കുന്ന കപടതയിൽ മുങ്ങിക്കുളിച്ച ഒന്നാണ് പുത്തൻകൂർ സമൂഹം."

"കാപട്യത്തിൽ ജനിച്ചു എന്നു പറയുന്നതു എന്തുകൊണ്ടാണ്?"

"പുത്തൻകൂർ സമൂഹത്തിലെ നിലയ്ക്കാത്ത കുഴപ്പങ്ങൾക്കുള്ള കാരണം ഉത്ഭവവേളയിലെ കപടതയും അതുളവാക്കിയ പുണ്യവസ്തു ദൂഷണം (Sacrilege) എന്ന പാപവുമാണ്."

"അങ്ങല്ലാതെ മറ്റാരെങ്കിലും ഇതു പറഞ്ഞിട്ടുണ്ടോ"?

"ഉണ്ടല്ലോ. വട്ടശ്ശേരിൽ മാർ ദീവന്യാസ്യോസ് ഇതു ഏറ്റുപറഞ്ഞിട്ടുണ്ട്."

"വട്ടശ്ശേരിത്തിരുമേനി എപ്പോളാണിതു പറഞ്ഞത്?"

"1931-ൽ പഴയസെമിനാരി ചാപ്പലിൽവെച്ചു വട്ടശ്ശേരിത്തിരുമേനി പ്രസംഗിച്ചു. പ്രസംഗം ശ്രവിച്ച ഫാ. റ്റി.വി. ജോൺ എം.എ.എൽ.റ്റി. അതു രേഖപ്പെടുത്തുന്നു. "നമ്മുടെ സഭയിൽ സമാധാനം ഉണ്ടാകാത്തതിനെപ്പറ്റി പലരും അവരുടെ മനോധർമ്മംപോലെ ഓരോരുത്തരുടെമേൽ കുറ്റം ആരോപിക്കുന്നുണ്ട്. ചിലർ പറയും മെത്രാന്റെ കുറ്റം കൊണ്ടാണെന്ന്. മറ്റുചിലർ പറയും പാത്രിയർക്കീസിന്റെ കുറ്റം കൊണ്ടാണെന്ന്. ഒട്ടുപേർ സി.ജെ. കുര്യന്റെ പേരും വേറെ ചിലർ മാമ്മൻ മാപ്പിളയുടെ പേരും പറയും. എന്നാൽ പ്രിയരേ, ഇവരുടെ ആരുടേയും കുറ്റം കൊണ്ടല്ല, കൂനൻ കുരിശുസത്യത്തിനുശേഷം പന്ത്രണ്ടുകത്തനാരന്മാർകൂടി പകലോമറ്റം തോമാ അർക്കദിയാക്കോനെ മെത്രാനായി വാഴിക്കണമെന്ന് ഇട്ടിത്തൊമ്മൻ കത്തനാർ എഴുതിയുണ്ടാക്കിയ കള്ളക്കല്പന മുതൽ സുന്നഹദോസുകൂടി അബ്ദൽ മിസിഹായെ മുടക്കിയെന്ന പ്രമാണം വരെ കള്ള റിക്കാർഡിന്മേലും കള്ള പ്രമാണങ്ങളിന്മേലുമാണ് നമ്മുടെ സഭ പണിതുപോന്നത്. അതു പൊളിച്ചുമാറ്റി വേറെ അടിസ്ഥാനമിട്ടു, ആ അടിസ്ഥാനത്തിന്മേൽ പണിയാത്ത കാലത്തോളം ശാശ്വതസമാധാനം ഉണ്ടാകയില്ല നിശ്ചയം." (ഫാ. റ്റി.വി. ജോൺ എം.എ.എൽ.റ്റി. മലങ്കര സഭയുടെ ഭാവി p 8, 9)

"ചരിത്രകാരന്മാർ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ടോ"?

"ഉണ്ടല്ലോ. ആ കുറവിലങ്ങാട്ടുകാരനു തെറ്റുപറ്റി എന്നു ഷെവ. വി.സി. ജോർജു വിശേഷിപ്പിക്കുന്നതു ഒന്നാം മാർത്തോമ്മായെ ആണ്."

"ഒന്നാം മാർത്തോമ്മായുടെ തെറ്റു എന്താണെന്നാണ് ഷെവ. ജോർജു

www.malankaralibrary.com


പറയുന്നത്".

"ശ്രീ. ജോർജു പറയുന്നു: 'മെത്രാനാകാൻ ഒരാൾ ആഗ്രഹിക്കുന്നതിൽ പാപമൊന്നുമില്ല. എന്നാൽ, ഒരു സാധാരണ പട്ടക്കാരൻ ഏതാനും അനുയായികളുടെയും പാർശ്വവർത്തികളുടെയും ആനുകൂല്യവും അംഗീകാരവും കൊണ്ടുമാത്രം അവർ എത്ര സ്വാധീനശക്തിയുള്ള പട്ടക്കാരും അല്മായ പ്രധാനന്മാരുമായിരുന്നാലും മെത്രാനാകുക ക്രൈസ്തവ സഭാചരിത്രത്തിലെ അഭൂതപൂർവ്വസംഭവങ്ങളിൽപ്പെടുന്നു. ഈ ചിന്ത അർക്കദിയാക്കോനെ മെത്രാനാകുവാനുള്ള ഉദ്യമത്തിൽനിന്നു നിവർത്തിപ്പിച്ചില്ല." (കതിരും കറ്റയും p. 96, 100)

"താൻ കാട്ടിക്കൂട്ടിയ പുണ്യവസ്തുദൂഷണ (Sacrilege) പാപത്തിന്റെ കാഠിന്യം ഒന്നാം മാർത്തോമ്മാ അറിഞ്ഞിരുന്നില്ലേ"?

"അറിഞ്ഞുകൊണ്ടുതന്നെ പാപം ചെയ്തു. മെത്രാൻ വേഷം കെട്ടൽ തികച്ചും കള്ളക്കളിയാണ്; മേൽപ്പട്ടസ്ഥാനം കൂടാതെ ആ സ്ഥാനത്തിനടുത്ത അനുഷ്ഠാനങ്ങൾ അനുചിതവും-അർക്കദിയാക്കോനും കൂട്ടർക്കും ഇതെല്ലാമറിയാമായിരുന്നു. കൈവെപ്പു സാധുവാക്കാൻ സർവ്വാത്മനാ സന്നദ്ധതയുണ്ട്. എന്നാൽ, മെത്രാനർഹമായ അനുഷ്ഠാനങ്ങളിൽ നിന്നു വിരമിക്കുവാൻ അദ്ദേഹം മനസ്സു കാട്ടിയില്ല. അതു തുടർന്നെങ്കിലേ സാക്ഷാൽ മെത്രാൻസ്ഥാനം ലഭിക്കയുള്ളു എന്നത്രേ അദ്ദേഹം കരുതിയത്. അദ്ദേഹം വൈദികപട്ടം നല്കി, വിശുദ്ധതൈലം കൂദാശ ചെയ്തു." (Ref. വി. സി. ജോർജ്, കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരളനസ്രാണികളും P. 175, 177)

"കാപട്യത്തിൽ വളർന്ന സമൂഹം എന്നു അങ്ങു വിശേഷിപ്പിക്കുന്നത് എന്താണ്?"

"കാനോൻ വെട്ടിത്തിരുത്തൽ, കാതോലിക്കാവാഴ്ചയിലെ കല്പനയ്ക്കു വരുത്തിയ ഭേദഗതി- എല്ലാം ഉദാഹരണങ്ങളാണ്."

"കാനോൻ വെട്ടിത്തിരുത്തൽ എന്താണ്?"

"മാർത്തോമ്മാക്കാരുമായുള്ള കേസിൽ ജയിക്കാൻ ഭേദഗതി ചെയ്ത ഒരു കാനോൻ ആണ് കോടതിയിൽ സമർപ്പിച്ചത്. കോടതി ഭാഷയിൽ ഇതിനെ '18' അക്കം എന്നു പറയുന്നു. പരുമല സെമിനാരിയിൽവെച്ചു തിരുത്തിയെഴുതപ്പെട്ട രണ്ടു കോപ്പികൾ മാത്രമാണിതിനുള്ളത്. പഴക്കം തോന്നിക്കുന്നതിനുവേണ്ടി തേയിലവെള്ളത്തിൽ മുക്കിയ കടലാസിൽ പുസ്തകം പകർത്തി; ഒന്നു രണ്ടു പേരെ കൂലിക്കെടുത്തു കൈയെഴുത്തു പ്രതിയുടെ ഓരോ കടലാസും തുടരെത്തുടരെ അനേകദിവസത്തേക്കു കൈകൊണ്ടുമറിപ്പിച്ചു മുഷിപ്പിച്ചു- എന്നെല്ലാം ഇതിനെപ്പറ്റി ശ്രുതിയുണ്ട്. മാർത്തോമാക്കേസിൽ വിജയിക്കാൻ സഹായകമായി. എങ്കിലും സമൂഹത്തിനു കണ്ഠകോടാലിയായി ഈ കള്ളക്കാനോൻ സ്ഥിതി ചെയ്യുന്നു. "(cfr. മോൺ. വടശ്ശേരി, എന്റെ തെങ്ങേലി പ്രസംഗം, p 338)

www.malankaralibrary.com


"കാതോലിക്കാവാഴ്ചയിലെ കല്പനയ്ക്കു വരുത്തിയ മാറ്റം എന്താണ്"?

"കാതോലിക്കാവാഴ്ചയ്ക്കു ശേഷം അബ്ദൽ മിശിഹാ ഇറക്കിയ കല്പനയിൽ മാറ്റം വരുത്തിയത്രേ. മേലിൽ എല്ലാം ക്രമമായും പതിവുപോലെയും അന്ത്യോക്യാപാത്രിയർക്കീസിൻെറ കല്പന പ്രകാരം (അക്പുക്ദോനോദ് പാത്രിയർക്കോദ് അന്ത്യോക്യാ) കാതോലിക്കായെ വാഴിക്കാൻ അനുവാദം ഉണ്ടെന്നായിരുന്നു കല്പനയുടെ സാരം. നക്കൽ പകർത്തുവാൻ നിയുക്തനായ പട്ടക്കാരൻ മേലിലുണ്ടാകാവുന്ന അന്ത്യോക്യാ ശല്യം കണ്ടു. 'അക്പുക്ദോനോദ് പാത്രിയർക്കോദ് അന്ത്യോക്യാ' (അന്ത്യോക്യാ പാത്രിയർക്കീസിൻെറ കല്പന പ്രകാരം) എന്നുള്ള സുറിയാനി പദങ്ങൾ വിട്ടുകളഞ്ഞിട്ടു പകർത്തിയെഴുതി. അബ്ദൽമിശിഹാ എവിടേയ്ക്കോ പോകാനൊരുങ്ങിയപ്പോൾ പട്ടക്കാരൻ പകർത്തിയ കോപ്പികൊണ്ടുവന്നു. "അതിനു ഒപ്പുവച്ചുതരണം" എന്നാവശ്യപ്പെട്ടു.

"ശരിയായി എല്ലാം എഴുതിയിട്ടുണ്ടോ"? പാത്രിയർക്കീസ്.

'പിതാവു വായിച്ചു നോക്കണം.'

'വായിപ്പാൻ ഇപ്പോൾ സമയമില്ലല്ലോ. എന്നാൽ വന്നിട്ടാവട്ടെ'

'ഈ സാക്ഷ്യപത്രം ഉടനെ വട്ടശ്ശേരി മെത്രാച്ചനെ ഏല്പിക്കണം. അദ്ദേഹം കാത്തുനിൽക്കുന്നു.'

ഉടനെ അബ്ദൽമിശിഹാ അതിനു ഒപ്പിട്ടുകൊടുത്തു. അബ്ദൽ മിശിഹാ മനസ്സു വെച്ചതൊന്ന്. കൃത്രിമം കാണിച്ച കല്പനയിലൂടെ പുറത്ത് വന്നത് മറ്റൊന്ന്". (Ibid p 382, 383) ഒന്നാം കാതോലിക്കായ്ക്കുശേഷമുള്ള കാതോലിക്കാമാരുടെ ശിഥിലമായ അടിസ്ഥാനം.!

"കാപട്യത്തിൽ വളരുന്നു എന്നു പറയുന്നതിൽ നിന്നു ഇന്നും കപടത കാട്ടുന്നുവെന്നല്ലേ അർത്ഥം? എന്താണങ്ങനെ പറയാൻ?"

"ശുദ്ധനുണ ഇന്നും ഉണ്ടെന്നു തന്നെ. 1993-ൽ പ്രസിദ്ധീകൃതമായ 'മലങ്കര ഓർത്തഡോക്സു സഭാ വിജ്ഞാനകോശം' എന്ന ആധികാരിക ഗ്രന്ഥത്തിൽ നിന്നാണ് ഉദ്ധരിക്കുന്നത്. എൻെറ മരണശേഷം 43 കൊല്ലം കഴിഞ്ഞാണ് അതിൻെറ പ്രകാശനം എന്നു അറിയാമല്ലോ. കൂനൻ കുരിശുസത്യത്തിനുശേഷം ഒന്നാം മാർത്തോമ്മായുടെ മെത്രാൻവാഴ്ചയെപ്പറ്റി അതിൽ പറയുന്നു. "പിന്നീട് ജൂൺ ഒന്നിന് (ഇടവം 22) ആലങ്ങാട്ടു ചേർന്ന യോഗത്തിൽ പന്ത്രണ്ടുമേൽപ്പട്ടക്കാർ ചേർന്നു അർക്കദിയാക്കോനെ എപ്പിസ്കോപ്പൽ സ്ഥാനത്തിൽ "മാർത്തോമ്മാ" എന്ന പേരിൽ അവരോധിച്ചു" (P. 658). (അടിവര ലേഖകൻേറത്)

ഇന്നത്തെ പണ്ഡിതന്മാരുടെ മുമ്പിൽ പണ്ടുള്ളവർ എത്രയോ മണ്ടന്മാരായിരുന്നെന്ന് ഈ പ്രസ്താവന തെളിയിക്കുന്നു. പന്ത്രണ്ടച്ചന്മാർ കൂടി തോമാ അർക്കദിയാക്കോനെ മെത്രാനാക്കി എന്നു മാത്രമേ ഇതുവരെ ആരും പറഞ്ഞിരുന്നുള്ളൂ. ഒന്നാം മാർത്തോമ്മായുടെ മേൽ ആരോപിതമായിരുന്ന പുണ്യവസ്തുദൂ

www.malankaralibrary.com


ഷണപാപം ഒറ്റയടിക്കു പരിഹരിക്കാൻ ഈ വിജ്ഞാനകോശരചയിതാക്കൾക്കു കഴിഞ്ഞിരിക്കുന്നു. പന്ത്രണ്ടുമേൽപ്പട്ടക്കാരുണ്ടായിരുന്നെങ്കിൽ തോമാ അർക്കദിയാക്കോനെ മെത്രാനാക്കേണ്ട കാര്യമുണ്ടായിരുന്നോ എന്നതു വേറെ കാര്യം. തോമ്മാക്കത്തനാർ കാട്ടിക്കൂട്ടിയ നുണയാണോ ഇന്നത്തെ പണ്ഡിതന്മാർ കെട്ടിച്ചമച്ച നുണയാണോ കൂടുതൽ വലിയ നുണ എന്നേ തീരുമാനിക്കേണ്ടതുള്ളു. വളർച്ചയനുസരിച്ചു നുണയും വലുതാകണമല്ലോ.

"കളങ്കപങ്കിലത അടിമുടി ബാധിച്ചിട്ടുള്ള ഒരു സമൂഹത്തിലെ അംഗങ്ങൾക്കും അതിൻെറ ദുഷ്ടു കുറെയെങ്കിലും കാണാതിരിക്കുമോ?"

"ഉണ്ടല്ലോ. സംവിധാനാത്മകതിന്മ എന്നു സാമൂഹ്യശാസ്ത്രജ്ഞന്മാർ പറയുന്നതുപോലെ സമൂഹത്തിൻെറ പൊതുതിന്മകളായ കാപട്യവും വഞ്ചനയും വ്യക്തികളിലും കടന്നുകൂടിയിട്ടുണ്ട്."

"ചില ഉദാഹരണങ്ങൾകൊണ്ടു ഇക്കാര്യം വ്യക്തമാക്കാമോ"?

"ഉദാഹരണം എത്ര വേണമെങ്കിലും ആകാം. ഞാൻ അടുത്തറിഞ്ഞിട്ടുള്ള ഉദാഹരണം പറയാം. എൻെറ ഭാര്യാസഹോദരനായിരുന്നു മഠത്തിൽ കോശിക്കുഞ്ഞ്. അദ്ദേഹത്തിനു കത്തോലിക്കാ സഭയിൽ ചേരേണ്ടിവന്നു. ത്രോണോസിൻെറ മുമ്പിൽ നിന്നു വേദപുസ്തകം ചുംബിച്ചുകൊണ്ടാണ് സത്യം ചെയ്തത്. സന്ദർഭം വന്നപ്പോൾ അവൻ സഭ വിട്ടുപോയി. ആ സത്യപ്രതിജ്ഞ ആത്മാർത്ഥതയുള്ളതായിരുന്നോ? കള്ളമായിരുന്നില്ലേ? ആത്മീയകാര്യത്തിൽ കാപട്യം!

അപ്പൻെറ മകൻ തന്നെയായിരുന്നു കോശിക്കുഞ്ഞിൻെറ പുത്രൻ പ്രിൻസ്. അവനു ഒരു കത്തോലിക്കാപെണ്ണിനെ കെട്ടണമെന്നായി. പുനരൈക്യപ്പെട്ടെങ്കിലേ കല്യാണം നടക്കൂ. പെണ്ണിൻെറ നിർബന്ധത്തിനു വഴങ്ങി പുനരൈക്യത്തിനു താല്പര്യപ്പെട്ടു. കത്തോലിക്കാ വൈദികൻ പറഞ്ഞു: വേദപുസ്തകം പിടിച്ചു ജീവൻെറ മേശയായ ത്രോണോസിൻെറ മുമ്പിൽ നിന്നു ആത്മാർത്ഥതയില്ലാതെ സത്യം ചെയ്യരുത്. അതു ചെറിയകാര്യമല്ല. അവൻ ആണയിട്ടു സമ്മതിച്ചു. പുനരൈക്യപ്പെട്ടു. കല്യാണം നടത്തി. കാര്യം നടന്നു കഴിഞ്ഞപ്പോൾ 'പൂരായണ' എന്നായി അവൻെറ സ്ഥിതി. വേദപുസ്തകം പിടിച്ചുള്ള സത്യം ചെയ്യൽ അവനെ തെല്ലും കുലുക്കിയില്ല. ആത്മാർത്ഥതയില്ലാത്ത സത്യം! കാപട്യം നിറഞ്ഞ വേദപുസ്തകചുംബനം!!

സത്യം ചെയ്തെന്ന വസ്തുത പോലും ചിലർ നിഷേധിക്കുന്നു. കൊച്ചൂട്ടിക്കു കുഞ്ഞുപെണ്ണമ്മയെ കെട്ടണമെന്നായി. അവൾക്ക് കുലീനതയുണ്ട്, സൗന്ദര്യമുണ്ട്, ജോലിയുണ്ട്, (ജർമ്മനിയിൽ നേഴ്സ്) പണമുണ്ട്. ഒരു ബുദ്ധിമുട്ടേയുള്ളു അവൾ റീത്തുകാരിയാണ്. റീത്തുപേക്ഷിക്കാൻ അവൾക്കു സമ്മതമില്ല. കൊ

www.malankaralibrary.com


ച്ചൂട്ടി കത്തോലിക്കാപ്പള്ളിയിൽ ചേർന്നു. കല്യാണം നടന്നു. അവനു പണം വേണ്ടുവോളമായി. കൂടുതൽ പറമ്പു വാങ്ങിച്ചു. പെണ്ണമ്മാരെ കെട്ടിച്ചു. വീടു പുതുക്കി. എങ്കിലും ഭാര്യയ്ക്കു ഭർത്താവിൽ നിന്നു തിക്താനുഭവമായി. വിശ്വാസക്കാര്യത്തിൽ അവൻ വഞ്ചന കാട്ടുന്നത്രേ. മക്കളെ കത്തോലിക്കാപ്പള്ളിയിൽ മമോമോദീസായ്ക്കു സമ്മതിക്കയില്ല. മതപഠനം സൗകര്യപ്പെടുത്തുകയില്ല. ഭർത്താവു പള്ളിയിൽ പോകയില്ല. ആ സാധ്വിക്കു വീർപ്പുമുട്ടലായി.

"എന്താ കൊച്ചൂട്ടീ ഇങ്ങനൊക്കെ"? ഒരിക്കൽ അച്ചൻ ചോദിച്ചു.

"എന്താണച്ചാ, കാര്യം"?

"നീ സത്യപ്രതിജ്ഞചെയ്തു കത്തോലിക്കാസഭയിൽ ചേർന്നതല്ലേ"?

"ഇല്ലച്ചാ, ഞാൻ സത്യപ്രതിജ്ഞ ചെയ്തിട്ടില്ല."

"നിൻെറ കല്യാണത്തിനു പള്ളിയിൽ നിന്നു കുറികിട്ടിയിട്ടില്ലേ"?

"ഉണ്ട്."

നിൻെറ കല്യാണം പള്ളിയിൽ വിളിച്ചുചൊല്ലിയിട്ടില്ലേ"? "നിൻെറ പേരു കത്തോലിക്കാപ്പള്ളി റജിസ്റ്ററിൽ ചേർത്തിട്ടില്ലേ?"

"ഉണ്ട്"

"നീ സത്യപ്രതിജ്ഞ ചെയ്തിട്ടില്ലെങ്കിൽ പിന്നെ എങ്ങനെയാണ് അകത്തോലിക്കനായ നിന്നെ കത്തോലിക്കാപ്പള്ളിയിൽ ഇടവകാംഗമാക്കിയത്"?

"എനിക്കറിഞ്ഞുകൂടാ".

സഭയിൽ ചേരുമ്പോഴുള്ള സത്യപ്രതിജ്ഞാവാചകം നിനക്കറിയാമോ?

വൈദികൻ തക്സാ കൊണ്ടുവന്നു അതു കാണിച്ചു. എന്തായാലും അയാൾ സമ്മതിക്കയില്ല. സത്യലംഘനം വലിയ തിന്മയായി കാണുന്നു. തന്മൂലം സത്യപ്രതിജ്ഞതന്നെ നിഷേധിക്കുകയാണ്.

ഇത്തരം സത്യലംഘനം പലരും മിടുക്കായികാണുന്നു. സമൂഹം അതിനെ അടിമുടി പോഷിപ്പിക്കുന്നു. സമൂഹത്തിൻെറ കാപട്യം വ്യക്തികളിലേയ്ക്കു ആളിപ്പടരുന്നു."

"കോർ എപ്പിസ്കോപ്പാ തിരുമേനീ" ഞാൻ കൈകൂപ്പിക്കൊണ്ടു ചോദിച്ചു: "സൗഹൃദാന്തരീക്ഷത്തിൻെറ കാലമല്ലേ ഇത്? അങ്ങു പറയുന്ന കാപട്യങ്ങൾ മറന്നു കളയുകയല്ലേ വേണ്ടത്?

"സൗഹൃദം ആവശ്യം തന്നെ" കോർഎപ്പിസ്കോപ്പാ പറഞ്ഞു: "എനിക്കു സ്വസ്ഥത കിട്ടിയതു ഞാൻ ചെയ്ത വഞ്ചനയോർത്തു മനസ്തപിച്ചപ്പോഴാണ്. ദൈവത്തിൻെറ പള്ളി വളരാൻകാപട്യം ആവശ്യമില്ല. കപടതകൾ പൂഴ്ത്തി

www.malankaralibrary.com


വെക്കുകയല്ല വേണ്ടത്. അതിനെക്കുറിച്ചു ദുഃഖിക്കാത്തിടത്തോളം കാലം അവിടെ ശാന്തി ഉണ്ടാകയില്ല."

## പ്രായശ്ചിത്തത്തിൻെറ സരണി

സ്വന്തകാപട്യത്തേയും സമുദായത്തിൻെറ കാപട്യത്തേയും സൈമൺ കോർ എപ്പിസ്കോപ്പാ അടുത്തറിഞ്ഞു നെടുവീർപ്പിട്ടു. പ്രായശ്ചിത്തത്തിൻെറ സരണിയായിരുന്നു അദ്ദേഹത്തിനു പുനരൈക്യം. ജീവിതം കൊണ്ടു മലങ്കരയുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗം കാണിച്ചു കൊടുത്ത ഈ യോദ്ധാവു 1950 ഡിസംബർ 29-ാം തീയതി ലോകത്തോടു യാത്ര പറഞ്ഞു. സ്വന്തശ്രമം മൂലം സ്ഥാപിതമായ കണ്ടനാടു സെഹിയോൻ ചാപ്പലിൽ ആ മൃതദേഹം സംസ്കരിക്കപ്പെട്ടു.

www.malankaralibrary.com

# 14

# മദർ ഹൂബാ



സന്ന്യാസിനിപ്രസ്ഥാനം ഇല്ലാത്ത സമൂഹത്തിൽ അത്തരമൊന്നിനു നേതൃത്വം കൊടുക്കുക; ശൂന്യതയിൽ നിന്ന് അതിനെ പടുത്തുയർത്തുക; ആദ്ധ്യാത്മികവളർച്ച മുറ്റിയ ഒരു സാർവത്രികതയിലേക്ക് അതിനെ ഒന്നടങ്കം പറിച്ചു നടുക; പൊന്തിഫിക്കൽ പദവിയിലേക്കു അതിനെ ഉയർത്തുക - ഒന്നും തന്നെ സാധാരണ ധീരതകൊണ്ടു സാധിക്കുന്നതല്ല. ബഥനി സന്ന്യാസിനിസമൂഹത്തിൻെറ വളർച്ചയിൽ മദർഹൂബായ്ക്കുള്ള സ്ഥാനം ഇങ്ങനെയുള്ള ഒന്നാണ്.

ആച്ചിയമ്മയാണ് മദർഹൂബായായിത്തീർന്നത്. അവർ മാതാവിൻെറ പിറവിപ്പെരുന്നാളിൽ ജനിച്ചു; മാതൃഭക്തയായി വളർന്നു; മാതാവിനെ പിഞ്ചെല്ലുന്ന കന്യകകളുടെ സമൂഹത്തിനു നേതൃത്വം കൊടുത്തു.

കായംകുളത്തെ പൊൻവാണിഭം കുടുംബം പുരാതനമായ ഒന്നത്രെ. ആ വീട്ടിൽ പെട്ട ഇടിച്ചാണ്ടിയുടെയും അന്നമ്മയുടെയും മകളായി ആച്ചിയമ്മ പിറന്നു, 1068 ചിങ്ങം 22-ാം തീയതി (1893 സെപ്തംബർ 8). രണ്ടുസഹോദരന്മാരും മൂന്നു സഹോദരിമാരുമാണ് അവർക്കുണ്ടായിരുന്നത്. മൂത്ത സഹോദരൻ കുഞ്ഞ്, അടുത്തവൻ ബേബിക്കുട്ടി. ബേബിക്കുട്ടി യൗവനാരംഭത്തിൽ മരിച്ചു. ജേഷ്ഠസ

www.malankaralibrary.com


ഹോദരി മറിയമ്മ, ഇളയ സഹോദരിമാർ അന്നമ്മ, ഏലിയാമ്മ എന്നിവർ.

പരുത്തിമൂട്ടിൽആശാൻ കായംകുളം പള്ളിവക സ്കൂളിൽ നിലത്തെഴുത്തു പഠിപ്പിച്ചിരുന്നു. അവിടെ ചേർന്ന് ആച്ചിയമ്മ പഠിച്ചു. മുൻസിഫു കോർട്ടിൽ ക്ലാർക്കായിരുന്നു ഇടിച്ചാണ്ടി. പുതുപ്പള്ളിയായിരുന്നു ജോലിസ്ഥലം. അപ്പനോടൊത്ത് ആച്ചിയമ്മ അവിടെ താമസിച്ചു. അവിടെ ആഞ്ഞിലിമൂട്ടിൽ പള്ളിക്കൂടത്തിൽ ചേർന്നു ഒന്ന്, രണ്ട്, എന്നീ ക്ലാസ്സുകൾ പഠിച്ചു. കായംകുളം ഗവൺമെൻറ് വിദ്യാലയത്തിലാണ് മൂന്ന്, നാല് ക്ലാസുകൾ പഠിച്ചത്.

ഒമ്പതു വയസുള്ളപ്പോൾ കുട്ടിക്ക് ഒരപകടം നേരിട്ടു. അടുത്ത വീട്ടിൽ ഊഞ്ഞാലുണ്ട്. ഊഞ്ഞാലാട്ടത്തിനു പോകരുതെന്നാണ് മാതാപിതാക്കൻ മാരുടെ ചട്ടം കെട്ടൽ. കുട്ടി വകവെച്ചില്ല. മാതാപിതാക്കന്മാർ സ്ഥലത്തില്ലാത്ത ഒരു ദിവസം വരുതി ലംഘിച്ച് ആച്ചിയമ്മ ഊഞ്ഞാലാടാൻ പോയി. വേലക്കാരിയുടെ പ്രേരണ ഉണ്ടായിരുന്നത്രെ. ആട്ടത്തിനിടയിൽ ഊഞ്ഞാലിൽ നിന്നും തെറിച്ചു, കൂട്ടിയിട്ടിരുന്ന മണൽകൂനയിൽ കുട്ടിവീണു. കൈകുത്തിയാണ് വീണത്. കൈ ഒടിഞ്ഞു കഠിനമായ വേദനയും നീരും. ചികിത്സ മുറയ്ക്കു നടന്നു. ഭക്ഷണത്തിനു പോലും കൈ അനക്കാൻ പാടില്ലാതായി. നീരുവന്നു കൈ പഴുത്തുപൊട്ടി. അതി വേദന അനുഭവിക്കേണ്ടിവന്നു. മൂന്നു നാലുകൊല്ലം ചികിത്സ നടത്തി. അതിനിടെ പഠനം നിലച്ചു. കൈയുടെ സ്വാധീനവും ഇല്ലാതായി.

കറ്റാനത്തു ആന്നിയിൽ പോളച്ചിറയ്ക്കലാണ് അമ്മവീട്. അവിടെ അമ്മാച്ചനോടൊത്ത് ആച്ചിയമ്മ 9-ാം വയസ്സുമുതൽ നാലുകൊല്ലം താമസിച്ചു. 13-ാം വയസിൽ കൈ തിരുമ്മിക്കാൻ പുതുപ്പള്ളിയിലേക്കു പോയി. വീടിനു തീ പിടിക്കുക എന്നൊരു അത്യാഹിതം 16-ാം വയസിലുണ്ടായി. തന്മൂലം കായംകുളത്തു പിതൃഭവനത്തിനു സമീപം ഒരു വാടക വീട്ടിൽ മാതാപിതാക്കന്മാരൊത്തു താമസിച്ചു. പിതൃസഹോദരൻ പി.ഐ. ദാനിയേലിൻെറ കൂടെ ആലപ്പുഴയിലും ഒരു കൊല്ലം ജീവിച്ചു. 1914-ൽ പുതുപ്പള്ളിയിൽ തിരിച്ചെത്തി. 1915-ലാണ് തേവലക്കര റ്റി. കെ. തോമസു ശെമ്മാശനുമായി പരിചയപ്പെട്ടത്.

## ആബോ ഗീവറുഗീസ് സെറാമ്പൂരിൽ

എം.എ. അച്ചനെന്നു പ്രഖ്യാതനായ ഫാ. പി.റ്റി. ഗീവറുഗീസ് അന്ന് സെറാമ്പൂർ കോളജിൽ പ്രൊഫസറായി പ്രവേശിച്ചു കഴിഞ്ഞിരുന്നു. ഡോ. ഹവ്വൽസുമായുള്ള പരിചയമാണ് അതിനു വഴിതെളിച്ചത്. സെറാമ്പൂർ കോളജിൻെറ പ്രിൻസിപ്പാളും അതിൻെറ സ്ഥാപനത്തിനും അഭിവൃദ്ധിക്കും വേണ്ടി പണിപ്പെട്ടിരുന്ന ദേഹവുമാണ് ഡോ. ഹവ്വൽസ്.

കിഴക്കൻ ബങ്കാളിലുള്ള ബാരിസോൾ എന്ന സ്ഥലത്തെ ഒരു സന്ന്യാസിനി സമൂഹവുമായി പരിചയപ്പെടുന്നതിനും ഫാ. പി.റ്റി. ഗീവറുഗീസിനു സാധിച്ചു. എപ്പിഫനി എന്ന പേരിലാണ് ആ സമൂഹം അറിയപ്പെട്ടത്. സിസ്റ്റർ ഈഡിത്തു ആണ് സ്ഥാപിക. ഇംഗ്ലണ്ടിലെ ലാൻഗ്രിച്ചു എന്നു പേരെടുത്ത ധനികൻെറ

 www.malankaralibrary.com 

മകളാണ് ഈഡിത്ത്. അവർ കോളജിൽ പഠിപ്പിക്കുക ആയിരുന്നു. സുവിശേഷ വേലയ്ക്കുള്ള താല്പര്യം ആഫ്രിക്കയിലെ നീഗ്രോകളുടെ ഇടയിൽ പ്രവർത്തിക്കുവാൻ ആ അഭ്യസ്തവിദ്യയെ പ്രേരിപ്പിച്ചു. മകളുടെ ആ ആഗ്രഹം ലാൻഗ്രിച്ചു സമ്മതിച്ചില്ല. ഇൻഡ്യയിൽ പ്രവർത്തിക്കുന്ന ഒരു യൂറോപ്യൻ മിഷനറി ഈ അവസരത്തിൽ അദ്ദേഹത്തെ സമീപിച്ചു. ഇന്ത്യയിലെ പ്രേഷിതവേലയ്ക്കു മകളെ വിടാൻ ആ പിതാവു സന്നദ്ധനായി. അപ്പന്റെ സ്വന്തം കപ്പലിലാണ് സിസ്റ്റർ ഈഡിത്തു ഇന്ത്യയിലെത്തിയത്. ഹൂഗ്ലിനദീതീരത്തുള്ള ഡൽറ്റകളിൽ ഒന്നിൽ ഒരു വലിയ പള്ളി പണികഴിപ്പിക്കുക എന്നതത്രേ ആ പ്രേഷിതഹൃദയ ആദ്യം ചെയ്തത്. എപ്പിഫനി സന്യാസിനി സമൂഹത്തിനു വേണ്ടിയത്രെ പള്ളി. അപ്പൻ നല്കിയ പണമാണ് അതിനുവേണ്ടി വിനിയോഗിച്ചത്. അക്ഷരാഭ്യാസവും സംസ്കാരവും ഇല്ലാത്ത പാവപ്പെട്ടവരുടെ ഇടയിൽ സിസ്റ്റർ ഈഡിത്തു വേല ആരംഭിച്ചു. ഒരു കോൺഫ്റൻസിൽ വച്ചു ഡോ. ഹൗവ്വത്സിനെയും മദർ ഈഡിത്തിനെയും ആബോഗീവറുഗീസ് പരിചയപ്പെട്ടു. പ്രേഷിത തീഷ്ണതയുള്ള മുന്നുപേരുടെ സൗഹൃദം!

## സ്ത്രീ വിദ്യാഭ്യാസവും സന്ന്യാസവും

കൽക്കട്ടാ കൂട്ടുകെട്ട് തീഷ്ണമതിയായ ആ കേരള വൈദികന്റെ ചിന്താഹൃദയത്തെ ഉണർത്തി. സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സന്ന്യാസപരവുമായ അഭിവൃദ്ധിക്കുവേണ്ടി ആ പ്രേഷിതഹൃദയം പിടഞ്ഞു. സ്ത്രീ ജനങ്ങളുടെ ഉദ്ധാരണത്തിനുള്ള പ്രചോദനമാണ് സിസ്റ്റർ ഈഡിത്തിൽ നിന്നു ലഭിച്ചത്. സ്ത്രീജനവിദ്യാഭ്യാസമോ സന്ന്യാസ പരിശീലനമോ അന്ന് മലങ്കരയിൽ ഉണ്ടായിരുന്നില്ല. കുറെ പെൺകുട്ടികളെ ബാരിസോളിലേക്കു കൊണ്ടുപോകുവാൻ അച്ചൻ നിശ്ചയിച്ചു. വിദ്യാഭ്യാസവും സന്ന്യാസപരിശീലനവുമാണ് ലക്ഷ്യം വെച്ചത്. ശൂരനാട്ടു കുറ്റിയിലച്ചന്റെ മകൾ മറിയാമ്മ, കല്ലറയ്ക്കൽ ഈപ്പച്ചന്റെ മകൾ കുഞ്ഞമ്മ, മാവേലിക്കര പുത്തൻ പുരയ്ക്കൽ പീലിപ്പോച്ചന്റെ മകൾ പി.പി. അന്നമ്മ എന്നിവർ സന്ന്യാസപരിശീലനം ഉന്നംവെച്ചു. മേപ്രാൽ മണലേൽ സാറാമ്മയും കണിയാന്ത്ര കൊച്ചേലിയാമ്മയും വല്ലത്തെ കുഞ്ഞമ്മയും അന്നു കൽക്കട്ടായ്ക്കു പോയവരാണ്. പഠനത്തിനു വേണ്ടിയത്രെ ഇവരുടെ യാത്ര. കൽക്കട്ടയിലെ ഡയോസിഷൻ കോളജിലാണ് അവർക്കു പ്രവേശനം ലഭിച്ചത്. ഹൈച്ചർച്ചുകാരുടെ പ്രസ്തുത സ്ഥാപനത്തിലെ അന്നത്തെ പ്രിൻസിപ്പൽ ബാപ്റ്റിസ്സു സന്ന്യാസസമൂഹത്തിലെ സിസ്റ്റർ മേരി വിക്ടോറിയാ ആയിരുന്നു.

സന്ന്യാസപരിശീലനത്തിനുള്ള താല്പര്യം ആച്ചിയമ്മയിൽ ഉണർന്നു. എം.എ. അച്ചന്റെ നേതൃത്വത്തിൽ കൽക്കട്ടയിലേക്കു പെൺകുട്ടികൾ പോകുന്ന വിവരം അവരെ ഉണർത്തി. റ്റി.കെ. തോമസു ശെമ്മാശനാണ് ഈ വാർത്ത നല്കിയത്. ബാരിസോളിലേയ്ക്കു പോകുവാൻ അവൾ ശ്രമമാരംഭിച്ചു. വി. കുർബാനാനുഭവവും കുമ്പസാരവും ക്രമമായി നടത്തിയിരുന്നു; രണ്ടാഴ്ചയിലൊരിക്കൽ ആറു മൈൽ നടന്ന് കറ്റാനത്തു പോയാണ് ഇവ നിർവ്വഹിച്ചത്. 1915 മുതൽ ഈ

www.malankaralibrary.com



ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ചു തുടങ്ങിയതാണ്.

സന്ന്യാസപരിശീലനത്തിനുപോയ രണ്ടുപേർ മടങ്ങി. പി.പി. അന്നമ്മ മാത്രം തുടർന്നു. വിദ്യാഭ്യാസാർത്ഥം പോയവരും ക്രമേണ തിരിച്ചുപോന്നു. രണ്ടാം ബാച്ചു 1917 ജൂൺ 22-ാം തീയതി ഇവിടെ നിന്നു പുറപ്പെട്ടു. ആച്ചിയമ്മ ഈ ഗ്രൂപ്പിലുണ്ടായിരുന്നു. കൂടെ മൂക്കഞ്ചേരിൽ പത്രോസ് റമ്പാച്ചന്റെ പെങ്ങൾ കുഞ്ഞിളച്ചിയും ആനിയിൽ അന്നമ്മയും. ആച്ചിയമ്മയുടെ അമ്മാച്ചന്റെ മകളാണ് അന്നമ്മ. ഈ മൂന്നുപേരും സന്ന്യാസ പരിശീലനമാണ് ആഗ്രഹിച്ചത്. വെണ്ണിക്കുളത്ത് കുടത്തുംമുറിയിൽ കീവർച്ചന്റെ മകൾ സാറാമ്മയും ഇലഞ്ഞിക്കൽ ജോൺവക്കീലിന്റെ മകൾ അച്ചാമ്മയും ഡയോസിഷൻ കോളജിൽ പഠനത്തിനുവേണ്ടി ഗ്രൂപ്പിൽ ചേർന്നു. മട്ടയ്ക്കൽ ശെമ്മാശനാണു കൊണ്ടുപോയത്. കപ്പൽ മാർഗ്ഗം സെറാമ്പൂരിലെത്തി. അവിടെ ഒരാഴ്ച താമസിച്ചു. ഫാ. പി.റ്റി. ഗീവറുഗീസ് അവരെ ബാരിസോളിൽ കൊണ്ടാക്കി. വിദ്യാഭ്യാസാർത്ഥം പോയ രണ്ടുപേരെ ഡയോസിഷൻ കോളജിൽ ചേർത്തു. അവർ ഹൈസ്ക്കൂൾ പഠനം മൂന്നു വർഷവും കോളജു പഠനം നാലുവർഷവും കൊണ്ടു പൂർത്തിയാക്കി. ഏഴു വർഷത്തിനുശേഷം ബി.എ. ബിരുദത്തോടുകൂടി നാട്ടിലേക്കു മടങ്ങി.

ബാരിസോളിലും ഡയോസിഷൻ കോളജിലും പരിശീലനം നടത്തിയിരുന്ന കേരളീയ പെൺകുട്ടികളുടെ കാര്യത്തിൽ ഫാ. പി.റ്റി. ഗീവറുഗീസ് അതീവശ്രദ്ധാലുവായി. കുമ്പസാരം, വി. കുർബ്ബാന, ആദ്ധ്യാത്മികോപദേശം എന്നിവയിലാണ് അദ്ദേഹം ജാഗരൂകനായത്. സുറിയാനി ഭാഷ അഭ്യസിക്കുന്നതിനും സൗകര്യമുണ്ടാക്കി.

സന്ന്യാസപരിശീലനം നടത്തിയിരുന്നവർ 1918-ൽ പോസ്റ്റുലൻസിയിൽ പ്രവേശിച്ചു. ഒളശ്ശയിൽ കെ.എ. യാക്കോബു ശെമ്മാശൻ (പിന്നീട് മാർ തെയോഫിലോസ്) ഇവർക്കു ക്ലാസ്സു എടുത്തിരുന്നു. പി.റ്റി.അന്നമ്മയ്ക്കു മാത്രമെ ഇംഗ്ലീഷു പരിജ്ഞാനം ഉണ്ടായിരുന്നുള്ളു.

കേരളത്തിൽ നിന്നുള്ള ഈ സന്ന്യാസാർത്ഥിനികൾ ജോബൽപൂർ മിഷനിൽ മൂന്നു മാസം ജോലിചെയ്തു. സിസ്റ്റർ ഹെലനാണ് നേതൃത്വം നല്കിയത്. ആറു മാസം ബാരിസോളിൽ അനാഥശാലയിൽ പണിചെയ്തു. കൈയ്ക്കു പ്രയാസമുണ്ടായിരുന്നു എങ്കിലും ആച്ചിയമ്മ മറ്റുള്ളരോടൊപ്പം പണിയെടുക്കാൻ മടിച്ചില്ല. തൊട്ടികളിൽ വെള്ളം നിറച്ചു തോട്ടത്തിൽ ചെടികൾ നനയ്ക്കുക, വസ്ത്രങ്ങൾ അലക്കുക എന്നീ ജോലികൾ കൃത്യമായും ഭംഗിയായും ചെയ്തു.

## സന്ന്യാസിനീ സംഘം തിരുമൂലപുരത്ത്.

പരിശീലനത്തിനു പോയ അർത്ഥിനികൾ 1920- ഏപ്രിൽ മാസത്തിൽ തിരികെപ്പോന്നു; മെയ്മാസത്തിൽ തിരുമൂലപുരത്തെത്തി. ബാലികാമഠത്തിനു പടിഞ്ഞാറുഭാഗത്തുള്ള പറമ്പു മഠത്തിനു വേണ്ടി വാങ്ങി കെട്ടിടം പണി നടന്നു

www.malankaralibrary.com


കൊണ്ടിരുന്നു. പണി പൂർത്തിയായിരുന്നില്ല. സന്ന്യാസിനികൾ ബാലികാമഠത്തിൽ താമസിച്ചു, ബോർഡിംഗുകുട്ടികളുടെ ആദ്ധ്യാത്മികമേൽനോട്ടം വഹിച്ചു. മദർ ഈഡിത്ത്, സിസ്റ്റർ ഹെലൻ എന്നീ ഓക്സ് ഫോർഡു സിസ്റ്റേഴ്സു കൂടെ എത്തിയിരുന്നു. പള്ളത്തു ബുക്കാനായിൽ അവർ മൂന്നു മാസം താമസിച്ചു.

മഠത്തിനുവേണ്ടിയുള്ള കെട്ടിടത്തിൻെറ പണി പൂർത്തിയായി. 1920 ഡിസംബർ മാസത്തിൽ അതിൻെറ കൂദാശ നടന്നു. സന്ന്യാസാർത്ഥിനികൾ പുതിയ വസതിയിൽ താമസമാക്കി. യൂറോപ്യൻ സിസ്റ്റേഴ്സ് പള്ളത്തുനിന്ന് തിരുമൂലപുരത്തെത്തുകയും ചെയ്തു. സന്ന്യാസപരിശീലനത്തിനുപോയിരുന്ന ആന്നിയിൽ അന്നമ്മ, പി.പി. അന്നമ്മ എന്നിവർ ബാലികാമഠത്തിൽ ഹൈസ്കൂൾ പഠനത്തിനു ചേർന്നു. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ഇവർ ബഥനി മഠത്തിൽ സന്യാസവസ്ത്രം സ്വീകരിച്ചു. ഡയോസിഷൻ കോളജിൽ പഠിച്ചു ബി.എ. പാസായ കൂടത്തും മുറിയിലെ സാറാമ്മ ബാലികാമഠം ഹൈസ്കൂളിൽ പഠിപ്പിക്കുകയായിരുന്നു. അർത്ഥിനികളുടെ കൂട്ടത്തിൽ ആ മഹിളയും ഉൾപ്പെട്ടു.

1926- സെപ്റ്റംബർ 21-നു അർത്ഥിനികളുടെ ആദ്യവ്രതവാഗ്ദാനം നടന്നു. ആച്ചിയമ്മ, കുഞ്ഞിളച്ചി, സാറാമ്മ എന്നിവരാണ് അതിനൊരുങ്ങിയത്. സിസ്റ്റർ ഹൂബാ, സിസ്റ്റർ ശൈന, സിസ്റ്ററ് ദനഹാ എന്നീ പേരുകൾ അവർ സ്വീകരിച്ചു. സിസ്റ്റർ ശൈന മദർ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. അങ്ങിനെ ബഥനി സന്ന്യാസിനീ സമൂഹം രൂപം കൊണ്ടു. മിശിഹാനുകരണ സന്ന്യാസിനി സമൂഹം (Sisterhood of the imitation of Christ) എന്ന നാമധേയവും അതിനു ലഭ്യമായി. പൗരസ്ത്യ പരിശുദ്ധൻ വി. ബസേലിയോസിൻെറ നിയമങ്ങളാണ് അവരെ വഴിനടത്തിയത്. ഇന്നത്തെ ഇരുവെള്ളിപ്ര ഹൈസ്കൂളിനു തൊട്ടടുത്തുള്ള കൊച്ചുകെട്ടിടത്തിൽ താമസിച്ചുകൊണ്ട് മാർ ഈവാനിയോസ് അവർക്കു നേതൃത്വം കൊടുത്തു.

## സാർവത്രികതയ്ക്കുവേണ്ടി കൈനീട്ടൽ

1920 സെപ്റ്റംബർ 20 ബഥനിയുടെ ചരിത്രത്തിൽ അവിസ്മരണീയമാണ്. അന്നാണ് കാതോലികപുനരൈക്യം നടന്നത്. മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഫാ. ജോൺ, സെറാഫിൻ ശെമ്മാശൻ, മിസ്റ്റർ ചാക്കോ കിളിലേത്ത് എന്നിവർ കൊല്ലം അരമന ചാപ്പലിൽവെച്ചു പുനരൈക്യപ്പെട്ടു. സമൂഹസ്ഥാപകനായ മാർ ഈവാനിയോസിൻെറ വഴിയിൽ നിന്നു മാറി നില്ക്കുവാൻ ബഥനി സിസ്റ്റേഴ്സിന് കഴിയുമായിരുന്നില്ല. അന്നുണ്ടായിരുന്ന പത്തു സഹോദരിമാർ ഒന്നടങ്കം മാർ ഈവാനിയോസിൻെറ വഴി തിരഞ്ഞെടുത്തു.

## തിരുവല്ലാ മഠം സുപ്പീരിയർ

പതിനൊന്നു വർഷം തിരുമൂലപുരത്തു കഴിഞ്ഞപ്പോൾ തിരുവനന്തപുരത്തു നാലാഞ്ചിറയിൽ ഒരു പുതിയ മഠം തുറന്നു. തിരുമൂലപുരത്ത് ഉണ്ടായിരുന്നവർ

www.malankaralibrary.com


തന്നെയാണ് അങ്ങോട്ടു പോയത്. 1936 ഏപ്രിൽ 23-ാം തീയതി ആയിരുന്നു അത്. അക്കൊല്ലം ജൂൺ 16-ാം തീയതി മാർ തെയോഫിലോസു തിരുമേനി തിരുവല്ലാ രൂപതാഭരണമേറ്റു. അപ്പോൾ മദർ ഹൂബായും സിസ്റ്റർ തൈബ്യൂസും സിസ്റ്റർ ബ്രുക്സായും തിരുമൂലപുരം മഠത്തിലേക്കു തിരിച്ചുവന്നു. രണ്ടു മാസംമാത്രമെ തിരുമൂലപുരം മഠം ആളില്ലാതെ പൂട്ടിയിടേണ്ടിവന്നുള്ളു. മദർ ഹൂബാ തിരുവല്ലാ മഠത്തിൻെറ മദർ സുപ്പീരിയറായി. സിസ്റ്റർ ത്രിസൂസിൻെറ സഹായവും അവർക്കു ലഭിച്ചു. ക്രമേണ മഠത്തിൽ അർത്ഥിനികൾ ചേർന്നു കൊണ്ടിരുന്നു.

## മാർ സേവേറിയോസിൻെറ നേതൃത്വം

1937 നവംബർ 17-ാം തീയതി നിരണം ഭദ്രാസനാദ്ധ്യക്ഷൻ മാർ സേവേറിയോസ് വാളക്കുഴിയിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. മാർ തെയോഫിലോസു തിരുമേനി രോഗബാധിതനായി ചെറുപുഷ്പഗിരി അരമനയിൽ വിശ്രമിക്കുകയായിരുന്നു. അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ തിരുവല്ലാ രൂപതയുടെ ഭരണഭാരം മാർ സേവേറിയോസ് കൈയേറ്റു, 1938 ഒക്ടോബർ 8-ാം തീയതി.

## സമൂഹ വളർച്ച

മദർ ഹൂബായുടെ പ്രവർത്തനം രൂപതയുടെ വിവിധ ഭാഗങ്ങളിലേക്കു വ്യാപിച്ചു. പിറവത്ത് ഒരു ബോർഡിംഗു തുടങ്ങി. തുടർന്നു 1942 മെയ് 16-ാം തീയതി അവിടെ മഠം ആരംഭിച്ചു. സിസ്റ്റർ ത്രിസൂസ്, സിസ്റ്റർ ആഗ്നസ്, സിസ്റ്റർ മേരി, സിസ്റ്റർ ത്രേസ്യാ, എന്നിവരായിരുന്നു അവിടത്തെ ആദ്യകാല പ്രവർത്തകർ. സിസ്റ്റർ ത്രിസൂസ് സുപ്പീരിയറായി സേവനമനുഷ്ഠിച്ചു. തിരുമൂലപുരം മഠത്തിലെ സഹോദരിമാരുടെ എണ്ണം 1947-ൽ മുന്നിൽ നിന്നു 25 ആയി ഉയർന്നു. 50 സിസ്റ്റേഴ്സിനെ കണ്ടിട്ടു മരിക്കണമെന്നായിരുന്നു മദർ ഹൂബാ പറഞ്ഞിരുന്നത്. 166 സിസ്റ്റേഴ്സിനെ കണ്ടുകൊണ്ടു മരിക്കുന്നതിനുള്ള ഭാഗ്യം മദറിനുണ്ടായി.

മഠം എന്നോ രൂപതയെന്നോ അന്ന് ഭേദമുണ്ടായിരുന്നില്ല. മഠത്തിൻെറ വളർച്ചയ്ക്കുവേണ്ടി രൂപതയും രൂപതയുടെ വളർച്ചയ്ക്കുവേണ്ടി മഠവും പ്രവർത്തിച്ചു. രണ്ടിൻെറയും വികസനത്തോടൊപ്പം പ്രസ്ഥാനവും കുതിച്ചു. 1947 ജനുവരി 4-ന് കുന്നംകുളത്ത് മഠവും ഹൈസ്കൂളും തുടങ്ങി. ഒപ്പം ബോർഡിംഗും ഉണ്ടായിരുന്നു. 1950 മെയ് 5-ാം തീയതി മാർ സേവേറിയോസ് തിരുവല്ലാ രൂപതയുടെ മെത്രാനായി സ്ഥാനാരോഹണം ചെയ്തു. അക്കൊല്ലം തന്നെ ജൂൺ മാസത്തിൽ പിറവത്ത് എൽ.പി. സ്കൂൾ ആരംഭിച്ചു. സിസ്റ്റർ ഡൊറത്തി, സിസ്റ്റർ ലീസ, സിസ്റ്റർ തെയോഫിൻ, സിസ്റ്റർ മോനിക്കാ, ഇഞ്ചയ്ക്കലോടി ഏലിയാമ്മ എന്നിവരാണ് സ്കൂളിൽ പ്രാരംഭപ്രവർത്തകർ. 1952-ൽ അഞ്ചെൽപ്പെട്ടി സ്കൂൾ തുടങ്ങി. സിസ്റ്റർ ലീമാ, സിസ്റ്റർ ദഖിയ, സിസ്റ്റർ കാർമ്മൽ എന്നിവരായിരുന്നു അവിടെ സേവനത്തിനെത്തിയത്. 1953 ജനുവരിയിൽ മാർ ഈവാനിയോസിൻെറ സഹായമെത്രാനായി ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് അഭിഷിക്തനായി, സ്ഥാപക നേതാവിൻെറ വേർപിരിയൽ 1953-ജൂലൈ 15-ാം തീയതി ബഥനി സമൂഹത്തെ ദുഃഖപൂരിതമാക്കി.

 www.malankaralibrary.com 

പത്തനംതിട്ടജില്ലയിൽ നല്ലനിലവാരം പുലർത്തി വിരാജിക്കുന്ന ചെങ്ങരൂർ ഹൈസ്കൂളും കോൺവൻറും തുടങ്ങിയത് 1953 സെപ്റ്റംബർ 1-ാം തീയതിയാണ്. കിളിച്ചിമലകൊച്ചുപാപ്പിയുടെ വസതിയിലാണ് അവിടെ ആദ്യം മഠം തുടങ്ങിയത്.

## മദർ ജനറൽ

തിരുവല്ലാരുപതയിലെ ബഥനിസന്ന്യാസിനീസമൂഹത്തിൻെറ മദർ ജനറലായി മദർ ഹൂബാ നിയമിതയായി. ഫാ. സക്കറിയാസ് പോളച്ചിറയ്ക്കൽ മാർ അത്തനാസിയോസ് എന്ന പേരിൽ മാർ സേവേറിയോസിൻെറ സഹായ മെത്രാനായി വാഴിക്കപ്പെട്ടത് 1954 ഏപ്രിൽ 22-നായിരുന്നു.

1955 ജനുവരി 18-ാം തീയതിയാണ് അഭിവന്ദ്യജോസഫ് മാർ സേവേറിയോസ് കാലം ചെയ്തത്. ഒന്നരകൊല്ലം കഴിഞ്ഞു കൃത്യം പറഞ്ഞാൽ 1956 ജൂൺ 27-ാം തീയതി മാർ തെയോഫിലോസ് ദിവംഗതനായി.

## പൊന്തിഫിക്കൽ പദവി

പൊന്തിഫിക്കൽ പദവിയിലേക്ക് ബഥനി സന്ന്യാസിനീ സമൂഹം ഉയർത്തപ്പെട്ടു, 1956 ആഗസ്റ്റു 21-ാം തീയതി. കേരളത്തിലെ സന്ന്യാസിനി സമൂഹങ്ങൾ ഒന്നും തന്നെ അന്ന് ആ പദവിയിൽ എത്തിയിരുന്നില്ല. ഒരു മദർ ജനറലിൻെറ കീഴിൽ തിരുവനന്തപുരം, തിരുവല്ല എന്നീ രണ്ടു പ്രൊവിൻസുകളായി സമൂഹം വിഭജിക്കപ്പെട്ടു. ആദ്യത്തെ മദർ ജനറൽ മദർ മാക്സാ; തിരുവല്ലായിലെ മദർ പ്രൊവിൻഷ്യൽ മദർ ഹൂബായും. അന്നു 73 സഹോദരിമാർ തിരുവല്ലാ പ്രൊവിൻസിൽ ഉണ്ടായിരുന്നു.

## വിശ്രമത്തിലേക്ക്

1960 ഏപ്രിൽ മുതൽ മദർ ഹൂബാ പ്രൊവിൻഷ്യൽ സ്ഥാനം ഒഴിഞ്ഞു. ഒന്നാം കൗൺസിലറായി പ്രവർത്തിച്ചു. 1965 മുതൽ വിശ്രമം ആവശ്യമായിത്തീർന്നു. ജോലി തുടരാൻ കഴിയാത്ത വിധം മാനസികവും ശരീരികവുമായ അസ്വാസ്ഥ്യം. പുഷ്പഗിരി ആശുപത്രിയിലെ ചികിത്സ തുടർച്ചയായി ചെയ്തു. ഡോക്ടർ സിസ്റ്റർ സ്കൊളാസ്റ്റിക്കയുടെ പ്രത്യേക പരിചരണമുണ്ടായി. 1971 ഒക്ടോബർ മാസത്തിൽ രോഗം വർദ്ധിച്ചു. 24-ാം തീയതി വെളുപ്പിനു മദർ ലോകത്തോടു വിടപറഞ്ഞു. സിസ്റ്റേഴ്സിൻെറ ഒരു വലിയ പറ്റം പ്രാർത്ഥന ചൊല്ലിക്കൊണ്ട് അപ്പോൾ ചുറ്റുമുണ്ടായിരുന്നു, ഫാ. പീറ്റർ ഒ.ഐ.സി. ആദ്ധ്യാത്മിക ശുശ്രൂഷകൾ അനുഷ്ഠിച്ചു കൊണ്ടും.

## സാക്ഷാൽകരിക്കപ്പെട്ട ലക്ഷ്യങ്ങൾ

1. സ്ത്രീ ജനങ്ങളുടെ ഉദ്ധാരണം:

സ്ത്രീ ജനങ്ങളുടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ വളർച്ചയും തദ്വാരാ സമുഹത്തിൻെറ ഉയർച്ചയുമാണ് ബഥനി ലക്ഷ്യം വെച്ചിരുന്നത്. ബാരിസോളിലെ സന്ന്യാസപരിശീലനം കഴിഞ്ഞെത്തിയ മദർ ഹുബായുടെ ആദ്യ പ്രവർത്തനം ബാലികാമഠം ഹൈസ്കൂളിലെ ആദ്ധ്യാത്മിക ഗുരു എന്ന നിലയി

www.malankaralibrary.com


ലാണ്. അതിനെക്കുറിച്ച് ശ്രീ. കെ.ജി. വറുഗീസ് മൈലക്കാലിൽ സ്മരിക്കുന്നു: "ബാലികാമഠം ഹൈസ്കൂളിലെ ആദ്യത്തെ ആദ്ധ്യാത്മികഗുരു പിൽക്കാലത്ത് മദർ ഹൂബാ എന്നറിയപ്പെടുന്ന ആച്ചിയമ്മ കൊച്ചമ്മ ആയിരുന്നു. കൊച്ചമ്മയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ ആദ്ധ്യാത്മികനിലവാരം വളരെ മെച്ചപ്പെട്ടു. അനേകം യഥാർത്ഥ ക്രൈസ്തവഭക്തരായ കുടുംബിനികളെ ആച്ചിയമ്മ കൊച്ചമ്മ വാർത്തെടുത്തു."

2. സാമൂഹ്യോദ്ധാരണം

മദർ ഈഡിത്തിന്റെ മാതൃകയും പരിശീലനവുമാണ് ബഥനി സിസ്റ്റേഴ്സിനെ നയിച്ചത്. ഒരു പ്രൈമറി സ്കൂൾ അവർ തിരുമൂലപുരത്തു നടത്തി. ഇന്നതു യു.പി. സ്കൂൾ ആയി ഉയർന്നിട്ടുണ്ട്. ഹരിജനങ്ങളുടെ അക്ഷരാഭ്യാസത്തെ മുൻനിർത്തി "നല്ലയിടയന്റെ സ്കൂൾ" എന്നൊരു പള്ളിക്കുടവും അവർക്കുണ്ടായിരുന്നു. ഒരു അനാഥശാലയും അവർ നടത്തി. ആതുരശുശ്രൂഷയും ഭവനസന്ദർശനവും മൂലം നാട്ടുകാരുടെ മതിപ്പിനും സന്ന്യാസിനികൾ പാത്രമായി. മിസ് ഹോംസ് എന്ന യൂറോപ്യൻ വനിത ബാലികാമഠത്തിൽ പഠിപ്പിക്കാനെത്തിയത് ഇക്കാലത്താണ്.

3. മതാധ്യാപനം

മദർ ഹൂബാ, കുട്ടികളെ സൺഡേസ്കൂൾ പഠിപ്പിച്ചു. ഒരു അനുഭവസ്ഥൻ അക്കാര്യം ഓർക്കുന്നു: "മദർ ഹൂബാ ഞങ്ങളെ സൺഡേസ്കൂൾ പഠിപ്പിച്ചു. ചിറ്റക്കാട്ടച്ചന്റെ ജ്യേഷ്ഠൻ ചെറിയാച്ചന്റെ മകൻ ഉണ്ണിക്കുഞ്ഞും അച്ചന്റെ മൂത്തമകൻ പാപ്പച്ചനും അച്ചന്റെ സ്യാലനായ ഞാനും ഞായറാഴ്ചതോറും മഠത്തിൽ ചെല്ലും. സിസ്റ്റർ ഹൂബാ ഞങ്ങളെ പ്രാർത്ഥനയും വേദപുസ്തകകഥകളും പഠിപ്പിച്ചു. ഞങ്ങളിൽ ഉണ്ണിക്കുഞ്ഞു പിൽക്കാലത്തു തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ അത്തനാസിയോസ് ആയി; പാപ്പച്ചൻ അദ്ധ്യാപകർക്കുള്ള ദേശീയ അവാർഡുനേടിയ പ്രശസ്ത ഹെഡ്മാസ്റ്ററായി, പി.എം. ചെറിയാൻ തരകൻ എന്ന വലിയ സഭാ പ്രവർത്തകനായി; മൂവരിൽ "പരിശുദ്ധാത്മാവ്" എന്നു വാത്സല്യപ്പേരിനാൽ അറിയപ്പെട്ട ഞാനും അദ്ധ്യാപകർക്കുള്ള നാഷണൽ അവാർഡിനു അർഹനായി. എല്ലാം സ്നേഹനിധിയായ മദർ ഹൂബായുടെ പ്രാർത്ഥനയും അനുഗ്രഹങ്ങളും കൊണ്ടായിരുന്നു." (കെ.ജി. വറുഗീസ് മൈലക്കാലിൽ)

4. പുനരൈക്യത്തിനുവേണ്ടി സഹനം

സ്വന്തപ്പെട്ടവരിൽ നിന്ന് പല പ്രയാസങ്ങൾ ആദ്യകാലങ്ങളിൽ ബഥനിക്കുണ്ടായിട്ടുണ്ട്. ചിറ്റക്കാട്ടച്ചനും കോഴിയടിയിൽ പൊടിയൻ ചേട്ടനും ഏതവസരത്തിലും മഠംകാർക്കു സഹായമായി. കുന്നത്തറ ചാക്കോച്ചേട്ടന്റെ വില്ലുവണ്ടിയിലാണ് മദർ ഹൂബാ വന്ദ്യപിതാവിനെ കാണാൻ അരമനയിൽ പൊയ്ക്കൊണ്ടിരുന്നത്. ആ വില്ലുവണ്ടി കാണുമ്പോൾ നാട്ടുകാർ പറയുമായിരുന്നു "മദർ ഹൂബായുടെ പ്ലഷർ കാർ" എന്ന്.

www.malankaralibrary.com


അക്കാലത്തെ കുറിച്ചു ചില അനുഭവസ്ഥർ രേഖപ്പെടുത്തുന്നു: "മദർ ഹുബായ്ക്കു കത്തോലിക്കാ സഭയിലുള്ള വിശ്വാസം വളരെ തീഷ്ണമായിരുന്നു. യാക്കോബായക്കാരായ സ്വന്തക്കാരെല്ലാം മദറിനോടു എതിർപ്പും വെറുപ്പും പ്രകടിപ്പിച്ചു. സഹോദരൻ പതിനാറു വർഷത്തേക്കു മദറിനെ കാണാൻ വന്നിരുന്നില്ല. ഇതൊക്കെ ആയിട്ടും മദർ ആശ്ലേഷിച്ച വിശ്വാസത്തിൽ നിന്നും അല്പം പോലും വ്യതിചലിച്ചില്ല. ഈ തീക്ഷ്ണത ഞങ്ങൾക്കൊക്കെ ഉത്തേജനം നല്കി." (സിസ്റ്റർ മേരി എസ്.ഐ.സി.)

പ്രതികൂല സാഹചര്യങ്ങളിൽ മദറിൻെറ കർമ്മശേഷിയാണ് സിസ്റ്റർ മേരി സേവ്യർ എസ്.ഐ.സി. എടുത്തു പറയുന്നത്: "കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടതോടുകുടി ഞങ്ങളുടെ ബന്ധുക്കൾ ശത്രുക്കൾ ആയി, അനുഭാവികൾ അകന്നവരായി, എവിടെയും ദൂഷണങ്ങളെ കേൾപ്പാനുള്ളു. ഞങ്ങളുടെ ഗുണകാംക്ഷികളും മിത്രങ്ങളുമായിരുന്നവരെല്ലാം ബദ്ധ വൈരികളായിത്തീർന്നു. ഇത്തരം സാഹചര്യത്തിൽ സമസ്തവും ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് ധീരോചിതങ്ങളായ തീരുമാനങ്ങളിൽ ഉറച്ചു നിന്നു പ്രവർത്തിച്ച കർമമശേഷിയുള്ള മഠാധിപയായിരുന്നു മദർ ഹൂബാ."

5. ആതുരസേവനം.

നേഴ്സിംഗുസേവനം ബഥനിസിസ്റ്റേഴ്സ് തുടങ്ങിയത് തിരുവല്ലാ പുഷ്പഗിരി ഹോസ്പിറ്റലിലാണ്. 1954 ആഗസ്റ്റു 15-നു പുഷ്പഗിരി മഠം തുടങ്ങി. സിസ്റ്റർ ജസീന്ത ആശുപത്രിയിൽ സേവനമാരംഭിച്ചു. സിസ്റ്റർ സ്കൊളാസ്റ്റിക്കാ മെഡിസിൻ പരിശീലനത്തിനും സിസ്റ്റേഴ്സ് ലൂസി, ലിയോ എന്നിവർ നേഴ്സിങ്ങ് പരിശീലനത്തിനുമായി അയർലണ്ടിലേക്കു പോയി.

6. പ്രാർത്ഥനയുടെ നേട്ടം

പ്രാർത്ഥനയുടെ നേട്ടങ്ങളാണ് മദർ ഹൂബാ കൊയ്തെടുത്തത്. ഫാ. പക്കോമിയുസ് ഒ.ഐ.സി. പറയുന്നു: "ദീർഘകാലം മഠത്തിൽ സുപ്പീരിയർ ആയിരുന്ന മദർ ഹുബാ ദിവ്യകാരുണ്യസന്നിധിയിലുള്ള പ്രാർത്ഥനകളിലൂടെയാണ് പ്രാരംഭകാലത്തെ പ്രയാസങ്ങളെ അതിജീവിക്കാനുള്ള കൃപയും കഴിവും കൈവരിച്ചത്?

പ്രാർത്ഥനയെ കുറിച്ചുള്ള ഉപദേശം സിസ്റ്റേഴ്സിനു നല്കവെ ഒരിക്കൽ മദർ പറഞ്ഞു: "ലോകം മുഴുവൻ ഉൾക്കൊള്ളിച്ചു കൊണ്ടായിരിക്കണം. നമ്മുടെ പ്രാർത്ഥന. ഒരു സന്ന്യാനിസി അതിനു കടപ്പെട്ടിരിക്കുന്നു."

രോഗക്കിടക്കപോലും പ്രാർത്ഥിച്ചുകൊണ്ടാണ് മദർ കഴിച്ചുകൂട്ടിയത്. ഒരു സിസ്റ്റർ അനുസ്മരിക്കുന്നു. "രോഗാവസ്ഥയിലും മദർ ഒരു മുഴുവൻ കൊന്ത (153 മണി ജപം) ചൊല്ലുമായിരുന്നു."

സാമ്പത്തിക ക്ലേശങ്ങളിൽ നിന്നു മദർ മുക്തിനേടിയതും പ്രാർത്ഥനയിലൂടെ തന്നെ. സിസ്റ്റർ ബർക്കുമാൻസ് എസ്.ഐ.സി. അതോർക്കുന്നു: "സാമ്പത്തികക്ലേശങ്ങളിൽ നട്ടം തിരിയേണ്ടിവന്ന ആദ്യകാലങ്ങളിൽ

www.malankaralibrary.com


വിഷമതകൾ മറ്റുള്ളവരെ -മക്കളെപ്പോലും- അറിയിക്കാതെ ദൈവ പരിപാലനയിൽ പൂർണ്ണമായി ആശ്രയിച്ചു പ്രാർത്ഥിച്ചതിൻെറ ഫലമായി മദറിനു ധാരാളം സഹായങ്ങൾ നാട്ടിൽ നിന്നും വിദേശത്തു നിന്നും ലഭിച്ചിട്ടുണ്ട്."

## മധുരിക്കുന്ന സ്മരണകൾ

അടുത്തറിഞ്ഞവരെല്ലാം ആ യോഗിനിയുടെ മാനനീയത്വം മതിക്കുന്നു.

1. മദർ ഫിലോമിനാ **എസ്.ഐ.സി., മദർ ജനറൽ**

"മദർ ഹുബായുടെ സ്നേഹം നിറഞ്ഞ ശുശ്രൂഷാജീവിതവും ലാളിത്യമാർന്ന ജീവിതശൈലിയും മാതൃനിർവ്വിശേഷമായ പെരുമാറ്റരീതിയും എന്നും ബഥനിക്ക് മുതൽക്കൂട്ടാണ്."

2. മദർ ജയിൻ **എസ്.ഐ.സി.പ്രൊവിൻഷ്യൻ**

"തിരുവല്ലായിലെ ബഥനിയുടെ അടിസ്ഥാനമിട്ടതും പടുത്തുയർത്തിയതും വളർത്തിയതും മദർ ഹൂബാതന്നെ ആയിരുന്നു."

3. **സിസ്റ്റർ മാർത്ത എസ്.ഐ.സി.**

"പ്രാരംഭ കാലത്തു സമൂഹത്തിനു നേരിടേണ്ടിവന്ന നാനാവിധമായ പ്രതിബന്ധങ്ങൾ, പ്രതികൂലസാഹചര്യങ്ങൾ എല്ലാം ധൈര്യപൂർവ്വം തരണം ചെയ്തു ബഥനി സമൂഹമാകുന്ന നൗകയെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കുവാൻ മദറിൻെറ ദീർഘവീക്ഷണം, കർമ്മകുശലത, ദൈവാശ്രയം, ധീരമായ നേതൃത്വം എന്നിവ ഉപകരിച്ചു."

4. **ഡോക്ടർ സിസ്റ്റർ സ്കൊളാസ്റ്റിക്കാ എസ്.ഐ.സി.**

"ബഥനി സമൂഹത്തിന്, മലങ്കര സഭാ നവീകരണത്തിനുവേണ്ടി ദൈവം കനിഞ്ഞു നല്കിയ ഒരത്ഭുത പ്രകാശ കിരണമാണ് മദർ ഹൂബാ... ലോകം മുഴുവൻ പ്രകാശം പരത്തി നില്ക്കുന്ന ചരിത്രത്തിൻെറ അമ്മയായ ദൈവമാതാവായ തേജസ്വരൂപത്തിലേക്കു മദർ ഹൂബാ എന്ന പ്രകാശകിരണം നമ്മെ നയിക്കുന്നു."

5. **സിസ്റ്റർ ദഖിയ എസ്. ഐ. സി.**

".... നിരവധി പ്രയാസങ്ങൾ മുമ്പിൽ കണ്ടുകൊണ്ടു തന്നെ ധൈര്യസമേതം ഇറങ്ങിപുറപ്പെട്ട മദർ ഹൂബാ ത്യാഗോജ്വലവും ആദർശനിഷ്ഠവും സ്നഹമസൃണവുമായ കർമ്മപരിപാടികളിലൂടെ സമൂഹത്തെ കെട്ടിപ്പടുത്തത് ഒരിക്കലും വിസ്മരിക്കാവുന്നതല്ല."

*(കുറിപ്പ്. സിസ്റ്റർ ലീമാ എസ്.ഐ.സി. നല്കിയ ജീവചരിത്രക്കുറിപ്പും മദർ ഹൂബാ എസ്.ഐ.സി., ഒരനുസ്മരണം എന്ന കൃതിയും ഈ ലേഖനരചനയ്ക്കു അവലംബമാക്കിയിട്ടുണ്ട്.)*

◆

www.malankaralibrary.com

15

# എസ്. തോമസ് അയിരൂർ



ഉത്തമഗ്രന്ഥങ്ങൾ ഉണർത്തുന്ന ആവേശത്തിനു തെളിവാണ് ശ്രീ. എസ്. തോമസ് അയിരൂരിൻെറ ജീവിതം. ഏതാണ്ട് അരനൂററാണ്ടിനുമുമ്പ് മാതാപ്പാറ എം.ഡി. പ്രൈമറിസ്കൂളിൽ അദ്ധ്യാപകനായിരുന്നു അദ്ദേഹം; മതബോധനകാര്യത്തിലും ജാഗരൂകതകാട്ടി. മതസംഗതി, മതോപദേശസാരങ്ങൾ, ചോദ്യോത്തരം, നമസ്ക്കാരക്രമം, കൃംതാപ്രാർത്ഥന ക്രമം, ഇട്ടൂപ്പുറൈട്ടരുടെ സഭാചരിത്രം, പൂർവ്വപിതാക്കന്മാരും പൊതുസുന്നഹദോസുകളും തുടങ്ങിയ പുസ്തകങ്ങളാണ് പാഠ്യഗ്രന്ഥങ്ങളായി മലങ്കര യാക്കോബായ സഭ അന്നു നിർദ്ദേശിച്ചിരുന്നത്. വായനാ തല്പരനായിരുന്ന തോമസിൻെറ ജ്ഞനതൃഷ്ണയെ ശമിപ്പിക്കുവാൻ പ്രസ്തുത പുസ്തകങ്ങൾ കൊണ്ടുമാത്രം സാധിച്ചിരുന്നില്ല. മററു പുസ്തകങ്ങൾ അന്നു സമൂഹത്തിൽ ലഭ്യമല്ലായിരുന്നു. "നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം" എന്ന ഗ്രന്ഥം മാതാപ്പാറ ഇടവകയുടെ ലൈബ്രറിയിൽ കണ്ടുകിട്ടി. കർദ്ദിനാൾ ഗിബ്ബൺസിനാൽ വിരചിതമായ പുസ്തകം "സുമാർഗ്ഗപ്രകാശിക" എന്ന പേരിൽ സി. അന്തപ്പയി ചെയ്ത തർജ്ജമയായിരുന്നു അത്. സഭ, സഭാ

www.malankaralibrary.com


ലക്ഷണങ്ങൾ, കൂദാശകൾ എന്നിവയെക്കുറിച്ചുള്ള പ്രതിപാദനമാണ് പുസ്തകത്തിലുണ്ടായിരുന്നത്. മാതാപ്പാറയിലെ സണ്ടേസ്കൂൾ അദ്ധ്യാപകരെ പ്രസ്തുത കൃതി ഹഠാദാകർഷിച്ചു. ആ മതാദ്ധ്യാപനശാലയുടെ ഹെഡ്മാസ്റ്റർ ആയിരുന്നത് മിസ്ററർ നൈനാൻ വറുഗീസ് വില്ലോത്തു ആയിരുന്നു.

അയിരൂരിലും പരിസരങ്ങളിലും സാമുദായികചലനങ്ങളുളവാക്കിയ ചില സംഭവങ്ങൾ ഇതിനിടയിലുണ്ടായി. ലൂർദ്ദു ആശ്രമത്തിന്റെ സ്ഥാപനമായിരുന്നു, ഒന്ന്; തെങ്ങുംതോട്ടത്തിൽ ഫാ. പീലിപ്പോസിനുണ്ടായ തിക്താനുഭവങ്ങൾ മററതും.

പമ്പാനദിയുടെ തീരത്തുള്ള അയിരൂർ ഗ്രാമത്തിലേക്കു 1926-ൽ കർമ്മലീത്താ സന്ന്യാസികളുടെ ശ്രദ്ധതിരിഞ്ഞു. അതിനുപ്രേരണ നല്കിയത് ശ്രീ നൈനാൻ വറുഗീസത്രേ. കർമ്മലീത്തർക്കു സ്ഥലം നല്കിയതും അദ്ദേഹം തന്നെ. അവിടെ പണിതുയർത്തിയ ലൂർദ്ദ് ആശ്രമത്തിന്റെ പള്ളിയിൽവച്ച് 1926-ൽ വില്ലോത്തു നൈനാൻ വറുഗീസും കുടുംബവും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. തുടർന്ന്, വേറെചിലരും ആശ്രമം ഇടവകയോടു ബന്ധപ്പെട്ടു.

സമാധാനപരമായ ജീവിതം കാംക്ഷിച്ചിരുന്ന തെങ്ങും തോട്ടത്തിലെ ഫാ. പീലിപ്പോസിനെ യാക്കോബായസഭയിലെ കക്ഷി വഴക്കുകളും കോടതിവ്യവഹാരങ്ങളും അലട്ടി. മാർത്തോമ്മാസഭയിലെ വിശ്വാസഭിന്നതകൾ അദ്ദേഹത്തെ ആകർഷിച്ചില്ല. ഒരു ബഥനിപള്ളി സ്ഥാപനത്തിനാണ് ഈ സാഹചര്യം അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ബഥനി തിരുമേനിയുടെ അംഗീകാരവും അതിനുകിട്ടി. സ്വന്തം സ്ഥലത്താണ് അച്ചൻ ചാപ്പൽ പണിതത്. 1927-ൽ ബഥനിയുടെ മാർ തെയോഫിലോസ് ആണ് ആ ചാപ്പലിന്റെ പ്രതിഷ്ഠാകർമ്മം നിർവഹിച്ചത്. പള്ളിയുടെ സ്വതന്ത്രനില സംരക്ഷിക്കാൻ വികാരി ഫാ. പീലിപ്പോസ് ജാഗരൂകതകാട്ടി. 1930 സെപ്ററംബർ 20-ാം തീയതി മാർ ഈവാനിയോസിന്റെയും അനുയായികളുടേയും ചരിത്ര പ്രസിദ്ധമായ പുനരൈക്യം നടന്നു. 1106 കന്നി 10-ാം തീയതി ഫാ. പീലിപ്പോസ് മാർ ഈവാനിയോസിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തു സഭാംഗമായി. തന്റെ പള്ളി അദ്ദേഹം തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ തെയോഫിലോസിന് എഴുതിക്കൊടുത്തു.

"സുമാർഗ്ഗ പ്രകാശിക"യുടെ വായന ശ്രീ. എസ്. തോമസിനുണ്ടാക്കിയ മാനസികസംഘർഷം ചെറുതായിരുന്നില്ല. തെങ്ങും തോട്ടത്തിൽ കുടുംബാംഗമാണദ്ദേഹം. ഉന്നുകല്ലിൽ എന്നാണ് തന്റെ വീട്ടിന്റെ പേര്. പരപ്പാർന്ന തായില്ലം കുടുംബത്തിൽപ്പെട്ടതാണത്. മാർത്തോമ്മാ സഭയിലെ മാത്യൂസ് മാർ അത്താനാസിയോസ് എപ്പിസ്ക്കോപ്പാ, ഓർത്തഡോക്സ് സഭയിലെ വൈദിക ട്രസ്ററി ഫാ. റ്റി.എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ എന്നിവർ ഈ കുടുംബാംഗങ്ങളും ശ്രീ തോമസിന്റെ സഹോദരഗണത്തിൽപ്പെട്ടവരുമാണ്. കൂടാതെ പതിനേഴു വൈദികർ തായില്ലം കുടുംബാംഗങ്ങളായുണ്ട്. ചെങ്ങന്നൂരുള്ള കണ്ണന്താനം, ഇഞ്ചയ്ക്കലോടി തുടങ്ങിയ കുടുംബങ്ങളുമായി അമ്മ വഴിയ്ക്കു ബന്ധമുണ്ട്. ഇവരോടൊപ്പമുള്ള

 www.malankaralibrary.com 

ഹൃദ്യബന്ധത്തിന് ചതവുവരുത്തുന്ന ഒരു നീക്കത്തെക്കുറിച്ച് എങ്ങനെ ചിന്തിക്കും? കെ.വ. 1070 മകരം 26-ാം തീയതി ജാതനായ തോമസിന് അപ്പോൾ 35 വയസോളം പ്രായമുണ്ട്.

## മാർ ഈവാനിയോസ് അയിരൂരിൽ

1106 തുലാമാസം 11-ാം തീയതി മാർ ഈവാനിയോസ് അയിരൂർ സെൻറ് ജോർജ്ജ് കത്തോലിക്കാപള്ളിയിലെത്തി. ധാരാളം പേർ തിരുമേനിയെ സന്ദർശിച്ചു. പുനരൈക്യത്തെപ്പററി തിരുമേനി സംസാരിച്ചു. ശ്രോതാക്കളുടെ സംശയങ്ങൾക്കു മറുപടി നല്കി. ഏറെ കൊല്ലങ്ങളായി ശ്രീ എസ്. തോമസിനെ അലട്ടിയ പ്രശ്നങ്ങൾക്കെല്ലാം പരിഹാരംകിട്ടി. അദ്ദേഹവും കുടുംബവും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു.

നിനച്ചിരിക്കാത്ത പ്രതികരണങ്ങളാണ് കുടുംബാംഗങ്ങളിൽ നിന്നു തോമസിനുണ്ടായത്. സഭ വിട്ടവനോടു ചിറ്റമ്മനയം! ചിട്ടിത്തലയാളായി ആ യുവാവു പ്രവർത്തിച്ചിരുന്നു. കത്തോലിക്കാപ്രവേശനം അതിനുടവുവരുത്തി.

അയിരൂർ മാതാപ്പാറ പ്രൈമറി സ്കൂളിൻെറ മാനേജുമെൻറു പുത്തൻകാവു മാർ പീലക്സിനോസിൻെറ കീഴിലായി. ആ വന്ദ്യതിരുമേനിയുടെ ഒരു സഹോദരിയെ ശ്രീ തോമസിൻെറ കുടുംബാംഗമായ ഒരു സഹോദരനാണ് വിവാഹം കഴിച്ചിരുന്നത്. തോമസിനെ പരിചയപ്പെടുന്നതിനും തിരുമേനിക്കു സാധിച്ചിട്ടുണ്ട്. ഒരു കാര്യം ഓർത്തും ദാക്ഷിണ്യം ചിന്തിക്കാതെ പുനരൈക്യപ്പെട്ട തോമസ് സ്ഥലംമാററപ്പെട്ടു. തുമ്പമൺ വടക്കേക്കര ഒരു അപൂർണ്ണസ്കൂളിലേക്ക്. പത്തു മൈൽ ദൂരക്കൂടുതലും ശമ്പളക്കുറവും അതുവരുത്തിവച്ചു. ഉദ്യോഗം രാജിവയ്ക്കാതെ നിവൃത്തിയില്ലെന്നു വന്നു. ഊന്നുകല്ലിൽ സാറിനു സ്ഥലം മാറ്റ ഓർഡർ എഴുതിയ ഫാ. എ.ജി. ഏബ്രാഹാം പിന്നീടു കത്തോലിക്കാ സഭയിൽ ചേർന്നു. മാർ പീലക്സിനോസിൻെറ നിർബന്ധം കൊണ്ടു മാത്രമാണ് ഓർഡർ എഴുതിയതെന്നു അദ്ദേഹം വെളിപ്പെടുത്തി.

ഉദ്യോഗനഷ്ടം ആ സഭൈക്യഹൃദയനെ അലട്ടിയില്ല. തെള്ളിയൂർ സെൻട്രൽ MSC പ്രൈമറി സ്കൂളിൽ താമസംവിനാ അദ്ദേഹത്തിനു ജോലികിട്ടി. വന്ദ്യദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാനായിരുന്നു സ്കൂൾ മാനേജർ. സ്കൂളിനു നിരവധി പരിഷ്ക്കാരങ്ങൾ വരുത്താനും പതിനേഴു വർഷക്കാലം അവിടെ സേവനം അനുഷ്ഠിക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

## പ്രസംഗങ്ങളും എതിർ പ്രസംഗങ്ങളും

കർമ്മലീത്താ സന്ന്യാസികളുടെ ലൂർദ്ദ് ആശ്രമം അയിരൂരിൽ ഉയർന്നു; വില്ലോത്തു നൈനാൻ വറുഗീസ് കത്തോലിക്കാസഭയിൽ അംഗമായി; തെങ്ങുംതോട്ടത്തിൽ പീലിപ്പോസു കശീശ്ശായുടെ നേതൃത്വത്തിൽ ഒരു പള്ളിവന്നു; ഊന്നുകല്ലിൽ എസ്. തോമസ് പുനരൈക്യപ്പെട്ടു; മറ്റു പലരും ഈ വഴിയേ തിരിഞ്ഞു - എല്ലാം പലരേയും വിളറിപിടിപ്പിക്കുവാൻ വേണ്ടുവോളം മതിയായി.

പുതിയ പദ്ധതിക്കാരെ താറടിച്ചുകൊണ്ടുള്ള പ്രസംഗ പരമ്പരകളാണ് ഉടനടി

 www.malankaralibrary.com 

ഉണ്ടായത്. റവ. സി.എം. തോമസ്സ് ശെമ്മാശൻ, ബഥനിയുടെ മാർ തേവോദോസ്യോസ്, എൻ.ജി. കുര്യൻ, എം.എ., കെ.റ്റി. സക്കറിയാസ് തുടങ്ങിയവരെയാണു യാക്കോബായ പ്രസംഗയോഗത്തിൽ പങ്കെടുപ്പിച്ചത്. ബ. കെ.റ്റി. സക്കറിയാസ് ശെമ്മാശൻെറയും മറ്റും പ്രസംഗങ്ങൾ സഭ്യതയുടെ സീമ ലംഘിക്കുന്നവയായിരുന്നു.

സ്ഥലവാസികളായ മാർത്തോമ്മാസമൂഹവും അടങ്ങിയിരുന്നില്ല. മെസ്സേഴ്സ് കെ.എൻ. ഡാനിയൽ, കളിപ്പറമ്പിൽ കുഞ്ചെറിയാ, ജോർജ്ജുകാക്കനാടൻ, പുഞ്ചമണ്ണിൽ മാമ്മൻ, ചാക്കോശാസ്ത്രി,മുണ്ടക്കയം ജോൺ, മുത്താമ്പാക്കൽ കൊച്ചുഞ്ഞ് ഉപദേശിഎന്നിവരെ നിരത്തികൊണ്ടു അവരുടെ പ്രസംഗങ്ങളും പൊടിപൊടിച്ചു.

എതിരു പ്രസംഗങ്ങൾ കത്തോലിക്കാ വിശ്വാസത്തിനു ക്ഷതംവരുത്തി. ഏതാനും ലഘുലേഖകൾ പ്രസിദ്ധീകരിച്ചുകൊണ്ടുള്ള സത്യപ്രകാശനത്തിനാണ് അവർ തുനിഞ്ഞത്. ശ്രീ നൈനാൻ വറുഗീസ് വില്ലോത്ത് "വേദപുസ്തകവും വിഭിന്നസഭകളും" എന്ന പുസ്തകം എഴുതി. ഫാ. തോമസ് ഇഞ്ചയ്ക്കലോടി "മഹാ വേശ്യ ആർ?" എന്ന കൃതി പ്രചരിപ്പിച്ചു. ശ്രീ. എസ്. തോമസ് "തിരുസഭാപോഷിണി" "പുനരൈക്യസാഹ്യം" എന്നീ ഗ്രന്ഥങ്ങൾ അച്ചടിപ്പിച്ചു വിതരണം ചെയ്തു. "യാക്കോബായ സഭയിലെ നവീനോപദേശങ്ങൾ" എന്ന പേരിൽ ഒരു സരസലേഖന പരമ്പര ശ്രീ തേമസ് നസ്രാണിദീപികയിൽ പ്രസിദ്ധീകരിച്ചു. ഇന്നത്തെ ദീപികപ്പത്രമോ രുപതാബുള്ളറ്റിനുകളോ ഇത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയില്ല; സമുദായ പ്രസിദ്ധീകരണങ്ങൾ എന്ന പേരിൽ ബിസിനസ് ജേർണലിസക്കാരുടെ പൈങ്കിളി സാഹിത്യം അന്ധമായി അനുകരിക്കുകയാണ് അവർ.

ലൂർദ്ദ്ആശ്രമസ്ഥരുടെയും സെൻറ്ജോർജ്ജ്കത്തോലിക്കാ ഇടവകയുടെയും ആഭിമുഖ്യത്തിൽ ഒരു കത്തോലിക്കാകൺവൻഷൻ അയിരൂരിൽ നടത്തപ്പെട്ടു. റവ. ഡോക്ടർ പ്ലാസിഡ്, ഫാ. റൊമയോ തോമസ്, ഫാ. ജേക്കബ് നടുവത്തുശ്ശേരി, ഫാ. ജേക്കബ് പുത്തൻവീട്ടിൽ, മോൺ. തോമസ് വടശ്ശേരി, മാർ ഈവാനിയോസ്, മാർ ദീയസ് കോറോസ്, ശ്രീ എ. പിലിപ്പോസ് ജഡ്ജി, കെ.ഇ. ജോബ് M.A.L.T. എന്നീ പ്രഗത്ഭമതികളാണ് അതിൽ പങ്കെടുത്തത്.

## കല്ലേറും കേസുകളും

ലൂർദ്ദ് ആശ്രമത്തിനു കല്ലേറുണ്ടായി, ഒരു അർദ്ധരാത്രി സമയത്ത്. ആളപായമുണ്ടായില്ല. മേൽക്കൂര കുറെ തകർന്നതേയുള്ളു. അക്രമികൾ ഓടിമറഞ്ഞു. തന്മൂലം പിടികിട്ടിയില്ല. നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ കുററവാളികൾ ആശ്രമശ്രേഷ്ഠനെ സമീപിച്ചു ക്ഷമചോദിച്ചു. മേൽക്കൂരയ്ക്കുണ്ടായ നഷ്ടം ആശ്രമസ്ഥർ തന്നെ നികത്തി.

ശവസംസ്ക്കാരം സംബന്ധിച്ച് ഒരു പോലീസ് കേസുണ്ടായി. അതും ലൂർദ്ദാശ്രമത്തിൽത്തന്നെ. അവിടെ ശവംമറവു ചെയ്യൽ ശാശ്വതമായി നിരോധിക്കണമെന്നു ആവശ്യപ്പെടുന്ന തല്പരകക്ഷികളുടെ ഒരു ഹർജിയെ തുടർന്നാണത്.

 www.malankaralibrary.com 

പോലീസ് പാർട്ടി സ്ഥലം സന്ദർശിച്ചു. അപ്പോൾ ഒരച്ചൻ മാത്രമേ ആശ്രമത്തിലുണ്ടായിരുന്നുള്ളൂ. ഹർജ്ജിക്കാർക്ക് അനുകൂലമായ റിപ്പോർട്ടാണ് എസ്.ഐ. തയ്യാറാക്കിയത്. ആശ്രമശ്രേഷ്ഠൻ പോലീസ്സൂപ്രണ്ടിനെ സ്ഥലത്തു ക്ഷണിച്ചു വരുത്തി. സത്യാവസ്ഥ അദ്ദേഹത്തിനു ബോധ്യപ്പെടുത്തി. എതിരാളികളുടെ ഹർജി തെന്നിപ്പോയി.

കുർബാന, മാമോദീസാ, വിവാഹം, ശവസംസ്ക്കാരം തുടങ്ങിയ കർമ്മങ്ങൾ ലൂർദ്ദ് ആശ്രമത്തിൽ നടത്തിയിരുന്നു. ഇവ പരസ്യാരാധനയിൽ പെടും. അതിനു പ്രത്യേക അനുവാദം വേണമത്രെ. ലൂർദ്ദ് ആശ്രമത്തിലെ പ്രസ്തുത കർമ്മങ്ങൾ നിരോധിക്കണമെന്നു കാണിച്ചുകൊണ്ടു ഒരു പരാതി ഉണ്ടായി; ഹർജി പരിഗണിച്ച് പോലീസ് പാർട്ടി സ്ഥലത്തെി. ഹർജ്ജിക്കാർ സബ്ഇൻസ്പെക്ടറെ സ്വാധീനിച്ചിരുന്നു. പരാതിക്കാരുടെ ഹിതാനുവർത്തിയായിട്ടത്രേ ആ ഉദ്യോഗസ്ഥൻ പെരുമാറിയത്. ആശ്രമശ്രേഷ്ഠൻെറ അപേക്ഷ ആദരിച്ചു ചെങ്ങന്നൂർ പോലീസ് സൂപ്രണ്ടു സ്ഥലത്തുവന്നു അന്വേഷണം നടത്തി. അതോടെ പരാതി തിരസ്കൃതമായി.

ലൂർദ്ദ് ആശ്രമത്തിനു നേരെയുള്ള മുറുമുറുപ്പ് നടപ്പില്ലെന്നായി. എന്നിട്ടും എതിർപ്പുകാർ അടങ്ങിയില്ല. തെങ്ങുംതോട്ടത്തിൽ പീലിപ്പോസ് കശ്ശീശ്ശായുടെ പള്ളിക്കു നേരെ തിരിഞ്ഞു ആക്രമണം. ഒരു താല്ക്കാലിക ഷെഡ്ഡായിരുന്നു പള്ളി. പലകയടിച്ച ചുവരുകളുള്ള ഒരു ചെറിയ ഹാൾ. പൂട്ടും താക്കോലുമുണ്ട്. ഒരു ചെറിയ അവകാശതർക്കം അതിനെതിരെ കുത്തിപ്പൊക്കി. തർക്കപരിഹാരത്തിനു ആറന്മുളപോലീസ് ഇൻസ്പെക്ടറും പാർട്ടിയും സ്ഥലത്തെത്തി. ഒരു ജനക്കൂട്ടവും വന്നുചേർന്നു.

ഇടവകാംഗങ്ങൾ വേണ്ടത്ര മുൻകരുതലെടുത്തു. കള്ളത്താക്കോൽ ഉപയോഗിച്ചു മറ്റാരും അകത്തു കടക്കാതിരിക്കാൻ അഹോരാത്രം കാവൽ ഏർപ്പെടുത്തി. പോലീസ്പാർട്ടിയും ജനക്കൂട്ടവും എത്തുന്നതിനു മുമ്പായി വികാരിയും ഇടവകക്കാരും പള്ളിക്കകത്തു കടന്നു. ആഘോഷമായ സന്ധ്യാപ്രർത്ഥന നാലു മണിയോടെ ആരംഭിച്ചു. പള്ളിയുടെ ഉള്ളിൽ അൾത്താരയിൽ ക്രൂശിതരൂപം; കത്തുന്ന മെഴുകുതിരികൾ; ധൂപാർപ്പണം; പലകമറയിൽ വി. പത്താം പീയൂസിൻെറ വലിയചിത്രം - എല്ലാം കത്തോലിക്കാ പള്ളിയെന്നു വെളിപ്പെടുത്തി. പോലീസുപാർട്ടി വന്നു പുറത്തുനിന്നതേയുള്ളൂ. അവർ ഇരുപാർട്ടിക്കാരുടെയും മൊഴി രേഖപ്പെടുത്തി മടങ്ങിപ്പോയി. പള്ളിയുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചു കിട്ടാത്തതിൻെറ അരിശം കുതർക്കവുമായി പുറപ്പെട്ടവർക്കു കുറച്ചൊന്നുമായിരുന്നില്ല.

തെങ്ങുംതോട്ടത്തിലച്ചൻെറ പള്ളിയിൽ 1107-ലെ സെൻറ് ജോർജ്ജു പെരുന്നാളിനു വട്ടംകുട്ടി. മറുപക്ഷം അതു കലക്കുവാൻ അരയും തലയും മുറുക്കി. വിവരം അറിഞ്ഞ ഫാ. പീലിപ്പോസ് ചെങ്ങന്നൂർ ചെന്നു പോലീസ് സൂപ്രണ്ടിനെ കണ്ടു. പഴയ തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ സത്യാവസ്ഥ ധരിപ്പിച്ചു. സമാധാന പാലനത്തിനും ജീവരക്ഷയ്ക്കും പെരുന്നാൾ നിർവിഘ്നം നടത്തുന്നതിനും

www.malankaralibrary.com



സഹായം അഭ്യർത്ഥിച്ചു. ആറന്മുള പോലിസ് ഇൻസ്പെക്ടർ മറുപക്ഷം ചേർന്നാലും അനിഷ്ടസംഭവങ്ങൾ ഒഴിവാക്കുന്നതിനത്രെ പോലീസ് സൂപ്രണ്ടിനെ കണ്ടത്.

പെരുന്നാളൻെറ തലേന്നാളായി. നിരോധന ഹർജി വിചാരണ ചെയ്യാൻ ആറന്മുള പോലീസ് ഇൻസ്പെക്ടറും പാർട്ടിയും പള്ളിയിലെത്തി. ഒരു വലിയ ജനക്കൂട്ടവും കൂടി. ആപത്തുകൾ മണത്തറിഞ്ഞ പള്ളിവികാരി രാത്രി അടിയന്തിര കമ്പി മൂലം പോലിസ് സുപ്രണ്ടിനെ ക്ഷണിച്ചുവരുത്തി. അദ്ദേഹം എത്തുന്നതിനു മുമ്പുതന്നെ ആക്രമണം തുടങ്ങികഴിഞ്ഞിരുന്നു. പെരുന്നാൾ ആവശ്യത്തിനു ശേഖരിച്ചിരുന്ന കതിനാകൾ ചില അതികായന്മാർ മാറ്റി; കരിമരുന്നു പ്രയോഗക്കാരനെ ഭീഷണിപ്പെടുത്തി. രാത്രിയായതോടെ കൂക്കുവിളിയും അട്ടഹാസവും ഉയർന്നു. അപ്പോഴേക്കും പോലീസ് സുപ്രണ്ടും പരിവാരങ്ങളും പള്ളിയങ്കണത്തിൽ പ്രവേശിച്ചു; ഇരുകക്ഷികളുടെയും മൊഴി വാങ്ങി ആവശ്യമായ പരിശോധനകൾ നടത്തി; അവസാനം പോലീസ് സൂപ്രണ്ട് പ്രഖ്യാപിച്ചു: 'വിവാദപള്ളിയും സ്ഥലവും കത്തോലിക്കരുടേതാണ്. അതിൻെറ കൈവശാവകാശം പള്ളിവികാരി ഫാ. പിലിപ്പോസിനുള്ളതാണ്. ഇവിടെ നടത്താനിരിക്കുന്ന പെരുന്നാൾ ചടങ്ങുകളെ തടസ്സപ്പെടുത്താൻ പാടുള്ളതല്ല. തടസം ചെയ്യുന്നവർ നിയമത്തിനു വിധേയരാകുന്നതാണ്. സുഗമമായ പെരുന്നാൾ നടത്തിപ്പിന് ഏതാനും പോലീസുകാരെ നിയോഗിച്ചതിനുശേഷമാണ് ആ നിയമപാലനമേധാവി തിരികെ പോയത്.

1935-ൽ അവിടെ ഒരു പുതിയ പള്ളി പണിതു. വി. പാത്രിർക്കിനാണ് അതു പ്രതിഷ്ഠിച്ചിട്ടുള്ളത്.

## തീഷ്ണമതിയുടെ ഓട്ടം

കത്തോലിക്കാ എതിർപ്പിനു മററുള്ളവർക്ക് എന്തേ ഇത്ര ഒത്തൊരുമ? യഹോവാസാക്ഷിക്കൂട്ടത്തിലേക്കോ പൊന്തിക്കോസ്തി വകുപ്പിലേക്കോ വിയോജിതസമൂഹത്തിലേക്കോ, ഒരുവൻ മാറിയാൽ അവർ മഹാമനസ്ക്കതകാട്ടും, ആ ഹൃദയവിശാലത എന്തുകൊണ്ടു കത്തോലിക്കാ കാര്യത്തിൽ കാട്ടുന്നില്ല? സഭയ്ക്കു നേരെയുള്ള ഈ എതിർപ്പിനു വേണ്ട അടിസ്ഥാനം വേദപുസ്തകത്തിൽ നിന്നു ഇവർക്കു കിട്ടുന്നുണ്ടോ? ഇത്തരം ചിന്തകൾ ശ്രീ എസ്. തോമസിനുണ്ടായി. വേദപുസ്തകവും മതഗ്രന്ഥങ്ങളും അദ്ദേഹം പഠിച്ചു. ബൈബിളിൽ നിന്നു വേണ്ടത്ര കോപ്പുകിട്ടിയതുകൊണ്ടുള്ള കടന്നാക്രമണമല്ല എതിർപ്പുകാരുടേതെന്നു ആ ചിന്തകനു ബോധ്യമായി. മാർത്തോമ്മാക്കാരോടു വേദപുസ്തകം അധിഷ്ഠിതമാക്കിയും യാക്കോബായക്കാരോടു വേദപുസ്തകത്തിലും സഭാഗ്രന്ഥങ്ങളിലും ചുവടുറപ്പിച്ചും അദ്ദേഹം സംസാരിച്ചു. യുക്തിയുക്തമായും സരസമായുമുള്ള ആ സംസാരം പലരെയും വശീകരിച്ചു.

ശ്രീ. എസ്. തോമസിനെ പലരും പ്രസംഗത്തിനു ക്ഷണിച്ചു. ആ സഭാചിന്തകന് അതിൽ താല്പര്യമേ ഉണ്ടായിരുന്നുള്ളൂ. പമ്പാനദിയുടെ ഇരുവശങ്ങളിലുമുള്ള സ്ഥലങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു. ശ്രീമൂലപുരം മാർക്കററു, തേക്കുങ്കൽ റോഡുകവല, കുറിയന്നൂർ തോന്നിപ്പുഴക്കവല, തെള്ളിയൂർ മാർക്കററ്, കുമ്പളന്താനം, പ്ലാങ്കമൺ ജംഗ്ഷൻ എന്നിവിടങ്ങളിലുള്ള മൈതാനം പ്രസംഗവേദിയാക്കി.

www.malankaralibrary.com


മാരാമൺ, റാന്നി, ചെത്തോങ്കര, മന്ദമരുതി, കളമ്പാല, കീക്കൊഴൂർ, വയലത്തല, കാട്ടൂർ, ഇലന്തൂർ, നാരങ്ങാനം, നനുവക്കാട്, പ്രക്കാനം, പുറമറ്റം എന്നീ സ്ഥലങ്ങളിലേക്കും ഊന്നുകല്ലു സാറിന്റെ വിജ്ഞാനം ഒഴുകി.

## ചെത്തോങ്കരയിൽ

ചെത്തോങ്കരകവലയിൽ ഏതാനും ഞായറാഴ്ചകൾ ശ്രീ തോമസ് പ്രസംഗിച്ചു. സഭയുടെ ഏകത്വവും വിശ്വാസഐക്യവും എന്നതായിരുന്നു വിഷയം. നാട്ടുകാർ ഒരു ബദൽ പ്രസംഗത്തിനു വട്ടംകൂട്ടി. വിയോജിത സഭാ നേതാവും മഹാകവിയുമായ കെ.വി. സൈമണെയാണ് പ്രസംഗത്തിനു കൊണ്ടുവന്നത്. അദ്ദേഹം പ്രസംഗിച്ചു. ക്രിസ്തുവിനു ഏക മണവാട്ടിയേയുള്ളു, അതു വി. സഭയാണ്. അതു വിശ്വാസത്തിൽ ഏകത്വമുള്ളതാണ്. അവിടെ വൈദികരെന്നും അവൈദികരെന്നും തരംതിരിവില്ല. എല്ലാവരും സഹോദരന്മാർ. വിശ്വാസികൾ ഏവരും രാജകീയ പൗരോഹിത്യം ഉള്ളവരാണ്. ഈ ലക്ഷണങ്ങൾ തികഞ്ഞത് വിയോജിത സഭയിൽ മാത്രമാണ്. വിയോജിതസഭയുടെ ലക്ഷണയുക്തത സമർത്ഥിച്ചുകൊണ്ടുള്ള മഹാകവിയുടെ പ്രസംഗം ചെത്തോങ്കരയിലെ സംഘാടകർക്ക് "ചക്കിനുവച്ചതു കൊക്കിനുപററി"യെന്നതുപോലെയായി. ഈ പ്രസംഗസ്ഥലത്തിനടുത്താണ് പില്ക്കാലത്ത് ചെത്തോങ്കര കത്തോലിക്കാ പള്ളി സ്ഥാപിതമായത്.

## കാട്ടൂരിൽ

അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ പക്ഷക്കാരനായിരുന്നു മണ്ണിൽ വല്യച്ചൻ. മാർ ഈവാനിയോസ് ആ വന്ദ്യവൈദികനെ സമീപിച്ചു. അദ്ദേഹം പുനരൈക്യപ്പെട്ടു. ഒരു താല്ക്കാലിക ചാപ്പൽ അവിടെ ഉണ്ടാക്കണം. സ്വന്തം സ്ഥലത്തിന്റെ ഒരു ഭാഗം അച്ചൻ തിരുമേനിക്കു ദാനം ചെയ്തു. അവിടെ ചാപ്പൽ പണിയുടെ ചുമതല വഹിച്ചത് ശ്രീ. എസ്. തോമസാണ്. കെട്ടിടം പണിയോടൊപ്പം പുനരൈക്യപ്രചാരണവും അദ്ദേഹം നടത്തി.

വല്യച്ചൻ ദിവംഗതനായി. ചാപ്പലിനടുത്തു മൃതദേഹം സംസ്ക്കരിക്കുന്നതിനുള്ള ഉദ്യമത്തെ സ്ഥലത്തെ സവർണ്ണഹിന്ദുക്കൾ എതിർത്തു; അവരോടൊപ്പം അകത്തോലിക്കരും. മാർ ഈവാനിയോസ് സ്ഥലത്തെത്തി. തിരുമേനിയുടെ ആവശ്യപ്രകാരം സുശക്തമായ ഒരു പോലീസ് സംഘം വന്നുചേർന്നു. അവിടെയുള്ള ചാപ്പലിന്റെ മദ്ബഹായിൽ ഒരു ഭാഗത്തു തയ്യാറാക്കിയ കല്ലറയിൽ വല്യച്ചന്റെ മൃതദേഹം സംസ്ക്കരിച്ചു. പ്രതിഷേധക്കാർ നിരാശരായി മടങ്ങി. ആ ചാപ്പലിന്റെ സമീപത്തു അതിമനോഹരമായ ഒരു ദൈവാലയം തിരുവനന്തപുരം അതിരൂപത പണകഴിപ്പിച്ചിട്ടുണ്ട്.

## കുളമ്പാല പ്രസംഗം

റാന്നിക്കു സമീപമുള്ള കളമ്പാല എന്ന സ്ഥലത്ത് സഹപ്രവർത്തകർ, ലൂർദ്ദ് ആശ്രമത്തിലെ അച്ചന്മാർ എന്നിവരോടു ചേർന്ന് ശ്രീ തോമസ് പ്രസംഗയോഗങ്ങൾ സംഘടിപ്പിച്ചു. റോഡരികിലുള്ള കശുമാവ് വൃക്ഷത്തിൻ റാന്തൽ വിളക്കു

www.malankaralibrary.com



കത്തിച്ചുതൂക്കിയിട്ടായിരുന്നു രാത്രി യോഗങ്ങളിലെ പ്രസംഗം. കത്തോലിക്കർ അവിടെ ഉണ്ടായിരുന്നില്ല. ഏറെ താമസിയാതെ കുറേപേർ പുനരൈക്യപ്പെട്ടു. അവരുടെ ഉപയോഗത്തിനായി ഒരു ചാപ്പൽ ഉണ്ടായി. പുനരൈക്യപ്പെട്ടവരുടെ സംഖ്യ വർദ്ധിച്ചപ്പോഴത്രേ ഇന്നത്തെ കളമ്പാലപ്പള്ളി ഉയർന്നത്.

## ആത്മസംതൃപ്തി

സഭാ ചൈതന്യം ശ്രീ. തോമസിനെ നിറച്ചു. ഒരു പുത്രി സന്ന്യാസിനിയായി സിസ്ററർ റസ്മാ എന്ന പേരു സ്വീകരിച്ചു. അത് അദ്ദേഹത്തെ ഏറെ സന്തുഷ്ടനാക്കി. നാലാഞ്ചിറ മഠം സ്കൂളിൽ അദ്ധ്യാപികയായിരിക്കുമ്പോഴാണു അവർ മഠത്തിൽ ചേർന്നത്. എം.എ., ബി.റ്റി തുടങ്ങിയ ബിരുദങ്ങൾ നേടിയ അവർ ഹൈസ്കൂൾ അദ്ധ്യാപിക ആയിരിക്കുമ്പോൾ ബൈബിൾ സംബന്ധമായ ഉപരി പഠനത്തിനു റോമിലേക്കുപോയി. മൂന്നു വർഷം പഠനം പൂർത്തിയാക്കി. യൂറോപ്യൻ നാടുകൾ സന്ദർശിച്ചു. ലൂർദ്ദ്, ലിസ്യൂ തുടങ്ങിയ പുണ്യസ്ഥലങ്ങളിൽ തീർത്ഥാടനം നടത്തി. ജോൺ 23-ാമൻ പാപ്പായുടെ സംസ്കാരകർമ്മത്തിലും പോൾ ആറാമൻ പാപ്പായടെ സ്ഥാനാരോഹണ ശുശ്രൂഷയിലും പങ്കെടുത്തു. തിരുവനന്തപുരം ബഥനി സന്ന്യാസിനീസമൂഹത്തിൻെറ മദർ പ്രൊവിൻഷ്യലായി പ്രവർത്തിച്ച സി. റസ്മാ S.I.C.1970 ഫെബ്രുവരി 14-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. ശ്രീ. എസ്. തോമസിനെയും കുടുംബത്തെയും അനുഗ്രഹിക്കുന്ന ഒരു ആശീർവാദപത്രം മാർപ്പാപ്പായിൽ നിന്നും സി. റസ്മാസ് സമ്പാദിച്ചു. അതു പ്രിയ പിതാവിനു സമ്മാനിച്ചു.

അയിരൂർ വില്ലേജിൽ തലയുയർത്തി നിലകൊള്ളുന്ന കത്തോലിക്കാ സ്ഥാപനങ്ങൾ വൃദ്ധനായ ആ പുനരൈക്യഭടൻെറ കണ്ണുകളിൽ സന്തോഷബാഷ്പം നിറച്ചു. ലൂർദ്ദ് ആശ്രമവും അതിനുതൊട്ടടുത്തുള്ള ദൈവാലയവും ആശ്രമപ്പടിക്കലുള്ള കപ്പേള, ക്രിസ്തുരാജ മഠവും ദൈവാലയവും, മഠത്തിൻെറ പടിവാതിലിലുള്ള കുരിശടി, സെൻറ് പാട്രിക്കു പള്ളി, പള്ളിയുടെ ഗേററിനടുത്തുള്ള ഉത്തുംഗമായ കുരിശടി, കൊറ്റാത്തൂർ തേക്കുങ്കൽ കത്തോലിക്കാപള്ളി, പ്ലാങ്കമൺ കത്തോലിക്കാപള്ളി. കാഞ്ഞീറ്റുകര കത്തോലിക്കപ്പള്ളി - എല്ലാം കൺകുളിർക്കെ അദ്ദേഹം കണ്ടു.

14-2-1988-ൽ 88-ാം വയസ്സിൽ ശ്രീ തോമസ് ഇഹലോകവാസം വെടിയുമ്പോൾ അനുഗൃഹീതമായ ഒരു കുടുംബം ആ വൃദ്ധപിതാവിനോടു വിടപറഞ്ഞു. നാലു ആൺമക്കളും മൂന്നുപെൺ മക്കളും ഉൾപ്പെടുന്ന കുടുംബം. സൈമൺ, തോമസ്, ഫിലിപ്പ്, മാതു എന്നീ ആൺമക്കൾ. മൂത്തപുത്രി സിസ്റ്റർ റസ്മാ എസ്.ഐ.സി.യുടെ നിര്യാണവിവരം മുകളിൽ സുചിപ്പിച്ചല്ലൊ. ജീവിച്ചിരിക്കുന്ന പുത്രിമാർ അന്നമ്മ, ത്രേസ്യാമ്മ, എന്നിവർ. തിരുവല്ലാ ബിഷപ്പ് ആയിരുന്ന സക്കറിയാസു മാർ അത്താനാസിയോസിൻെറ സഹോദരി പോളച്ചിറക്കൽ മറിയാമ്മയെ വിവാഹം കഴിച്ച സൈമൺ ബാംഗ്ലൂരിൽ കുടുംബസമേതം താമസിക്കുന്നു. അയിരുർ കുററിക്കണ്ടത്തിൽ അമ്മുക്കുട്ടിയെയാണ് ദ്വിതീയ പുത്രൻ തോമസ് വധുവായി സ്വീകരി

www.malankaralibrary.com


ച്ചത്. അവർ നാഗപ്പൂരിൽ സ്ഥിരതാമസമാണ്. എം.എ. ബിരുദധാരിയായ ഫിലിപ്പ് നൈജീരിയായിലെ ജോലികഴിഞ്ഞു കോട്ടയത്തു താമസിക്കുന്നു, മുളക്കുഴ കിഴക്കേടത്തു കുഞ്ഞുമോളാണ് ഭാര്യ. ഇളയമകൻ മാത്യു അയിരൂർ കുടുംബവീട്ടിൽ കഴിയുന്നു, രണ്ടു മക്കളുമുണ്ട്. കുളത്തൂർ ഇലഞ്ഞിപ്പുറത്ത് എ.ററി. ജോണിൻെറ സഹധർമ്മിണിയാണന്നമ്മ; ത്രേസ്യാമ്മ കറുകച്ചാൽ പ്ലസൻറു വില്ലായിൽ ജോസഫിൻെറ ഭാര്യയും.

## ശ്രീ. എസ്. തോമസ് ഇന്നു വന്നാൽ

ശ്രീ. എ. പിലിപ്പോസ് ജഡ്ജിയുടെ നേതൃത്വത്തിലുണ്ടായിരുന്ന കത്തോലിക്കാ സാക്ഷ്യസംഘത്തിൻെറ ധീരയോദ്ധാവായിട്ടത്രേ ഊന്നുകല്ലിലെ സാർ ഓടി നടന്നത്. ഇന്നത്തെ കത്തോലിക്കരുടെ ഉദാസീനതയുടെ നേരെ തീർച്ചയായും അദ്ദേഹം വിരൽചൂണ്ടാതിരിക്കുകയില്ല. വേദപുസ്തകം അധിഷ്ഠിതമാക്കി അന്നത്തെ ക്രിസ്ത്യാനികളെ ചോദ്യംചെയ്തെങ്കിൽ വത്തിക്കാൻ പ്രമാണരേഖകൾ നിവർത്തിപ്പിടിച്ചു ഇന്നത്തെ കത്തോലിക്കരെ കുററംവിധിക്കും

## വിശ്വാസ പ്രബോധനം ആവശ്യമില്ലെന്നോ?

എക്യുമെനിസകാലമെന്നും സഭാകാര്യം ഉരിയാടരുതെന്നും ശഠിക്കുന്ന മടിയന്മാരുടെ മുമ്പിൽ അദ്ദേഹം പ്രമാണരേഖ ഉദ്ധരിക്കും:

"നമ്മുടെ വേർപെട്ട സഹോദരങ്ങൾ ശരിയായി ഗ്രഹിക്കത്തക്കനിലയിൽ അവഗാഢമായും കൃത്യമായും കത്തോലിക്കാ വിശ്വാസം വിശദീകരിച്ച് കൊടുക്കണം." (എക്യു. അദ്ധ്യാ. 2:11)

## എക്യുമെനിസവ്വു പുനരൈക്യവും പരസ്പരവിരുദ്ധങ്ങളല്ല.

സ്വഭാവത്താലെ വ്യത്യസ്തമാണ് എക്യുമെനിസവു പുനരൈക്യവും. എന്നാൽ അവ പരസ്പരവിരുദ്ധങ്ങളല്ല. ദൈവത്തിൻെറ പരിപാലനയിൽ നിന്നാണ് രണ്ടും പുറപ്പെടുന്നത്. പ്രമാണരേഖ പറയുന്നു:

"കത്തോലിക്കാ സഭയിൽ പൂർണ്ണൈക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ ഒരുക്കവും രമ്യതയും സംബന്ധിച്ച യത്നങ്ങളിൽ നിന്നും എക്യുമെനിക്കൽ പ്രസ്ഥാനം സ്വഭാവത്താലെ തന്നെ വ്യത്യസ്തമാണ്. എന്നാൽ അവ അന്യോന്യം പൊരുത്തപ്പെടാത്തവയല്ല. കാരണം രണ്ടും ദൈവത്തിൻെറ അത്ഭുതാവഹമായ പരിപാലനയിൽ നിന്നാണ് പുറപ്പെടുന്നത്" (എക്യു: അദ്ധ്യാ. 1:4)

പുനരൈക്യത്തിനു പ്രസക്തിയില്ലെന്നു പറയാൻ എങ്ങനെ കഴിയും?

## പൂർണ്ണത കത്തോലിക്കാസഭയിൽ

"എന്തെന്നാൽ കത്തോലികമായ ക്രിസ്തുവിൻെറ സഭയാണ് രക്ഷാകരമായ എല്ലാ മാർഗ്ഗങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അവളിൽകൂടി മാത്രമേ രക്ഷയ്ക്കാവശ്യമായ എല്ലാം അവയുടെ പൂർണ്ണതയോടുകൂടി സമ്പാദിക്കുവാൻ സാധിക്കുകയുള്ളു. പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെ കർത്താവു പുതിയ ഉടമ്പടിയുടെ എല്ലാ നിക്ഷേപങ്ങളും

www.malankaralibrary.com



ഏല്പിച്ചുതരുന്നതെന്നു നാം വിശ്വസിക്കുന്നു. (എക്യു. അദ്ധ്യാ. 1:3)

"അദ്ധ്യാത്മികതത്വത്തിൻെറയും ആരാധനാക്രമത്തിൻെറയും നിയമത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും പിതൃസ്വത്ത് അവയുടെ പാരമ്പര്യങ്ങളിൽ പൂർണ്ണവും കാതോലികവും അപ്പസ്തോലികവുമായ സഭയുടെ സ്വഭാവത്തിലുൾപ്പെടുന്നുവെന്നു ഈ പരിശുദ്ധസുന്നഹദോസ് ഉറപ്പിച്ചു പറയുന്നു." (എക്യു: അദ്ധ്യാ. 2:17)

## എല്ലാ സഭകളും ഒന്നുപോലെ പൂർണ്ണമല്ല

"ക്രിസ്തുവിൽ വിശ്വസിച്ചു ശരിയായ മാമോദീസാ സ്വീകരിക്കുന്നവർ കത്തോലിക്കാസഭയുമായി പരിപൂർണ്ണമായിട്ടല്ലെങ്കിലും ഒരുതരം ഐക്യത്തിലാണു വർത്തിക്കുന്നത് (എക്യു: അദ്ധ്യാ: 1:3) ഇതിൽനിന്ന് എല്ലാം ഒന്നുപോലെ നന്ന് എന്ന നിഗമനം എടുക്കാവതല്ല. വിശുദ്ധമായവയിലുള്ള സമ്പർക്കത്തെ (Communicatio in sacris) പററി പറയുമ്പോൾ വ്യത്യാസം ഒരുപടികൂടെ വെളിപ്പെടുന്നു. "എന്നാൽ വിശുദ്ധമായവയിലുള്ള സമ്പർക്കത്തെ (Communicatio in sacris) സംബന്ധിച്ചിടത്തോളം ഇതു വിവേചനാരഹിതമായി ക്രൈസ്തവ ഐക്യത്തിനുള്ള മാർഗ്ഗമെന്ന നിലയിൽ സ്വീകരിക്കുന്നതു അഭിലഷണീയമല്ല" (എക്യു.അദ്ധ്യാ. 2:8)

## മനസ്സാക്ഷി സ്വാതന്ത്ര്യവും സഭാസ്വീകരണവും

റാഞ്ചൽ, കുഞ്ഞാടുമോഷണം തുടങ്ങിയ ചില പദങ്ങളുടെ ദുർവിനിയോഗത്തെ പ്രമാണരേഖ ചെറുക്കുന്നു. മനസ്സാക്ഷി സ്വാതന്ത്ര്യത്തെ ആർക്കും ചോദ്യംചെയ്യാവതല്ലത്രേ.

"തനിച്ചോ കൂട്ടുചേർന്നോ സ്വന്തം ബോധ്യമനുസരിച്ചു വ്യാപരിക്കുന്നതിൽ നിന്നു ആരെയും തടയാൻ ആർക്കും അവകാശമില്ല. സ്വതന്ത്ര മതാനുഷ്ഠാനത്തിനുള്ള അവകാശം മനുഷ്യൻെറ വ്യക്തിമാഹാത്മ്യത്തിൽ തന്നെയാണ് അധിഷ്ഠിതമായിരിക്കുന്നത്."

(മതസ്വാതന്ത്ര്യം 2)

"ഓരോരുത്തർക്കും മനസ്സാക്ഷിയിൽ നേരായി തോന്നുന്നതനുസരിച്ച് വിവേകപൂർണ്ണമായി തീരുമാനങ്ങൾ എടുക്കാൻ സാധിക്കണം." (മ.സ്വാ.3)

"മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുന്നതിനു ആരെയും നിർബന്ധിച്ചുകൂടാ. തൻെറ മനസ്സാക്ഷിയനുസരിച്ചു പ്രവർത്തിക്കുന്നതിൽ നിന്നു അവനെ ആർക്കും തടയാനും പാടില്ല." (മ.സ്വാ.3)

ഈ അവസ്ഥ എത്രയോ അനുകൂലപ്രദം.എന്നിട്ടും തെറ്റിദ്ധാരണയിലും നിദ്രാഭാരത്തിലും ഇന്നത്തെ പിൻഗാമികൾ കഴിയുന്നുവത്രേ. ഇതിൽ കർമ്മോത്സുകനായ ആ മുന്നണിപ്പടയാളിക്കു സങ്കടമുണ്ട്.

◆

www.malankaralibrary.com

# ഓർമ്മയുടെ ചിത്രശാല

വി. കിളിച്ചിമല

മൺമറഞ്ഞവരെക്കുറിച്ചുള്ള ഓർമ്മ പുതുക്കൽ. കാഷായവേഷധാരിയായ ആബോ ഗീവറുഗീസ്, വത്തിക്കാൻ കൗൺസിൽ വെളിച്ചം ഉദ്ദർശനം ചെയ്ത കേരളീയൻ, മസനപ്സാമുടിചൂടിയ അനന്തപുരാധിപൻ, മോൺ. വടശ്ശേരിയുടെ വേദശാസ്ത്രപ്പയറ്റ്, ചേപ്പാട്ടു റമ്പാൻെറ ശാന്തിതേടിയുള്ള കുതിപ്പ്, ബാരിസ്റ്റർ ജോർജ് ജോസഫിൻെറ രാഷ്ട്രതന്ത്രജ്ഞതയും നിയമപടുതയും, നിത്യചൈതന്യയതി പുകഴ്ത്തുന്ന ഫാ. റ്റി.വി. ജോണിൻെറ ഉദാരത, പുഷ്പപുരം ശ്രീ. സി. ഫിലിപ്പിൻെറ അധ്യാപനധന്യത, മുണ്ടപ്ലാക്കലച്ചൻെറ ഗ്രാമീണതല സാമൂഹ്യസേവനം, വിദ്വാൻ വി.റ്റി. ഐപ്പിൻെറ കവിതാ മാധുരി, "ചതിവു ചെയ്ത കടുംകൈ" എഴുതിയ ആത്മകഥാകാരൻ, സന്ന്യാസിനി പ്രസ്ഥാനത്തിനു മുന്നിട്ടിറങ്ങിയ മദർ ഹൂബാ, ശ്രീ അയിരൂർ തോമസിൻെറ സമര ധീരത-എല്ലാം ഈ ശാലയിൽ നിരന്നിട്ടുണ്ട്. സരസമായ പ്രതിപാദനം, പ്രതിപാദ്യത്തിനു ചേർന്ന ഭാഷ.









പ്രസാധകർ

ശാന്തിനിലയം പ്രസിദ്ധീകരണം, തിരുവല്ലാ - 689 101

വില. 30.00 രൂപാ.